# പുസ്തകം 1 : ഭാഷാസാഹിതി

## പുസ്തക പരിചയം

ബിരുദ വിദ്യാർത്ഥികളുടെ പുതുക്കിയ പാഠ്യപദ്ധതിയുടെ (Choice Based Credit System) ഭാഗമായി മാതൃഭാഷയിൽ അവർ നേടേണ്ട തായ നൈപുണികളെ (Skills) അടിസ്ഥാനമാക്കിയുള്ള പാഠങ്ങ ളാണ് താഴെക്കാണുന്ന മൂന്നു പുസ്തകങ്ങളിലായി ക്രമീകരിച്ചിരി ക്കുന്നത്.

(i) പുസ്തകം – 1 : ഭാഷാസാഹിതി

(ii) പുസ്തകം – 2 : സർഗ്ഗസാഹിതി (I)

(iii) പുസ്തകം – 3 : സർഗ്ഗസാഹിതി (II)

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ഉല്പത്തി വികാസങ്ങ ളെക്കുറിച്ചുള്ള സാമാന്യജ്ഞാനം പഠിതാക്കൾക്ക് നേടാവുന്ന വിധ ത്തിലാണ് ഒന്നാമത്തെ പുസ്തകമായ 'ഭാഷാസാഹിതി സംവി ധാനം ചെയ്തിരിക്കുന്നത്. ആധുനിക സാഹിത്യപ്രവണതകൾ, മല യാളഭാഷയുടെ ശരിയായ പ്രയോഗത്തിന് ആവശ്യമായ പ്രായോ ഗിക വ്യാകരണനിയമങ്ങൾ, ഭാഷാപ്രയോഗവൈദഗ്ധ്യം ലക്ഷ്യമാ ക്കിയുള്ള രചനാനൈപുണികൾ എന്നിവയും 'ഭാഷാസാഹിതി'യുടെ ഭാഗമായിട്ടുണ്ട്. ഭാഷാജ്ഞാനവും പ്രയോഗനൈപുണിയും പഠിതാ ക്കൾക്ക് നേടാനാവുക എന്നതാണ് ഈ പുസ്തകത്തിന്റെ ഉദ്ദേശ്യ ലക്ഷ്യങ്ങൾ.

## പാഠ ക്രമീകരണ രീതി

പഠിതാക്കളുടെ സൗകര്യാർത്ഥം ഓരോ പുസ്തകത്തേയും യൂണിറ്റു കളായി തിരിച്ചിരിക്കുന്നു. ഓരോ യൂണിറ്റിനുള്ളിലും ഒന്നിലധികം പാഠങ്ങൾ ഉൾക്കൊള്ളിച്ചിട്ടുണ്ട്. താഴെക്കാണുന്ന രീതിയിലാണ് പാഠങ്ങൾ വിഭാഗങ്ങളായും ഉപവിഭാഗങ്ങളായും ഉൾക്കൊള്ളിച്ചിട്ടു ള്ളത്.

## യൂണിറ്റ്: X ..............................

(X – യൂണിറ്റിന്റെ ക്രമസംഖ്യ സൂചിപ്പിക്കുന്നു)

**ഉള്ളടക്കം**

X.0. : ഉദ്ദേശ്യലക്ഷ്യങ്ങൾ

X.1 : യൂണിറ്റിലെ ഒന്നാമത്തെ പ്രധാനവിഭാഗം

X.1.-1. : പ്രധാന വിഭാഗത്തിലെ ഉപവിഭാഗം

X.2 : യൂണിറ്റിലെ രണ്ടാമത്തെ വിഭാഗം

X.2.-1 : രണ്ടാം വിഭാഗത്തിലെ ഒന്നാം ഉപവിഭാഗം

X.2.-2 : രണ്ടാം വിഭാഗത്തിലെ രണ്ടാം ഉപവിഭാഗം

X.3 : പുരോഗതി സ്വയം പരിശോധിക്കുക.

(ചോദ്യങ്ങൾ)

..............................................

..............................................

..............................................

X.4. : യൂണിറ്റിലെ മൂന്നാമത്തെ വിഭാഗം

X.4.-1 : മൂന്നാം വിഭാഗത്തിലെ ഒന്നാം ഉപവിഭാഗം

X.4.--2: മൂന്നാം വിഭാഗത്തിലെ രണ്ടാം ഉപവിഭാഗം

X.5. : പുരോഗതി സ്വയം പരിശോധിക്കുക

(ചോദ്യങ്ങൾ)

## അഭ്യാസഭാഗം (Assignment)

പഠനത്തിന്റെ ഭാഗമായി നിങ്ങൾ എഴുതി അയയ്ക്കേണ്ട ഓരോ അഭ്യാസവും വ്യക്തമായ നിർദ്ദേശത്തോടെ നിങ്ങൾക്ക് അയച്ചുതരുന്നതാണ്. ഓരോ പാഠത്തിൽനിന്നും നിങ്ങൾ എന്തെല്ലാം ഗ്രഹിച്ചുവെന്ന് ഗ്രഹിച്ച കാര്യങ്ങൾ എങ്ങനെ മറ്റൊരാൾക്ക് ഗ്രഹിക്കാൻപറ്റും വിധം നിങ്ങൾ അവതരിപ്പിക്കുന്നുവെന്നും മനസ്സിലാക്കാനാണ് അഭ്യാസങ്ങൾ അയച്ചുതരുന്നത്. തരംതിരിച്ചുള്ള ചോദ്യങ്ങൾ അവയിൽ ചേർത്തിരിക്കുന്നു.

സംക്ഷേപിക്കാനും, വിപുലീകരിക്കാനും, കൃത്യമായി പറയാനുമുള്ള കഴിവാണ് പരിശോധിക്കപ്പെടുന്നത്. ഇത് രണ്ടും അദ്ധ്യാപകന്റെ മൂല്യനിർണ്ണയനത്തിന് വിധേയമായിട്ടുള്ളവയാണ്.

## അഭ്യാസം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ:

* നിങ്ങളുടെ ക്രമനമ്പർ വ്യക്തമായി എഴുതുക.
* സ്വന്തം കൈയക്ഷരത്തിൽ ഉത്തരമെഴുതുക
* വായിക്കാൻ എളുപ്പമാകുന്ന വിധം വ്യക്തമായും വൃത്തിയായും എഴുതുക.
* പാഠത്തിലെ പ്രസക്തഭാഗങ്ങൾ ആവർത്തിച്ച് വായിച്ച് മനസ്സിലാക്കിയതിനുശേഷമേ അഭ്യാസത്തിലെ ചോദ്യങ്ങൾക്ക് ഉത്തരമെഴുതാൻ പാടുള്ളൂ.
* സഹായഗ്രന്ഥങ്ങൾ ലഭ്യമാണെങ്കിൽ അവയും വായിച്ചിരിക്കണം.
* അഭ്യാസങ്ങൾ നിശ്ചിത തീയതിക്കുള്ളിൽ ബന്ധപ്പെട്ട അധികാരിക്ക് അയച്ചുകൊടുത്തിരിക്കണം. (വൈകിയെത്തുന്ന ഉത്തരം പരിശോധിക്കുന്നതല്ല.)

പുസ്തകം 1

# ഭാഷാസാഹിതി
# (ഭാഷയും സാഹിത്യവും)

**യൂണിറ്റ് 1**
**മലയാളഭാഷയുടെ ഉത്പത്തിയും വികാസവും**

മലയാളത്തിന്റെ ക്ലാസിക്കൽ പദവി - മലയാളഭാഷയുടെ ഉത്പത്തി - ശാസനഭാഷ - പാട്ടും മണിപ്രവാളവും - കാവ്യഭാഷയുടെ പരിണാമം - പ്രാചീനഗദ്യം - മിഷനറിഗദ്യം - ആധുനികഗദ്യം - ഇംഗ്ലീഷിന്റെ സ്വാധീനം - മാധ്യമമലയാളം - മലയാളം കമ്പ്യൂട്ടിംഗ് - ലിപിചരിത്രം.

**യൂണിറ്റ് 2**
**മലയാളസാഹിത്യത്തിന്റെ ഉത്പത്തിയും വികാസവും**

വിവിധസാഹിത്യരൂപങ്ങളുടെ ചരിത്രം - പ്രസ്ഥാനങ്ങളും പ്രവണതകളും

**യൂണിറ്റ് 3**
**ആധുനിക സാഹിത്യപ്രവണതകൾ**

ദളിത് സാഹിത്യം - പെണ്ണെഴുത്ത് - പരിസ്ഥിതി - സൈബർ സാഹിത്യം - മുതലായവ

**യൂണിറ്റ് 4**
**പ്രായോഗികവ്യാകരണം**

അക്ഷരമാല - സന്ധി - സമാസം - ശബ്ദവിഭാഗം - ചിഹ്നങ്ങൾ - വാക്യരചന - മുതലായവ

**യൂണിറ്റ് 5**
**രചന**

ആശയവിപുലനം - സംക്ഷേപണം - പരാവർത്തനം - ശൈലികൾ - പഴഞ്ചൊല്ലുകൾ - വിവർത്തനം

————————

ignou
THE PEOPLE'S
UNIVERSITY

# യൂണിറ്റ് – 1
# മലയാളഭാഷ: ഉത്പത്തിയും വികാസവും

**ഉള്ളടക്കം**

**യൂണിറ്റ് 1**


1.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
1.1 മലയാളഭാഷയുടെ ഉത്പത്തി
1.2 ശ്രേഷ്ഠഭാഷാപദവിയും മലയാളവും
1.3 ശാസനഭാഷ
1.4 പുരോഗതി സ്വയം പരിശോധിക്കുക
1.5 പാട്ടും മണിപ്രവാളവും
1.5.1 മണിപ്രവാളം
1.5.2 പാട്ട്
1.5.3 മാർദ്ദംഗികന്മാരുടെ തമിഴ്
1.6 കാവ്യഭാഷയുടെ പരിണാമം
1.7 പ്രാചീനഗദ്യം
1.7.1 ഭാഷാകൗടലീയം
1.8 പുരോഗതി സ്വയം പരിശോധിക്കുക
1.9 മിഷനറി ഗദ്യം
1.10 ആധുനിക ഗദ്യം
1.11 ഇംഗ്ലീഷ് സ്വാധീനം
1.12 മാധ്യമ മലയാളം - റേഡിയോ-സിനിമ
1.13 മലയാളം കമ്പ്യൂട്ടിംഗ്
1.14 ലിപി ചരിത്രം
1.15 പുരോഗതി സ്വയം പരിശോധിക്കുക


## 1.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

ഒരുകാലത്ത് തെക്കേ ഇന്ത്യയിൽ നിലനിന്നിരുന്ന പൊതുഭാഷയായ മൂലദ്രാവിഡ ഭാഷയുടെ വിവിധ ഭേദങ്ങളാണ് തെലുങ്ക്, തമിഴ്, കന്നട, മലയാളം എന്നിങ്ങനെ വ്യത്യസ്ത ഭാഷകളായി കാലക്രമേണ രൂപാന്തരപ്പെട്ടത് എന്നാണ് പണ്ഡിത മതം. മൂലദ്രാവിഡഭാഷ തമിഴ് എന്ന പേരിൽ പൊതുവേ അറിയപ്പെട്ടിരുന്നെങ്കിലും ക്രമേണ മലനാട്ടു തമിഴിനെ മലയാളഭാഷയെന്നും, കരിനാട്ടു തമിഴിനെ കർണ്ണാടകഭാഷയെന്നും ചോളനാട്ടിലെ തമിഴിനെ ചോളത്തമിഴെന്നും പറഞ്ഞുപോന്നു. അങ്ങനെ ഇന്നത്തെ തമിഴ് മൂലഭാഷയുടെ പല ശാഖകളിൽ ഒന്നായി അറിയപ്പെടുന്നു. മലയാളഭാഷ പ്രത്യേക ഭാഷയായി പരിണമിച്ചതിന് നിരവധി കാരണങ്ങളും സിദ്ധാന്തങ്ങളും പണ്ഡിതന്മാർ നിരത്തുന്നുണ്ട്. അവയെപ്പറ്റി സാമാന്യമായ ഒരു ജ്ഞാനം വിദ്യാർത്ഥികൾക്ക് നൽകുക എന്നതാണ് ഈ പാഠത്തിന്റെ ഉദ്ദേശ്യം.

ഇന്ന് ഭാരതീയ ഭാഷകളിൽ ശ്രേഷ്ഠഭാഷാപദവിയിലെത്തി നിൽക്കുന്ന മലയാളഭാഷയ്ക്ക് തനതും മൂല്യവത്തും തലമുറകളായി പരിണമിച്ചെത്തിയതുമായ ഒരു പാരമ്പര്യചരിത്രമുണ്ട്. കൂടാതെ

വ്യവഹാരതലത്തിലും സാഹിത്യതലത്തിലും അതതുകാലഘട്ടങ്ങളിലെ ആധുനികപ്രവണതകൾ ഉൾക്കൊണ്ട് വികസിച്ചുവന്ന പ്രസ്ഥാനങ്ങളും ഘട്ടങ്ങളും ഉണ്ട്. ശാസനങ്ങളിൽ കാണുന്ന പ്രാചീന ലിഖിതങ്ങൾ മുതൽ ആധുനിക വർത്തമാനകാലത്തെ കമ്പ്യൂട്ടർ യുഗം വരെയുള്ള ഭാഷയുടെ വികാസപരിണാമങ്ങൾ സംക്ഷിപ്തരൂപത്തിൽ പ്രതിപാദിക്കുക എന്നതാണ് ഈ പാഠഭാഗത്തിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

## 1.1. മലയാളഭാഷയുടെ ഉല്പത്തി

മലയാളഭാഷയുടെ ഉല്പത്തിയെപ്പറ്റി സ്വദേശികളും വിദേശികളുമായ പണ്ഡിതന്മാർ അഭിപ്രായം രേഖപ്പെടുത്തിയിട്ടുണ്ട്. കേരളഭാഷയായ മലയാളത്തെക്കുറിച്ചുള്ള ആദ്യത്തെ പരാമർശം ലീലാതിലകം എന്ന അതിപ്രാചീനകൃതിയിലാണ്. സിദ്ധാന്തമെന്ന നിലയ്ക്ക് ശ്രദ്ധേയമായ ഭാഷോല്പത്തിവാദങ്ങൾ താഴെപ്പറയുന്നു: (1) സംസ്കൃതജന്യവാദം (2) സ്വതന്ത്രഭാഷാവാദം (3) ഉപശാഖാവാദം (4)മിശ്രഭാഷാവാദം (5) പൂർവ-തമിഴ് മലയാളവാദം.

### (i) സംസ്കൃതജന്യവാദം

തമിഴ്, മലയാളം, കൊടക് ഭാഷകളുടെ ദ്രാവിഡസ്വഭാവം തിരിച്ചറിഞ്ഞ ലീലാതിലകകാരൻ (ലീലാതിലകത്തിന്റെ കർത്താവ്) സംസ്കൃതം അനാദിയാണെന്ന പാരമ്പര്യവിശ്വാസം കൊണ്ടാകാം കേരളഭാഷയുടെ ഉല്പത്തിയെ സംസ്കൃതവുമായി ഘടിപ്പിച്ചത്. സംസ്കൃതജന്യവാദത്തെ തെളിവുകളുടെ അടിസ്ഥാനത്തിൽ ഉന്നയിച്ചവരാണ് സ്വാമിനാഥയ്യരും വടക്കുംകൂർ രാജരാജവർമ്മയും സി. വി. വാസുദേവ ഭട്ടതിരിയും. ദ്രാവിഡഭാഷകളെല്ലാം സംസ്കൃതജന്യമാണെന്ന കാഴ്ചപ്പാടാണ് സ്വാമിനാഥയ്യർക്കുള്ളത്. അദ്ദേഹത്തിന്റെ കാഴ്ചപ്പാടിൽ ദ്രാവിഡഭാഷകളിലെ നൂറോളം വ്യാകരണ പ്രത്യയങ്ങൾ ഇൻഡോ-ആര്യൻ ഗോത്രത്തിൽ നിന്ന് ഉത്ഭവിച്ചവയാണ്. 'സാഹിതീസർവസ്വം' എന്ന കൃതിയിലാണ് വടക്കുംകൂർ സംസ്കൃതജന്യവാദം പുറപ്പെടുവിച്ചിട്ടുള്ളത്. അദ്ദേഹത്തിന്റെ അഭിപ്രായത്തിൽ

1). മലയാളത്തിന്റെ വർണ്ണമാല സംസ്കൃതജന്യമാണ്. (2) ധാരാളം സംസ്കൃതപദങ്ങൾ മലയാളത്തിലുണ്ട് (3) ശരീരവും ആത്മാവുമായി ബന്ധപ്പെട്ടുള്ള പദങ്ങളെല്ലാം സംസ്കൃതമാണ് (4) മലയാളത്തിലെ ലിംഗപ്രത്യയങ്ങൾ സംസ്കൃതജന്യമാണ് (5) വിഭക്തികളുടെ എണ്ണം രണ്ടുഭാഷയിലും തുല്യമാണ്. (6) അതിപുരാതന കാലത്തു തന്നെ കേരളത്തിലെ സാഹിത്യവും വിദ്യാഭ്യാസവും സംസ്കൃതപ്രധാനമായിരുന്നു.

സംസ്കൃതജന്യവാദത്തെ അനുകൂലിച്ച സി.വി. വാസുദേവഭട്ടതിരി ഇങ്ങനെ എഴുതിയിട്ടുണ്ട്. "കന്നട തുളുവായും തമിഴ് മലയാളമായും രൂപാന്തരം പ്രാപിച്ചതിനു പിന്നിൽ അന്യഭാഷകളായ സംസ്കൃതവും പ്രാകൃതവുമാണുള്ളത്. അതിനാൽ തുളുവും മലയാളവും മിശ്രഭവങ്ങളാണ്. സംസ്കൃതത്തിന്റെ പ്രേരണയാണ് മലയാളഭാഷാ പരിണാമത്തിനു ഹേതു."

## (ii) സ്വതന്ത്രഭാഷാവാദം

മൂലദ്രാവിഡത്തിൽ നിന്നു സ്വതന്ത്രമായി പിരിഞ്ഞുവന്ന ഭാഷയാണ് മലയാളമെന്ന് ആദ്യം പ്രസ്താവിച്ചത് ആറ്റൂർ കൃഷ്ണപിഷാരടിയാണ്. തെലുങ്ക്, തമിഴ്, കർണ്ണാടകം, മലയാളം എന്നീ ദ്രാവിഡഭാഷകൾ ഒരു ദ്രാവിഡമൂലഭാഷയ്ക്കു തന്നെ കാലക്രമത്തിലുണ്ടായ പരിണാമഭേദങ്ങളായി വരുവാനേ തരമുള്ളൂ. മൂലഭാഷയ്ക്കുണ്ടായിരുന്ന പേരാണ് തമിൾ. ഇന്നത്തെ തമിഴ് മൂലഭാഷയുടെ പല ശാഖകളിൽ ഒന്നുമാത്രമാണത്. മലയാളഭാഷയെ മലനാട്ടു തമിഴെന്നും കർണ്ണാടകഭാഷയെ കരിനാട്ടു തമിഴെന്നും ചോളനാട്ടിലെ തമിഴിനെ ചോളത്തമിഴെന്നും പറഞ്ഞിരുന്നതിനാൽ എല്ലാ ദ്രാവിഡഭാഷകളുടെയും പൊതുപേരായിരുന്നു തമിൾ എന്നു ധരിക്കണം.

ആറ്റൂരിന്റെ സ്വതന്ത്രഭാഷാവാദത്തിന്റെ പ്രധാനനിഗമനങ്ങൾ ഇവയാണ്: (1) പദാന്ത ഐകാരമല്ല, പദാന്ത'അ'കാരമാണ് മൂലദ്രാവിഡഭാഷയിലുള്ളത് (2) ചോളപാണ്ഡ്യ തമിഴിൽ ഭാഷയെ പരത്തിയും താലവ്യമാക്കിയും ഉച്ചരിക്കാനുള്ള വാസനയനുസരിച്ച് പില്ക്കാല തമിഴിൽ ഐകാരാന്ത രൂപങ്ങൾ ഉണ്ടായി. (3) മലയാളത്തിലെ പുരുഷപ്രത്യയാഭാവം മൂലദ്രാവിഡഭാഷയുടെ സ്വഭാവത്തെ നിലനിർത്തുന്നതിന് ഉദാഹരണമാണ്.

## (iii) ഉപശാഖാവാദം

ദ്രാവിഡഭാഷകളിൽ ഏറ്റവും അടുപ്പമുള്ള ഭാഷകളാണ് തമിഴും മലയാളവും. കാൽഡ്വൽ, ഏ.ആർ. രാജരാജവർമ്മ, പി. ശങ്കരൻ നമ്പ്യാർ, എൽ.വി. രാമസ്വാമി അയ്യർ, ഉള്ളൂർ തുടങ്ങിയവരെല്ലാം തമിഴ് ബന്ധത്തിന്റെ അടിസ്ഥാനത്തിലാണ് മലയാളഭാഷോല്പത്തി സിദ്ധാന്തങ്ങൾ കെട്ടിപ്പൊക്കിയിട്ടുള്ളത്. എല്ലിസും ജൂൾസ് ബ്ലോക്കും എസ്.കെ.ചാറ്റർജിയും തമിഴിൽനിന്നു വേർപ്പെട്ട ഒരു ഉപഭാഷയായിട്ടാണ് മലയാളത്തെ കണ്ടത്.

മലയാളം തമിഴിന്റെ അതിപ്രാചീനമായ ഒരു ശാഖയാണെന്ന് കാൽഡ്വൽ കരുതുന്നു. "എന്റെ അഭിപ്രായത്തിൽ മലയാളം തമിഴിന്റെ അതിപ്രാചീനമായ ഒരു ശാഖയാണ്. പുരുഷഭേദനിരാസം കൊണ്ടും സംസ്കൃതപദപ്രയോഗബാഹുല്യംകൊണ്ടും ആണ് ഇപ്പോൾ ഇതു മുഖ്യമായും തമിഴിൽനിന്നു വേർതിരിഞ്ഞു നില്ക്കുന്നത്. അതുകൊണ്ട് മലയാളത്തെ ദ്രാവിഡഗോത്രത്തിൽപ്പെട്ട ഒരു സ്വതന്ത്രഭാഷയെന്നു കല്പിക്കുന്നതിനെക്കാൾ തമിഴിന്റെ ഒരു ഉപഭാഷയെന്നു കരുതുകയാണു ഭേദം" (ദ്രാവിഡഭാഷാവ്യാകരണം). മലയാളികളുടെ പൂർവ്വികർ തമിഴ്നാട്ടിൽനിന്നു വന്നവരാണെന്ന് കിഴക്ക്, മേക്ക് എന്നീ വാക്കുകളുടെ അർത്ഥവ്യത്യാസംകൊണ്ട് കാൽഡ്വൽ സമർത്ഥിക്കുന്നു. തമിഴ്നാട്ടിൽ കിഴക്ക് കീഴായ അതായത് താഴ്ന്ന സ്ഥലമാണ്, പടിഞ്ഞാറുഭാഗം പർവതപംക്തികളാൽ ഉയർന്നു കിടക്കുന്നു. അതാണ് മേക്ക്. കേരളത്തിൽ കിഴക്ക് ഉയർന്ന് കിടക്കുന്ന സ്ഥലമാണ്. പടിഞ്ഞാറ് അറബിക്കടലായതിനാൽ താഴ്ന്ന ഭൂപ്രദേശമാണല്ലോ കേരളത്തിലെ കടൽത്തീരം. ഭൂപ്രകൃതി



ignou THE PEOPLE'S UNIVERSITY

പരമായി ഈ വ്യത്യാസം ഉണ്ടായിട്ടും തമിഴ് നാട്ടിന്റെ ഭൂസ്ഥിതിക്കനുസരിച്ചുണ്ടായ കിഴക്ക്, മേക്കു പദങ്ങൾ മലയാളത്തിൽ മാറ്റമില്ലാതെ നില്ക്കുന്നു.

കാൽഡ്വലിനെ പിന്തുടർന്ന് മലയാളത്തിന്റെ ഉല്പത്തി തമിഴിൽനിന്നാണെന്ന് സമർത്ഥിച്ച വൈയാകരണനാണ് ഏ.ആർ.രാജരാജവർമ്മ. തമിഴിന്റെ ഉപഭാഷയായ മലയാളം കേരളത്തിലെ അഞ്ചുനാടുകളിലെ കൊടുന്തമിഴിൽ നിന്നാണുണ്ടായത്. കൊടുന്തമിഴിന് പന്ത്രണ്ടുനാടുകളിൽ പ്രചാരമുണ്ടായിരുന്നു. ഇതിൽ കുട്ടം, കുടം, കർക്ക, വേൺ, പൂഴി എന്നീ അഞ്ചു നാടുകളിലെ കൊടുന്തമിഴാണ് മലയാളമായി പരിണമിച്ചത്. ആയതിന് മൂന്നു കാരണങ്ങളാണ് ഏ.ആർ. കണ്ടത്. (1) സഹ്യപർവ്വതം കേരളത്തിന്റെ കിഴക്കുഭാഗത്ത് ഉള്ളതിനാൽ മറുനാടുകളുമായിട്ടുള്ള ബന്ധത്തിന് ശൈഥില്യം സംഭവിച്ചത്. (2) മറുനാട്ടുകാർക്കില്ലാത്ത വിശേഷാചാരങ്ങൾ മലയാളിക്ക് ഉള്ളതിനാൽ മലയാളികൾ ഒറ്റപ്പെട്ടത് (3) നമ്പൂതിരിമാരുടെ പ്രാബല്യവും ആര്യദ്രാവിഡ സങ്കലനവും. അനുനാസികാതിപ്രസരം, താലവ്യാദേശം, പുരുഷഭേദനിരാസം, ഖിലോപസംഗ്രഹം, അംഗഭംഗം എന്നീ നയങ്ങളിലൂടെ ഭാഷാമാറ്റം പ്രാവർത്തികമായെന്നും രാജരാജവർമ്മ സിദ്ധാന്തിക്കുന്നു. ഈ നയങ്ങളെല്ലാം കേരളപാണിനീയത്തിൽ ഏ.ആർ.രാജരാജവർമ്മ വിസ്തരിച്ച് ഉപന്യസിച്ചിട്ടുണ്ട്.

1. അനുനാസികാതിപ്രസരം - അനുനാസികവർണ്ണം തനിക്ക് അടുത്തു പിന്നാലെ വരുന്ന വർണ്ണം ഖരമാണെങ്കിൽ അതിനെക്കൂടി അനുനാസികമാക്കിത്തീർക്കുന്നതാണ് ഈ നയം. ഉദാ: നിങ്കൾ - നിങ്ങൾ, പഞ്ചി - പഞ്ഞി, കന്റ് - കന്ന്.

2. തവർഗ്ഗോപമർദ്ദം അഥവാ താലവ്യാദേശം

ത, ന, ത്ത, ന്ന, ന്ത, എന്നിവയ്ക്കു മുൻ വരുന്ന സ്വരം അ, ഉ, എ, ഐ എന്നീ താലവ്യസ്വരങ്ങളിൽ ഏതെങ്കിലുമായാൽ അതിന്റെ താലവ്യധർമം ത, ന എന്നീ ദന്ത്യങ്ങളിൽ വ്യാപിച്ച് അവയെ താലവ്യങ്ങളാക്കുന്നതാണ് ഈ നയം. ഉദാ: പിടിത്താൻ - പിടിച്ചാൻ, ഐന്ത് - അഞ്ച്, നെരുക്കം - ഞെരുക്കം

3. സ്വരസംവരണം - സ്വരങ്ങളെ വേണ്ടിടത്തോളം തുറന്ന് ഉച്ചരിക്കാത്തതാണ് ഈ നയം. ഉകാരോച്ചാരണത്തിലാണ് ഇതു പ്രധാനമായും കാണുന്നത്. ഉദാ: ഉണ്ട്, ഉണ്ടു

പ്രകൃതികളുടെയും പ്രത്യയങ്ങളുടെയും മുമ്പിൽ വരുന്ന ഐകാരം ചുരുങ്ങി അകാരമാകുന്നതും സ്വരസംവരണനയമാണ്. ഉദാ: മഴൈ - മഴ, ഇലൈ - ഇല

4. പുരുഷഭേദനിരാസം - തമിഴിലെ കാലവാചകങ്ങളായ ആഖ്യാനങ്ങൾക്ക് കർത്താവിനോടുള്ള പൊരുത്തത്തിനുവേണ്ടി ലിംഗം, പുരുഷൻ, വചനം, എന്നിവയെക്കുറിക്കുന്ന പ്രത്യയങ്ങളെ ചേർത്തു രൂപഭേദം വരുത്താറുണ്ട്. മലയാളഭാഷ ഇതെല്ലാം ഉപേക്ഷിച്ചു.

ഉദാ: അവൻ വന്താൻ - അവൻ വന്നു

| | | |
|---|---|---|
| അവൾ വന്താൾ | - | അവൾ വന്നു |
| അവർ വന്താർ | - | അവർ വന്നു |
| നീ വന്തായ് | - | നീ വന്നു |
| നീങ്കൾ വന്തീർകൾ | - | നിങ്കൾ വന്നു |

5. ഖിലോപസംഗ്രഹം

ഒരു കാലത്ത് ഭാഷയിൽ നടപ്പിലിരുന്നതും പില്ക്കാലത്ത് പ്രചാരലുപ്തവുമായ പ്രത്യയങ്ങളുടെയും പദങ്ങളുടെയും സംരക്ഷണമാണ് ഖിലോപസംഗ്രഹം. മൂലദ്രാവിഡഭാഷയിൽ ഉണ്ടായിരുന്നതും സഹോദര ഭാഷകളിൽ അന്യംനിന്നതുമായ കുറേ പ്രത്യയങ്ങളും പദങ്ങളും മലയാളം സംരക്ഷിച്ചിട്ടുണ്ട്. രണ്ടു പ്രത്യയങ്ങളാണ് ഉദാഹരണമായി കേരളപാണിനി നല്കിയിട്ടുള്ളത്. (1) പിൻവിനയെച്ചം- ആൻ. തമിഴിൽ ഈ പ്രത്യയം ഇന്നില്ല; ഉദാ: കുളിക്കാൻ വന്നു (മലയാളം) കുളിക്ക വന്തേൻ (തമിഴ്) (2) നിയോജകമധ്യമബഹുവചനം - ഇൻ.

| | | |
|---|---|---|
| ഉദാ: | വരിൻ | വരുവിൻ |
| | കാണിൻ | കാണുവിൻ |
| | കേൾപ്പിൻ | കേൾക്കുവിൻ |

നീ, നിങ്ങൾ എന്നിവ മധ്യമപുരുഷരൂപങ്ങളാണല്ലോ.

6. അംഗഭംഗം

പഴയ ദ്രാവിഡ പ്രകൃതികളെയും പ്രത്യയങ്ങളെയും മലയാളഭാഷ സൗകര്യത്തിനുവേണ്ടി അക്ഷരലോപം ചെയ്തു ചുരുക്കിയിട്ടുണ്ട്.

ഉദാ: (1) ക്കു എന്ന ഉദ്ദേശികാവിഭക്തിയുടെയും - ഉടയ എന്ന സംബന്ധികാവിഭക്തിയുടെയും ചിഹ്നങ്ങൾ - ഉഎന്നും, - ഉടെ, ടെ എന്നും അക്ഷരലോപം വരുത്തിയും പ്രയോഗിക്കുന്നത്.

| | | | |
|---|---|---|---|
| ഉദാ: | അവനുക്കു (തമിഴ്) | - | അവനു, അവൾക്ക് |
| | അവളുടയ | - | അവളുടെ |
| | അവനുടയ | - | അവന്റെ |

(1) വേണ്ടും > വേണും > വേണം > ഏണം > അണം,

ഉദാ: പോകവേണ്ടും / പോകവേണം / പേകേണം / പോകെണം / പോകണം

ആകും > ആം

പോകുക ആകും / പോകാം

ചെയ്യആകും / ചെയ്യാം

ഈ ആറു നയങ്ങൾ തമിഴിൽ നിന്ന് മലയാളം ഏതെല്ലാം കാര്യത്തിൽ വ്യത്യസ്തത പുലർത്തുന്നു എന്നാണ് കാണിക്കുന്നതെങ്കിലും ഭാഷോല്പത്തിയുടെ വിശദാംശങ്ങൽകൂടി ഉൾക്കൊണ്ടിരിക്കുന്നുവെന്നത് ശ്രദ്ധേയം. സംസ്കൃതത്തിലെ അക്ഷരമാല സ്വീകരിച്ചതുകൊണ്ട് മലയാളത്തിലുണ്ടായ മാറ്റങ്ങളും കേരളപാണിനി വിശദീകരിച്ചിട്ടുണ്ട്.

മഹാകവി ഉള്ളൂരിന് മലയാളം തമിഴിനേക്കാൾ പഴക്കമുള്ള ഭാഷയാണ്. ഉള്ളൂരിന്റെ ഭാഷോല്പത്തി നിരീക്ഷണങ്ങൾ: (1) സഹ്യപർവ്വതത്തിനു കിഴക്കും പടിഞ്ഞാറും ഒരേ ഭാഷയാണ് ഉണ്ടായിരുന്നത് (2) പടിഞ്ഞാറുള്ള ഭാഷയ്ക്ക് ചില വ്യത്യാസങ്ങൾ ഉണ്ടായിരുന്നു (3) മലനാട്ടിലെ വ്യവഹാരഭാഷ സംസ്കൃത സ്വാധീനത്തിന് വഴങ്ങി പാണ്ഡ്യചോള ദേശങ്ങളിലെ വ്യവഹാരഭാഷകളിൽനിന്ന് ഏറെ അകന്നുപോയി (4) പൂർവഭാഷയുടെ സ്വഭാവങ്ങൾ തമിഴിനേക്കാൾ കൂടുതൽ സംരക്ഷിച്ചിട്ടുള്ളത് മലയാളമാണ്. ഈ വസ്തുതകളുടെ അടിസ്ഥാനത്തിൽ മലയാളത്തെ തമിഴിന്റെ മാതാവെന്നോ ജ്യേഷ്ഠത്തിയെന്നോ കല്പിക്കുന്നതാണ് യുക്തമെന്ന് ഉള്ളൂർ വിശ്വസിക്കുന്നു.

## (iv) മിശ്രഭാഷാവാദം

'കേരളഭാഷയുടെ വികാസപരിണാമങ്ങൾ' എന്ന കൃതിയിലാണ് ഇളംകുളം കുഞ്ഞൻപിള്ള മലയാളഭാഷോല്പത്തി സംബന്ധമായ നിരീക്ഷണങ്ങൾ അവതരിപ്പിച്ചിട്ടുള്ളത്. 16-ാം നൂറ്റാണ്ടുവരെ രണ്ടു ഭാഷാരീതികൾ കേരളത്തിലുണ്ടായിരുന്നു. - ബ്രാഹ്മണരുടെ സംസ്കൃതബഹുലമായ ഉച്ചഭാഷയും സാമാന്യജനങ്ങളുടെ നീചഭാഷയും. 17-ാം ശതകത്തോടെ ബ്രാഹ്മണരുടെ സംഭാഷണഭാഷ സാമാന്യജനങ്ങൾ ഉപയോഗിച്ചിരുന്ന മലയായ്മയായിത്തീർന്നു. ലീലാതിലകകാരൻ രണ്ടു ഭാഷാരീതികളുള്ളതായി രേഖപ്പെടുത്തിയിട്ടുണ്ട്. സാമാന്യജനങ്ങളുടെ ഭാഷയ്ക്ക് തമിഴെന്നാണു പറഞ്ഞിരുന്നത്. സാഹിത്യത്തിൽ തമിഴും സംസ്കൃതവും ഇടകലർത്തി പ്രയോഗിച്ചിരുന്നു. ഭാഷാമിശ്രമെന്ന് അത് അറിയപ്പെടുന്നു. ഭാഷാമിശ്രത്തിന്റെ മനോഹരമായ സാഹിത്യരൂപമാണ് മണിപ്രവാളം. സംസ്കൃതഭവമായ ഭാഷാമിശ്രവും ദ്രാവിഡഭവമായ മലയായ്മയും കൂടിച്ചേർന്നിട്ടാണ് ആധുനികമലയാളത്തിന്റെ ജനനമെന്നത്രേ ഇളംകുളത്തിന്റെ സുചിന്തിതമായ അഭിപ്രായം. കൊല്ലവർഷാരംഭത്തോടെ നമ്പൂതിരിമാർക്കു ലഭിച്ച പ്രാമാണ്യവും പത്താംശതകത്തിനുശേഷം ലഭിച്ച രാഷ്ട്രീയപ്രാബല്യവുമാണ് മലനാടുതമിഴ് ഒരു പ്രത്യേക ഭാഷയായിത്തീരാൻ കാരണം. ഇളംകുളം ദീർഘമായ തന്റെ ഭാഷോല്പത്തിചിന്തയിൽ ഗോദവർമ്മ, ഉള്ളൂർ, കേരളപാണിനി തുടങ്ങിയവരുടെ വാദമുഖങ്ങളിലെ വൈരുദ്ധ്യങ്ങളും യുക്തിരാഹിത്യവും തുറന്നുകാട്ടിയിട്ടുണ്ട്.

## (v) പൂർവതമിഴ്മലയാളവാദം

കമിൽ സ്വലബിൾ, എം. ഗോവിന്ദൻകുട്ടി, എസ്.വി. ഷണ്മുഖം എന്നിവരുടെ പഠനമാണ് പൂർവതമിഴ്മലയാളവാദത്തിൽ പ്രധാനമായും ശ്രദ്ധിക്കാനുള്ളത്. ഇവർ മൂവരും ഒരേ മാർഗത്തിലല്ല സഞ്ചരിച്ചതെങ്കിലും അവരുടെ വാദഗതികൾക്ക് അടിസ്ഥാനപരമായി ചില സാദൃശ്യങ്ങളുണ്ട്.

എൽ.വി. രാമസ്വാമി അയ്യരുടെ 'എവല്യൂഷൻ ഓഫ് മലയാളം മോർഫോളജി'യിലെ ഉപാദാനങ്ങളെ ഉപജീവിച്ചാണ് കമിൽ സ്വലബിൾ തമിഴ്മലയാളങ്ങളുടെ പൊതുപ്രഭാവത്തെക്കുറിച്ചന്വേഷിച്ചത്. ഗ്രാമീണരൂപങ്ങളുടെ സംരക്ഷണവും നവപ്രവർത്തനങ്ങളും വ്യക്ത

മാക്കുന്നത് പൂർവദ്രാവിഡത്തിന് തമിഴ്മലയാളം എന്നും കന്നട മെന്നും രണ്ടു ശാഖകൾ ഉണ്ടായിരുന്നുവെന്നാണ്. പൂർവമധ്യകാലത മിഴിൽനിന്നു പശ്ചിമതീരഭാഷാഭേദം അകന്ന് പ്രത്യേകഭാഷയായി രൂപംകൊള്ളാൻ തുടങ്ങിയെന്നു കമിൽ സ്വലബിൾ അഭ്യൂഹിക്കുന്നു. 9, 10 നൂറ്റാണ്ടുകളിൽ പശ്ചിമതീരഭാഷാഭേദമായ മലയാളത്തിൽ നവ പ്രവർത്തനങ്ങളിലൂടെ കൂടുതൽ പ്രത്യേകതകൾ ഉണ്ടായതായും സ്വലബിൾ നിരീക്ഷിക്കുന്നുണ്ട്.

പൂർവതമിഴ്മലയാളവാദം ഉയർത്തിപ്പിടിച്ച മറ്റൊരു ഗവേഷകനാണ് എസ്.വി. ഷണ്മുഖം. പൂർവദ്രാവിഡത്തിന്റെ മൂന്നു ശാഖകളാണ് പൂർവദക്ഷിണദ്രാവിഡവും പൂർവമധ്യദ്രാവിഡവും പൂർവഉത്തരദ്രാവി ഡവും. പൂർവദ്രാവിഡത്തിൽനിന്ന് ആദ്യം വേർപിരിഞ്ഞത് പൂർവദ ക്ഷിണദ്രാവിഡമാണ്. പൂർവദ്രാവിഡത്തിൽനിന്ന് തുളു, കർണ്ണാടകം, കൊടക്, കോത, തോട എന്നിവ മുറയ്ക്കു പിരിഞ്ഞുപോയതിനു ശേഷം തമിഴ്മലയാളങ്ങൾക്ക് ഒരു പൊതുസ്ഥിതി ഉണ്ടായിരുന്നു. തമിഴ്മലയാളങ്ങൾ അവസാനമാണ് വേർപിരിഞ്ഞത്.

സി.എൽ. ആന്റണിയുടെ ഭാഷാസംക്രമവാദം

ലിഖിതഭാഷയുടെ പരിണാമചരിത്രമാണ് 'ഭാഷാസംക്രമവാദ'ത്തി ലൂടെ സി.എൽ. ആന്റണി അവതരിപ്പിച്ചിട്ടുള്ളത്. കേരളഭാഷയുടെ ചരിത്രത്തിൽ മൂന്നുഘട്ടങ്ങൾ ആന്റണി കാണുന്നു: (1 )പരതന്ത്ര ഘട്ടം (ക്രി.വ. 9-ാം നൂറ്റാണ്ടുവരെ) (2) സംക്രമണഘട്ടം (ക്രി.വ. 9-17 നൂറ്റാണ്ടുവരെ) (3) സ്വതന്ത്രഘട്ടം (ക്രി.വ. 17 -ാം നൂറ്റാണ്ടിനു ശേഷം). ക്രി.വ. 9 മുതൽ 17 വരെ നൂറ്റാണ്ടുകളിലാണ് അതായത് സംക്രമണഘട്ടത്തിലാണ് വ്യവഹാരഭാഷയുടെ നുഴഞ്ഞുകയറ്റം ചെന്തമിഴിനെ അധഃപതിപ്പിച്ചതും, കേരളഭാഷ യഥാകാലം രൂപപ്പെ ട്ടതും.

മലയാളഭാഷയുടെ ഉല്പത്തിയെക്കുറിച്ചുള്ള വീക്ഷണങ്ങളാണ് ഇതു വരെ അവതരിപ്പിച്ചത്. തെളിവുകൾ കിട്ടുന്ന മുറയ്ക്ക് ഇനിയും പുതി യ സിദ്ധാന്തങ്ങൾ രൂപപ്പെട്ടേക്കാം. എന്തായാലും തമിഴ്മലയാളഭാഷ കൾക്ക് മറ്റു ദ്രാവിഡഭാഷകളെ അപേക്ഷിച്ചുള്ള അടുപ്പവും ബന്ധവും ഉറപ്പിക്കുന്ന തെളിവുകളാണ് സർവകലാശാലാതലത്തി ലുള്ള ഭാഷാഗവേഷണങ്ങളിൽനിന്ന് ഉരുത്തിരിഞ്ഞുവരുന്നത്. അതു കൊണ്ടുതന്നെ പൂർവ്വതമിഴ്മലയാളവാദം ഇന്ന് ഏറെക്കുറേ അംഗീ കൃതമായി നിലനിൽക്കുന്നു.

## 1.2 ശ്രേഷ്ഠഭാഷാപദവിയും മലയാളവും

ക്ലാസിക് പദവിക്ക് അർഹമായ നാലാമത്തെ ദ്രാവിഡഭാഷയാണ് മല യാളം. തമിഴ്, മലയാളം, കന്നടം, തെലുങ്ക്, തുളു എന്നീ വികസിത ഭാഷകളും ഇരുപത്തിയൊന്നോളം അവികസിതഭാഷകളും അട ങ്ങിയ ഭാഷാകുടുംബത്തെയാണ് ദ്രാവിഡഭാഷാഗോത്രം എന്ന് ഭാഷാശാസ്ത്രജ്ഞർ വിളിക്കുന്നത്. ഇന്ത്യയിൽ സംസാരിക്കുന്ന രണ്ടാമത്തെ വലിയ ഭാഷാഗ്രോത്രമാണ് ദ്രാവിഡം. മലയാളത്തിനു പുറമെ തമിഴ്, കന്നട, തെലുങ്ക് ഭാഷകൾക്കാണ് ക്ലാസിക് പദവി

ലഭിച്ചിട്ടുള്ളത്. ഒരു ഭാഷയെ ശ്രേഷ്ഠഭാഷയായി പരിഗണിക്കുന്നതിന് നാല് മാനദണ്ഡങ്ങളാണുള്ളത്.

1. 1500–2000 വർഷത്തിനുമേൽ പഴക്കം. വ്യവഹാരതലത്തിലും സാഹിത്യതലത്തിലും ഈ പഴക്കം ഉണ്ടാകണം.

2. പ്രാചീനസാഹിത്യമുണ്ടായിരിക്കണം, അതാകട്ടെ തലമുറകളായി കരുതപ്പെടുന്ന മൂല്യവത്തായ പാരമ്പര്യം ഉള്ളതുമായിരിക്കണം

3. മറ്റു ഭാഷാസമൂഹങ്ങളിൽനിന്നു കടം കൊള്ളാത്ത തനതു സാഹിത്യപാരമ്പര്യം ഭാഷയ്ക്കുണ്ടായിരിക്കണം.

4. ഭാഷയുടെ വികാസപരിണാമങ്ങളിൽ വ്യത്യസ്തത പുലർത്തുന്ന ഭാഷാഘട്ടങ്ങൾ ഉണ്ടായിരിക്കണം.

മേല്പറഞ്ഞ മാനദണ്ഡങ്ങളനുസരിച്ചുള്ള സ്വഭാവസവിശേഷതകൾ മലയാളത്തിന് എത്രത്തോളമുണ്ടെന്നാണ് ഇനി പരിശോധിക്കേണ്ടത്.

വാല്മീകിരാമായണം, വ്യാസഭാരതം, അർത്ഥശാസ്ത്രം, രഘുവംശം തുടങ്ങിയ കൃതികളിൽ കേരളത്തെപ്പറ്റി പരാമർശമുണ്ടെങ്കിലും ഈ കൃതികളുടെ കാലം കൃത്യമായി പറയാൻ കഴിയില്ല അതിനാൽ എഴുതിയ കാലം വ്യക്തമായി പറയാൻ കഴിയുന്ന അശോകശാസനങ്ങളിലാണ് കേരളത്തെക്കുറിച്ചുള്ള ഏറ്റവും പഴയ പരാമർശമുള്ളതെന്ന് പറയാം. അശോകചക്രവർത്തിയുടെ രണ്ടാം ശാസനത്തിൽ കാണുന്ന 'കേതലപുത' എന്ന വാക്ക് കേരളമെന്ന ഭൂവിഭാഗത്തെയാണ് സൂചിപ്പിക്കുന്നത്. കേതലം എന്നത് കേരളം എന്ന വാക്കിന്റെ പാലിഭാഷാരൂപമാണ്. കേതലപുത സംസ്കൃതത്തിലെ കേരളപുത്ര തന്നെ. കേരളപുത്രന്റെ തമിഴ് രൂപമാണ് ചേരമാൻ (ചേരമകൻ>ചേരമാൻ). കകാരം ചകാരമാകുന്ന ഭാഷാപ്രവണത ഉടലെടുക്കുന്നതിനുമുമ്പുള്ള രൂപമാണ് കേരളം. സംഘംകൃതികളിലൂടെയാണ് ചേരം, ചേരമാൻ, ചേരലം എന്നീ വാക്കുകൾ പ്രചാരത്തിൽ വന്നത്. അശോകന്റെ കാലത്തിനു മുമ്പുതന്നെ (277–300 ബി.സി.) കേരളമെന്ന വാക്കിനു പ്രചാരമുണ്ടായിരുന്നു. വിദേശ സഞ്ചാരികളായ പ്ലിനിയും ടോളമിയും പെരിപ്ലസ്സുകാരനും കേരബത്രോസ് എന്നു പരാമർശിച്ചിട്ടുള്ളത് കേരളപുത്രനെയാണ്. കേരളമെന്നൊരു ഭൂവിഭാഗത്തെയും അവിടെ അധിവസിച്ചിരുന്ന ജനങ്ങളെയും കുറിച്ചുള്ള അറിവാണ് അശോകശാസനം നല്കുന്നത്. കേരളത്തിലെ ജനങ്ങൾക്കൊരു ഭാഷയുണ്ടായിരുന്നിരിക്കുമല്ലോ. അത് ഇന്നത്തെ മലയാളത്തിന്റെ പൂർവരൂപമാണുതാനും. ബി.സി. ഒന്നാം നൂറ്റാണ്ടിൽ എഴുതപ്പെട്ട പൂളിമാങ്കൊമ്പ് വീരക്കൽ ലിഖിതത്തിൽ കാണുന്ന 'പെടു' എന്ന വാക്ക് മലയാളമാണ്. അതിന്റെ തമിഴ്രൂപം 'പടു' ആണ്. (കൂടലൂർ ആ (യ്) കൊൾപെടുതീയൻ അന്തവൻ കൽ എന്നു ലിഖിതം) വടക്കൻ പറവൂരിനടുത്തുള്ള പട്ടണത്തുനിന്നു കിട്ടിയ ഒരോട്ടക്കലക്കഷ്ണത്തിൽ 'ഊർപാവഓ...' എന്ന് തമിഴ് ബ്രാഹ്മിലിപിയിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ക്രി.വ. 2–ാം നൂറ്റാണ്ടിലെ ഈ ലിഖിതത്തിലെ 'പാവ' ശ്രദ്ധേയമാണ്. തമിഴിൽ ഈ രൂപം പാവൈയാണ്. എടയ്ക്കൽ ഗുഹയിൽ കാണുന്ന ഏഴു ലി

ഖിതങ്ങളിൽ നാലെണ്ണത്തിൽ വ്യക്തമായും മലയാളമുണ്ട്. 'പൽപു ലിതാനന്തകാരി' എന്ന ലിഖിതത്തിലെ 'പൽപുലി' എന്ന സമസ്ത പദം മലയാളമാണ്. തമിഴിൽ ഇത് പറ്പുലിയാണ്. 'വെങ്കോമലൈ കച്ചവനു ചത്തി' എന്ന ലിഖിതത്തിലെ 'കച്ചവനു' എന്ന പ്രയോഗ ത്തിൽ കാണുന്ന 'ഉ' മലയാളത്തിലെ ഉദ്ദേശികാവിഭക്തിയാണ്. കച്ച വനുക്കു എന്നായിരുന്നു പദമെങ്കിൽ ഭാഷ തമിഴാകുമായിരുന്നു. 'ഇ പഴമ' എന്നു വായിച്ച രേഖയിലെ 'ഇ' സമീപ വാചിയാണ്. തമിഴിൽ ഈ രൂപം ഇതു അല്ലെങ്കിൽ 'ഇതുവു'ആണ്. പഴമ തമിഴിൽ പഴമൈ യാണല്ലോ. ഇതുപോലെ ഭാഷാസാന്നിധ്യമുള്ള ലിഖിതമാണ് നില മ്പൂർ നെടുങ്കയത്തുള്ള ഒരു പാറയിൽ കാണുന്ന 'മാവ് കുടി നീരണ വായ്'. ഈ ലിഖിതത്തിലെ 'അണ' എന്ന വാക്കിൽ ഐകാരമില്ല. ഈ തെളിവുകൾ വിരൽ ചൂണ്ടുന്നത് മലയാളഭാഷയുടെ പഴക്കത്തി ലേക്കാണ്.

സംഘംകൃതികളിലെ ഭാഷ പൂർവതമിഴ്മലയാളമാണ്. ദ്രാവിഡഭാ ഷാകുടുംബത്തിലെ പൂർവ്വദക്ഷിണശാഖയിലെ ഒരു ഉപവിഭാഗമാണ് പൂർവതമിഴ്മലയാളം. അതായത് ഇന്നത്തെ തമിഴിനും മലയാള ത്തിനും പൊതുവായൊരു ഭാഷയുണ്ടായിരുന്നു. ഈ പൊതുഭാഷ യാണ് പൂർവതമിഴ്മലയാളം. ഈ ഭാഷയാണ് സംഘകാലകൃതികളി ലുള്ളത്. തമിഴർക്കും മലയാളിക്കും അവകാശപ്പെട്ട പൊതുമുത ലാണ് സംഘകാലസാഹിത്യം. കേരളത്തിലുണ്ടായ സംഘം കൃതിക ളിലും പാട്ടുകളിലും ധാരാളം മലനാട്ടുവഴക്കങ്ങൾ ഉണ്ട്. ഐങ്കുറു നൂറ്, പതിറ്റുമുപ്പത്, ചിലപ്പതികാരം എന്നിവ കേരളത്തിലുണ്ടായ കൃതികളാണ്. ഇവ കൂടാതെ പുറനാനൂറ്, അകനാനൂറ് തുടങ്ങിയ കൃതികളിലെ പാട്ടുകൾ എഴുതിയവരുടെ കൂട്ടത്തിലും ധാരാളം മല യാളികളുണ്ട്. തമിഴിൽ ഇല്ലാത്ത ധാരാളം വാക്കുകൾ സംഘകാല കൃതികളിലുണ്ട്. അവ ഇക്കാലത്തും മലയാളത്തിൽ പ്രചാരത്തിലിരി ക്കുന്നവയാണ്. അങ്ങനെ, ആർപ്പ്, കടവ്, കുപ്പായം, ചിതൽ, ചോര, തീറ്റ, തെല്ല്, പണിക്കൻ, പുഴുക്ക്, പൂച്ച, പൂള, മതി, മിടുക്ക്, വഴിപാട്, ഊണ്, കാവ്, തൊഴുതു, അങ്കാടി, അടയ്ക്ക, അളിയൻ, ആശാൻ, ഈട്, എക്കൽ, കൂവനീർ, ശാന്തി, തുന്നൽക്കാരൻ, പടിഞ്ഞായിറ്, പനി, പിണക്കം, പിഴ, പീടിക, പൊതി, വാലായ്മ, തത്ത, പോത്ത്, മൂങ്ക (മൂങ്ങ) ഊഴം, കളരി, തോണി, പുലരി, കുരവ, കുട്ടൻ , ആടി യറ തുടങ്ങിയവ ഉദാഹരണങ്ങൾ.

മലയാളപ്പഴമയ്ക്ക് തെളിവായി ധാരാളം വ്യാകരണകാര്യങ്ങളും ഉണ്ട്. പ്രതിഗ്രാഹികപ്രത്യയം - അ, സംബന്ധികാ പ്രത്യയം- ഉടെ; ബഹുവചനങ്ങളായ അവ, ഇവ; സർവനാമബഹുവചനപ്രത്യയം- മാർ; ഉദ്ദേശികാപ്രത്യയം-ഉ; ആട്, ആണ്ട്, ആമ, ആറ് എന്നീ വാക്കു കൾ; വർത്തമാന കാലപ്രത്യയം- ഉന്നു എന്നിത്യാദി. മൂല ദ്രാവിഡ ഭാഷയിലെ ഇ, എ, അ, ഒ, ഉ, ഈ, ഏ, ഓ, ഊ എന്നീ സ്വരങ്ങൾ മാറ്റം കൂടാതെ മലയാളത്തിൽ മാത്രമാണുള്ളത്.

മലയാളത്തിലെ തോറ്റംപാട്ടുകൾക്കും ഭദ്രകാളിപ്പാട്ടുകൾക്കും വളരെ പഴക്കമുണ്ട്. ആദ്യകാല വിദേശസഞ്ചാരികളുടെ വിവരണങ്ങളിൽ ധാരാളം മലയാളം വാക്കുകളുണ്ട്. ഇതെല്ലാം വ്യക്തമാക്കുന്നത്

കേരളം എന്ന ഭൂവിഭാഗത്തിന്റെ പഴക്കവും 1500 വർഷത്തിനുമേൽ മലയാളഭാഷയ്ക്കുള്ള പഴക്കവുമാണ്.

സംഘകാലകൃതികൾ മലയാളത്തിനും കൂടി ആവകാശപ്പെട്ടതാണ്. അഴിശി, കുമട്ടൂർ കണ്ണനാർ, കപിലർ, കാക്കൈപ്പാടിനിയർ, ഇളംകോവടികൾ, ചേരമാൻ പെരുമാൾ നായനാർ, കുലശേഖര ആഴ്വാർ തുടങ്ങിയവർ കേരളീയരായ കവികളാണ്. തൊൽകാപ്പിയ സൂത്രങ്ങളിൽ നാല്പതു ശതമാനത്തോളം യോജിക്കുന്നത് മലയാളത്തിനാണ്. തൊൽകാപ്പിയത്തിൽ വിശദീകരണത്തിനായി നൽകിയിട്ടുള്ള ഭൂരിപക്ഷം പദങ്ങളും ശൈലികളും ഇന്നത്തെ മലയാളത്തിലും പ്രയോഗത്തിലുള്ളവയാണ്. തമിഴ് ഭാഷയിൽ കാണാത്ത വ്യാകരണാംശങ്ങൾ മലയാളത്തിൽ നിലനില്ക്കുന്നത് അതിന്റെ പഴമയ്ക്കും സ്വതന്ത്രപദവിക്കും ദൃഷ്ടാന്തമാണ്. രാമചരിതം, ഭാഷാകൗടലീയം, ഭാഷാഭഗവദ്ഗീത, ഭാരതമാല, രാമകഥപ്പാട്ട്, കൃഷ്ണഗാഥ എന്നിവ അനന്വയസ്വഭാവമുള്ള മലയാള കൃതികളാണ്. അതിപ്രാചീനമായ കാലത്തുപോലും കേരളത്തിലെ വ്യവഹാരഭാഷയ്ക്ക് സ്വതന്ത്രമായ ഒരു അസ്തിത്വമുണ്ടായിരുന്നു. മലയാളം ഇന്ന് ഉപയോഗിക്കുന്ന ലിപി ഗ്രന്ഥലിപിയുടെ പരിഷ്കൃതരൂപമാണ്. പല്ലവ രാജാക്കൻമാർ ക്രി.വ. 5-ാം നൂറ്റാണ്ടിൽ സംസ്കൃതമെഴുതാൻ ആവിഷ്കരിച്ച ലിപിയിൽനിന്നു രൂപംകൊണ്ടതാണ് മലയാള ലിപി. ബി.സി.കളിൽ തുടങ്ങി ക്രി.വ.1300 വരെ നീളുന്ന കാലഘട്ടങ്ങളിലുണ്ടായിട്ടുള്ള ശിലാരേഖകളും ചെപ്പേടുകളും മലയാളഭാഷയുടെ ക്രമികമായ വികാസത്തിന്റെ നാഴികക്കല്ലുകളാണ്.

മലയാളത്തിന്റെ തനതു സാഹിത്യപ്രസ്ഥാനങ്ങളാണ് പാട്ടും മണിപ്രവാളവും. ദ്രമിഡസംഘതാക്ഷരനിബന്ധവും എതുകമോനവൃത്തവിശേഷയുക്തവുമായ പാട്ട് മലയാളത്തിൽ മാത്രമേ ഉള്ളു. മണിപ്രവാളം ഒരു സാഹിത്യപ്രസ്ഥാനമായി വളർന്നതും നിലനിന്നതും മലയാളത്തിൽ മാത്രമാണ്. ഗദ്യസാഹിത്യത്തിന്റെ കാര്യത്തിലും പ്രാചീനമലയാളം സമ്പന്നമായിരുന്നു. ശിലാരേഖകൾ, ചെപ്പേടുകൾ, ആട്ടപ്രകാരങ്ങൾ, ക്രമദീപികകൾ തുടങ്ങിയവ പ്രാചീനമലയാളഗദ്യത്തിന്റെ ഈടുവെപ്പുകളാണ്. കൗടില്യന്റെ അർത്ഥശാസ്ത്രത്തിനുണ്ടായ മലയാള രൂപാന്തരമാണ് 'ഭാഷാകൗടിലീയം' എന്ന ഗദ്യകൃതി. എ.ഡി.13,14, നൂറ്റാണ്ടുകളിൽ ധാരാളം ഗദ്യകൃതികൾ ഉണ്ടായിട്ടുണ്ട്. അഭിമന്യൂവധം, അംബരീഷോപാഖ്യാനം, ദൂതവാക്യം എന്നിവ ഉദാഹരണം. പാട്ടുപ്രസ്ഥാനത്തിന്റെയും മണിപ്രവാളത്തിന്റെയും സമന്വയനത്തിന്റെ മാതൃകകളാണ് കണ്ണശ്ശകൃതികൾ. മലബാറിലുണ്ടായ കൃഷ്ണഗാഥ മലയാളത്തിന്റെ മാധുര്യം നിറഞ്ഞ മനോഹരകാവ്യമാണ്. ഇന്ത്യൻ സാഹിത്യത്തിലെന്നല്ല ലോകസാഹിത്യത്തിൽത്തന്നെയും കൃഷ്ണഗാഥയോട് കിടനിൽക്കാൻ കൃതികളില്ല. പാട്ടുപ്രസ്ഥാനം അതിന്റെ പൂർണ്ണതയിലെത്തിയത് എഴുത്തച്ഛന്റെ കിളിപ്പാട്ടുകളിലൂടെയാണ്. ദ്രാവിഡപൈതൃകവും മലയാളത്തനിമയും സംസ്കൃതഭാഷയുടെ ഓജസ്സും ഉൾക്കൊണ്ട ഒരു കാവ്യഭാഷ എഴുത്തച്ഛൻ രൂപപ്പെടുത്തി. അദ്ദേഹം കൈക്കൊണ്ട ഭാഷാക്രമക്കണക്കാണ് ആധുനിക മലയാളത്തിന്റെ തിലകക്കുറിയായി മാറിയത്.

സംഘകാല കൃതികളിലെ ചില പാരമ്പര്യങ്ങൾ മലയാളം ഇന്നും സൂക്ഷിച്ചുപോരുന്നുണ്ട്. പാണൻ, വേലൻ എന്നീ പുരാതന വർഗങ്ങൾ ഇന്നു കേരളത്തിൽ മാത്രമേയുള്ളൂ. ഗായകരായും സന്ദേശവാഹകരായും മന്ത്രവാദികളായും ചികിത്സകരായും സംഘം കൃതികളിൽ പ്രത്യക്ഷപ്പെട്ട പാണരും വേലരും അവരുടെ കുലത്തൊഴിലുപേക്ഷിക്കാതെ ജീവിച്ചുപോരുന്നത് കേരളത്തിൽ മാത്രമാണ്.

മലയാളത്തിന്റെ തനത് എന്നവകാശപ്പെടാവുന്ന മറ്റൊരു സാഹിത്യ സമ്പത്താണ് മാപ്പിളസാഹിത്യം. അറബിനാടുകളുമായുള്ള ബന്ധമാണ് മാപ്പിളസാഹിത്യത്തിനു ബീജാവാപം ചെയ്തത്. അറബിഭാഷയും മലയാളവും കൂട്ടിക്കലർത്തി സൃഷ്ടിച്ച ഒരുതരം മണിപ്രവാള ശൈലിയിലാണ് മാപ്പിളസാഹിത്യം വാർന്നുവീണിട്ടുള്ളത്.

മലയാളത്തിന് 2300 വർഷത്തെ തുടർച്ചയായ ചരിത്രവും പാരമ്പര്യവുമുണ്ട്. സംഘസാഹിത്യത്തിൽ മലനാട്ടു വഴക്കമുള്ള ഭാഗങ്ങൾ ധാരാളമുണ്ട്. മലനാട്ടുവഴക്കം എന്നതു കൊണ്ടു ഉദ്ദേശിക്കുന്നത് തമിഴ്ഭാഷയിൽ കാണാത്ത പദങ്ങളും വ്യാകരണവിശേഷങ്ങളുമാണ്. മലയാളഭാഷയുടെ വികാസപരിണാമത്തിൽ താഴെപ്പറയുന്ന ഘട്ടങ്ങൾ ഉണ്ട്.

1. പ്രോട്ടോ തമിഴ്മലയാളം ക്ലാസിക്കൽഘട്ടം. ക്രി.വ. 800വരെ
2. പ്രാചീനമലയാള ക്ലാസിക്കൽഘട്ടം. ക്രി.വ. 800–1300.
3. മധ്യകാലമലയാള ക്ലാസിക്കൽഘട്ടം ക്രി.വ 1300–1600.
4. ആധുനികമലയാളഘട്ടം. ക്രി.വ. 1600 മുതൽ.

2300 വർഷത്തെ ചരിത്രം പരിശോധിക്കുമ്പോൾ വ്യക്തമാകുന്ന വസ്തുത ഒരനുക്രമവികാസം ഭാഷയുടെയും സാഹിത്യത്തിന്റെയും കാര്യത്തിൽ മലയാളം നിലനിർത്തിപ്പോരുന്നുവെന്നതാണ്. ഓരോ ഘട്ടത്തിലും തനതായ സംസ്കാരവും ജീവിതത്തിന്റെ ശാശ്വത മൂല്യങ്ങളും മാനവരാശിക്ക് മലയാളം നല്കിയിട്ടുണ്ട്.

## 1.3 ശാസനഭാഷ

മലയാളഭാഷയുടെ പൂർവസ്ഥിതി അന്വേഷിച്ചുപോകുന്ന ഒരാളിന് അശോകന്റെ ശിലാശാസനങ്ങളോളം ചെല്ലാനാകും. അശോകന്റെ രണ്ടാം ശാസനത്തിൽ കേരളത്തെക്കുറിച്ച് സൂചനയുണ്ടെന്നതല്ലാതെ ഭാഷാപരമായ യാതൊരു വിവരവും അതു പ്രാദനം ചെയ്യുന്നില്ല. പിന്നെയുള്ളത് ക്രി.വ. ആറാം നൂറ്റാണ്ടുവരെ നീളുന്ന സംഘകാലമാണ്. പട്ടണം ഉൾഖനനത്തിൽനിന്നും ലഭിച്ച ഒരോട്ടക്കലക്കഷണത്തിലെ രണ്ടുവാക്കുകളും എടയ്ക്കൽ ഗുഹയിലെ ലഘുരേഖകളിൽ സംരക്ഷിച്ചുള്ള മലയാളഭാഷയുടെ ഏതാനും പ്രത്യേകതകളും മാത്രമാണ് കൊല്ലവർഷാരംഭത്തിനുമുമ്പുള്ള ശാസനഭാഷയെക്കുറിച്ച് നമുക്കു പറയാനായിട്ടുള്ളത്. ഒമ്പതാംനൂറ്റാണ്ടുമുതൽ പതിനൊന്നാം നൂറ്റാണ്ടുവരെയുള്ള കാലത്തിന്റേതായി ഇരുന്നൂറിൽപ്പരം രേഖകൾ ലഭിച്ചിട്ടുണ്ട്. വാഴപ്പള്ളിച്ചെപ്പേട്, തരിസാപ്പള്ളിച്ചെപ്പേട്, മാമ്പള്ളിച്ചെപ്പേട്, പാലിയം ചെപ്പേട്, ജൂതച്ചെപ്പേട്, ഹജ്ജൂർ



ignou THE PEOPLE'S UNIVERSITY

ചെപ്പേട്, കൊല്ലൂർ മഠം ചെപ്പേട്, തിരുവല്ലാച്ചെപ്പേടുകൾ എന്നിവ ഒഴിച്ചുള്ള രേഖകളെല്ലാം ശിലയിൽ രേഖപ്പെടുത്തിയിട്ടുള്ളവയാണ്. ഒൻപതും പത്തും നൂറ്റാണ്ടുകളിലെ ഭാഷയുടെ രൂപം ലിഖിതങ്ങളിൽനിന്നും താഴെപ്പറയുംപ്രകാരം തിട്ടപ്പെടുത്താം.

അക്ഷരമാല - സ്വരങ്ങൾ - അ, ആ, ഇ, ഈ, ഉ, ഊ, എ ഏ, ഐ, ഒ, ഓ, ഔ

വ്യഞ്ജനങ്ങൾ - ക, ങ, ച, ഞ, ട, ണ, ത, ന, പ-മ, യ, ര, ല, വ, ള, ഴ, റ

വർത്സ്യ റ്റ, ന

ലിപി വട്ടെഴുത്തായതിനാൽ ഇത്രയും അക്ഷരങ്ങളാണ് പ്രധാനമായും രേഖകളിൽനിന്നു ലഭിക്കുന്നത്. വട്ടെഴുത്തുരേഖകളിൽത്തന്നെ തെറ്റിയും തെറിച്ചും കാണുന്ന ഗ്രന്ഥലിപികളിൽനിന്നും സംസ്കൃതത്തിലെ അതിഖര മൃദുഘോഷോഷ്മാക്കളിൽ ചില അക്ഷരങ്ങളും ലഭിക്കുന്നു. സ, ശ, ജ, ഡ, ഭ, ഖ, ദ, ഗ എന്നിവ ഉദാഹരണം.

കൊല്ലവർഷാരംഭം മുതൽ (ക്രി.വ. 825) മൂന്നു നൂറ്റാണ്ടുകളിലെ കേരളഭാഷയുടെ സ്ഥിതി മനസ്സിലാക്കാൻ അവലംബം ശിലാരേഖകളും ചെപ്പേടുകളും മാത്രമാണ്. ആട്ടപ്രകാരങ്ങൾ, ക്രമദീപികകൾ, നാടൻ വാങ്മയങ്ങൾ, ഭദ്രകാളിപ്പാട്ടുകൾ തുടങ്ങിയവയും ഭാഷാസ്വഭാവം നിരൂപിക്കാൻ സഹായകങ്ങളാണെങ്കിലും രചനാകാലം അവ്യക്തമാണ്. അതിനാൽ കാലം കൃത്യമായി രേഖപ്പെടുത്തിയിട്ടുള്ള ശാസനങ്ങൾ നല്കുന്ന വെളിച്ചം പരമപ്രധാനമാണ്. കാലം കൃത്യമായി പറയാവുന്ന പ്രഥമ രേഖ തരിസാപ്പള്ളി ചെപ്പേടാണ്. ചെപ്പേട് രണ്ടുള്ളതിൽ ആദ്യത്തേത് ക്രി.വ. 849 ൽ എഴുതപ്പെട്ടിട്ടുള്ളതാണ്. കേരളത്തിലെ പ്രാചീനശാസനങ്ങളിൽ കാണുന്ന ശൈലിക്ക്, ആ കാലഘട്ടത്തിലെ ദക്ഷിണേന്ത്യയിലെ മറ്റു ഭാഷകളിലെ ലിഖിതങ്ങളിലെ ശൈലിയുമായി പൊരുത്തമുണ്ട്. രേഖകളിലെ ശൈലിക്ക് സാങ്കേതികമായി കൃത്രിമത്വം ആരോപിക്കാമെങ്കിലും സ്വനിമരൂപിമതലങ്ങളിൽ ഭാഷയുടെ വ്യക്തിത്വം ശാസനഭാഷയിൽനിന്ന് നിർദ്ധാരണം ചെയ്യാനാകും. ഭാഷാസ്വരൂപനിർണയനത്തിന് ഏതാനും ലിഖിതമാതൃകകൾ ഉദ്ധരിക്കുന്നു.

(1) 'നമശ്ശിവായ ശ്രീ രാജരാജാധിരാജപരമേശ്വര ഭട്ടാരക രാജശേഖരദേവർക്കു ച്ചെല്ലാനിന്റയാണ്ടു പന്നിരണ്ടു, അവ്വാണ്ടു തിരുവാറ്റുവായ് പതിനെട്ടുനാട്ടാരും വാഴൈപ്പള്ളി ഊരാരുങ്കുടി രാജശേഖരൻദേവൻ തൃക്കൈക്കീഴ് വൈത്തു ചെയ്ത കച്ചം.' (വാഴപ്പള്ളി ചെപ്പേട്)

(2) 'സ്വസ്തി' - കോത്താണു ഇരവിക്കുത്തൻ പല നൂറായിരത്താണ്ടും മറുകുതലൈച്ചിറന്തടിപ്പടുത്താളാനിന്റയാണ്ടുൾച്ചെല്ലാനിന്റയാണ്ടൈന്തു. ഇവ്വാണ്ടു വേണാട് വാഴ്കിന്റ അയ്യനടികടിരുവടിയും അതികാരും പിരകിരുതിയുമ്മണിക്കിരാമവുമൈഞ്ചുവണ്ണമുമ്പുന്നൈത്തലൈപ്പതികുമുൾവൈത്തു മുരക്കേണിക്കൊല്ലത്തു ഏശോതാതപിരായി ചെയ്വിത്ത തരുസാപ്പള്ളിക്കു ഐെയ്യനഴികടിരുവടി കുടുത്ത വിട്ടുപേറാവിതു. (തരിസാപ്പള്ളിച്ചെപ്പേട് 1)

വാഴപ്പള്ളി, തരിസാപ്പള്ളിച്ചെപ്പേടുകളിലെ ഭാഷയിൽ പതിനെട്ടുനാട്ടാർ, കുടി, ചെയ്ത, പണിമക്കൾ, ഒൻപത്, കൂറ്, തൈപ്പൂയത്തിൻനാൾ, കുടുക്കപ്പെട്ട, ഒരാണ്ട്, ഊരകത്തു, നെയ്യ്, കുരക്കേണിക്കൊല്ലത്ത്, വണ്ണാരക്കുടി, ഏണി എന്നിങ്ങനെ മലയാളവ്യക്തിത്വമുള്ള ധാരാളം പ്രയോഗങ്ങൾ കാണാം.

## തിരുവല്ലാച്ചെപ്പേടുകൾ

ദാനവിവരം ചെമ്പോലകളിൽ പകർത്തിവെച്ചിട്ടുള്ള ഒരു ഗ്രന്ഥസമുച്ചയമാണ് തിരുവല്ലാചെപ്പേടുകൾ. തിരുവല്ലാക്ഷേത്രത്തിലേക്കു കാലാകാലങ്ങളിൽ ലഭിച്ച ദാനയോലക്കരണങ്ങളെ ചെമ്പോലയിൽ പകർത്തി സൂക്ഷിച്ചതുകൊണ്ടാണ് കാലഹരണപ്പെടാതെ ഈ രേഖകൾ നമുക്കു ലഭിച്ചത്. ഇപ്പോൾ 44 ചെമ്പോലകളാണ് ഈ സമുച്ചയത്തിലുള്ളത്. ആദിമദ്ധ്യാന്തഭാഗങ്ങളിലെ ചില ഓലകൾ ഏകദേശം 9 എണ്ണം നഷ്ടപ്പെട്ടുപോയി. ഭാഷാശൈലിയിലെ പ്രാക്തനാംശങ്ങൾ ഒഴിവാക്കിയാൽ സുഭഗമായ ഒരു ഭാഷയും ശൈലിയുമാണ് തിരുവല്ലാചെപ്പേടുകളിലെ ഗദ്യം നല്കുന്നതെന്നു പറയാം.

ഉദാ: പാട്ടനെൽ എഴുപത്തെമ്പറൈഃ കൊടിയനാർ പുറായ്ക്ക തൊണ്ണൂറുപറൈഃ ഇടൈക്കരി പുറന്തുടൈ നാർപതു പറൈ കുമാരൻ വെലിക്കു പാട്ടനെൽ മുപ്പതുപറൈഃ എലിപ്പുനത്തിനു പാട്ടനെല്ലെഴുപത്തെമ്പറൈ കാവിനാൽ കരി ഇതിനുപായത്തുക്കൂ കൂട്ടുമുതൽക്കൊഴിഞ്ഞു. ഇവിറ്റിനു പാട്ടത്തിൽ പുറമാരായമേണ്ടും. ഇതിനാൽ പന്തിരടിക്കു ചെല്ലുണ്ചെലവും തിരുവമിർതു പന്തിരുനാഴി അരി ഒരു നന്താവിളക്കു.

(തിരുവല്ലാചെപ്പേടുകൾ - രണ്ടാം ചെമ്പോല - ഒന്നാം വശം)

ശാസനഭാഷ ഔദ്യോഗിക ഭാഷയാണ്. അതിന് അംഗീകൃതമായൊരു ചട്ടക്കൂടുണ്ട്. ഒരു ശാസനത്തിൽ ദാതാവ്, സ്വീകർത്താവ്, ദാനങ്ങളുടെ വിവരങ്ങൾ, അവ എന്തിനുവേണ്ടി നല്കപ്പെട്ടിരിക്കുന്നു, മുതൽ അപഹരിക്കുന്നവർക്കുള്ള ശിക്ഷ എന്നിവ വിവരിച്ചിരിക്കും. 9 മുതൽ 12 വരെ നൂറ്റാണ്ടുകളിലെ രേഖകളധികവും ക്ഷേത്രങ്ങളിലേക്കു നല്കിയിട്ടുള്ള ഭൂസ്വത്തുക്കളെക്കുറിച്ചുള്ള വിവരങ്ങൾ ഉൾക്കൊള്ളുന്നവയാണ്. തമിഴ്ലിഖിതങ്ങളുടെ ഛായപിടിച്ച് എഴുതിയിട്ടുള്ളതിനാൽ കേരളശാസനങ്ങളിലെ ഭാഷയ്ക്ക് ഒരു തമിഴ്ച്ചുവയുണ്ട്. എങ്കിലും പ്രകൃതിയും പ്രത്യയങ്ങളുമെല്ലാം മലയാളത്തിന്റെ തന്നെയാണ്. തനിമലയാള പ്രയോഗങ്ങൾ മിക്ക ശാസനങ്ങളിലും കാണാം. കല്ലുകരട് കാഞ്ഞിരക്കുറ്റി, മുള്ളുമുയറ്, മൂർക്കൻപാമ്പ്, ആൾപോകുംവഴി, നീർപോകും ചാൽ, ഒറ്റി, കാണം, നാലുകൂടി ഈഴവർ, കുരക്കേണിക്കൊല്ലത്ത്, മുക്കാൽവട്ടത്ത്, അറന്നൂറ്റുവർ, മുന്നൂറ്റവർ, വെച്ചു, ചെയ്ത, കച്ചം, തൈപ്പൂയത്തിൻനാൾ, ആവണിയവിട്ടം, പാട്ടം, നെല്ല്, കരി തുടങ്ങിയവ തമിഴോ സംസ്കൃതമോ അല്ല. തനി നാടൻ പ്രയോഗങ്ങളാണ്. നാലുപേര് അറിയുന്നതിനുവേണ്ടി എഴുതിയിട്ടുള്ളവയാണ് പ്രാചീന ക്ഷേത്രരേഖകൾ. അതിലെ ഗദ്യത്തിന് വിജ്ഞാപനസ്വഭാവമുള്ളതിനാൽ 'വിജ്ഞാപനഗദ്യം' എന്നു വിളിക്കുന്നത് ഉചിതമായിരിക്കും.

## 1.4 പുരോഗതി സ്വയം പരിശോധിക്കുക

(1) മലയാളഭാഷയുടെ ഉത്പത്തിയെക്കുറിച്ചുള്ള പ്രധാന വാദങ്ങൾ ഏവ? ഓരോന്നിനെക്കുറിച്ചും മൂന്നോ നാലോ വാക്യത്തിൽ സംഗ്രഹിക്കുക.

(2) മലയാളത്തിന്റെ ഉത്പത്തി തമിഴിൽനിന്നാണെന്ന് സമർത്ഥിക്കാൻ എ.ആർ. രാജരാജവർമ്മ ഉന്നയിക്കുന്ന വാദങ്ങൾ ചുരുക്കി വിവരിക്കുക.

(3) ശ്രേഷ്ഠഭാഷാപദവിക്ക് നിദാനമായ മാനദണ്ഡങ്ങളേവ? മലയാളഭാഷയ്ക്ക് ഈ മാനദണ്ഡങ്ങൾ എത്രത്തോളം അനുയോജ്യമായിരിക്കുന്നു - പരിശോധിക്കുക.

## 1.5 പാട്ടും മണിപ്രവാളവും

10-ാം നൂറ്റാണ്ടിനുശേഷം മലയാളത്തിൽ ശക്തിപ്രാപിച്ച സാഹിത്യപ്രസ്ഥാനങ്ങളാണ് പാട്ടും മണിപ്രവാളവും. ഈ പ്രസ്ഥാനങ്ങളുടെ സ്വഭാവം വിസ്തരിച്ച് ഉപപാദിച്ചിട്ടുള്ള ഗ്രന്ഥമാണ് ക്രി.വ. 1400 നടുത്തുണ്ടായ ലീലാതിലകം. സംസ്കൃതഭാഷയിലെഴുതിയിട്ടുള്ള മണിപ്രവാളലക്ഷണഗ്രന്ഥമാണ് ലീലാതിലകം. ക്രി.വ. 1909 ലാണ് ഈ ഗ്രന്ഥം വെളിച്ചംകണ്ടത്. അജ്ഞാതകർതൃകമാണ് ഈ ലക്ഷണഗ്രന്ഥം. എട്ട് ശില്പങ്ങളുള്ള ഈ ഗ്രന്ഥത്തിലെ 1, 2, 3 ശില്പങ്ങളിലാണ് മലയാളഭാഷയെപ്പറ്റി ചർച്ചചെയ്യുന്നത്.

ലീലാതിലകം ഒന്നാംശില്പത്തിൽ മണിപ്രവാളത്തിന്റെ ലക്ഷണവും ഒൻപതു വകഭേദങ്ങളും വിശദമായ ചർച്ചയ്ക്കു വിധേയമാകുന്നുണ്ട്. മണിപ്രവാളചർച്ചയുടെ അവസാനമാണ് പാട്ടിനെക്കുറിച്ചുള്ള പരാമർശം വരുന്നത്.

### 1.5.1 മണിപ്രവാളം

'ഭാഷാസംസ്കൃതയോഗോ മണിപ്രവാളം'

കേരളഭാഷയുടെയും സംസ്കൃതത്തിന്റെയും യോഗമാണ് മണിപ്രവാളം. മലയാളമെന്ന പേര് കേരളത്തിലെ ഭാഷയ്ക്കു അന്നുണ്ടായിരുന്നില്ല. കേരളഭാഷ, ഭാഷ, തമിഴ് എന്നീ പേരുകളാണ് മലയാളഭാഷയ്ക്കു ലീലാതിലകകാരൻ നല്കിയിട്ടുള്ളത്. സഹൃദയരുടെ ഹൃദയത്തെ ആഹ്ലാദിപ്പിക്കുന്ന തരത്തിലുള്ള സന്നാഹമാണ് (ചേർച്ച) യോഗം, അത് ദോഷരഹിതമായിരിക്കണം, രസാലങ്കാരങ്ങളുടെ ഉചിതമായ സാന്നിധ്യം യോഗത്തിലുണ്ടാകണം. മണിപ്രവാളത്തിലെ സംസ്കൃതം വിഭക്ത്യന്തമായിരിക്കണം. അതായത് സംസ്കൃതവ്യാകരണമനുസരിച്ചുള്ള സംസ്കൃതപ്രയോഗമാണ് മണിപ്രവാളത്തിലുണ്ടാകേണ്ടത്. ഭാഷയെന്നാൽ അപാമരമാർ ഉപയോഗിക്കുന്ന ഭാഷയായിരിക്കണം. പണ്ഡിതന്മാരുടെ ഭാഷയും വിഭക്ത്യന്തമായ സംസ്കൃതവും സഹൃദയഹൃദയാഹ്ലാദകരമായി സങ്കലനം ചെയ്യുന്നതിനെയാണ് മണിപ്രവാളമെന്നു പറയുക. പദ്യത്തിലും ഗദ്യത്തിലും മണിപ്രവാളമാകാം. പദ്യത്തിലാകുമ്പോൾ വൃത്തവ്യവസ്ഥ വേണം.

ഭാഷാസംസ്കൃതയോഗം കൊണ്ടുണ്ടാകുന്ന വാക്യവിശേഷത്തിന് 'മണിപ്രവാള'മെന്ന പേര് ലഭിച്ചത് സാദ്ധ്യവസായലക്ഷണമൂലമാണ്. മണി കേരളഭാഷയെയും പ്രവാളം സംസ്കൃതത്തെയും പ്രതിനിധാനം ചെയ്യുന്നു. ഭാഷയെപ്പോലെ അതിപ്രസിദ്ധവും സുകുമാരാക്ഷരവും ആയിരിക്കണം സംസ്കൃതം.

### 1.5.2 പാട്ട്

'ദ്രമിഡസംഘാതാക്ഷരനിബന്ധമെതുകമോനവൃത്തവിശേഷയുക്തം പാട്ട്' (സൂത്രം 11). പാട്ടും മണിപ്രവാളമാകാമല്ലോ (ഭാഷാസംസ്കൃതയോഗം) എന്ന സംശയത്തിന് സാംഗത്യമുണ്ടെന്നു കണ്ടിട്ടാണ് പാട്ടിന്റെ ലക്ഷണം ലീലാതിലകകാരൻ വിവരിച്ചത്. ദ്രമിഡസംഘാതാക്ഷരനിബന്ധമാണ് പാട്ട്. ദ്രമിഡസംഘാതാക്ഷരങ്ങൾ താഴെപ്പറയുന്നു.

സ്വരങ്ങൾ : 12. അ, ആ ഇ, ഈ, ഉ, ഊ, എ, ഏ, ഒ, ഓ, ഐ, ഔ

വ്യഞ്ജനങ്ങൾ : 18. ക, ങ, ച, ഞ, ട, ണ, ത, ന, പ, മ, യ, ര, ല, വ, ഴ, ള

എതുക, മോന, വൃത്തവിശേഷം ഇവയോടുകൂടിയ ദ്രമിഡസംഘാതാക്ഷരകാവ്യമാണ് പാട്ട്. പാദങ്ങളിൽ രണ്ടാമത്തെ അക്ഷരം ഒന്നുപോലെയായിരിക്കുന്നത് എതുക. പാദാർദ്ധങ്ങളിലെ ആദ്യത്തെ അക്ഷരം യോജിച്ചുവരുന്നതാണ് മോന. തമിഴക്ഷരമാലയിലെഴുതാവുന്ന പദങ്ങൾ മാത്രമേ പാട്ടിൽ വരൂ. സംസ്കൃതം തത്സമരൂപത്തിലോ തത്ഭവരൂപത്തിലോ ദ്രമിഡസംഘാതാക്ഷരത്വം ഉൾക്കൊണ്ട് പാട്ടിൽ പ്രയോഗിക്കാം. സംസ്കൃതവൃത്തങ്ങൾ പാട്ടിൽ പാടില്ല. തമിഴ്വ്യാകരണഗ്രന്ഥങ്ങളിൽ പറയുന്ന ഒമ്പതുതരം ചെയ്യുൾ വികാരങ്ങൾ പാട്ടിൽ വരും. കേരളഭാഷയിലുള്ള പാട്ടിൽ പാണ്ഡ്യഭാഷാരീതിയിലുള്ള പ്രയോഗങ്ങൾ ചിലേടത്തു വരും. ലീലാതിലകത്തിൽ പാട്ടിനു നൽകിയിട്ടുള്ള ഉദാഹരണം നോക്കുക.

തരതലന്താനളന്താ, പിളന്താപൊന്നൻ-
        തനകചെന്താർ, വരുന്താമൽ വാണൻതന്നെ
കരമരിന്താ, പൊരുന്താനവമാരുടെ
        കരുളെരിന്താ പുരാനേ മുരാരീകണാ
ഒരു വരന്താ, പരന്താമമേ, നീ കനി-
        ന്തുരകചായീ പിണിപ്പവ്വംനീന്താവണ്ണം
ചിരതരം താൾ പണിന്തേനയ്യോ താങ്കെന്നെ-
        ത്തിരുവനന്താപുരം തങ്കുമാനന്തനേ

തരതലം = ധരാതലം, അളന്താ = അളന്നവനേ, പൊന്നൻ = ഹിരണ്യകശിപു, അകചെന്താർ = ഹൃദയമാകുന്ന ചെന്താർ, വരുന്താമൽ = നിഷ്പ്രയാസം, പൊരും = പൊരുതുന്ന, താനവന്മാരുടെ = ദാനവന്മാരുടെ, പുരാനേ = തമ്പുരാനേ, കണാ = കണ്ടാലും (കൃഷ്ണനെന്നും അർത്ഥമുണ്ട്) താമവേ = ധാമമേ, ഉരകചായി = അനന്തശായി, പിണിപ്പവ്വം = സംസാരസാഗരം, നീന്താവണ്ണം = നീന്താതിരിക്കാൻ തക്കവണ്ണം (മോക്ഷപ്രാപ്തി), താൾ = പാദം, പണിന്തേൻ = സേവിച്ചേൻ, ആനന്തനേ = ആനന്ദസ്വരൂപനേ.

തര, താനവ, താമ, ഉരകചായി, അനന്ത എന്നിവ സംസ്കൃതതത്ഭവ മാണ്. ഇതിനെ 'ആരിയച്ചിതൈവ്' എന്ന് തമിഴ് വ്യാകരണങ്ങളിൽ പറയും. ചിരതരം തത്സമമാണ്. ദ്രാവിഡാക്ഷരങ്ങൾകൊണ്ട് എഴുതാം. 'തര' എന്ന് ഹ്രസ്വമാക്കിയതും 'അനന്താപുരം' എന്ന് ദീർഘ മാക്കിയതും ഭാഷാനയം അനുസരിച്ചാണ്. ഇത് 9 തരം നയങ്ങ ളിൽപ്പെടുന്നു. ഹ്രസ്വം ചിലപ്പോൾ ദീർഘമാക്കിയും, ദീർഘം ഹ്രസ്വ മാക്കിയും പാണ്ഡ്യഭാഷയിൽ പ്രയോഗിക്കാറുണ്ടല്ലോ. അളന്താ, പിളന്താ രൂപങ്ങൾ അങ്ങനെ വന്നവയാണ്.

പാട്ടിന്റെ ലക്ഷണം എല്ലാപ്രകാരത്തിലും യോജിക്കുന്ന ഒരൊറ്റ കൃതിയേ മലയാളത്തിൽ ഇതുവരെ കണ്ടെത്തിയിട്ടുള്ളൂ. ചീരാമനെ ഴുതിയ 'രാമചരിത'കാവ്യമാണത്. ക്രി.വ. 1350-1400 കാലത്ത് വിരചി തമായ ഈ കാവ്യം  വാല്മീകിരാമായണത്തിലെ യുദ്ധകാണ്ഡ ത്തിന്റെ മലയാളരൂപാന്തരമാണ്. 164 പടലങ്ങളിലായി 1814 പാട്ടുകളി ലൂടെ യുദ്ധകാണ്ഡം ആവിഷ്കൃതമായിരിക്കുന്നു. സുന്ദര, കിഷ്കി ന്ധ, ആരണ്യകാണ്ഡങ്ങളിലെ ചില കഥാസൂചനങ്ങൾ സാന്ദർഭിക മായി കാണുന്നുണ്ടെങ്കിലും രാമചരിതം ഒരു സമ്പൂർണരാമായണകാ വ്യമല്ല. ഗോവിന്ദൻ എഴുതിയ  'തിരുനിഴൽമാല' എന്നൊരു കൃതി കൂടി പാട്ടിൽ പെടുന്നതായി അടുത്തകാലത്ത് കണ്ടുകിട്ടിയിട്ടുണ്ടെ ങ്കിലും രാമചരിതം ദീക്ഷിച്ച 'പാട്ട്' ഈ കാവ്യത്തിന് പൂർണമായും ഇണങ്ങുന്നതല്ല.

മണിപ്രവാളത്തിൽ ധാരാളം കൃതികൾ ഉണ്ടായിട്ടുണ്ട്. തമിഴ്, കന്നട, തെലുങ്കുഭാഷകളിലും മണിപ്രവാളം കാണുന്നുണ്ടെങ്കിലും അത് ഒരു സാഹിത്യപ്രസ്ഥാനമായി വളർന്നത് മലയാളത്തിലാണ്. വൈശി കതന്ത്രം, ഉണ്ണിയച്ചി, ഉണ്ണിയാടി, ഉണ്ണിച്ചിരുതേവീചരിതങ്ങൾ, ഉണ്ണുനീലിസന്ദേശം, കോകസന്ദേശം, ചന്ദ്രോത്സവം തുടങ്ങിയവയാണ് മണിപ്രവാളത്തിലെ പ്രഖ്യാത കൃതികൾ

### 1.5.3 മാർദ്ദംഗികന്മാരുടെ തമിഴ്

മാർദ്ദംഗികന്മാർ ഗദ്യത്തിലാണ് കഥാകഥനം  ചെയ്യുന്നത്. സംസ്കൃ ത ശ്ലോകങ്ങളുടെ ഉദ്ധരണം ഇടയ്ക്കിടയ്ക്ക് ഉണ്ടാകാമെങ്കിലും അവയുടെ പൊരുൾ വിസ്തരിക്കുന്നത് ഭാഷയിലാണ്. ഭാഷയ്ക്ക് അന്ന് മലയാളമെന്ന പേരുണ്ടായിരുന്നില്ല. അതുകൊണ്ട് തമിഴെന്ന് കഥാകഥനത്തിനുപയോഗിക്കുന്ന ഭാഷയെ വിളിച്ചിരുന്നു. അഭിമന്യു വധം, അംബരീഷോപാഖ്യാനം തുടങ്ങിയ കൃതികൾ ഉദാഹരണം. ചാക്യാർകൂത്തിനെ കുറച്ചുകൂടി ജനകീയമാക്കിയപ്പോൾ ഉണ്ടായ കലാരൂപമാണ് പാഠകം. ക്ഷേത്രമതിലിനു പുറത്തും പാഠകം നട ത്താമെന്നതിനാൽ ത്രൈവർണ്ണികേതരർക്കും ആ കലാരൂപം ആസ്വ ദിക്കാനായി.

പാട്ട്, മണിപ്രവാളം എന്നിവയ്ക്കു പുറമേ ഗദ്യരൂപത്തിലുള്ള ഒരു ശൈലിയും മലയാളത്തിലുണ്ടായിരുന്നുവെന്നതിന് തെളിവാണ് മാർദ്ദംഗികന്മാരുടെ തമിഴ്.

## 1.6 കാവ്യഭാഷയുടെ പരിണാമം



പാട്ട്, മണിപ്രവാളം എന്നീ മഹാവിഭാഗങ്ങളിൽപ്പെടുന്നു മലയാളത്തിന്റെ പ്രാചീന സാഹിത്യം. 'ദ്രമിഡസംഘാതാക്ഷരനിബന്ധമെതുകമോന വൃത്തവിശേഷയുക്തം പാട്ട്' എന്ന ലീലാതിലക ലക്ഷണം സർവഥാ യോജിക്കുന്ന 'രാമചരിതം' മലയാളത്തിന്റെ പ്രാചീന കൃതികളിൽ ഒന്നാണ്. പാട്ടിന്റെ ലക്ഷണം പൂർണ്ണമായി യോജിക്കില്ലെങ്കിലും ദ്രാവിഡവൃത്തങ്ങളിൽ വാർന്നു വീണ ധാരാളം നാടൻ പാട്ടുകളും പാട്ടിനും മണിപ്രവാളത്തിനുമൊപ്പം ഭാഷയിലുണ്ടായിരുന്നു. രാമചരിതം കഴിഞ്ഞാൽ പാട്ടിന്റെ ലക്ഷണം ഏകദേശം യോജിക്കുന്ന ഒരു കൃതി ഗോവിന്ദൻ രചിച്ച 'തിരുനിഴൽമാല' യാണ്. രാമചരിതം സ്വീകരിച്ച വൃത്തവിശേഷം ചതുഷ്പദിയായ ദ്രാവിഡ വിരുത്തങ്ങളാണെങ്കിൽ തിരുനിഴൽമാലയിലേത് ഈരടികളാണെന്നു ഭേദം. രണ്ടിലെയും ഭാഷ ഏകദേശം ഒന്നു തന്നെ. പാണ്ഡ്യഭാഷാസാരൂപ്യം- അതായത് തമിഴ് വഴിയുള്ള പ്രയോഗങ്ങൾ-കേരളഭാഷയിലെ പാട്ടിൽ ഏറിയിരിക്കുമെന്ന് ലീലാതിലകകാരൻ ഉപദർശിച്ചിട്ടുണ്ട്. രാമചരിതത്തിലും തിരുനിഴൽമാലയിലും കണ്ണശ്ശകൃതികളിലും പാണ്ഡ്യഭാഷാസാരൂപ്യം ഉണ്ട്.

ആതിതേവനിലമിഴ്ന്ത മനകാമ്പുടയ ചീരാമന-
നമ്പിനൊടിയമ്പിന തമിഴ്ക്കവിവെൽവോർ
പോതിൽ മാതിനിടമാവരുടൽ വീഴ്വതിനുപിൻ
പോകിപോകചയനൻ ചരണതാരണയ്വരേ

(രാമചരിതം പാട്ട് 11 പടലം 164)

അമിഴ്ന്ത, അറയ്ന്ത, നീന്തുമത്, ആവർ, അണയ്വർ തുടങ്ങിയവ പാണ്ഡ്യഭാഷാസാരൂപ്യമുള്ള പദങ്ങളാണ്. രാമചരിതഭാഷയുടെ മുഖമുദ്രയാണ് പാണ്ഡ്യഭാഷാസാരൂപ്യം. മണിപ്രവാളത്തിലുള്ളത് സംസ്കൃതഭാഷാ സാരൂപ്യമാണ്. സംസ്കൃതവ്യാകരണമനുസരിച്ചുള്ള ഭാഷാരൂപങ്ങളും സംസ്കൃതരൂപങ്ങളും മണിപ്രവാളത്തിലുണ്ട്. ഇങ്ങനെ പാട്ടിലും മണിപ്രവാളത്തിലും കണ്ട മിശ്രഭാഷാപ്രവണതകളെ നിയന്ത്രിക്കാനും രണ്ടിനെയും സമന്വയിപ്പിച്ച ഒരു കാവ്യഭാഷ സൃഷ്ടിക്കാനുമാണ് കണ്ണശ്ശന്മാർ ശ്രമിച്ചത്. ദ്രമിഡസംഘാതാക്ഷര നിയമത്തിന് അവർ ശൈഥില്യം വരുത്തി. സംസ്കൃതത്തിൽ നിന്നും ധാരാളം വാക്കുകൾ അവർ കാവ്യഭാഷയിലേക്കു സ്വീകരിച്ചു.

പുഷ്പിത ദിവ്യലതാദികൾതോറും
പോയ് മധുപാന മഹോത്സവമീടിയ
ഷഡ്പദകോകിലകോലാഹലമൊട്
സകലമനോഹരമായിതു വിപിനം

എന്ന മട്ടിൽ നിരണത്തു രാമനും ശങ്കരനും മാധവനും ഒരു കാവ്യശൈലി സൃഷ്ടിച്ചു. ഏതു ഭാവത്തെയും ആവിഷ്കരിക്കാൻ തക്കവണ്ണം ഭാഷ കരുത്താർജ്ജിച്ചു. എങ്കിലും ഇന്നത്തെ വായനക്കാരന് അരോചകമായ ചില ശൈലീവിശേഷങ്ങൾ കണ്ണശ്ശക്കൃതികളിലും പ്രകടമായിരുന്നു.

കണ്ണശ്ശന്മാർക്കുശേഷം വന്ന ചെറുശ്ശേരി നമ്പൂതിരി നാടൻ പാട്ടുകളുടെ ശാലീനതയുൾകൊണ്ട് കൃഷ്ണഗാഥ മഞ്ജരി വൃത്തത്തിൽ ചൊല്ലി കേൾപ്പിച്ചു. അവസാനഭാഗത്തെ സ്തുതിയൊഴിച്ച് ബാക്കി ഭാഗമെല്ലാം മഞ്ജരിവൃത്തത്തിലാണ് ചെറുശ്ശേരി രചിച്ചത്.

എന്മുതുകേറിനിന്നാനകളിപ്പതി-
നിന്നിനിയാമോ ചൊല്ലുണ്ണിക്കണ്ണാ
തിങ്ങളെച്ചെന്നു പിടിപ്പതിനായിട്ടി-
ന്നെൻ കഴുത്തേറുകവേണ്ടയോ ചൊൽ
ഓടിവന്നെന്നുടെ നന്മടിതന്നിലായ്
ത്താടിപിടിച്ചുവലിക്കേണ്ടയോ?

ഒരച്ഛന്റെ ഹൃദയവികാരത്തെ എത്ര മനോഹരമായി ഈ വരികളിൽ ചെറുശ്ശേരി ആവിഷ്കരിച്ചിരിക്കുന്നു. പാണ്ഡ്യഭാഷാസാരൂപ്യമോ, സംസ്കൃതഭാഷാസാരൂപ്യമോ ഇവിടെയില്ല. നാടോടി വാങ്മയത്തിന്റെ അപൂർവ സൗന്ദര്യം ആപാദചൂഡം മിന്നിത്തിളങ്ങുന്ന കാവ്യമാണ് കൃഷ്ണഗാഥ. പക്ഷേ ഈ ഭാഷയുടെ ബലഹീനത ബോധ്യപ്പെടുന്നത് വീരരൗദ്രഭായനകാദി വികാരങ്ങൾ ചിത്രീകരിക്കുന്ന സന്ദർഭത്തിലാണ്. വാത്സല്യവും ശൃംഗാരവും ഹാസ്യവും കൃഷ്ണഗാഥാശൈലിക്കു വഴങ്ങുമെങ്കിലും നവരസങ്ങളെല്ലാം ഉൾക്കൊള്ളാൻ ആ ഭാഷയ്ക്കാവില്ല.

ഈ പശ്ചാത്തലത്തിലാണ് എഴുത്തച്ഛനെടുത്ത 'ഭാഷാക്രമക്കണക്കിന്റെ ' പ്രാധാന്യം തിരിച്ചറിയേണ്ടത്. ഈ ക്രമക്കണക്കു പാട്ടുസാഹിത്യത്തിന്റെയും മണിപ്രവാളസാഹിത്യത്തിന്റെയും ഏകീഭവിപ്പിക്കലിൽ മാത്രം ഒതുങ്ങി നില്ക്കുന്നതല്ല. എഴുത്തച്ഛനു മുമ്പുതന്നെ പാട്ടും മണിപ്രവാളവും തമ്മിൽ ലയിച്ചു രണ്ടിന്റെയും ഭാവസൗകുമാര്യം ഉൾക്കൊണ്ട ഒരു കാവ്യഭാഷ മലയാളത്തിൽ പ്രചരിച്ചിരുന്നു. ആ കാവ്യഭാഷയ്ക്ക് ചില ക്രമങ്ങൾ വരുത്തി എഴുത്തച്ഛൻ കിളിപ്പാട്ടിൽ പ്രയോഗിച്ചു. ഇതര സാഹിത്യരൂപങ്ങളെ പിന്നിലാക്കി ജനഹൃദയത്തിൽ കിളിപ്പാട്ടുകൾ സ്ഥാനം പിടിച്ചപ്പോൾ, അതിലൂടെ ആവിഷ്കൃതമായ കാവ്യഭാഷയ്ക്ക് അംഗീകാരവും മാനകത്വവും സ്വയമേവ സിദ്ധിക്കുകയായിരുന്നു.

ഭാഷയേറി വരുന്ന മണിപ്രവാളത്തെയാണ് അദ്ദേഹം ആദരിച്ചത്. തത്ത്വചിന്ത, ഈശ്വരസ്തുതി എന്നിവ വരുന്ന ഭാഗങ്ങളിൽ വിഭക്ത്യന്തസംസ്കൃതം ഉപയോഗിച്ചിട്ടുണ്ടെങ്കിലും ഭാഷാപക്ഷക്കാരനായിരുന്നു എഴുത്തച്ഛൻ. എഴുത്തച്ഛന്റെ കാവ്യഭാഷയുടെ പ്രത്യേകതകൾ ഇങ്ങനെ സംഗ്രഹിക്കാം.

1. ഭാഷയേറിവരുന്ന മണിപ്രവാളശൈലി
2. സംസ്കൃതീകൃതഭാഷയുടെ അഭാവം.
3. ഈണപ്രധാനമായ ദ്രാവിഡവൃത്തങ്ങൾ
4. ഭാവത്തിനനുസരിച്ചുള്ള ഭാഷാപ്രയോഗം-ശുദ്ധസംസ്കൃതവും ശുദ്ധമലയാളവും

5. പ്രചാരലുപ്തമെങ്കിലും ഭാവപുഷ്ടങ്ങളായ രൂഢിപദങ്ങളുടെ സ്വീകരണം.
6. വായ്മൊഴി വഴക്കങ്ങളുടെ ഉപേക്ഷിക്കൽ.
7. ശബ്ദവിഷയത്തിൽ തമിഴിന്റെ രീതിയെ പാടെ വിഗണിക്കൽ.

എഴുത്തച്ഛന്റെ കാവ്യശൈലി പിന്നീട് കുഞ്ചൻ നമ്പ്യാർ, വെണ്മണി ക്കവികൾ, ആശാൻ, വള്ളത്തോൾ തുടങ്ങിയവരിലൂടെ പ്രവഹിച്ച് നിലവാരപ്പെട്ട മലയാളം രൂപാന്തരപ്പെട്ടു.

## 1.7 പ്രാചീനഗദ്യം, മധ്യകാലഗദ്യം

മലയാളത്തിന്റെ ഗദ്യചരിത്രം ശിലാരേഖകളിലും ചെമ്പു പട്ടയങ്ങ ളിലും തുടങ്ങുന്നു. 12-ാം നൂറ്റാണ്ടിന്റെ ആദ്യശതകത്തിനു പിന്നീടുള്ള ഗദ്യമാണ് യഥാർത്ഥ സാഹിത്യശ്രേണിയിൽപ്പെടുന്നത്. ഇതിൽ മുഖ്യം ഭാഷാകൗടലീയമാണ്. ഇന്ത്യൻ ഭാഷകളിൽ മലയാള ത്തിലാണ് കൗടല്യന്റെ അർത്ഥ ശാസ്ത്രത്തിന് ആദ്യമായി ഒരു ഭാഷാന്തരണം ഉണ്ടായത്. 15 അധികരണങ്ങളുള്ള മൂലഗ്രന്ഥത്തിന്റെ ആദ്യത്തെ 7 അധികരണങ്ങളുടെ മലയാള വിവർത്തനമാണ് ഇതു വരെ ലഭിച്ചിട്ടുള്ളത്. ആരാണ് വിവർത്തകൻ എന്നറിയില്ല. കാലവും കൃത്യമായി പറയാനാവില്ല. ഡോ. കെ.എൻ. എഴുത്തച്ഛൻ ഭാഷാകൗ ടലീയത്തെപ്പറ്റി ഗവേഷണം നടത്തി ശ്രദ്ധേയമായ ഒരു പ്രബന്ധം രചിച്ചിട്ടുണ്ട്.

### 1.7.1 ഭാഷാകൗടലീയം

മലയാളഗദ്യത്തിന്റെ ശക്തിയും സൗന്ദര്യവും നിറഞ്ഞു നില്ക്കുന്ന പ്രാചീനകൃതിയാണ് ഭാഷാകൗടലീയം. കൗടല്യന്റെ അർത്ഥശാ സ്ത്രത്തിന് മലയാളത്തിലുണ്ടായ വിവർത്തനവും വ്യാഖ്യാനവു മാണ് ഭാഷാകൗടലീയം. പദ്യത്തിൽ രാമചരിതം പോലെ ഗദ്യത്തിൽ ഭാഷയ്ക്ക് ലഭിച്ചിട്ടുള്ള മഹനീയകൃതിയാണ് ഭാഷാകൗടലീയമെന്ന് മഹാകവി ഉള്ളൂർ അഭിപ്രായപ്പെട്ടിട്ടുണ്ട്. അർത്ഥശാസ്ത്രത്തിന്റെ ഇത്ര വിസ്തരിച്ചുള്ള ഒരു വ്യാഖ്യാനവും വിവർത്തനവും ലോകത്തെ ഒരു ഭാഷയിലും ഉണ്ടായിട്ടില്ല. 15 അധികരണങ്ങളിൽ 7 അധികരണങ്ങളുടെ ഭാഷാനുവാദം മാത്രമേ ലഭിച്ചിട്ടുള്ളു. ശേഷിച്ച ഭാഗങ്ങൾ ഏതെങ്കിലും ഗ്രന്ഥപ്പുരയിൽ കിടപ്പുണ്ടാകാം. ഭാഷയുടെ ഓജസ്സും ആർജ്ജവവും കൂടുതൽ വ്യക്തമാകുന്നത് മൂലഭാഗങ്ങളു മായി താരതമ്യപ്പെടുത്തി വായിക്കുമ്പോളാണ്. ഭാഷാകൗടലീയ ത്തിന്റെ കാലം ക്രി.വ 1150 നും 1225 നും ഇടയ്ക്കാണെന്ന് ഉള്ളൂരും ഇളംകുളവും കെ.എൻ. എഴുത്തച്ഛനും അഭിപ്രായപ്പെട്ടിട്ടുണ്ട്. 12-ാം നൂറ്റാണ്ടിലെ രാഷ്ട്രീയ സാമൂഹിക സാഹചര്യങ്ങളുടെ ആവശ്യകത യിൽനിന്നു പിറവികൊണ്ട കൃതിയാണ് ഭാഷാകൗടലീയം. മൂലഗ്രന്ഥ ത്തിലെ ഒരു സൂത്രത്തെ വ്യാഖ്യാനിക്കുന്നത് നോക്കുക.

സൂത്രം: 'അകാരാദയോ വർണ്ണാസ്ത്രിഷ്ടി.'

വ്യാഖ്യാനം: ഇനി വർണ്ണാത്മകങ്ങൾ പദങ്ങൾ, പദാർത്മകം വാക്യം, വാക്യത്തിൽ നിന്റ് അർത്ഥപ്രതീതി വരുമതു. വർണ്ണങ്കളാവൊ അകാരാദികൾ അറുപത്തുമുന്റു. അവറ്റിൽ ഹ്രസ്വദീർഘപ്ലുതാദി

ദേഭത്താൽ ഇരുപത്തിരണ്ടച്ചുകൾ. ഇരുപത്തഞ്ചു സ്പർശാക്ഷര ങ്ങൾ അവെ കകാരദികൾ. യകാരാദികൾ നാലും അന്തസ്ഥെകൾ. അയോഗവാഹകൾ നാലു, യമാക്ഷരങ്ങൾ നാലു, ഊഷ്മാക്കൾ നാലും ഇവെ അറുപത്തമൂന്റാവൊ. സ്വരാനുനാസികഭേദത്താൽ നൂറ്റെഴുപത്താറു വർണ്ണങ്ങൾ ഉളവാം. അവിറ്റിന്നു ഭാഷയിൽ പ്രയോ ഗമില്ലെയായിട്ടു ഇച്ചൊല്ലിയതു ഇല്ല

(രണ്ടാം അധികരണം പ്രകരണം 28)

ഋജുവും കാര്യമാത്രപ്രസക്തവുമായ ഭാഷയാണ് ഭാഷാകൗടലീയ ത്തിലുടനീളം കാണുന്നത്. “ഭാഷകൗടലീയകാരൻ മാതൃഭാഷയുടെ പൂർണ്ണരഹസ്യങ്ങൾ മനസ്സിലാക്കിയ മലയാളിയാണ്. സ്വഭാഷ യിൽനിന്ന് കാറ്റും വെളിച്ചവും ഭക്ഷണവും നേടിയ ഒരു പണ്ഡി തനേ അതെഴുതുവാൻ കഴിയൂ” എന്ന് അതിലെ ഏതു ഭാഗവും തെളിയിക്കുന്നു എന്ന് കെ. എൻ. എഴുത്തച്ഛൻ നിരീക്ഷിച്ചിട്ടുണ്ട്. പദ ബന്ധവും വാക്യശൈലിയും ഈ നിരീക്ഷണത്തെ സാധൂകരിക്കു ന്നു. സങ്കീർണ്ണ വാക്യങ്ങളുടെ രചനയിൽ ലാളിത്യം ദീക്ഷിക്കാൻ ഭാഷാകൗടലീയകാരന് കഴിഞ്ഞിട്ടില്ല. യാവനൊരുത്തൻ, അറിവോൻ, അറിവൻ എന്ന മട്ടിലുള്ള സംസ്കൃതശൈലിയും പാമ്പുകണ്ടവു കൊൽവിതു , വിഷം കൊടുത്തു താൻ കൊൽകെന്നു ചൊല്ലി വിടു വിതു എന്ന രീതിയിലുള്ള തമിഴ്ശൈലിയും കഥാകാലക്ഷേപം നട ത്തുമ്പോഴുള്ള ചാക്യാർശൈലിയും ദീർഘവാക്യങ്ങളിൽ അങ്ങിങ്ങു കാണാം.

കൈക്കൂലി, തേവരൂട്ട്, പറകൊട്ടികടത്തുക, പാടുകിടക്കുക, പിടിച്ചു നില്ക്കുക, വെളിച്ചപ്പെടുക, കോയിൽകെട്ടുക (മുദ്രവെയ്ക്കുക) തിരുവാപ്പോക്ക് (അരുളപ്പാട്) മേനോക്കി (സൂപ്രണ്ട്) തുടങ്ങിയ ശൈലികളും പ്രയോഗങ്ങളും ഭാഷകൗടലീയത്തിന്റെ ഉള്ളുറപ്പിനു തെളിവാണ്. ആവശ്യാനുസരണം പദങ്ങൾ സൃഷ്ടിക്കാനും പ്രയോ ഗിക്കാനും അന്നത്തെ ഭാഷയ്ക്ക് അന്യാദൃശമായ വൈഭവമുണ്ടായി രുന്നു. അകംകോയിൽ (അന്തഃപുരം) അച്ചുതപ്പ് (കള്ളനാണയം) അട്ടോല (വിലയാധാരം) ഇളങ്കോപ്പട്ടം (യുവരാജപദവി) കാവൽക്കാട് (റിസർവ് ഫോറസ്റ്റ്) പണ്ടകശാല, മന്ത്രയോല (രാജ ശാസനം) അരയൻപെരുന്തെരുവ് (രാജവീഥി) കഴകത്താർ (ചുങ്ക ഉദ്യോഗസ്ഥൻ ) എന്നിവ ഉദാഹരണം.

## 1.8 പുരോഗതി സ്വയം പരിശോധിക്കുക

(1) പാട്ടിന്റെ ലക്ഷണമെഴുതി ഉദാഹരണസഹിതം വിശദീകരിക്കുക.

(2) പാട്ടും മണിപ്രവാളവും തമ്മിലുള്ള പ്രധാന വ്യത്യാസങ്ങളെ ന്തെല്ലാം.

(3) എഴുത്തച്ഛന്റെ കാവ്യഭാഷയുടെ പ്രത്യേകതകളെന്ത്.

## 1.9 മിഷനറിഗദ്യം

മലയാളഭാഷയ്ക്ക് ക്രി.വ.830 മുതൽ തുടങ്ങുന്ന ശാസനരൂപത്തി ലുള്ള ഒരു ലിഖിത പാരമ്പര്യമുണ്ട്. 9,10,11 നൂറ്റാണ്ടുകളിലെ താമ്ര-

ശിലാ രേഖകളിലാണ് മലയാള ഗദ്യത്തിന്റെ പ്രാചീന രൂപങ്ങൾ പതിഞ്ഞു കിടക്കുന്നത്. ശാസനങ്ങളിൽ കാണുന്നത് സാമാന്യ വ്യവഹാരഭാഷയല്ല. ഭരണപരമായ ഒരു സങ്കേതിക ശൈലി അവയ്ക്കുണ്ട്. ശാസനകാലത്തെത്തുടർന്ന് ഭാഷാകൗടലീയം, അട്ടപ്രകാരം, ക്രമദീപിക എന്നിവ ഗദ്യസാഹിത്യത്തിന്റെ ആദ്യമാതൃകകളായി ചൂണ്ടിക്കാണിക്കാം. ശാസന ഭാഷയെ അപേക്ഷിച്ച് ഇവയിലെ ശൈലിക്ക് കൂടുതൽ ആർജ്ജവം ദൃശ്യമായിരുന്നു. എന്നാൽ തുടർന്നുണ്ടായ പാഠകപ്രബന്ധങ്ങൾ സംസ്കൃതജടിലമായ ഗദ്യമാണു കാഴ്ചവെച്ചത്. നീണ്ട വാക്യങ്ങൾ പാഠകപ്രബന്ധങ്ങളിൽ ധാരാളം ഉണ്ടായിരുന്നുവെങ്കിലും വ്യവഹാരഭാഷയോട് അടുപ്പമുള്ള ഒരു ശൈലി അവ കാഴ്ചവെച്ചു. ദൂതവാക്യം, അംബരീഷോപാഖ്യാനം, ബ്രഹ്മാണ്ഡപുരാണം, നളോപാഖ്യാനം, ദേവീമാഹാത്മ്യം തുടങ്ങിയ ഗദ്യഗ്രന്ഥങ്ങളാണ് പാഠകകലയ്ക്കുവേണ്ടി ഉപയോഗിച്ചിരുന്നത്.

1498 ൽ വാസ്ക്കോഡഗാമ കോഴിക്കോട് എത്തിയതോടുകൂടി കോളനിവാഴ്ചയുടെ ആരംഭമായി. ഇതേ തുടർന്നാണ് പടിഞ്ഞാറൻ ദേശങ്ങളിൽനിന്നും മിഷനറിമാർ കേരളത്തിലെത്തുന്നത്. അന്നത്തെ കേരളാന്തരീക്ഷം മിഷനറി പ്രവർത്തനങ്ങൾക്ക് തികച്ചും അനുയോജ്യമായിരുന്നു. കേരളത്തിലെ മതവിശ്വാസങ്ങൾക്കും സാമൂഹിക സങ്കല്പങ്ങൾക്കും ദിശാബോധം നഷ്ടപ്പെട്ടിരുന്നു. ഇവിടെ മിഷനറിമാർ കൊണ്ടുവന്ന മതചിന്ത സംഘടിതസ്വഭാവവും നവീനചിന്താരീതികളും ഉൾക്കൊണ്ടവയായിരുന്നു. അതുകൊണ്ട് സാമാന്യ ജനങ്ങൾക്കിടയിൽ നൂതന ചിന്തകൾക്കും സ്വാതന്ത്ര്യബോധത്തിനും വിത്തു പാകാൻ മിഷനറിമാർക്കു സാധിച്ചു. ക്രിസ്തുമത സന്ദേശങ്ങൾ ജനഹൃദയങ്ങളെ ആകർഷിച്ചു. ഈ സന്ദേശപ്രചരണത്തിനുള്ള മാധ്യമമെന്ന നിലയ്ക്ക് ഒരു പുതിയ ഗദ്യശൈലി വളർത്തിയെടുക്കാൻ അവർ യത്നിച്ചു. ആശയ വിനിമയത്തിനു ശക്തിയുള്ളതും പരക്കെ പ്രയോഗിക്കപ്പെടുന്നതുമായ ഒരു ഭാഷയുടെ അഭാവം തുടർന്ന് മിഷനറിമാർക്ക് ബോധ്യപ്പെട്ടു. ഇതിനെ നേരിടാൻ മതഭക്തിക്കു മാത്രം സാധിക്കുന്ന വികാരതീവ്രതയോടെ മിഷനറിമാർ ഉണർന്നു പ്രവർത്തിച്ചു. ജനങ്ങളുടെ ഭാഷ അവർ അഭ്യസിച്ചു; വ്യാകരണങ്ങളും നിഘണ്ടുക്കളും നിർമ്മിച്ചു. നാട്ടുഭാഷയിൽ വ്യാകരണങ്ങളും നിഘണ്ടുക്കളും അവർ നിർമ്മിച്ചത് തങ്ങളെ പിന്തുടർന്ന് എത്തുന്ന യൂറോപ്യൻ മിഷനറികളുടെ ആവശ്യത്തിലേക്കായിരുന്നു. ക്രിസ്തുമത സന്ദേശങ്ങൾ ജനങ്ങളിലെത്തിക്കുന്നതിനുവേണ്ടി മിഷനറിമാർ രൂപപ്പെടുത്തിയ മലയാളഗദ്യചരിത്രത്തിന് പ്രധാനമായും രണ്ടു ഘട്ടങ്ങൾ ഉണ്ട്.

### ഒന്നാംഘട്ടം

ക്രി.വ. 16 മുതൽ 18 നൂറ്റാണ്ടുവരെ നീളുന്നതാണ് ഒന്നാംഘട്ടം. കത്തോലിക്ക മിഷനറിമാരാണ് ഈ ഘട്ടത്തിലെ ഗദ്യവികാസത്തിന് മാർഗനിർദേശമരുളിയത്. ക്രി.വ 16 മുതൽ 18 വരെയുള്ള നൂറ്റാണ്ടുകൾ പോർട്ടുഗീസ്-ഡച്ച് ശക്തികളുടെ ഉദയവും പതനവും ഒരുപോലെ ദർശിച്ച കാലഘട്ടമാണ്. 1599-ലെ സൂനഹദോസും 1653 ലെ

കൂനൻകൂരിശു സത്യവും ഗദ്യസാഹിത്യത്തെ പരോക്ഷമായി വളർത്തിയ സാമൂഹിക ശക്തികളാണ്. കേരള ക്രൈസ്തവർ പഴയ കൂറ്റുകാരെന്നും പുതിയ കൂറ്റുകാരെന്നും രണ്ടും ചേരികളായി പിരിഞ്ഞ് ആശയസമരം നടത്തുകയും ഗദ്യത്തെ അതിനുള്ള ആയുധമാക്കുകയും ചെയ്തത് ഗദ്യസാഹിത്യശൈലിയുടെ വളർച്ചയ്ക്ക് സാഹചര്യം സൃഷ്ടിച്ചു. ബൈബിൾസാരങ്ങൾ സാമാന്യജനങ്ങളുടെ വ്യവഹാരഭാഷയിൽത്തന്നെ ചിത്രീകരിക്കാൻ മിഷനറിമാർ ശ്രദ്ധിച്ചു. ഉദ്ദിഷ്ഠാശയങ്ങൾ അവതരിപ്പിക്കാൻ പദദാരിദ്ര്യം അനുഭവപ്പെട്ടപ്പോൾ ലത്തിൻ, സുറിയാനി, പോർട്ടുഗിസു ഭാഷകളിൽനിന്നും അവർ വാക്കുകൾ സ്വീകരിച്ചു. ഇങ്ങനെ കടംകൊണ്ട വാക്കുകളുടെ ധാരാളിത്തം ചില ലേഖനങ്ങളിൽ കണ്ട പണ്ഡിതന്മാർ 'പാതിരിമലയാളം' എന്ന് മിഷനറി മലയാളത്തെ വിളിച്ചു. അങ്ങനെയൊരു പരിഹാസപ്പേര് മിഷനറി മലയാളത്തിന് ഉണ്ടായെങ്കിലും ആധുനിക മലയാള ഗദ്യത്തിന്റെ അടിവേരുകൾ യഥാർ ത്ഥത്തിൽ കിടക്കുന്നത് വേദതർക്കം, വർത്തമാനപ്പുസ്തകം, ജ്ഞാനമുത്തുമാല എന്നീ ഗദ്യകൃതികളിലാണ്.

**രണ്ടാംഘട്ടം**

മിഷനറിമാരുടെ ഭാഷാസേവനം ഏറ്റവും വളർന്നത് 19-ാം നൂറ്റാണ്ടിലാണ്. ദക്ഷിണകേരളത്തിൽ ലണ്ടൻ മിഷൻ സൊസൈറ്റിയും മധ്യകേരളത്തിൽ ചർച്ച് മിഷൻ സൊസൈറ്റിയും ഉത്തര കേരളത്തിൽ ബാസ്സൽമിഷൻ സൊസൈറ്റിയും പ്രേഷിത പ്രവർത്തനങ്ങൾക്ക് നേതൃത്വം നല്കി. ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്ക് ഈ മൂന്നു സൊസൈറ്റികളും നല്കിയ സംഭാവനകൾ വിലമതിക്കാൻ കഴിയാത്തതാണ്. ജോർജ്ജ് മാത്തന്റെ സത്യവാദഖേടം (1861) ഹെർമ്മൻ ഗുണ്ടർട്ടിന്റെ കേരളപ്പഴമ (1868) ജോർജ് ഡീക്കൻ കോശിയുടെ മലയാളഭാഷാവിഷയകമായ പ്രസംഗം (1882) എന്നിവ മലയാളഗദ്യ ചരിത്രത്തിൽ തലയുയർത്തി നില്ക്കുന്ന എടുപ്പുകളാണ്. പ്രൊട്ടസ്റ്റന്റ് മിഷനറിമാരാണ് ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് തുടക്കം കുറിച്ചത്. ഗദ്യത്തിന്റെ നിലവാരപ്പെടലിന് ആക്കം കൂട്ടിയ ഘടകങ്ങളാണ് അച്ചടിയും പത്രപ്രവർത്തനവും. 1821 ൽ കോട്ടയത്ത് സി. എം. എസ്സ് പ്രസ്സ് പ്രവർത്തനം തുടങ്ങി. 1847-48 കാലത്ത് ഗുണ്ടർട്ട് 'രാജ്യസമാചാര'വും 'പശ്ചിമോദയ' വും പ്രസിദ്ധീകരിച്ചു. ബഞ്ചമിൻ ബെയ്‌ലിയും ഗുണ്ടർട്ടും ബൈബിൾ വിവർത്തനത്തിനു മുതിർന്നത് ഭാഷാഗദ്യത്തിന്റെ വളർച്ചയെ പരോക്ഷമായി സഹായിച്ചു. ചുരുക്കത്തിൽ ഭാഷാഭേദങ്ങൾക്ക് പ്രാമുഖ്യമുള്ളതും നിലവാരപ്പെട്ടതുമായ ഒരു ഗദ്യശൈലിയ്ക്ക് രൂപം കൊടുത്തത് വിദേശികളും സ്വദേശികളുമായ മിഷനറിമാരും പാതിരിമാരുമാണ്.

## 1.10 ആധുനികഗദ്യം

താളിയോലകളിലും ചെപ്പേടുകളിലും ഒതുങ്ങിക്കിടന്ന മലയാളസാഹിത്യത്തിന് സർവതോമുഖമായ വികാസം കൈവന്നത് അച്ചടി നടപ്പിലായതോടുകൂടിയാണ്. കൊളോണൈസേഷന്റെ ഭാഗമായി മതപ്രചരണാർത്ഥം കേരളത്തിലെത്തിയ വിദേശ മിഷനറിമാരാണ്

അച്ചടിവിദ്യ കേരളത്തിലേക്ക് കൊണ്ടുവന്നത്. കൊല്ലം, കൊച്ചി, വൈപ്പിക്കോട്ട, അമ്പഴക്കാട് എന്നിവിടങ്ങളിലാണ് കേരളത്തിലെ ആദ്യമുദ്രണാലയങ്ങൾ സ്ഥാപിക്കപ്പെട്ടത്. പ്രേഷിതവേലയുമായി ബന്ധപ്പെട്ട ലേഖനങ്ങളും കവിതകളും ബൈബിളുമാണ് ആദ്യകാല ങ്ങളിൽ അച്ചടിച്ചിരുന്നത്. മരത്തടിയിൽ കൊത്തിയെടുത്ത അക്ഷര ങ്ങളാണ് ആദ്യകാലത്ത് ഉപയോഗിച്ചിരുന്നത്. പൂർണമായ രൂപ ത്തിൽ ഒരു മലയാള കൃതി ആദ്യമായി അച്ചടിച്ചത് റോമിലാണ്. സംക്ഷേപവേദാർത്ഥമാണ് ആ കൃതി (1772). പോർട്ടുഗീസ് കാലഘ ട്ടത്തിൽ അമ്പഴക്കാട്, വൈപ്പിക്കോട്ട എന്നിവിടങ്ങളിൽ നടന്നിരുന്ന അച്ചടി സാങ്കേതികാർത്ഥത്തിൽ അച്ചടിയെന്നു വിശേഷിപ്പിക്കാൻ കഴിയുന്നതല്ല. ലിപിവിന്യാസത്തിലും അക്ഷരരൂപത്തിലും കൃത്യമാ യൊരു മാതൃക അന്ന് ഉണ്ടായിരുന്നില്ല. പതിനേഴും പതിനെട്ടും നൂറ്റാണ്ടുകളിൽ ഹോളണ്ടിലും റോമിലും അരങ്ങേറിയ മലയാളം അച്ചടി കേരളത്തിലെത്തുന്നത് 19-ാം നൂറ്റാണ്ടിന്റെ ആദ്യദശകങ്ങളി ലാണ്. കോട്ടയം കേന്ദ്രമാക്കി ചർച്ച് മിഷൻ സഭയും മംഗലാപുരവും തലശ്ശേരിയും കേന്ദ്രമാക്കി ബാസ്സൽമിഷനും പ്രവർത്തനമാരംഭിച്ച തോടെ അച്ചടിരംഗത്ത് പുത്തൻ പ്രവണതകൾ രൂപംകൊണ്ടു. മത പ്രചരണത്തോടൊപ്പം ഭാഷയുടെയും സാഹിത്യത്തിന്റെയും പുരോ ഗതിക്കാവശ്യമായ ഗ്രന്ഥങ്ങളും പാശ്ചാത്യസാഹിത്യപ്രസ്ഥാന ങ്ങളും പ്രചരിപ്പിക്കാൻ അവർ ശ്രമിച്ചു. ബഞ്ചമിൻ ബെയ്‌ലിയും (1791-1871) ഹെർമ്മൻ ഗുണ്ടർട്ടും (1814-1893) ഇക്കാര്യത്തിൽ നട ത്തിയ സേവനങ്ങൾ മലയാളഭാഷയ്ക്കു ഒരു കാലത്തും വിസ്മരി ക്കാൻ കഴിയില്ല. ആധുനിക മലയാള അച്ചടിയുടെ പ്രതിഷ്ഠാപക നാണ് ബഞ്ചമിൻ ബെയിലി.

കോട്ടയത്തെ സി.എം.എസ് പ്രസിനെത്തുടർന്ന് ധാരാളം പ്രസ്സുകൾ കേരളത്തിലുണ്ടായി. സർക്കാർ തലത്തിൽ ആദ്യത്തെ അച്ചുകൂടം സ്വാതിതിരുനാളാണ് സ്ഥാപിച്ചത് (1836). മന്നാനം സെന്റ് ജോസഫ് പ്രസ്സ്, തലശ്ശേരിയിലെ ലിത്തോപ്രസ്സ്, കേരള വിലാസം അച്ചുകൂടം, കേരള കൽപ്പദ്രുമം, കേരളമിത്രം, വിദ്യാഭിവർദ്ധിനി തുടങ്ങിയ അച്ചു കൂടങ്ങൾ ഭാഷയുടെയും സാഹിത്യത്തിന്റെയും വളർച്ചയ്ക്കായി ചെയ്തിട്ടുള്ള സംഭാവനകൾ വളരെ വലുതാണ്. പത്രമാസികകൾ ധാരാളമുണ്ടായി. ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന്റെ ആവിർഭാവം യൂറോ പ്യൻ സാഹിത്യരൂപങ്ങളെ പരിചയപ്പെടാനുള്ള സാഹചര്യമൊരുക്കി. പത്രമാസികകൾ തെക്കും വടക്കുമുള്ള സാഹിത്യകാരന്മാരെ പരിച യപ്പെടുത്തുന്നതിനും അവരുടെ കൂട്ടായ്മകൾ സൃഷ്ടിക്കുന്നതിനും വേദികളായി. മൊഴിഭേദങ്ങൾക്കതീതമായി മലയാളികൾക്കാകമാനം സ്വീകാര്യമായ നിലവാരപ്പെട്ട ഒരു സാഹിത്യഭാഷ സൃഷ്ടിക്കാൻ അച്ചടി മാധ്യമങ്ങൾക്കു കഴിഞ്ഞു.

മലയാള ഭാഷയുടെ ആധുനികഘട്ടം ആരംഭിക്കുന്നത് എഴുത്തച്ഛന്റെ കാലം മുതൽക്കാണ്. കാവ്യഭാഷയിൽ അദ്ദേഹം കൊണ്ടുവന്ന പരി ഷ്ക്കാരങ്ങൾ ഭാഷയ്ക്ക് ഒരു നവചൈതന്യം പ്രദാനം ചെയ്തു. കൊല്ലത്തെ വിദ്യാഭിവർദ്ധിനി മുദ്രാലയം എഴുത്തച്ഛന്റെ രാമായണ വും മഹാഭാരതവും നമ്പ്യാരുടെ തുള്ളൽകൃതികളും മനോഹരമായി അച്ചടിച്ച് കുറഞ്ഞ വിലയിൽ വിതരണം ചെയ്തു. കുടിൽ തൊട്ടു

കൊട്ടാരം വരെ എഴുത്തച്ഛൻകൃതികൾക്ക് പ്രവേശനമുണ്ടായത് അങ്ങനെയാണ്. എഴുത്തച്ഛന്റെ കാവ്യഭാഷയ്ക്ക് സർവാംഗീണമായ അംഗീകാരം കിട്ടിയതിന്റെ പിന്നിൽ വിദ്യാഭിവർദ്ധിനി മുദ്രാലയ ത്തിന്റെ സേവനം നിർണ്ണായകം തന്നെ. ഭാഷാപോഷിണി, രസികര ഞ്ജിനി, കവനോദയം, കവനകൗമുദി തുടങ്ങിയ മാസികകളും ഭാഷാപോഷിണിസഭയും ഭാഷാഭിവൃദ്ധിക്കു നടത്തിയ സേവന ങ്ങളും സ്തുത്യർഹങ്ങളാണ്. കാവ്യഭാഷയിൽ എഴുത്തച്ഛൻ സ്വീക രിച്ച ക്രമക്കണക്ക് ഗദ്യഭാഷയിലേക്കും അചിരേണ സംക്രമിച്ചു. 19 -ാം നൂറ്റാണ്ടിന്റെ പൂർവാർദ്ധത്തിലുണ്ടായ കഥകളും നോവലുകളു മാണ് ഗദ്യഭാഷയുടെ നിലവാരപ്പെടലിന് വേദിയൊരുക്കിയത്. പാഠക പ്രബന്ധങ്ങളിലും മിഷനറിഗദ്യത്തിലും കണ്ട ശൈലീപരവും വ്യാക രണപരവുമായ അവ്യവസ്ഥകൾക്ക് വിരാമമിട്ടുകൊണ്ട് ആധുനിക ഗദ്യത്തിന്റെ ഉദയത്തിന് നാന്ദി കുറിച്ചത് പത്രമാസികളാണെന്ന കാര്യത്തിൽ രണ്ടു പക്ഷമില്ല.

തിരുവിതാകൂർ ടെക്സ്റ്റു ബുക്കു കമ്മറ്റി അദ്ധ്യക്ഷൻ എന്ന നിലയ്ക്ക് കേരളവർമ്മ വലിയകോയിത്തമ്പുരാൻ പാഠപുസ്തക ങ്ങൾക്കുവേണ്ടി വിവിധ വിഷയങ്ങളെപ്പറ്റി എഴുതിയിട്ടുള്ള ലേഖന ങ്ങളും അദ്ദേഹത്തിന്റെ നിർദ്ദേശപ്രകാരം മറ്റ് എഴുത്തുകാർ എഴുതി യിട്ടുള്ള കഥകളും ഉപന്യാസങ്ങളും ആധുനിക മലയാളഗദ്യത്തിന്റെ അലകും പിടിയും ഒരുക്കുന്നതിൽ അനല്പമായ സഹായമാണു ചെയ്തത്. ഗദ്യസാഹിത്യത്തിനു ദിശാബോധം നല്കിക്കൊണ്ട് ഏ. ആർ. രാജരാജവർമ്മ രചിച്ച 'സാഹിത്യസാഹ്യം', നോവലിന്റെയും ചെറുകഥയുടെയും ആന്തരികവും ബാഹ്യവുമായ ലക്ഷണങ്ങൾ വിശദീകരിച്ചുകൊണ്ട് എം.പി.പോൾ രചിച്ച 'നോവൽ സാഹിത്യം' ചെറുകഥാപ്രസ്ഥാനം എന്നീ ഗ്രന്ഥങ്ങൾ; ഏ. ബാല കൃഷ്ണപിള്ള യുടെ 'രൂപമഞ്ജരി' എന്നിവ ആധുനിക മലയാള ഗദ്യത്തിലെ ദീപ സ്തംഭങ്ങളാണ്. എല്ലാ അർത്ഥത്തിലും ആധുനിക മലയാളഗദ്യ ത്തിന്റെ പിതാവ് എന്ന വിശേഷണത്തിന് അർഹനാണ് കേരളവർമ്മ വലിയകോയിത്തമ്പുരാൻ.

## 1.11 ഇംഗ്ലീഷ് സ്വാധീനം സാഹിത്യത്തിലും ഭാഷയിലും

സ്വാതിതിരുനാൾ മഹാരാജാവാണ് തിരുവിതാംകൂറിൽ ഔദ്യോഗിക മായി ഇംഗ്ലീഷ് പഠനത്തിന് ബീജവാപം ചെയ്തത്. തുടർന്ന് തിരു വിതാം കൂറിന്റെ പലഭാഗങ്ങളിലും ഇംഗ്ലീഷ് പഠനത്തിനുള്ള സാഹ ചര്യം ഉണ്ടായി. കൊച്ചിയിലും ബ്രിട്ടിഷ് മലബാറിലും താമസി യാതെ ഇംഗ്ലീഷ് പാഠശാലകൾ ഉദയം ചെയ്തു. ക്രി. വ. 1850 ആകുമ്പോഴേക്കും ഇംഗ്ലീഷ് വിദ്യാഭ്യാസത്തിന് കേരളത്തിൽ കൂടു തൽ സാഹചര്യങ്ങളുണ്ടായി. ഇതിന്റെ ഫലമായി ലോകസാഹിത്യ ത്തിലേയ്ക്ക് പ്രവേശിക്കാൻ മലയാളിക്കു സാധിച്ചു. തമിഴ്, സംസ്കൃത സാഹിത്യം മാത്രം പരിചയിച്ചിരുന്ന മലയാളി യൂറോ പ്യൻ സാഹിത്യത്തിലെ പുത്തൻ പ്രവണതകൾ മനസ്സിലാക്കി മാതൃ ഭാഷയിൽ അതൊക്കെ പരീക്ഷിക്കാൻ ഒരുമ്പെട്ടതിന്റെ ഫല മായിട്ടാണ് കവിതാ രംഗത്തും ഗദ്യസാഹിത്യരംഗത്തും പുത്തൻ പ്രവണതകൾ നാമ്പിട്ടു തുടങ്ങുന്നത്. നോവൽ, ചെറുകഥ, ഗീതകം,

ഭാവഗീതം, വിലാപകാവ്യം, ഖണ്ഡകാവ്യം തുടങ്ങിയവ മലയാളഭാഷയിലുണ്ടായത് ഇംഗ്ലീഷ് ഭാഷയിലൂടെ ലോകസാഹിത്യത്തിന്റെ കാഴ്ചപ്പുറങ്ങൾ ദർശിക്കാൻ കഴിഞ്ഞ പ്രതിഭാശാലികളുടെ സർഗ വ്യാപാരങ്ങളിലൂടെയാണ്. ലോകക്ലാസ്സിക്കുകളുടെ വിവർത്തനങ്ങൾ സാഹിത്യനവോത്ഥാനത്തിന് ആക്കം വർദ്ധിപ്പിച്ചു.

മലയാളത്തെ ഏറ്റവും സ്വാധീനിച്ച വിദേശഭാഷയാണ് ഇംഗ്ലീഷ്. ബ്രിട്ടീഷ് ഭരണമാണ് ഇംഗ്ലീഷ് ഭാഷയെ ഇന്ത്യയിൽ കൊണ്ടുവന്നത്. ഈ അധിനിവേശ ഭാഷ ഇന്ത്യയിലെ എല്ലാ ഭാഷകളിലും കടന്നു കയറിയിട്ടുണ്ട്. ക്രമേണ ഭാരതത്തിലെ പ്രാദേശിഭാഷകളെല്ലാം ഭരണതലത്തിൽനിന്നും പുറന്തള്ളപ്പെട്ടു. പ്രാദേശികഭാഷകൾ രണ്ടാം തരം ഭാഷയോ മ്ലേച്ഛഭാഷയോ ആയി ഇംഗ്ലീഷ് പരിജ്ഞാനമുള്ളവരുടെ കണ്ണിൽ. ഭരണകൂടത്തിന്റെ ശിങ്കിടികളായ ഇന്നാട്ടുകാരിൽ നിന്നാണ് ഭാരതീയഭാഷകൾക്ക് ഏറ്റവും കൂടുതൽ അവമതി സഹിക്കേണ്ടി വന്നത്. ഭാരതത്തിന്റെ സംസ്ക്കാരിക പാരമ്പര്യത്തെ ഉടച്ചു വാർക്കാനും നാടിനെ പാശ്ചാത്യവൽക്കരിക്കാനുമുള്ള ബോധപൂർവമായ ശ്രമങ്ങളുണ്ടായി. ഈ ശ്രമങ്ങളെ മലയാളമുൾപ്പെടെയുള്ള ഭാരതീയഭാഷകൾ അതിജീവിച്ചുവെങ്കിലും സ്വന-രൂപിമ-ശൈലീതലങ്ങളിൽ ഇംഗ്ലീഷിന്റെ പ്രഭാവം വർദ്ധിക്കുക തന്നെ ചെയ്തു.

വരമൊഴിയേക്കാൾ വായ്മൊഴി തലത്തിലാണ് ഇംഗ്ലീഷ്ഭാഷയുടെ സ്വാധീനം മലയാളത്തിൽ കൂടുതൽ കാണുന്നത്. വ്യവഹാരഭാഷയിൽ ഇംഗ്ലീഷ് വാക്കുകളും, ശൈലികളും, ചിലപ്പോൾ വാക്യങ്ങൾ തന്നെയും ഉപയോഗിച്ചു കാണുന്നു. 'പ്രതിബദ്ധത' എന്ന വാക്കുണ്ടെങ്കിലും കമ്മിറ്റ്മെന്റിന് ഏതോ ഔൽകൃഷ്ട്യം ഉള്ളതായി ഭാഷകൻ കരുതുന്നു. 'നമ്മുടെ ആൾക്കാർക്കില്ലാത്തത് കമ്മിറ്റ്മെന്റും ക്യാരക്ടറുമാണെന്ന്' ഘോഷിക്കുന്നവർ ധാരാളം. ക്യാരക്ടർ എന്ന വാക്കിന്റെ യഥാർത്ഥ പൊരുൾ മനസ്സിലാക്കാതെയാണ് പലപ്പോഴും പ്രയോഗിക്കുന്നത്. ആ വാക്ക് നല്കുന്ന ശരിയായ പൊരുൾ സ്വഭാവമോ സ്വഭാവശുദ്ധിയോ അല്ല. സത്യസന്ധതയാണ്. ക്ലാസ്മുറികളിൽനിന്നും വായനകളിൽനിന്നുമാണ് ഇത്തരം വാക്കുകൾ അഭ്യസ്തവിദ്യരിലുടെ സമൂഹത്തിൽ പ്രചാരമാർജ്ജിക്കുന്നത്. ഉച്ചാരണത്തിൽ വലിയ സ്വാധീനമൊന്നും ഇംഗ്ലീഷിന് മലയാളഭാഷയിൽ സൃഷ്ടിക്കാൻ കഴിഞ്ഞിട്ടില്ല. ഇംഗ്ലീഷിലെ ള കാരം ഫകാരമായാണ് മലയാളികൾ ഉച്ചരിക്കുന്നത്. ഇംഗ്ലീഷിലെ ള കാരത്തിന് ഊഷ്മാംശമുള്ള ദന്ത്യോഷ്ഠധ്വനിയാണുള്ളത്. ഫീസ്, ഫാൻ, ഓഫീസ്, ഫ്ളവർഷോ എന്നീ വാക്കുകളിലെ ള കാരത്തെ ഫകാരമാക്കി ഉച്ചരിക്കുമ്പോൾ അതിന്റെ സ്വനസ്ഥാനം ദന്ത്യോഷ്ഠ്യം മാത്രമായി ചുരുങ്ങുന്നു. ഇംഗ്ലീഷിലില്ലാത്ത മഹാപ്രാണീകരണവും നടക്കുന്നു. നാദിയായ 'ണ' കാരവും നാദിഘർഷിയായ 'ഢ'കാരവും വേറിട്ട് ഉച്ചരിക്കുന്നതിൽ മലയാളി ഉദാസീനനാണ്. മലയാളം അക്ഷരലിപിയുള്ള ഭാഷയായതിനാൽ വലിയ വർണ്ണമാറ്റം കൂടാതെ ഇംഗ്ലീഷ് വാക്കുകളെ തത്സമമായിത്തന്നെ എഴുതിക്കാണിക്കാൻ സാധിക്കും.

ഇംഗ്ലീഷ് വാക്കുകൾ മലയാളിയുടെ വായ്മൊഴിയിൽ ധാരാളമുണ്ടെങ്കിലും ലിഖിതഭാഷയിൽ അത്രത്തോളം ഇല്ലെന്നു പറയാം.

difficutly, walking, superseed എന്നീ വാക്കുകൾ എഴുത്തിൽ എഴുന്നെള്ളിക്കാറില്ലല്ലോ. ഹണ്ടിങ്ങും റണ്ണിങ്ങ് കമന്ററിയും ഡൈവോഴ്സും കാറ്ററിങ്ങും ഇംഗ്ലീഷ് പഠിച്ചിട്ടില്ലാത്തവരുടെ നാവിനും പരിചിതമാണ്. ഇംഗ്ലീഷിലെ – മി(അൻ) പ്രത്യയം മലയാളിയുടെ ഭാഷയിൽ സംക്രമിച്ചതിനു ദൃഷ്ടാന്തമാണ് ഹിമാലയൻ, ഗാന്ധിയൻ, മാർക്സിയൻ തുടങ്ങിയ പ്രയോഗങ്ങൾ. എക്സ് (എക്സ്മിലിട്ടറി) മൾട്ടി (മൾട്ടി -മെഡിക്കൽ)സെമി (സെമിഫൈനൽ) വൈസ് (വൈസ് പ്രസിഡന്റ്) എന്നീ പ്രത്യയങ്ങളും മലയാളിക്ക് അന്യമല്ല. ഇംഗ്ലീഷിൽ നിന്നെന്നല്ല ഗോത്രേതരമായ ഏതു ഭാഷയിൽ നിന്നുള്ള പദങ്ങളായാലും വ്യാകരണപ്രത്യയമുള്ള പ്രയോഗങ്ങളായാലും വാക്യപൂർത്തി വരണമെങ്കിൽ മലയാള വ്യാകരണം തന്നെ ശരണം. റണ്ണിങ്ങ് കമന്ററി കേട്ടു, ഇന്നിങ്സ് തീർന്നു, റൺ ഔട്ടായി, ബ്രേക്ക് ഡൗൺ ആയി, അബോർട്ട് ചെയ്തു, നോട്ട് ചെയ്തു, ഹൗസ് വാമിങ് നടത്തി, സീയോഫ് ചെയ്തു എന്നിവയിലെ ക്രിയാപ്രയോഗം നോക്കുക.

ഒരേ ഗോത്രത്തിൽപ്പെട്ട ഭാഷകളായതിനാൽ സംസ്കൃതത്തിനും ഇംഗ്ലീഷിനും വാക്യശൈലിയിലും കർത്തരി കർമ്മണി പ്രയോഗങ്ങളിലും സമാനതകളുണ്ട്. സംസ്കൃതവുമായി ദീർഘകാല ബന്ധമുള്ള മലയാളത്തിന് ഇംഗ്ലീഷെത്തുന്നതിനുമുമ്പുതന്നെ കർമ്മണിപ്രയോഗം വശമായിരുന്നു. എന്നാൽ സാഹിത്യത്തിലല്ലാതെ വ്യവഹാരതലത്തിൽ കർമ്മണി പ്രയോഗത്തിന് പ്രവേശനമുണ്ടായിരുന്നില്ല. ക്രിയാധാതുവിൽ 'പെടുക' ചേർത്ത് സൃഷ്ടിച്ചിരുന്ന കർമ്മണിപ്രയോഗം ഇംഗ്ലീഷ് പരിചയത്തിലൂടെ വ്യവഹാരഭാഷയിലേക്കും സംക്രമിച്ചിരിക്കുന്നു. ചെയ്യപ്പെടും, കൊടുക്കപ്പെടും, കാണപ്പെടും, പൊടിക്കപ്പെടും, വില്ക്കപ്പെടും തുടങ്ങിയ പ്രയോഗങ്ങൾ ഇന്നു കൃത്രിമങ്ങളല്ല. ഒരു കാര്യം പറയാനുണ്ട്, ഒരു കാര്യം ചെയ്യാനുണ്ട് എന്നിങ്ങനെ 'ഒരു' ഇംഗ്ലീഷിലെ a, that, the പ്രയോഗങ്ങൾക്കു തുല്യമായി മലയാളത്തിൽ കടന്നുവന്ന ഒരനുകരണ പ്രയോഗമാണ്.

ഇംഗ്ലീഷ് ശൈലികളെ ആശയാനുവാദരൂപേണ മലയാളത്തിൽ പ്രയോഗിക്കാറുണ്ട്. black leg കരിങ്കാലിയായും, black market കരിഞ്ചന്തയായും white elephant വെള്ളാനയായും creamy layer വെണ്ണപ്പാളിയായും, take the law into one's own hands നിയമം കൈയിലെടുക്കലായും, boiling point തിളനിലയായും മലയാളിയുടെ നാവിൽ ചേക്കേറിയിരിക്കുന്നു. take in to account കണക്കിലെടുപ്പാണ്. ഇങ്ങനെ ഉദാഹരണങ്ങൾ നിരവധിയുണ്ട്.

## 1.12 മാധ്യമ മലയാളം

അച്ചടി, റേഡിയോ, സിനിമ, ടെലിവിഷൻ എന്നീ മാധ്യമങ്ങളിൽ മലയാളം എങ്ങനെ ഉപയോഗപ്പെടുത്തുന്നുവെന്ന അന്വേഷണം ഒരു തരത്തിൽ ഭാഷാപരിണാമപഠനം കൂടിയാണ്. 15-ാം നൂറ്റാണ്ടിൽ തന്നെ മലയാള അക്ഷരമാലയിൽ ഗ്രന്ഥങ്ങൾ എഴുതിത്തുടങ്ങിയെങ്കിലും അച്ചടി നടപ്പിലാവാൻ പിന്നെയും വളരെക്കാലം വേണ്ടിവന്നു.

ജോഹൻ ഗുട്ടൻബർഗ് (1398–1468) എന്ന ജർമ്മൻകാരനാണ് ആധുനിക അച്ചടിയുടെ ഉപജ്ഞാതാവ്. പാശ്ചാത്യരായ ക്രിസ്ത്യൻ മിഷനറിമാരാണ് ഭാരതത്തിലെ പ്രാദേശിക ഭാഷകളിലെല്ലാം അച്ചടി ആരംഭിച്ചത്. പോർട്ടുഗീസുകാരുടെ കാലത്ത് കൊല്ലം, കൊച്ചി, വൈപ്പിക്കോട്ട, അമ്പഴക്കാട് എന്നിവിടങ്ങളിൽ അച്ചടിശാലകൾ ഉണ്ടായി. 1575 ൽ പോർട്ടുഗീസുകാർ കൊച്ചികോട്ടയിൽ ഒരു അച്ചടിശാല സ്ഥാപിച്ചതായി മിക്ക ചരിത്രകാരന്മാരും രേഖപ്പെടുത്തിയിട്ടുണ്ട്. 16, 17, നൂറ്റാണ്ടുകളിൽ ഗോവയിലും കേരളത്തിലുമായി ധാരാളം അച്ചടിശാലകൾ പ്രവർത്തിച്ചിരുന്നു. പക്ഷേ ഈ അച്ചടിശാലകളിലൊന്നും മലയാളത്തിലായിരുന്നില്ല അച്ചടി നടന്നിരുന്നത്. ആംസ്റ്റർഡാമിൽ നിന്നു പ്രസിദ്ധീകരിച്ച ഹോർത്തുസ് മലബാറിക്കസ് (1678–1703) എന്ന സസ്യവിജ്ഞാനീയഗ്രന്ഥത്തിലാണ് മലയാളലിപിയ്ക്ക് അച്ചടിമഷി പുരളാനുള്ള ഭാഗ്യമുണ്ടായത്. പൂർണ്ണമായ രൂപത്തിൽ ഒരു മലയാളകൃതി ആദ്യമായി അച്ചടിച്ചത് റോമിലാണ്. 1772–ൽ പ്രസിദ്ധീകരിച്ച 'സംക്ഷേപവേദാർത്ഥ' മാണ് ആ ഗ്രന്ഥം. മലയാളഭാഷയിൽ 51 അക്ഷരങ്ങളാണുള്ളതെങ്കിലും അവയുടെ പല തരത്തിലുള്ള കൂട്ടക്ഷരങ്ങൾ ഉൾപ്പെടെ 1128 അച്ചുകൾ കൊത്തിയുണ്ടാക്കിയാണ് ഫാദർ ക്ലമന്റ് ഈ ഗ്രന്ഥം അച്ചടിച്ചത്. ചതുരവടിവിലാണ് അക്ഷരങ്ങൾ. പൂർണ്ണവിരാമം, അർദ്ധവിരാമം, ദീർഘമായ ഇകാരം എന്നിവയ്ക്ക് ഈ ഗ്രന്ഥത്തിൽ ലിപികളില്ല. ഈകാരം രം എന്ന വട്ടെഴുത്തുപയോഗിച്ചാണ് അച്ചടിച്ചിരിക്കുന്നത്. സംക്ഷേപവേദാർത്ഥം അച്ചടിച്ച ലിപികൾകൊണ്ട് റോമിൽ അച്ചടിച്ച മറ്റൊരു കൃതിയാണ് 'നൂറു പഴഞ്ചൊല്ലുകൾ'. (1791) പൗലിനോസ് പാതിരിയാണ് ഈ ഗ്രന്ഥം നിർമ്മിച്ചത്. അങ്ങനെ അച്ചടി രംഗത്തേക്ക് കടന്ന മലയാളഭാഷക്ക് തുടർന്നു വന്ന നൂറ്റാണ്ടുകളിൽ ലിപിപരമായി പല പരിഷ്ക്കാരങ്ങളും ഉണ്ടായി. ആധുനിക മലയാളം അച്ചടിയുടെ പിതാവാണ് ബഞ്ചമിൻ ബെയിലി. മലയാള അക്ഷരങ്ങൾക്ക് ഉരുണ്ടു മനോഹരമായ രൂപം നല്കിയത് ബെയിലിയാണ്. ഇംഗ്ലീഷ് മാതൃകയിൽ അർദ്ധവിരാമം, പൂർണ്ണവിരാമം എന്നീ ചിഹ്നങ്ങൾ മലയാളം അച്ചടിയിൽ കൊണ്ടുവന്നത് ഹെർമ്മൻ ഗുണ്ടർട്ടാണ്. അച്ചടിയിൽ പല പരിഷ്കാരങ്ങളും വരുത്തിയ മറ്റൊരു മഹാനാണ് എസ്.ടി. റെഡ്യാർ. കാവ്യങ്ങൾ വരിതിരിച്ച് അച്ചടിക്കുന്ന സമ്പ്രദായം നടപ്പിൽ വരുത്തിയത് അദ്ദേഹമാണ്. ഗ്രന്ഥങ്ങളിൽ ചിത്രങ്ങൾ അച്ചടിക്കാൻ തുടങ്ങിയതും എസ്.ടി. റെഡ്യാർ തന്നെ.

അച്ചടിയുടെ ചരിത്രവുമായി ബന്ധപ്പെട്ടു കിടക്കുന്നു മലയാളത്തിലെ പത്രപ്രവർത്തനത്തിന്റെ ചരിത്രം. 1847–ലെ രാജ്യസമാചാരം മുതൽക്ക് ആരംഭിക്കുന്നു ആ ചരിത്രം. ഒരു ജനകീയ ഗദ്യശൈലി രൂപപ്പെടുന്നത് രാജ്യസമാചാരത്തിന്റെ പ്രചാരത്തോടു കൂടിയാണ്. സംസ്കൃതപദപ്രചുരമായിരുന്നു അതിനു മുമ്പുള്ള മലയാളശൈലി. വാർത്താവിനിമയ സൗകര്യങ്ങളൊന്നുമില്ലാതിരുന്നകാലത്ത് വായനക്കാർക്ക് ലോകവിജ്ഞാനം പകർന്നു കൊടുക്കുന്നത് ആദ്യകാല പത്രമാസികകളാണ്. ഏതു വിഷയവും കൈകാര്യം ചെയ്യുവാൻ പാകത്തിൽ മലയാളഭാഷ വളർന്നത് പത്രമാസികളിലൂടെയാണ്. ആധുനികമലയാളഭാഷയുടെയും സാഹിത്യപ്രസ്ഥാനങ്ങളുടെയും

അത്ഭുതകരമായ വളർച്ചയ്ക്ക് കളമൊരുക്കിയത് മിഷനറിമാരുടെയും തദ്ദേശീയരായ സാഹിത്യകുതുകികളുടെയും നേതൃത്വത്തിൽ ആരംഭിച്ച അച്ചടിശാലകളാണ്. നോവൽ, ചെറുകഥ, ഭാവഗീതങ്ങൾ തുടങ്ങിയവയ്ക്ക് അനുഗുണമായ ഒരു ഭാഷാശൈലിയുടെ രൂപംകൊള്ളലിന് അച്ചടിശാലകൾ നല്കിയ സംഭാവന വളരെ വലുതാണ്.

## (i) റേഡിയോ മാധ്യമം

ജനജീവിതത്തെ ഏറ്റവും ആഴത്തിൽ സ്വാധീനിക്കുന്ന ഒരു ബഹുജനമാധ്യമമാണ് റേഡിയോ. 1943 മാർച്ച് 12 മുതൽ 'തിരുവിതാംകൂർ റേഡിയോ തിരുവനന്തപുരത്തുനിന്നും പ്രക്ഷേപണം ആരംഭിച്ചു. സംഗീതക്കച്ചേരികൾ, നാടകങ്ങൾ, കഥകളിപ്പദങ്ങൾ, സംഗീതപാഠം തുടങ്ങിയവയായിരുന്നു ആദ്യകാലത്ത് പ്രക്ഷേപണം ചെയ്തിരുന്നത്. 1950 ൽ നാട്ടുരാജ്യങ്ങളിൽ പ്രവർത്തിച്ചിരുന്ന റേഡിയോ നിലയങ്ങൾ ഇന്ത്യാഗവൺമെന്റ് ഏറ്റെടുക്കുകയും ആൾ ഇന്ത്യാ റേഡിയോയുടെ ഭാഗമാക്കുകയും ചെയ്തു. ആകാശവാണിയുടെ കോഴിക്കോടുനിലയം 1950 മെയ് 14 നും തൃശൂർ നിലയം 1956 ലും പ്രവർത്തനം ആരംഭിച്ചു. 1999 ആകുമ്പോഴേക്കും കേരളത്തിലെ ആകാശവാണി നിലയങ്ങളുടെ എണ്ണം ഏഴായി ഉയർന്നു. ആലപ്പുഴ, കൊച്ചി, കണ്ണൂർ, ദേവികുളം എന്നിവിടങ്ങളിലാണ് പുതിയ നിലയങ്ങൾ ഉണ്ടായത്.

റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യപ്പെടുന്ന വാങ്മയങ്ങളുട ഭാഷ ലളിതമായിരിക്കണം. വാങ്മയങ്ങളിൽ പ്രഭാഷണം, കഥ, കവിത, നാടകം, ചിത്രീകരണം തുടങ്ങിയ ഇനങ്ങളാണ് പ്രമുഖം. ചർച്ചയും അഭിമുഖവും ദൃക്സാക്ഷി വിവരണവുമെല്ലാം ഇതിൽപ്പെടും. ചുണ്ടിൽനിന്ന് ചെവിയിലേക്ക്, ചെവിയിൽനിന്ന് മനസ്സിലേക്ക് വ്യാപിക്കുന്ന ഭാഷയാണ് റേഡിയോയിൽ ഉപയോഗിക്കേണ്ടത്. കേൾക്കുന്ന മാത്രയിൽ കാര്യം മനസ്സിലാവണം. ഏതു വിഷയവും ലളിതമായ ഭാഷയിൽ ആവിഷ്കരിക്കപ്പെടണം. റേഡിയോശ്രോതാക്കളിൽ ബഹുഭൂരിപക്ഷവും സാധാരണക്കാരാണെന്ന ബോധം ഭാഷകനുണ്ടായിരിക്കണം. റേഡിയോയിലെ ചർച്ചകൾക്കും പ്രഭാഷണങ്ങൾക്കും വിഷയപരമായി നിരവധി വൈവിധ്യങ്ങളുണ്ട്. സംഗീതം, കഥ, നോവൽ, കവിത, ചിത്രകല, ശാസ്ത്രം, കൃഷി, വ്യവസായം, വിദ്യാഭ്യാസം എന്നിങ്ങനെ വിപുലമായ ഒരു മണ്ഡലമാണ് റേഡിയോയുടെ കാന്തിക വലയത്തിലുള്ളത്. പൊതുവായ വിഷയങ്ങളെ സംബന്ധിച്ച ചർച്ചകൾക്കും പ്രഭാഷണങ്ങൾക്കും പുറമേ പ്രത്യേക വിഭാഗത്തിലുള്ള ശ്രോതാക്കളെ ഉദ്ദേശിച്ചുകൊണ്ടുള്ള മഹിളാലയം, യുവവാണി, വയലും വീടും പരിപാടികളും ഭാഷയിലൂടെയാണ് ജനങ്ങളിലേക്ക് ഇറങ്ങിച്ചെല്ലുന്നത്. സാഹിത്യരംഗം, യുവസാഹിതി, കവിതാമൃതം തുടങ്ങിയവയും ഭാഷയുടെ സാധ്യതയിന്മേലാണ് പ്രയോഗവിജയം നേടുന്നത്. ഇപ്പറഞ്ഞവയിലൂടെ പ്രധാനമായും ഗദ്യസാഹിത്യശാഖയാണ് സമ്പന്നമാക്കപ്പെടുന്നത്. റേഡിയോയിലൂടെ പ്രക്ഷേപണം ചെയ്യപ്പെടുന്ന എന്തിന്റെയും സ്ക്രിപ്റ്റ് വളരെ ശ്രദ്ധിച്ചുവേണം തയ്യാറാക്കാൻ. വിവിധ വിഭാഗങ്ങളിൽപ്പെട്ടവരാണ്

റേഡിയോയുടെ ശ്രോതാക്കൾ. അവരെ ആകർഷിക്കാൻ രണ്ടു മാർഗ്ഗമാണുള്ളത്- ലളിതമായ ഭാഷയും അവതരണഭംഗിയും. ഭാഷകന്റെ അംഗവിക്ഷേപങ്ങളോ ഭാവഹാവാദികളോ റേഡിയോ ശ്രോതാവ് കാണുന്നില്ലല്ലോ. അതുകൊണ്ട് ആശയം മുഴുവൻ സംവേദനം ചെയ്യാൻ കഴിയുംവിധമായിരിക്കണം ഭാഷകന്റെ ഉച്ചാരണവും ശൈലിയും. സ്വന്തം പാണ്ഡിത്യം പ്രകടിപ്പിക്കുവാനുള്ള ഒരു വേദിയായി റേഡിയോ പരിപാടികളെ കാണരുത്.

റേഡിയോ നാടകങ്ങൾ ശ്രോതാവിന്റെ മനസ്സാകുന്ന രംഗവേദിയിൽ അവതരിപ്പിക്കുന്ന കലാരൂപമാണ്. നാടകത്തിൽ ഉപയോഗിക്കുന്ന ഓരോ വാക്കും വാചകവും കേൾവിക്കാരുടെ മനസ്സിൽ പ്രതീകങ്ങളും ബിംബങ്ങളും സൃഷ്ടിക്കുവാൻ ഉതകുന്നവയായിരിക്കണം. റേഡിയോ നാടകം സംഭാഷണ പ്രധാനമാണ്: സംഭാഷണത്തിൽ ശക്തിയും ജീവനും ആവുന്നത്ര നിറച്ചിരിക്കണം. സംഭാഷണത്തിന്റെയും സന്ദർഭാനുഗുണമായ ശബ്ദവീചികളുടെയും വൈവിധ്യങ്ങളിലൂടെ ശ്രോതാക്കളിൽ ദൃശ്യപ്രതീതി സൃഷ്ടിക്കാൻ കഴിയുമ്പോഴാണ് റേഡിയോ നാടകങ്ങൾ ലക്ഷ്യം കാണുക. റേഡിയോ നാടകമെന്ന ശ്രാവ്യകലയുടെ ജീവൻ കുടികൊള്ളുന്നത് ചടുലമായ ഭാഷാപ്രയോഗങ്ങളിലാണ്. ഉപയോഗിക്കുന്ന ഭാഷയിൽ നിന്നും കഥാപാത്രങ്ങളുടെ സ്വഭാവം, രൂപം, ഭാവം എന്നിവ ഉരുത്തിരിയണം. റേഡിയോ നാടകത്തിന്റെ സ്ക്രിപ്റ്റിനു കൂടുതൽ അടുപ്പം സിനിമയുടെ തിരക്കഥയോടാണ്. റേഡിയോനാടക സാഹിത്യത്തെ സമ്പന്നമാക്കിയ എഴുത്തുകാരാണ് സി.ജെ. തോമസ്, ജി. ശങ്കരപ്പിള്ള, ടി. എൻ. ഗോപിനാഥൻ നായർ, കെ. പത്മനാഭൻ നായർ, തിക്കോടിയൻ, നാഗവള്ളി, ജഗതി എൻ.കെ ആചാരി തുടങ്ങിയവർ. നോവൽ, ചെറുകഥ, കഥാപ്രധാനമായ കവിതകൾ തുടങ്ങിയവ റേഡിയോ നാടകമാക്കി അവതിരിപ്പിക്കുന്ന പ്രവണതകൾക്കു ശ്രോതാക്കളുടെ അംഗീകാരം നേടാൻ സാധിച്ചിട്ടുണ്ട്.

## (ii) സിനിമ

സാധാരണ ജനങ്ങളുടെ വിനോദപരിപാടിയാണ് സിനിമ. ഈ കലാരൂപത്തിന്റെ വളർച്ചയിൽ സാധാരണ ജനങ്ങൾ വഹിച്ചിട്ടുള്ള പങ്ക് നിസ്സാരമല്ല. വമ്പിച്ച വ്യവസായവും ജനപ്രീതിനേടിയ വിനോദോപാധിയും ആയി സിനിമ വളർന്നത് ഇരുപതാം നൂറ്റാണ്ടിന്റെ ഉത്തരാർദ്ധത്തിലാണ്. സാധാരണക്കാർക്ക് സുഗ്രാഹ്യവും ലളിതവുമാണ് സിനിമയിലെ ഭാഷ. സിനിമ അടിസ്ഥാനപരമായി ഒരു ദൃശ്യകലാരുപമാണ്. ദൃശ്യരൂപത്തിലൂടെയാണ് ഈ മാധ്യമം ആശയവിനിമയം നടത്തുന്നത്. സിനിമയുടെ അവിഭാജ്യ ഘടകമാണ് ശബ്ദം. ദൃശ്യരുപങ്ങളെ വ്യാഖ്യാനിക്കുന്നത് ശബ്ദമാണ്. സിനിമാനിർമ്മാണത്തിന്റെ പ്രധാന ഘട്ടമാണ് തിരക്കഥാരചന. അത് തയ്യാറാക്കുമ്പോൾ കഥയുടെ ദൃശ്യവൽക്കരണ സാധ്യതകൾക്കാവണം ഊന്നൽ നല്കേണ്ടത്. ഷോട്ട്, സീക്വൻസ്, സീൻ, നൈരന്തര്യം, ആഖ്യാനം, ആക്ഷൻ, ട്രീറ്റ്മെന്റ്, രൂപശില്പം, അന്തരീക്ഷം, കാലം എന്നീ അംശങ്ങളിലെല്ലാം തിരക്കഥാകൃത്തിന്റെ ശ്രദ്ധയുണ്ടാകണം. തിരക്ക

ഥയിലെ മറ്റൊരു ഘടകം സംഭാഷണമാണ്. സ്ക്രീനിലെ ദൃശ്യങ്ങളുമായി ലയിച്ചു നില്ക്കുന്നതായിരിക്കണം സംഭാഷണം. നാടകത്തിലെ സംഭാഷണത്തിൽനിന്ന് വ്യത്യസ്തമാണ് സിനിമയിലെ സംഭാഷണം. സംഭാഷണം ലളിതവും സ്വാഭാവികവുമായിരിക്കണം. തിരക്കഥയെ ആസ്പദമാക്കിയാണ് ഷൂട്ടിങ് സ്ക്രിപ്റ്റ് തയ്യാറാക്കേണ്ടത്.

വിശ്വസാഹിത്യത്തിലെ വിഖ്യാതമായ കൃതികളെല്ലാം ഓരോരോ കാലത്ത് സിനിമയിലാക്കിയിട്ടുണ്ട്. സാധാരണ പ്രേക്ഷകർക്ക് ഏറെ അഭിമുഖ്യമുള്ള കലാരൂപം സിനിമാസാഹിത്യമാണ്. സാഹിത്യത്തിന്റെ സംവേദന രീതിയല്ല സിനിമയുടേത്. ഷോട്ടുകളിലൂടെ ആവിഷ്ക്കൃതമാകുന്ന ഇമേജുകൾ വഴിയാണ് ആശയവും അർത്ഥവും വികാരങ്ങളും സിനിമ പ്രേക്ഷകരിലെത്തിക്കുന്നത്. സാഹിത്യകൃതികളിലെ ഭാഷ സിനിമയിലെ ഭാഷയായി പരിവർത്തിപ്പിക്കണം. തിരക്കഥാകൃത്തിന്റെയും സംവിധായകന്റെയും കൂട്ടായ്മയാണ് സിനിമയുടെ ഭാഷയെ സൃഷ്ടിക്കുന്നത്. ഒരു സാഹിത്യകൃതി സിനിമയാക്കുമ്പോൾ ആദ്യമായി പരിഗണിക്കുന്നത് കഥാംശവും ദൃശ്യവൽക്കരണ സാധ്യതയും കൃതിയുടെ പ്രചാരവുമാണ്. എങ്കിലും ഒരു മികച്ച സാഹിത്യകൃതി സിനിമയിലേക്കു രൂപമാറ്റം വരുത്തി അവതരിപ്പിക്കുമ്പോൾ അത് ഒരു മികച്ച സിനിമയാവണമെന്നില്ല. മലയാളത്തിൽ സി.വി. രാമൻ പിള്ളയുടെയും ചന്തുമേനോന്റെയും പി. വത്സലയുടെയും നോവലുകൾ സിനിമയാക്കിയപ്പോഴുള്ള അനുഭവം ഒരു ദൃഷ്ടാന്തമായിട്ടെടുക്കാം. മലയാളത്തിൽ സി. മാധവൻപിള്ളയുടെ 'ജ്ഞാനാംബിക' (1940) മുതൽ നിരവധി മലയാളം കൃതികൾ സംവിധായകരുടെ കൈകളിലൂടെ കടന്നുപോയിട്ടുണ്ട്. കരുണ(കുമാരനാശാൻ), രമണൻ (ചങ്ങമ്പുഴ), ഓടയിൽനിന്ന്(കേശവദേവ്), പുള്ളിമാൻ (എസ്.കെ. പൊറ്റക്കാട്), ചെമ്മീൻ, രണ്ടിടങ്ങഴി(തകഴി), മതിലുകൾ (ബഷീർ), പണിതീരാത്തവീട് (പാറപ്പുറം), ഓളവും തീരവും, ഇരുട്ടിന്റെ ആത്മാവ് (എം.ടി). ഉമ്മാച്ചു (ഉറൂബ്) ദൈവത്തിന്റെ വികൃതികൾ (എം. മുകുന്ദൻ), യക്ഷി (മലയാറ്റൂർ) കള്ളിച്ചെല്ലമ്മ (ജി. വിവേകാനന്ദൻ), അഗ്നിസാക്ഷി (ലളിതാംബിക അന്തർജ്ജനം), ചട്ടക്കാരി (പമ്മൻ) തുടങ്ങിയവ ചലച്ചിത്രമാക്കിയപ്പോഴും വിജയിച്ചവയുടെ കൂട്ടത്തിൽപ്പെടുന്നു. മൂലകൃതി സംവിധായകന്റെ കൈയിൽ അസംസ്കൃതവിഭവം മാത്രമാണ്. അത് ദൃശ്യരൂപത്തിലാകുന്നത് കഥാബീജത്തിന്റെ ദൃശ്യവൽക്കരണത്തിലൂടെയാണ്.

മലയാളസാഹിത്യത്തിലെ ഒരു സജീവ പ്രസ്ഥാനമാണ് തിരക്കഥകൾ ഇന്ന്. എം.ടി. വാസുദേവൻ നായർ, പത്മരാജൻ എന്നിവരുടെ തിരക്കഥകൾ പുസ്തകരൂപത്തിൽ വന്നിട്ടുണ്ട്. സെല്ലുലോയിഡിന്റെ ഫ്രെയിമുകൾക്കുള്ളിലും മലയാളഭാഷയ്ക്ക് അത്ഭുതം സൃഷ്ടിക്കാൻ കഴിയുമെന്ന് പ്രശസ്ത കൃതികളുടെ ചലച്ചിത്രാവിഷ്കാരങ്ങൾ തെളിയിക്കുന്നു. ഏറ്റവും ചെറുതാകാനും ധ്വനിസാന്ദ്രമാകാനും മലയാളത്തിന്റെ വാക്യശൈലിക്കു കഴിയുമെന്ന് ചലച്ചിത്രങ്ങളും വ്യക്തമാക്കുന്നു.

## 1.13 കമ്പ്യൂട്ടറും മലയാളഭാഷയും

ആശയവിനിമയത്തിന് മനുഷ്യൻ ആർജ്ജിച്ച വിദ്യകളിൽ ഏറ്റവും മഹത്തരമായിട്ടുള്ളത് ഭാഷയാണല്ലോ. ഭാഷയ്ക്കു കീഴേ വരുന്നതേയുള്ളൂ മറ്റു സംവേദന വിദ്യകൾ. ശാസ്ത്രപുരോഗതിയ്ക്കൊപ്പം ഭാഷാപ്രയോഗങ്ങളിലും നൂതനമായ വിദ്യകൾ സ്വീകരിക്കേണ്ടി വരും. വായ്മൊഴിയിൽനിന്ന് ലിപിവ്യവസ്ഥയിലേക്കു വന്നപ്പോൾ നിയതമായ ചില മാറ്റങ്ങൾ വർണ്ണരൂപിമതലങ്ങളിൽ കൈക്കൊള്ളേണ്ടിവന്നിട്ടുണ്ട്. ലിപിയുള്ള എല്ലാ ഭാഷകളും കാലത്തിനനുസരിച്ച് പ്രക്രിയാഭേദങ്ങൾക്ക് വശംവദരായിട്ടുള്ളതായി ഭാഷാചരിത്രം വ്യക്തമാക്കുന്നു. അച്ചടി, സംപ്രേഷണം, റെക്കാർഡിങ്ങ്, എൻകോഡിങ്ങ് തുടങ്ങി നിരവധി മേഖലകളിലേക്കു ഭാഷയുടെ ഉപയോഗം വ്യാപിച്ചുകൊണ്ടിരിക്കുന്നു. ഇൻഫർമേഷൻ വിപ്ലവത്തിന്റെ കുത്തൊഴുക്കിൽ സാങ്കേതിവിദ്യ മാത്രമല്ല ഭാഷയുടെ പ്രയോഗതലവും നിരന്തര പരിണാമത്തിനു വിധേയമാകുന്നു. ഭാഷയും സാങ്കേതിക വിദ്യയും തമ്മിലുള്ള പൊരുത്തപ്പെടലിന് സാമൂഹിക രാഷ്ട്രീയ മാനങ്ങൾ കൂടി ഉണ്ടെന്നതാണ് പരമാർത്ഥം.

വിവരസാങ്കേതിക വിപ്ലവത്തിന്റെ മഹത്തായ നേട്ടങ്ങളിലൊന്നാണ് കമ്പ്യൂട്ടറിന്റെ ആവിർഭാവം. ലോകഭാഷയായ ഇംഗ്ലീഷിനും കമ്പ്യൂട്ടറിനും തമ്മിലുള്ള സൗഹൃദം പറഞ്ഞറിയിക്കേണ്ടതില്ല. ഓപ്പറേറ്റിങ്ങ് സിസ്റ്റത്തിലും, പ്രോഗ്രാമിങ്ങിലും, വേൾഡ് വൈഡ് വെബ്ബിലും ബഹുഭൂരിപക്ഷം സൈറ്റുകളിലും കയറിപ്പറ്റിയ ഭാഷയാണ് ഇംഗ്ലീഷ്. ഏതൊരു സാങ്കേതിക വിദ്യയും ലോകം മുഴുവൻ വ്യാപിക്കുന്നത് ഇംഗ്ലീഷ് ഭാഷയിലൂടെയാണ്. കമ്പ്യൂട്ടറിൽ ഉപയോഗിക്കുന്ന പ്രാഥമിക ചിഹ്നങ്ങളിൽ ഇംഗ്ലീഷ് അക്ഷരങ്ങളാണ് പ്രമുഖ സ്ഥാനം വഹിക്കുന്നത്. കമ്പ്യൂട്ടറിന്റെ കീബോർഡ് ഇംഗ്ലീഷ് ടൈപ്പ് റൈറ്റർ കീബോർഡിനോട് ഏറെ സമാനത പുലർത്തുന്നു. ഇന്റർനെറ്റിൽ കൂടുതൽ കാണുന്ന ഭാഷയും ഇംഗ്ലീഷ് തന്നെ. ഇംഗ്ലീഷിന്റെ ഈ സമഗ്രാധിപത്യമേഖലയിലേക്കാണ് മലയാളത്തിന്റെ ക്രമാനുഗതമായ കടന്നുകയറ്റം ഉറപ്പാക്കേണ്ടതായിട്ടുള്ളത്.

### മലയാളം കംപ്യൂട്ടറിലേക്ക്

മലയാള ലിപികൾ ഇന്ന് കംപ്യൂട്ടറ് സ്ക്രീനിൽ തെളിയിക്കാനും ടൈപ്പുചെയ്യാനും പ്രിന്റ് ചെയ്യാനും കഴിയുന്നുണ്ട്. വേഡ് പ്രോസസിങ്ങിന്റെ നൂലാമാലകളെ മലയാളം അതിജീവിച്ചു കഴിഞ്ഞിരിക്കുന്നു. ഡി.റ്റി.പി. പ്രോഗ്രാമുകളിൽ മിക്കവയിലും ചേർക്കാവുന്ന മലയാള ലിപി സോഫ്റ്റുവെയറിൽ ഇന്നു ലഭ്യമാണ്. പൂനയിലെ സി. ഡാക്ക് (സെന്റർ ഫോർ ഡെവലപ്മെന്റ് ഓഫ് അഡ്വാൻസ് കംപ്യൂട്ടറിങ്ങ്) ഇക്കാര്യത്തിൽ മികച്ച സംഭാവനകൾ നല്കിയിട്ടുണ്ട്. വിൻഡോസ് സംവിധാനത്തിലുള്ള 'ലീപ്പ്' എന്ന ഭാരതീയഭാഷാ എഡിറ്ററിലും, 'ജിസ്റ്റ്' എന്ന സംവിധാനം വഴി മറ്റു സോഫ്റ്റ്വെയർ പാക്കേജുകളിലും മലയാളത്തിൽ ഡേറ്റാ നല്കാൻ സി.ഡാറ്റിന്റെ പ്രവർത്തനങ്ങൾകൊണ്ട് ഇന്നു സാധ്യമാണ്. പേജ്മേക്കർ, എം.എസ്. വേർഡ്, വെഞ്ചൂറ പാക്കേജുകളുമായി ചേർന്ന് പ്രവർത്തി

ക്കത്തക്കവിധം മലയാള ലിപികൾ ഇന്നു സജ്ജമാണ്. ശാസ്ത്രസാങ്കേതിക മേഖലകളിൽ പ്രചാരത്തിലുള്ള ലാറ്റെക്സ് (Latex)പ്രോഗ്രാമിലും മലയാള ലിപികൾ ലഭ്യമാണ്.

യാന്ത്രിക പരിഭാഷയിൽ മലയാളം വേണ്ടത്ര മുന്നേറിയിട്ടുണ്ടെന്നു പറയാനാവില്ല. ഇംഗ്ലീഷ് ഭാഷയോട് മലയാളിക്കുള്ള വിധേയത്വം ഭാഷയുടെ ഉപയോഗത്തെ ഗണ്യമായി ബാധിച്ചിട്ടുണ്ട്. എങ്കിലും ഇന്റർനെറ്റു വഴി യൂണികോഡിൽ മലയാളലിപികൾക്ക് കൂടുതൽ പ്രചാരം ലഭിച്ചിട്ടുണ്ട്. ഇന്റർനെറ്റിൽ വെബ് സൈറ്റുകൾ സ്ഥാപിക്കുന്നതിലും ഇ-മെയിൽ സന്ദേശങ്ങൾ അയ്ക്കുന്നതിലും മലയാളം വളരെ മുന്നേറിയിട്ടുണ്ട്. മലയാളത്തിലെ മിക്ക പത്രങ്ങൾക്കും വെബ് പ്രസിദ്ധീകരണം ഉണ്ട്. പതുക്കെയാണെങ്കിലും മലയാളം വിവരസാങ്കേതിക മണ്ഡലത്തിലും പിടിമുറുക്കയാണ്.

## 1.14 ലിപിചരിത്രം

ഇന്ത്യൻ ലിപികളുടെ മാതാവ് ബ്രാഹ്മിയാണ്. അതിനുമുമ്പുള്ള സൈന്ധവലിപി നേരാംവണ്ണം വായിച്ചെടുക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. അശോകന്റെ ശാസനങ്ങളിലെ ബ്രാഹ്മിലിപിക്ക് പ്രാകൃതവും സംസ്കൃതവും രേഖപ്പെടുത്താൻ സാധിക്കും. സുസജ്ജവും വികസിതവുമാണ് ആ ലിപി. ദക്ഷിണേന്ത്യയിലും ബ്രാഹ്മിലിപിക്ക് പ്രചാരമുണ്ടായിരുന്നു. തമിഴ്നാട്ടിലെ മാങ്കുളം, മാമണ്ടൂർ, അരിച്ചല്ലൂർ, പുകളൂർ, അഴകർമല, മധുര എന്നീ സ്ഥലങ്ങളിൽനിന്നും അശോകന്റെ കാലത്തേതെന്നു കരുതാവുന്ന ബ്രാഹ്മിലിഖിതങ്ങൾ കിട്ടിയിട്ടുണ്ട്. തെക്കൻ ബ്രാഹ്മിക്കുള്ള വിശേഷം എ, ഒ, ഴ, റ, ണ, ള എന്നീ വർണ്ണങ്ങൾക്കു പ്രത്യേകലിപി ഉണ്ടെന്നുള്ളതാണ്. കന്നട നിഘണ്ടുവായ ശ്രീവത്സത്തിൽ 18 തരം ലിപികളെപ്പറ്റി പറയുന്നുണ്ട്: യവനാനി (ഗ്രീക്ക്), ദ്രമിള, സൈന്ധവ, ദേവനാഗരി, ബ്രാഹ്മി എന്നിങ്ങനെ. ബ്രാഹ്മിയിൽനിന്ന് പില്ക്കാല്ത്തു രൂപംകൊണ്ട ലിപിയാണ് ദേവനാഗരി. തെക്കൻ ബ്രാഹ്മിലിപി ക്രമേണ വട്ടെഴുത്തിലേക്കും തമിഴിലേക്കും പരിവർത്തനം ചെയ്യാൻ തുടങ്ങി. വട്ടെഴുത്ത്, ഗ്രന്ഥം, തമിഴ് എന്നിവയായി വളർന്നത് തെക്കൻ ബ്രാഹ്മിയാണ്. തെക്കൻ ബ്രാഹ്മിയിൽനിന്ന് ചേരചോളപാണ്ഡ്യദേശങ്ങളിലുള്ള വട്ടെഴുത്തും കർണ്ണാടകത്തിൽ തെലുങ്കുകന്നട ലിപിയും ഉണ്ടായി. വട്ടെഴുത്തിൽ അതിഖരമൃദുഘോഷോഷ്മാക്കൾ ഇല്ല. തമിഴ് ഭാഷയ്ക്ക് അവ ആവശ്യമില്ലാതിരുന്നതിനാലാവാം വട്ടെഴുത്ത് 30 അക്ഷരങ്ങളിൽ ഒതുങ്ങിയത്. സംസ്കൃത വാക്കുകൾ എഴുതേണ്ട സാഹചര്യവും ഉണ്ടായിരുന്നതിനാൽ വട്ടെഴുത്തിനോടൊപ്പം ഗ്രന്ഥാക്ഷരവും പ്രചരിച്ചിരുന്നു. ഗ്രന്ഥലിപിക്കും മൂലം ബ്രാഹ്മിതന്നെ. ഗ്രന്ഥലിപിയുടെ പരിഷ്കൃത രൂപമാണ് ഇന്നത്തെ മലയാള ലിപി. സംസ്കൃതാക്ഷരങ്ങൾ കൂടി ഉള്ളതിനാൽ മലയാള ലിപിയെ 'ആര്യ എഴുത്ത്' എന്നു വിളിക്കുന്നു.

വട്ടെഴുത്തിൽനിന്ന് രൂപംകൊണ്ടതാണ് കോലെഴുത്ത്. ഈ ലിപിക്ക് മലബാറിൽ കൂടുതൽ പ്രചാരമുണ്ടായിരുന്നു. വട്ടെഴുത്ത് 9-ാം നൂറ്റാണ്ടോടെ പാണ്ഡ്യചോളനാടുകളിൽ നിന്ന് അപ്രത്യക്ഷമായെങ്കിലും

കേരളത്തിലും തിരുനെൽവേലി ജില്ലയിലും 18-ാം നൂറ്റാണ്ടിന്റെ ഉത്ത രാർദ്ധം വരെ അത് നിലനിന്നിരുന്നു.

## 1.15 പുരോഗതി സ്വയം പരിശോധിക്കുക

(1) മിഷണറിമാരുടെ ഭാഷാസേവനത്തെക്കുറിച്ച് ചുരുക്കി വിവരിക്കുക.

(2) മലയാളസാഹിത്യത്തിലും ഭാഷയിലും ഇംഗ്ലീഷ് ഭാഷ ചെലുത്തിയ സ്വാധീനത്തെക്കുറിച്ച് ചുരുക്കി വിവരിക്കുക.

(3) കമ്പ്യൂട്ടർ യുഗത്തിൽ മലയാളഭാഷ നേരിടുന്ന വെല്ലുവിളികളെന്തെല്ലാം?

കൂടുതൽ വായനയ്ക്ക്

1) മലയാളസാഹിത്യചരിത്രം - ഭാഷ വാല്യം 1, കേരളസാഹിത്യ അക്കാദമി, തൃശൂർ, 2016.

2) മലയാള ക്ലാസ്സിക് ഭാഷ പഴക്കവും വ്യക്തിത്വവും, ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2012.

3) മലയാളഭാഷാചരിത്രം സമ്പാദനം, ഡോ. നടുവട്ടം ഗോപാലകൃഷ്ണൻ, കേരളഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്, തിരുവനന്തപുരം, 2015.

ignou
THE PEOPLE'S
UNIVERSITY

ignou
THE PEOPLE'S
UNIVERSITY

# യൂണിറ്റ് – 2
# മലയാളസാഹിത്യം: ഉത്പത്തിയും വികാസവും

**ഉള്ളടക്കം**


2.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
2.1 ഉത്പത്തിയും വികാസവും
2.2 പാട്ടുപ്രസ്ഥാനം
2.3 മണിപ്രവാളസാഹിത്യം
2.4 എഴുത്തച്ഛനും മലയാളഭാഷയും സാഹിത്യവും
2.5 പൂന്താനവും ഭക്തിസാഹിത്യവും
2.6 കുഞ്ചൻനമ്പ്യാരും തുള്ളൽകൃതികളും
2.7 കുചേലവൃത്തം
2.8 ആട്ടക്കഥാസാഹിത്യം
2.9 പുരോഗതി സ്വയം പരിശോധിക്കുക
2.10 ഗദ്യവികാസം മലയാളസാഹിത്യത്തിൽ
2.11 നോവലും ചെറുകഥയും
2.12 നാടകസാഹിത്യചരിത്രം
2.13 വെണ്മമണിപ്രസ്ഥാനം
2.14 മഹാകാവ്യങ്ങൾ മലയാളത്തിൽ
2.15 പുരോഗതി സ്വയം പരിശോധിക്കുക
2.16 നവോത്ഥാന മലയാളകവിത
2.17 കവിത കവിത്രയത്തിനുശേഷം
2.18 നിരൂപണസാഹിത്യം
2.19 പുരോഗതി സ്വയം പരിശോധിക്കുക


## 2.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

കഴിഞ്ഞ യൂണിറ്റിലൂടെ (യൂണിറ്റ് ഒന്ന്) മലയാളഭാഷയുടെ ഉത്പത്തിയെക്കുറിച്ചും തലമുറകളായി ഭാഷ അനുക്രമം വികസിച്ച് ആധുനിക കമ്പ്യൂട്ടർ യുഗംവരെ എത്തി നിൽക്കുന്ന അതിന്റെ വികാസപരിണാമങ്ങളെക്കുറിച്ചും ഏകദേശ ജ്ഞാനം ലഭിച്ചുവല്ലോ. ഭാഷയോടൊപ്പം മലയാളസാഹിത്യത്തിനും ഇതുപോലുള്ള വികാസപരിണാമങ്ങൾ ഉണ്ടായിട്ടുണ്ട്. മലയാളസാഹിത്യത്തിന്റെ ഉത്പത്തിയിൽ തുടങ്ങി നാളിതുവരെയുള്ള സാഹിത്യത്തിന്റെ വികാസപരിണാമങ്ങളെക്കുറിച്ച് അനുക്രമം ചുരുക്കി വിവരിക്കുക എന്നതാണ് ഈ യൂണിറ്റിന്റെ (യൂണിറ്റ് രണ്ട്) ഉദ്ദേശ്യലക്ഷ്യങ്ങൾ. മലയാളസാഹിത്യവളർച്ചയിലെ നാഴികക്കല്ലുകൾ എന്ന് വിശേഷിപ്പിക്കാവുന്ന വ്യക്തികളെയും പ്രസ്ഥാനങ്ങളെയും സംഭവങ്ങളെയും പരാമർശിക്കുന്ന ഈ ഖണ്ഡം മലയാളസാഹിത്യത്തിന്റെ വികാസപരിണാമങ്ങളുടെ ഒരു നീലാങ്കനം (Blue print) കൂടിയാണ്.

## 2.1 ഉത്പത്തിയും വികാസവും

"സാഹിത്യചരിത്രം എന്നത് കേവലം പുസ്തകവിവരപ്പട്ടികയല്ല. സമൂഹജീവിതവും സാഹിത്യകൃതികളും തമ്മിലുള്ള രക്തബന്ധത്തെക്കുറിച്ചും ആദാനപ്രദാനങ്ങളെക്കുറിച്ചും സൂക്ഷ്മനിരീക്ഷണത്തോടുകൂടിയ അപഗ്രഥനവും നിരൂപണാത്മകമായ സമീപനവും സാഹിത്യചരിത്രത്തിലുണ്ടാകണം' എന്ന് ഡോ. എം. ലീലാവതി സാഹിത്യചരിത്രത്തെപ്പറ്റി അഭിപ്രായപ്പെട്ടിട്ടുണ്ട്. കേവലം ഗ്രന്ഥസൂചികയല്ല സാഹിത്യചരിത്രം എന്നർത്ഥം. സാഹിത്യചരിത്രം എന്നാൽ ഭാഷാചരിത്രത്തിന്റെയും സംസ്കാരപഠനത്തിന്റെയും നരവംശചരിത്രത്തിന്റെയും സാഹിത്യവികാസത്തിന്റെയുമൊക്കെ സമന്വയമാണ്. പിൻതലമുറയ്ക്ക് വേണ്ടിയുള്ള കരുതലാണവ.

മലയാളസാഹിത്യത്തിന്റെ വികാസത്തിൽ അതതുകാലത്ത് ചില ബാഹ്യശക്തികളുടെ ഇടപെടലുകൾ ഉണ്ടായിട്ടുണ്ട്. പ്രാരംഭഘട്ടത്തിൽ മൂലദ്രാവിഡത്തിൽ നിന്ന് വേർപെട്ട മലയാളം സംസ്കൃത സ്വാധീനത്താൽ വികാസം പ്രാപിച്ചു. അടുത്ത ഘട്ടത്തിൽ എഴുത്തച്ഛൻ എന്ന മഹാപുരുഷന്റെ പ്രതിഭയിൽ ഭാഷ പുരോഗതി കൈവരിക്കുകയും ശൈലിയിലും ഭാഷാസ്വരൂപത്തിലും വ്യക്തിത്വം രൂപപ്പെടുകയും ചെയ്തു. തുടർന്നാണ് വൈദേശികാധിപത്യം കൈരളിയുടെ മണ്ണിൽ ആഗതമായത്. കച്ചവടത്തിനായി വന്നവർ ഭാഷയിലും സംസ്കാരത്തിലും സാഹിത്യത്തിലും കൈകടത്തി. ഇക്കാലത്ത് സാഹിത്യപരമായ ചില കൊടുക്കൽവാങ്ങലുകൾ നടന്നു. തത്ഫലമായി പടിഞ്ഞാറിന്റെ സാഹിത്യപ്രവണതകൾ മലയാളത്തിലേക്ക് കടന്നുവന്നു. വളരെ ക്രിയാത്മകമായ ഭാഷയായി മലയാളം പുരോഗതി പ്രാപിച്ചു.

### നാടോടി സാഹിത്യം

ഭാഷയുടെ പ്രാരംഭ സ്വഭാവങ്ങൾ വ്യക്തമാക്കുന്ന ആദ്യകാല നാടോടി രചനകളൊന്നും അതിന്റെ തനതു സ്വഭാവത്തിൽ ഇന്നു ലഭ്യമല്ല. വായ്മൊഴി പാഠങ്ങളായി പകർന്നുവന്ന ഈ സാഹിത്യസമ്പ്രദായം തലമുറകളിലൂടെ കൈമാറി കാലദേശവ്യക്തിവ്യത്യാസങ്ങൾക്ക് വിധേയമായി ഏറെ പരിണാമം സംഭവിച്ചാണ് ഇന്ന് ലഭ്യമായിട്ടുള്ളത്. അതിനാൽ അവയുടെ ആദിരൂപം നിർണയിക്കുവാനും സാധ്യമല്ല. നിത്യജീവിതാനുഭവങ്ങളെ മുൻനിർത്തി സാധാരണ ജനത്തിന്റെ ഭാഷയിൽ എഴുതിയവയായിരുന്നു ഇത്തരം കൃതികൾ എന്നു നിസ്സംശയം പറയുവാൻ കഴിയും. കാലചരിത്ര പരാമർശങ്ങൾ പ്രായേണ വിരളമാണെന്നതും ഇത്തരം നാടോടി പാട്ടുകളുടെ കാലനിർണയം വിഷമകരമാക്കുന്നു. എങ്കിലും മലയാളഭാഷയുടെ വ്യക്തിത്വവും തനിമയും നിലനിർത്തിയിരുന്ന സാഹിത്യശാഖയാണ് നാടോടിസാഹിത്യം എന്ന് അടിവരയിട്ട് പറയുവാൻ കഴിയും.

അമ്മാവൻ വന്നീല പത്തായം തുറന്നീല
എന്തെന്റെ മാവേലീ ഓണം വന്നു
അമ്മായി വന്നീല നെല്ലോട്ടും വെച്ചീല
എന്തെന്റെ മാവേലി ഓണം വന്നു.

എന്നിങ്ങനെ ജീവിതത്തിലെ ദുഃഖവും യാതനകളും പ്രത്യാശകളും ലോലഭാവങ്ങളുമെല്ലാം ലളിതമായി ആവിഷ്കരിക്കുന്ന നാടോടി ഗാനങ്ങൾ മലയാളമണ്ണിന്റെ സംസ്കാരത്തെ പുതുതലമുറയ്ക്കു മുന്നിൽ വരച്ചു കാട്ടുന്നു.

## 2.2. പാട്ട് പ്രസ്ഥാനം

ഇന്ന് സർവസാധാരണമായി ഉപയോഗിക്കുന്ന അർത്ഥത്തിലല്ല പാട്ട് എന്ന പദം ഇവിടെ പ്രയോഗിച്ചിരിക്കുന്നത്. സാഹിത്യകൃതിയെന്ന നിലയിൽ വളരെ ഗൗരവതരമായ സ്ഥാനം വഹിച്ചിരുന്ന ഒരു സാഹിത്യശാഖയാണ് പാട്ട്. കേരളത്തിൽ പ്രാചീനകാലത്ത് നിലനിന്നിരുന്ന രണ്ട് വ്യത്യസ്ത സാഹിത്യധാരകളെക്കുറിച്ച് ലീലാതിലകകാരൻ മണിപ്രവാള ലക്ഷണഗ്രന്ഥമായ ലീലാതിലകത്തിൽ പരാമർശിക്കുന്നിടത്ത് പാട്ടിനെക്കുറിച്ച് ആധികാരികമയി വിവരിക്കുന്നുണ്ട്. ആദ്യകാലത്ത് നിലനിന്നിരുന്ന മണിപ്രവാള രചനാസമ്പ്രദായത്തിൽനിന്നും തീർത്തും ഭിന്നമാണ് പാട്ടുസാഹിത്യം. ലീലാതിലക കാരൻ പാട്ടിനെ നിർവചിക്കുന്നതിങ്ങനെയാണ്.

ദ്രമിഡസംഘാതാക്ഷരനിബന്ധ-
മെതുകമോന വൃത്തവിശേഷയുക്തം പാട്ട്

ദ്രാവിഡാക്ഷരമാലയിലെ ഉയിർ(സ്വരം), മെയ്യ്(വ്യഞ്ജനം) എഴുത്തുകളെയാണ് ദ്രമിഡസംഘാതാക്ഷരം എന്ന് വിവക്ഷിക്കുന്നത്. 12 സ്വരങ്ങളും 18 വ്യഞ്ജനങ്ങളും മാത്രം ഉൾപ്പെടുന്ന ദ്രമിഡസംഘാതക്ഷരങ്ങൾ ഉപയോഗിച്ചാവണം പാട്ടിന്റെ രചന. മലയാളത്തിലെ ദ്വിതീയാക്ഷരപ്രാസത്തോട് സാദൃശ്യമുള്ള എതുക, ഓരോ പാദത്തിലെയും പൂർവോത്തര ഭാഗങ്ങളിലെ ആദ്യക്ഷരങ്ങൾ യോജിച്ചു വരുന്ന മോന എന്നിവയോടു കൂടി ദ്രാവിഡ വൃത്തങ്ങളിൽ രചിക്കുന്ന കൃതികളാണ് പാട്ടുകൃതികൾ. മണിപ്രവാളത്തിൽനിന്ന് ഭിന്നമായ മലയാളത്തിന്റെ ദ്രാവിഡത്തനിമ നിലനിർത്താൻ ശ്രമിച്ചിരുന്ന സാഹിത്യരൂപമാണ് പാട്ടെന്നത് വ്യക്തമാണ്.

### (i) രാമചരിതം

രാമായണത്തിലെ യുദ്ധകാണ്ഡത്തിന് പ്രാധാന്യം നൽകിക്കൊണ്ട് രചിച്ചിട്ടുള്ള രാമചരിതം എന്ന ബൃഹത്കാവ്യമാണ് കണ്ടുകിട്ടിയതിൽവച്ച് ഏറ്റവും പ്രാചീനമായ പാട്ടുകൃതി. പാട്ടിന്റെ എല്ലാ ലക്ഷണങ്ങളും ഉൾക്കൊള്ളുന്ന രാമചരിതം 13-ാം നൂറ്റാണ്ടിൽ രചിച്ച കൃതിയാണെന്നാണ് പാണ്ഡിതാഭിപ്രായം.

ഊനമറ്റെഴുമിരാമചരിതത്തിലൊരുതെ-
ല്ലൂഴിയിൽ ചെറിയവർക്കറിയുമാറുരചെയ്വാൻ

1814 പാട്ടുകളും 164 പടലങ്ങളുമുള്ള രാമചരിതം ഊഴിയിൽ ചെറിയവർക്കായി എഴുതിയതാണെന്ന് കവി തന്നെ വ്യക്തമാക്കുന്നു. അജ്ഞാതകർത്തൃകമായ രാമചരിതം യുദ്ധരസപ്രധാനമാണ്. തമിഴ് പാരമ്പര്യത്തിന്റെ ചുവടൊപ്പിച്ച് രൂപം പ്രാപിച്ച പാട്ടുപ്രസ്ഥാനത്തിലെ പ്രഥമവും അത്യുജ്ജ്വലവുമായ കാവ്യമാണ് രാമചരിതം.

## (ii) തിരുനിഴൽമാല

പാട്ടിന്റെ നിർവചനം രാമചരിതത്തെപ്പോലെ പിന്തുടരുന്ന മറ്റൊരു കൃതിയാണ് തിരുനിഴൽമാല. ആറന്മുള ക്ഷേത്രത്തെ പ്രതിപാദ്യമാക്കി 539-ഈരടികളിലും 93 പാട്ടുകളിലുമായി രചിച്ച ഈ കൃതി ഇതിവൃത്ത സ്വീകരണത്തിൽ മറ്റ് പാട്ടുകൃതികളിൽനിന്ന് വ്യത്യസ്തത പുലർത്തുന്നു. രാമചരിതത്തിന്റെ ഭാഷയിൽനിന്ന് വികാസം പ്രാപിച്ച ഭാഷയാണ് തിരുനിഴൽമാലയിലേത്. ആറന്മുള ക്ഷേത്രത്തിലെ ഭഗവാനായ കണ്ണന് ബലി(നിഴൽ) നൽകുന്നതാണ് കൃതിയുടെ ഉള്ളടക്കം. അക്കാലത്തെ ജനസംസ്കാരം, ആചാരാനുഷ്ഠാനങ്ങൾ, ജീവിതരീതി ഇവയെല്ലാം മനസിലാക്കാൻ തിരുനിഴൽമാലയിലൂടെ സാധിക്കുന്നു.

## (iii) കണ്ണശ്ശകൃതികൾ

ഭാഷാപരവും സാഹിത്യപരവുമായ വ്യത്യാസങ്ങൾ പുലർത്തുന്ന പാട്ടുകൃതികളാണ് കണ്ണശ്ശകൃതികൾ. 15-ാംനൂറ്റാണ്ടിൽ രചിക്കപ്പെട്ടവയെന്ന് കരുതുന്ന ഈ കൃതികൾ മലയിൻകീഴ് മാധവപ്പണിക്കർ, വെള്ളാങ്കലൂർ ശങ്കരപ്പണിക്കർ, നിരണത്ത് രാമപ്പണിക്കർ എന്നിവരാൽ വിരചിതമാണ്. ഇവർ മൂവരെയും ചേർത്ത് നിരണം കവികളെന്നും വിളിക്കാറുണ്ട്. കണ്ണശ്ശകൃതികൾ നിരണം കൃതികൾ എന്നും അറിയപ്പെടുന്നു.

പേർത്തീടുന്ന പഴന്തുകളിൽ പൊക്കി-
പ്പുതുമതകും തുകിൽ വേറുനരന്മാർ
പോർത്തീടുമതുപോൽ ജീർണ്ണശരീരം
പോക്കിപ്പുതുയ ശരീരം തങ്കൽ
ചേർത്തിടു ദേഹി, യൊരായുധമതിനാൽ
ഛേദം വരാ തീയാൽ വേകാ
ഓർത്തീടിൽ നീരാലൊഴുകിപ്പോകാ
ഉടനതു വായുവിനാലും ചലിയാ
(ഭാഷാഭഗവദ്ഗീത)

ഗഹനമായ ആശയങ്ങൾ പ്രതിപാദിക്കുന്ന ഭഗവദ്ഗീതയിലെ എഴുന്നൂറ് ശ്ലോകങ്ങളെ സംഗ്രഹിച്ച് മുന്നൂറ്റി ഇരുപത്തിയെട്ട് ശ്ലോകങ്ങളിലായി പുനർസൃഷ്ടിച്ച അതുല്യപ്രതിഭയാണ് മാധവപ്പണിക്കർ.

മലയാളത്തിലെ ആദ്യത്തെ ഭാരതസംഗ്രഹമാണ് ശങ്കരപ്പണിക്കരുടെ ഭാരതമാല.

കണ്ടേനരചാ കരുണാകരനുരു
കാർമുകിൽ പോലേയവനുടെ തേർമേൽ
വണ്ടീടും തുളസീവനമാലകൾ
വാർകുഴലോടു കിരീടം മുടിയും
ചെണ്ടാർ പവിഴാധരമോടഴകിയ
ചെന്താമരനയനം മകരക്കുഴ
കണ്ടേനവരുടെ മുഖ കമലത്തൊടു
കൗസ്തുഭ മണിയണി തിരുമറുമാർവും
(ഭാരതമാല)

“സംക്ഷേപണകലയിൽ ഒരു മഹാത്ഭുതമെന്നു വിശേഷിപ്പിക്കാവുന്ന എഴുത്തച്ഛന്റെ ഭാരതം കിളിപ്പാട്ടിന് ഒരു ഡിസൈനും സ്കെച്ചും ശങ്കരൻ ഉണ്ടാക്കിക്കൊടുത്തു” എന്ന് പ്രൊഫ. എൻ കൃഷ്ണപിള്ള വിശേപ്പിച്ചതിൽ പതിരില്ല. ഒരുലക്ഷത്തി ഇരുപതിനായിരം ശ്ലോകങ്ങളുള്ള മഹാഭാരതത്തെ ആയിരത്തിമുന്നൂറ്റി എഴുപത്തിയൊന്ന് ശ്ലോകങ്ങളിലായി സംഗ്രഹിച്ചിരിക്കുന്നു. ‘ഭാരത സംക്ഷേപണോപാഖ്യാനമാണ്’ തന്റെ കൃതിയെന്ന് കവി തന്നെ പറയുന്നുണ്ട്.

നിരണം കവികളിൽ സർവസമാരാധ്യനാണ് നിരണത്ത് രാമപ്പണിക്കർ. കണ്ണശ്ശരാമായണമാണ് അദ്ദേഹത്തിന്റെ മികച്ച സംഭാവന. ശ്രീരാമനിലൂടെ ഉദാത്തവത്കരിച്ച മാനുഷിക നന്മകളുടെ ആവിഷ്കാരംകൊണ്ട് മനുഷ്യഹൃദയങ്ങളെ ആവിഷ്കരിക്കുകയും ആവേശം കൊള്ളിക്കുകയും ചെയ്യുന്ന മനോഹര കാവ്യമാണ് കണ്ണശ്ശ രാമായണം.

> നരപാലകർ ചിലരതിനു വിറച്ചാർ
> നലമുടെ ജാനകി സന്തോഷിച്ചാൾ
> അരവാദികൾ ഭയമീടുമിടിധ്വനി-
> യാൽ മയിലാനന്ദിപ്പതുപോലെ
>
> (കണ്ണശ്ശരാമായണം)

എന്ന സീതാസ്വയംവര വർണ്ണന കണ്ണശ്ശരാമായണത്തിലെ ഭാഷാമികവും ലാളിത്യവും ആഖ്യാനശൈലിയും വ്യക്തമാക്കുന്നു. മലയാളത്തിലെ ആദ്യത്തെ സമ്പൂർണ്ണ രാമായണം എന്ന സ്ഥാനവും കണ്ണശ്ശരാമായണത്തിനു തന്നെയാണ്.

പാട്ടുപ്രസ്ഥാനത്തിന്റെ നിയാമക സ്വാഭാവങ്ങളെല്ലാം പിന്തുടരുന്ന നിരണം കൃതികൾ ദ്രമിഡ സംഘാതാക്ഷരപാഠം എന്ന മുഖ്യസ്വഭാവത്തെ ഉപേക്ഷിച്ചതായി കാണാം. കേരളത്തിലെ രാഷ്ട്രീയ-സംസ്കാരിക വികാസത്തിൽ സംഭവിച്ച ബ്രാഹ്മണാധിനിവേശത്തിന്റെ സൂചനയാണിത്. സംസ്കൃതഭാഷയെയും അക്ഷരമാലയെയും മലയാളം ഉൾക്കൊണ്ടതിന്റെ പ്രാരംഭസൂചനകൾ കണ്ണശ്ശരാമായണത്തിൽ വ്യക്തമാണ്. മലയാളത്തിൽ നവോത്ഥാനത്തിന് വഴിതുറക്കാനും പിന്നാലെ വന്ന എഴുത്തച്ഛന് മാർഗ്ഗദർശകമാകുവാനും നിരണംകൃതികൾക്ക് സാധിച്ചു.

## (iv) കൃഷ്ണഗാഥ

നിരണംകൃതികൾക്കുശേഷം പതിനഞ്ചാം നൂറ്റാണ്ടിൽ രചിക്കപ്പെട്ട കൃതിയാണ് ചെറുശ്ശേരിയുടെ കൃഷ്ണഗാഥ. പാട്ടുപ്രസ്ഥാനത്തിൽപ്പെട്ട കൃതിയാണെങ്കിലും മണിപ്രവാളത്തിന്റെ സ്വാധീനം കൃഷ്ണഗാഥയിൽ വ്യക്തമാണ്. നിരണം കൃതികളിലേതിനേക്കാൾ വികാസം പ്രാപിച്ച ഭാഷാരൂപമാണ് കൃഷ്ണഗാഥയിലേത്. ഭാരതം ദശമസ്കന്ധത്തിലെ കൃഷ്ണോൽപ്പത്തി മുതൽ സ്വർഗാരോഹണം വരെയുള്ള കഥയുടെ ആവിഷ്കാരമാണ് കൃഷ്ണഗാഥ. കൃഷ്ണകഥയെ വളരെ ഹൃദ്യമായ ജീവിതബന്ധങ്ങളിലൂടെയും ജീവിതസന്ധികളിലൂടെയും ബന്ധിപ്പിച്ച് ലളിത മധുരമായ ആഖ്യാനത്തിലൂടെ ആവിഷ്കരിക്കുന്നു.

എൻമുതുകേറിനിന്നാന കളിപ്പതി-
നിന്നിനിയാമോ ചൊല്ലുണ്ണിക്കണ്ണാ
തിങ്കളെച്ചെന്നു പിടിപ്പതിനായിട്ടി-
ന്നെൻ കഴുത്തേറുക വേണ്ടയോ ചൊൽ
ഓടി വന്നിട്ടുടനെൻ മുടി തന്നിലായ്
താടി പിടിച്ചു വലിക്കണ്ടായോ

എന്ന് കുടുംബബന്ധങ്ങളിൽ വറ്റാതെ നിൽക്കുന്ന സ്നേഹവാത്സല്യങ്ങളെ ആവിഷ്കരിക്കുന്ന ചെറുശ്ശേരി സ്വാനുഭവങ്ങളെയും ലൗകികാനുഭവങ്ങളെയും ആത്മീയനുഭവങ്ങളായി പരിവർത്തനം ചെയ്യുന്നു.

## 2.3 മണിപ്രവാളസാഹിത്യം

"ഭാഷാസംസ്കൃതയോഗോ മണിപ്രവാളം"

എന്നാണ് ലീലാതിലകകാരൻ മണിപ്രവാളത്തിന് നൽകുന്ന ലക്ഷണം. കേരളഭാഷയും വിഭക്ത്യന്തസംസ്കൃതവും തമ്മിൽ സഹൃദയ ഹൃദയാഹ്ലാദകരമായ വിധത്തിൽ ഒരുമിക്കുന്നതാണ് മണിപ്രവാളം എന്ന് വിശദീകരിക്കുന്നു.

കേരളഭാഷയുടെയും സംസ്കാരത്തിന്റെയും രൂപീകരണത്തിൽ വളരെ നിർണ്ണായകമായ സ്ഥാനമാണ് മണിപ്രവാളത്തിനുള്ളത്. ആര്യാധിനിവേശവും തന്മൂലം ഭാഷയിലും സംസ്കാരത്തിലുമുണ്ടായ ബ്രാഹ്മണാധിപത്യവുമാണ് മണിപ്രവാളം രൂപപ്പെടാൻ ഇടയാക്കിയത്.

പത്താം നൂറ്റാണ്ടോടുകൂടിയാണ് മണിപ്രവാളസാഹിത്യത്തിലെ ആദ്യ രേഖകൾ ലഭ്യമാകുന്നത്. കൂത്ത്, കൂടിയാട്ടം എന്നീ കലകളുടെ വികാസവും പ്രചാരവും മണിപ്രവാളഭാഷയുടെ വികാസത്തിൽ ഏറെ സ്വാധീനിച്ചിട്ടുണ്ട്.

കണ്ടുകിട്ടിയിട്ടുള്ള മണിപ്രവാളകൃതികളിൽ ഏറ്റവും പ്രാചീനമായത് വൈശികതന്ത്രമാണ്. 'വേശ്യോപനിഷത്ത്' എന്ന പേരിൽ പ്രചരിച്ചിരുന്ന ഈ കൃതിയിൽ ഒരു മുത്തശ്ശി ചെറുമകൾക്ക് വേശാവൃത്തിയുടെ മഹത്വവും പ്രാധാന്യവും വിവരിക്കുന്നതാണ് പ്രതിപാദ്യം. ലീലാതികകാരൻ നിർവചിച്ചിട്ടുള്ള മണിപ്രവാള ലക്ഷണങ്ങളെല്ലാം തികഞ്ഞ കൃതിയാണ് വൈശികതന്ത്രം.

താരുണ്യമാവതു സുതേ, തരുണീജനാനാം
മാരാസ്ത്രമേ, മഴനിലാവിതു നിത്യമല്ല
അന്നാർജ്ജിതേന മുതൽക്കൊണ്ടു കടക്കവേണ്ടും
വാർദ്ധക്യമെന്മതൊരു വൻകടലുണ്ടു മുമ്പിൽ
(വൈശികതന്ത്രം)

### (i) ചമ്പൂപ്രസ്ഥാനം

"ഗദ്യപദ്യമയം കാവ്യം ചമ്പൂരിത്യഭിധീയതേ"

എന്നാണ് ചമ്പൂലക്ഷണം. ഗദ്യവും പദ്യവും ഇടകലർത്തിയെഴുതുന്ന കാവ്യം എന്നർത്ഥം. പദ്യമെന്നാൽ സംസ്കൃത വൃത്തത്തിൽ രചിക്ക

പ്പെട്ടത് എന്നും ഗദ്യമെന്നാൽ സംസ്കൃതേതരമായ വൃത്തങ്ങളിലോ ഈണങ്ങളിലോ എഴുതപ്പെട്ടത് എന്നുമാണർത്ഥം

മണിപ്രവാള സാഹിത്യത്തിൽ ആദ്യഘട്ടം മുതൽക്കേ ചമ്പുക്കൾ രചിക്കപ്പെട്ടിട്ടുണ്ട്. പ്രാചീന മണിപ്രവാളചമ്പുക്കൾ മേല്പറഞ്ഞ ചമ്പൂലക്ഷണം പിന്തുടർന്നിരുന്നെങ്കിലും അവയെല്ലാം ഭാഷാപ്രധാനങ്ങളായിരുന്നു. മാത്രവുമല്ല, അവയെല്ലാം സ്ത്രീ വിഷയകങ്ങളും ശൃംഗാരാഭിമുഖ്യം നിറഞ്ഞ രചനകളുമായിരുന്നു.

പതിമൂന്നാം നൂറ്റാണ്ടിലെഴുതപ്പെട്ടതെന്നു കരുതുന്ന തേവൻചിരികുമാരന്റെ ഉണ്ണിയച്ചിചരിതവും അജ്ഞാതകർത്തൃകമായ ഉണ്ണിച്ചിരുതേവിചരിതവും പതിന്നാലാം നൂറ്റാണ്ടിലെഴുതപ്പെട്ട ദാമോദരച്ചാക്യാരുടെ ഉണ്ണിയാടിചരിതവും പ്രാചീനചമ്പുക്കൾക്ക് ഉദാഹരണമാണ്.

സംസ്കൃതചമ്പുക്കളെ പിന്തുടർന്ന് ചമ്പൂലക്ഷണയുക്തമായി എഴുതിയവയാണ് മധ്യകാല ചമ്പുക്കൾ. പ്രാചീനചമ്പുക്കളിൽനിന്ന് ഭിന്നമായി കൂടുതൽ സംസ്കൃതബദ്ധവും നിയോക്ലാസ്സിക് പ്രവണതകൾ മുന്നോട്ട് വെയ്ക്കുന്നവയുമാണ് മധ്യകാല ചമ്പുക്കൾ. ഭക്തിരസപ്രധാനവും പുരാണസംബന്ധിയായ പ്രമേയങ്ങളും മധ്യകാലചമ്പുക്കളുടെ മറ്റൊരു പ്രത്യേകതയാണ്.

പുനംനമ്പൂതിരിയുടേതാണെന്ന് കരുതപ്പെടുന്ന രാമായണം ചമ്പു, ഭാരതം ചമ്പു, മഴമംഗലം നാരായണൻ നമ്പൂതിരിയുടെ നൈഷധം ചമ്പു എന്നിവയും രാജരത്നാവലീയം, കൊടിയവിരഹം, ചെല്ലൂർ നാഥോദയം എന്നിവയുമെല്ലാം മധ്യകാല ചമ്പുക്കൾക്ക് ഉദാഹരണമാണ്.

## (ii) സന്ദേശകാവ്യങ്ങൾ

കാളിദാസവിരചിതമായ മേഘസന്ദേശത്തെ അനുകരിച്ച് ധാരാളം സന്ദേശകാവ്യങ്ങൾ മറ്റു ഭാഷകളിലെന്ന പോലെ മണിപ്രവാളത്തിലുമുണ്ടായി. ഇവയിൽ ഏറ്റവും പ്രധാനപ്പെട്ടത് എ.ഡി 1350നും 1365നും ഇടയ്ക്ക് രചിക്കപ്പെട്ടതെന്ന് കരുതുന്ന ഉണ്ണുനീലിസന്ദേശമാണ്. കടുത്തുരുത്തിയിലെ വീട്ടിൽ തന്റെ പ്രിയതമയുമൊത്ത് രാസക്രീഡാലസനായി ശയിച്ചിരുന്ന നായകനെ ഒരു യക്ഷി അപഹരിച്ച് ആകാശമാർക്ഷേണ കൊണ്ടുപോകുന്നു. നരസിംഹമന്ത്രം ചൊല്ലി യക്ഷിയിൽനിന്ന് രക്ഷപ്പെടുന്ന നായകൻ തിരുവനന്തപുരത്തെത്തുന്നു. വിരഹാതുരനായ നായകൻ തന്റെ വിവരങ്ങൾ പ്രിയതമയെ അറിയുക്കുന്നതിനായി ആദിത്യവർമ്മ രാജാവിനോട് ആവശ്യപ്പെടുന്നു. തുടർന്ന് ആദിത്യവർമ്മൻ ഉണ്ണുനീലിയ്ക്ക് സന്ദേശമെത്തിയ്ക്കാൻ പുറപ്പെടുന്നു. കടുത്തുരുത്തിയിലേക്കുള്ള മാർഗ്ഗവർണ്ണനയും നായികാവർണ്ണനയും സന്ദേശസൂചനയുമെല്ലാം അടങ്ങിയതാണ് ഉണ്ണുനീലിസന്ദേശം. മറ്റു സന്ദേശകാവ്യങ്ങളിൽനിന്നും ഉണ്ണുനീലിസന്ദേശത്തെ വേറിട്ട് നിർത്തുന്നത് കാവ്യത്തിലുടനീളം തെളിഞ്ഞു കാണുന്ന അക്കാലത്തെ കേരളീയ ജീവിതത്തിന്റെയും സംസ്കാരത്തിന്റെയും പ്രകൃതിവർണ്ണനകളുടെയും നേർക്കാഴ്ചകളാണ്.

കാളംപോലെ കുസുമധനുഷോ ഹന്ത പൂങ്കോഴി കൂകി
ചോളംപോലെ ചിതറി വിതറീ താരകാണാം നികായം

താളം പോലെ പുലരിവനിതയ്ക്കാഗതൗ ചന്ദ്രസൂര്യൗ
നാളം പോലെ നളിനകുഹരാദുദ്ഗതാ ഭൃംഗരാജി.
(ഉണ്ണിനീലിസന്ദേശം)

കാവ്യരചയിതാവിന്റെ കല്പനാചാതുരി വിളങ്ങുന്ന വർണ്ണനകൾ നിറഞ്ഞ ഉണ്ണുനീലി സന്ദേശം പ്രാചീന മണിപ്രവാളസന്ദേശകാവ്യങ്ങളിലെ മകുടമണിയായി തിളങ്ങുന്നു.

ഉണ്ണുനീലിസന്ദേശം പോലെ തന്നെ കല്പനാചാതുരി നിറഞ്ഞ ഒരു കൃതിയാണ് കോകസന്ദേശം. അജ്ഞാതകർത്തൃകമായ ഈ കൃതിയുടെ രചനാകാലം 14–ാം നൂറ്റാണ്ടാണെന്ന് കരുതുന്നു. കാകസന്ദേശം സന്ദേശകാവ്യങ്ങളുടെ അതിപ്രസരണത്തെ പരിഹസിക്കുന്ന മട്ടിലെഴുതിയതാണ്. ശീവൊള്ളി നാരായണൻ നമ്പൂതിരിയുടെ ദാത്യൂഹസന്ദേശവും ഇത്തരത്തിൽ സന്ദേശകാവ്യങ്ങളുടെ അതിപ്രസരത്തെ പരിഹസിച്ചുകൊണ്ടെഴുതിയതാണ്.

1895ൽ പ്രസിദ്ധീകരിച്ച മയൂരസന്ദേശമാണ് ആധുനിക മണിപ്രവാള സന്ദേശകാവ്യങ്ങളിൽ പ്രസിദ്ധം. ആയില്യം തിരുനാളിന്റെ അപ്രീതിയ്ക്കു പാത്രമായി ഹരിപ്പാട്ടുകൊട്ടാരത്തിൽ ഏകാന്തവാസം അനുഭവിക്കേണ്ടിവന്ന കേരളവർമ്മ വലിയകോയിത്തമ്പുരാൻ ഭാര്യയായ ലക്ഷ്മീഭായിക്ക് അയയ്ക്കുന്ന സന്ദേശം എന്ന മട്ടിലാണ് ഈ കാവ്യത്തിന്റെ രചന. ഇതു കൂടാതെ ഹംസസന്ദേശം, കോകിലസന്ദേശം, ശുകസന്ദേശം, വിപ്രസന്ദേശം, റാണിസന്ദേശം എന്നിവയും ആധുനിക സന്ദേശകാവ്യങ്ങളിൽ ഉൾപ്പെടുന്നു.

## (iii) ലീലാതിലകം

മലയാളഭാഷയുടെ വിലമതിക്കാനാവാത്ത സാഹിത്യസമ്പത്താണ് ലീലാതിലകം. "ഇതിന്റെ കാലം 1385 നും 1400 നും ഇടയ്ക്കാണെന്ന് തീർത്ത് പറയാൻ കഴിയും" എന്ന് പ്രൊഫ എൻ. കൃഷ്ണപിള്ള ലീലാതിലകത്തിന്റെ രചനാകാലത്തെപ്പറ്റി അഭിപ്രായപ്പെടുന്നു. മലയാളത്തിലെ ആദ്യത്തെ ഭാഷാശാസ്ത്രഗ്രന്ഥമാണ് ലീലാതിലകം. മണിപ്രവാളലക്ഷണഗ്രന്ഥമായ പ്രസ്തുത ഗ്രന്ഥം അജ്ഞാത കർത്തൃകമാണ്. സൂത്രം, വൃത്തി, ഉദാഹരണം എന്ന ക്രമത്തിൽ രചിച്ചിട്ടുള്ള ഗ്രന്ഥത്തിന്റെ രചന സംസ്കൃതത്തിലാണ്. എട്ട് ശില്പങ്ങളാണ് ലീലാതിലകത്തിലുള്ളത്. ഒന്നാം ശില്പത്തിൽ മണിപ്രവാള ലക്ഷണവും സ്വരൂപവും ചർച്ചചെയ്യുന്നു. മണിപ്രവാള ശരീരനിരൂപണമാണു രണ്ടാം ശില്പം. മൂന്നാം ശില്പം ഭാഷാവിചാരം. നാലാം ശില്പം ദോഷവിചാരവും അഞ്ചാം ശില്പം ഗുണവിശകലനവുമാണ്. ആറാം ശില്പത്തിൽ ശബ്ദാലങ്കാരവും ഏഴാം ശില്പത്തിൽ അർത്ഥാലങ്കാരവും എട്ടാം ശില്പത്തിൽ രസനിരൂപണവുമാണ് ചർച്ചചെയ്യുന്നത്. കേരളഭാഷാസ്വത്വത്തെക്കുറിച്ച് പ്രയോഗികമായ ഒരു വിശകലനമാണ് ലീലാതിലകത്തിൽ നടക്കുന്നത്. 14–ാം ശതകത്തിൽ കേരളത്തിൽ നിലനിന്നിരുന്ന ഭാഷാസാഹിത്യസാമൂഹ്യാവസ്ഥകളുടെ സമഗ്രചരിത്രമാണ് ലീലാതിലകം.

### (iv) ലഘുകവനങ്ങളും ചന്ദ്രോത്സവവും

മണിപ്രവാള സാഹിത്യത്തിന്റെ ഭാഷാപരവും സാഹിത്യപരവുമായ സവിശേഷതകൾ ഉച്ചസ്ഥായിയിൽ എത്തിനില്ക്കുന്ന കാവ്യമാണ് ചന്ദ്രോത്സവം. എ.ഡി. 1500 നടുത്താണ് ഇതിന്റെ രചനാകാലമെന്ന് കരുതുന്നു. കാമകേളീരസപ്രധാനമാണ് കാവ്യം. മേദിനീവെണ്ണിലാവ് എന്ന നായിക നടത്തുന്ന ചന്ദ്രോത്സവമാണ് കാവ്യപ്രമേയം. "യുവ ജനമുതുകെന്നും പൊന്മണിത്തണ്ടുമേറി" വരുന്ന വേശ്യകൾ, അവരെ അനുഗമിക്കുന്ന കാമുകസംഘം എന്നിങ്ങനെ ഒരു കാലഘട്ടത്തിന്റെ സാംസ്കാരിക ജീർണ്ണതയും കാവ്യം വെളിച്ചത്തു കൊണ്ടുവരുന്നു.

വൈശികതന്ത്രം മുതൽ ചന്ദ്രോത്സവം വരെ നീണ്ടുകിടക്കുന്ന മണിപ്രവാള കൃതികളിൽ ഭാഷാപരവും സാഹിത്യപരവുമായ സവിശേഷതകളുള്ള, അനുഭൂതി സുന്ദരവും ഭാവനാപൂർണ്ണവുമായ എഴുപതോളം ലഘുകവനങ്ങളും ഉൾപ്പെടുന്നു. ദേവദാസികളെ വർണ്ണിക്കുന്ന ഈ കവനവിനോദങ്ങൾ അക്ഷരാർത്ഥത്തിൽ പദ്യരത്നങ്ങൾ തന്നെയാണ്.

ഉഡുനികരമെഴുത്തായ്, പത്രമായ്മാന, മൊപ്പായ്
മുഴുമതി, മദനൻ തീട്ടിങ്ങു സന്ധ്യോപനീതം

എന്ന് കാമന്റെ ദൂതിയായ സന്ധ്യയെ വർണ്ണിക്കുന്ന ചെറിയച്ചി, മല്ലീനിലാവ്, കൗണോത്തര, ഉത്തരാചന്ദ്രിക, മാരലേഖ, മലർബാണകേളി എന്നിവ വർണ്ണനാചാതുരി നിറഞ്ഞ ലഘുകാവ്യങ്ങൾക്ക് ഉദാഹരണങ്ങളാണ്.

## 2.4 എഴുത്തച്ഛനും മലയാളഭാഷയും സാഹിത്യവും

"നമുക്കെഴുത്തച്ഛനെടുത്ത ഭാഷാക്രമക്കണക്കേ ശരണം"
(കേരളം - കൊടുങ്ങല്ലൂർ കുഞ്ഞിക്കുട്ടൻ തമ്പുരാൻ)

എന്ന വരി എഴുത്തച്ഛന്റെ പ്രാധാന്യവും മഹത്വവും എത്രത്തോളമെന്ന് വിളിച്ചോതുന്നതാണ്. മലയാളഭാഷയിലെയും സാഹിത്യത്തിലെയും ഏറ്റവും പ്രഫുല്ലമായ ഘട്ടമെന്നു വിശേഷിപ്പിക്കുന്നത് എഴുത്തച്ഛന്റെ കാലഘട്ടത്തെയാണ്. പാട്ട്, മണിപ്രവാളം എന്നിങ്ങനെ രണ്ടുവഴികളിലൂടെ തുടർന്നുവന്ന മലയാളസാഹിത്യം അവ രണ്ടിന്റെയും സമന്വയത്തിലൂടെ പുതിയൊരു ഭാഷാരീതിയിലേക്കും സംസ്കാരത്തിലേക്കും വളർന്നത് എഴുത്തച്ഛനിലൂടെയാണ്. സംസ്കൃതത്തോടോ തമിഴിനോടോ അമിതവിധേയത്വം കാണിക്കാതെ മേൽപ്പറഞ്ഞ വരികളിൽ പറയുന്നതുപോലെ ഭാഷയുടെ തനിമ നഷ്ടപ്പെടാതെ എഴുത്തച്ഛൻ രൂപപ്പെടുത്തിയ പദക്രമക്കണക്ക് കേരളം ഇന്നും പിന്തുടരുന്നു.

എ.ഡി 1500 നും 1580 നും ഇടയിലാണ് എഴുത്തച്ഛന്റെ കാലമെന്ന് കണക്കാക്കുന്നു. അദ്ധ്യാത്മരാമായണം കിളിപ്പാട്ട്, ഭാരതം കിളിപ്പാട്ട്, ഭാഗവതം കിളിപ്പാട്ട്, ഹരിനാമകീർത്തനം, ദേവീമാഹാത്മ്യം, ചിന്താരത്നം എന്നിവയാണ് എഴുത്തച്ഛന്റെ കൃതികൾ എന്നു

കരുതപ്പെടുന്നു. ഇവയിൽ അദ്ധ്യാത്മരാമായണം, ഭാരതം കിളിപ്പാട്ടു കളുടെ രചനയിലൂടെയാണ് അനശ്വരനായ കവിയെന്ന നിലയിലും ഭാഷാ- സംസ്കാരിക പരിഷ്കർത്താവ് എന്ന നിലയിലും തന്റെ സ്ഥാനം അദ്ദേഹം ഉറപ്പിക്കുന്നത്.

കിളിയെക്കൊണ്ടു കഥപറയിക്കുന്ന രീതിയിൽ എഴുതിയിട്ടുള്ള കൃതി കളാണ് കിളിപ്പാട്ടുകൾ എന്നറിയപ്പെടുന്നത്. ഭൂരിഭാഗം വരുന്ന സാധാരണജനത്തിന് പുരാണങ്ങളും വേദങ്ങളുമൊക്കെ നിഷേധിക്ക പ്പെട്ട കാലത്ത് വിലക്കുകളെ ലംഘിക്കുവാൻ വേണ്ടി എഴുത്തച്ഛൻ കണ്ടെത്തിയ ഉപായമായി കിളിപ്പാട്ടിനെ പണ്ഡിതന്മാർ കണക്കാ ക്കുന്നു. പാട്ടുസാഹിത്യത്തിന്റെ ആത്മനാദമായ കാകളി, കേക, കള കാഞ്ചി, മണികാഞ്ചി തുടങ്ങിയ വൃത്തങ്ങളെ മലയാളത്തിന്റെ കാവ്യ ഭംഗി നിറഞ്ഞു തുളുമ്പുന്ന തരത്തിൽ ആവിഷ്കരിച്ചും അന്നനട എന്ന പുതിയ വൃത്തം ആവിഷ്കരിച്ചും മലയാളത്തിന് തനതായ ഒരു ശബ്ദവൈവിധ്യം എഴുത്തച്ഛൻ തുറന്നുകൊടുത്തു.

സംസ്കൃതത്തിലെ രാമായണത്തിന്റെയും മഹാഭാരതത്തിന്റെയും സംക്ഷിപ്ത വിവർത്തനമാണ് എഴുത്തച്ഛൻകൃതികൾ. അതിന് അദ്ദേ ഹത്തിന് മാർഗ്ഗദർശികളായത് പാട്ടുകവികളാണെന്നതിൽ സംശയ മില്ല.

> നരപാലകർ ചിലരതിനു വിറച്ചാർ
> നലമുട ജാനകി സന്തോഷിച്ചാൾ
> അരവാദികൾ ഭയമീടുമിടിധ്വനി-
> യാൽ മയിലാനന്ദിപ്പതുപോലെ

എന്ന് കണ്ണശ്ശരാമായണവും

> ഇടിവെട്ടീടുംവണ്ണം വിൽമുറിഞ്ഞൊച്ചകേട്ടു
> നടുങ്ങീ രാജാക്കന്മാരുരഗങ്ങളെപ്പോലെ
> മൈഥിലി മയിൽപ്പേടപോലെ സന്തോഷം പൂണ്ടാൾ

എന്ന് എഴുത്തച്ഛനും എഴുതിയത് മേൽപ്പറഞ്ഞ വസ്തുതകളെ സാധൂകരിക്കുന്നു. ആവശ്യമായ സ്ഥലങ്ങളിൽ മുൻകൃതികളിൽ നിന്നോ ഭാവനാവിലാസത്തിലൂടെയോ കണ്ടെത്തി, മുൻമാതൃകക ളിൽനിന്ന് ഉചിതമായവ കൂട്ടിച്ചേർത്ത് തന്റേതായ ഒരു മികച്ച കാവ്യ ശില്പം തീർക്കാൻ എഴുത്തച്ഛന് കഴിഞ്ഞു. വേദാന്തതത്വങ്ങളു ടെയും ഭക്തിഭാവത്തിന്റെയും ആവിഷ്കാരമാണ് എഴുത്ത ച്ഛൻകവിത. ഇത്തരത്തിൽ ഭാഷാപരവും സാഹിത്യപരവും സാംസ്കാരികവുമായ പരിഷ്കരണത്തിൽ മുഖ്യപങ്കുവഹിച്ച എഴു ത്തച്ഛനെ മലയാളഭാഷയുടെ പിതാവ് എന്നു വിശേഷിപ്പിക്കുന്നത് അനൗചിത്യമാവില്ല.

## 2.5 പൂന്താനവും ഭക്തിസാഹിത്യവും

എഴുത്തച്ഛന്റെ സമകാലികനായ കവിയാണ് പൂന്താനം. സ്വന്തം ജീവിതാനുഭവങ്ങളെയും അതിൽ നിന്നുരുത്തിരിഞ്ഞ ദർശന ത്തെയും മലയാളത്തിന്റെ എല്ലാ തനിമയോടെയും ഹൃദ്യമായി

ആവിഷ്ക്കരിക്കാൻ പൂന്താനത്തിന് കഴിഞ്ഞു. സ്വന്തം ജീവിത ദുഃഖങ്ങളും ദാരിദ്ര്യവും ഭക്തിയുമായി സംക്രമിപ്പിച്ച ആത്മാവിഷ്കാരത്തിന്റെ ഫലങ്ങളാണ് ജ്ഞാനപ്പാന, സന്താനഗോപാലം, ഭാഷാകർണ്ണാമൃതം തുടങ്ങിയ കൃതികളും കീർത്തനങ്ങളും. ജീർണ്ണമായ സാംസ്കാരിക സാഹചര്യങ്ങളോടും അധഃപതനത്തിലേക്ക് വീണുകൊണ്ടിരിക്കുന്ന മൂല്യബോധങ്ങളോടുമുള്ള സാത്വികമായ കലാപമാണ് പൂന്താനം കൃതികൾ.

കണ്ടുകണ്ടങ്ങിരിക്കും ജനത്തിനെ
കണ്ടില്ലെന്നു വരുത്തുന്നതും ഭവാൻ
രണ്ടുനാലുദിനം കൊണ്ടൊരുത്തനെ
തണ്ടിലേറ്റി നടത്തുന്നതും ഭവാൻ
മാളികമുകളേറിയ മന്നന്റെ
തോളിൽ മാറാപ്പു കേറ്റുന്നതും ഭവാൻ
കണ്ടാലൊട്ടറിയുന്നു ചില, രിതു
കണ്ടാലും തിരിയാ ചിലർക്കേതുമേ

എന്നിങ്ങനെ ജീവിതത്തിന്റെ ലൗകികനശ്വരതകളെ കവി വെളിച്ചത്തു കൊണ്ടുവരുന്നു.

### (i) രാമകഥപ്പാട്ട്

രാമായണകഥയെ അടിസ്ഥാനപ്പെടുത്തി അയ്യപ്പിള്ള ആശാൻ രചിച്ച കൃതിയാണ് രാമകഥപ്പാട്ട്. കേരളീയ ഗാനരീതികളുടെയും ഈണങ്ങളുടെയും അത്യപൂർവ ശേഖരമായ രാമകഥാപ്പാട്ടിനെ മലയാളത്തിലെ ഇതിഹാസകാവ്യമെന്നു വിശേഷിപ്പിക്കാൻ കഴിയും.

## 2.6 കുഞ്ചൻനമ്പ്യാരും തുള്ളൽക്കൃതികളും

കേരളത്തിന്റെ തനതു കലാരൂപങ്ങളായ പടയണി, കോലംതുള്ളൽ, കൂത്ത്, കൂടിയാട്ടം എന്നിവയിൽനിന്ന് വിവിധ ഘടകങ്ങൾ സ്വീകരിച്ച് പുതിയൊരു കലാരൂപത്തിന് കുഞ്ചൻനമ്പ്യാർ ജന്മം നല്കി. അതിന്റെ വാചികരൂപമായി പാട്ടുകളും രചിച്ചു. അവയാണ് പതിനെട്ടാം നൂറ്റാണ്ടിൽ സൃഷ്ടിക്കപ്പെട്ടതെന്ന് കരുതുന്ന തുള്ളൽകലാരൂപവും തുള്ളൽപ്പാട്ടുകളും. പുരാണേതിഹാസങ്ങളിലെ പ്രഖ്യാതകഥകളാണ് പ്രമേയമായി അദ്ദേഹം സ്വീകരിച്ചത്. എങ്കിലും രാജവാഴ്ചയുടെയും ജന്മിവ്യവസ്ഥയുടെയും ഭാഗമായ അരാജകത്വത്തിനും അഴിമതിക്കും സമൂഹം അടിമപ്പെട്ടപ്പോൾ കേരളീയജീവിതം സൃഷ്ടിക്കുന്ന പ്രതിരോധങ്ങളായാണ് നമ്പ്യാർക്കവിതകൾ ആവിഷ്കരിക്കപ്പെട്ടത്.

നമ്പ്യാർ മൂന്നുതരം തുള്ളലുകളാണ് ആവിഷ്കരിച്ചത് - ഓട്ടൻതുള്ളൽ, ശീതങ്കൻതുള്ളൽ, പറയൻതുള്ളൽ എന്നിങ്ങനെ

കഥയിൽ സംഗതിചേർത്തു
കഥിക്കേണമതിൽക്കൂടി
കഥിക്കേണ്ടി വരും കൂത്ത്
കവികളും ചിലദിക്കിൽ

അതുകൊണ്ട് ഭവാന്മാർക്കു
വൈരമൊട്ടും ഭവിക്കൊല്ലാ
ഹിതജ്ഞന്മാരറിഞ്ഞെല്ലാം
സഹിക്കേണം വണങ്ങുന്നേൻ

എന്ന് പൗരാണിക കഥകളെ സമകാലിക സമൂഹത്തിൽ പറിച്ചുനടാനും അതിലൂടെ സാമൂഹിക ദുർനീതികളെ പരിഹസിക്കാനും താൻ നടത്തുന്ന ശ്രമങ്ങളെ അദ്ദേഹം ന്യായികരിക്കുന്നു. വഴിതെറ്റി സഞ്ചരിച്ചിരുന്ന കേരളീയ സമൂഹത്തെ നേർവഴിയിലെത്തിക്കാൻ നമ്പ്യാർക്കും അദ്ദേഹത്തിന്റെ കൃതികൾക്കും കഴിഞ്ഞു. സ്യമന്തകം, ഘോഷയാത്ര, നളചരിതം, കാർത്തവീരാർജ്ജുനവിജയം, കല്ല്യാണസൗഗന്ധികം, സുന്ദോപസുന്ദോപാഖ്യാനം, കൃഷ്ണലീല, ത്രിപുരദഹനം, കീചകവധം, സഭാപ്രവേശം തുടങ്ങിയവയാണ് പ്രധാനപ്പെട്ട നമ്പ്യാർകൃതികൾ.

## 2.7 കുചേലവൃത്തം

രാമപുരത്ത് വാര്യർ രചിച്ച കുചേലവൃത്തം വഞ്ചിപ്പാട്ട് 18-ാം നൂറ്റാണ്ടിലെ മറ്റൊരു പ്രധാനകൃതിയാണ്. ഈശ്വരഭക്തിയെ കാവ്യവിഷയമായി സ്വീകരിക്കുകയും അതോടൊപ്പം രാജാപദാനങ്ങൾ പ്രകീർത്തിക്കുകയും ചെയ്യുന്ന തരത്തിലാണ് കാവ്യരചന. ദൈവത്തെയും രാജാവിനെയും സമന്മാരായി കണക്കാക്കുന്ന ഒരു രാഷ്ട്രീയ ചിന്ത രാമപുരത്ത് വാര്യർ മുന്നോട്ട് വയ്ക്കുന്നു. കുചേലന്റെ സ്വയം മറന്നുള്ള കൃഷ്ണഭക്തിയുടെ ഭാവാഖ്യാനമാണ് കൃതി എന്നുമാത്രമല്ല, വ്യക്തിയെയും സമൂഹത്തെയും നവീകരിക്കുന്നതിൽ ഭക്തിക്കും കവിതയ്ക്കും എത്രത്തോളം സ്ഥാനമുണ്ടെന്നും കുചേലവൃത്തം തെളിയിക്കുന്നു. നതോന്നതാ വൃത്തത്തിൽ രചിക്കപ്പെട്ട കുചേലവൃത്തം, രാമപുരത്തുവാര്യരുടെ തന്നെ മറ്റു കൃതികളായ ഭാഷാഷ്ടപദി, ഐരാവതവധംതുള്ളൽ. പ്രഭാതകീർത്തനം എന്നിവയെ പിന്തള്ളി അഗ്രിമസ്ഥാനത്ത് നിൽക്കുന്നു.

## 2.8 ആട്ടക്കഥാസാഹിത്യം

ഉത്തര കേരളത്തിൽ പ്രചാരത്തിലിരുന്ന കൃഷ്ണനാട്ടം എന്ന കലാരൂപത്തെ അവലംബിച്ച് കൊട്ടാരക്കര തമ്പുരാൻ ആവിഷ്കരിച്ച പുതിയ കലാരൂപമായിരുന്നു കഥകളി. രാമനാട്ടം എന്ന പേരിൽ രാമായണത്തെ വിഷയമാക്കി അവതരിപ്പിച്ച കലാരൂപത്തെ കഥകളിയായി പരിഷ്കരിക്കുകയാണുണ്ടായത്.

കഥകളിയുടെ സാഹിത്യമാണ് ആട്ടക്കഥ. ആട്ടത്തിന് ആവശ്യമായ കഥ അഥവാ കഥകളിയുടെ തിരക്കഥയാണ് ആട്ടക്കഥ. ജയദേവകവിയുടെ ഗീതഗോവിന്ദത്തെയും കൃഷ്ണനാട്ടത്തെയും പിന്തുടർന്ന് ശ്ലോകങ്ങൾ, പദങ്ങൾ എന്നിവ ഇടകലർന്ന ക്രമത്തിലാണ് ആട്ടക്കഥയുടെ രചന. ശ്ലോകങ്ങൾ കവിവാക്യവും പദങ്ങൾ കഥാപാത്രങ്ങളുടെ സംഭാഷണവുമാണ്. ശ്ലോകങ്ങൾ സംസ്കൃതത്തിലും പദങ്ങൾ മലയാളത്തിലുമാണ് രചിച്ചിട്ടുള്ളത്. വളരെ ലഘുവായ രംഗസംവിധാനങ്ങളാണ് കഥകളിയുടേത്. കഥകളിയെ സാഹിത്യരൂപമെന്ന

നിലയിലേക്ക് ഉയർത്തിയത് കോട്ടയം തമ്പുരാനാണ്. അദ്ദേഹത്തിന്റെ ബകവധം, കല്ല്യാണസൗഗന്ധികം, കിർമ്മീരവധം, നിവാതകവചകാലകേയവധം എന്നീ ആട്ടക്കഥകൾ കാലാപരമായ ഔന്നത്യത്തോടൊപ്പം സാഹിത്യനിലവാരവും പുലർത്തുന്നു.

ഉണ്ണായിവാര്യരുടെ നളചരിതമാണ് ആട്ടക്കഥാസാഹിത്യത്തിലെ മറ്റൊരു മികച്ച കൃതി. മഹാഭാരതത്തിലെ നളോപാഖ്യാനത്തെ നാല് ആട്ടക്കഥാഭാഗങ്ങളാക്കി, ഭാവാവിഷ്കാരത്തിനും നാടകീയതയ്ക്കും പ്രാധാന്യമുള്ള ഒരു അഭിനയകാവ്യമാക്കിത്തീർക്കാൻ ഉണ്ണായിവാര്യർക്ക് സാധിച്ചു. ഇരയിമ്മൻ തമ്പിയുടെ ഉത്തരാസ്വയംവരം, ദക്ഷയാഗം, കീചകവധം എന്നിവ അഭിനയരംഗത്ത് തികച്ചും മികവുപുലർത്തുന്ന ആട്ടക്കഥകളാണ്. വി. കൃഷ്ണൻ തമ്പിയുടെ താടകാവധം, കിളിമാനൂർ രവിവർമ്മകോയിത്തമ്പുരാന്റെ രാവണവിജയം എന്നിവയും പ്രസിദ്ധങ്ങളായ ആട്ടക്കഥകളാണ്.

സംഗീതവും സാഹിത്യവും നൃത്യവും ഒരുപോലെ സമ്മേളിക്കുന്ന കഥകളിയിൽ നവരസങ്ങളും ആടിഫലിപ്പിക്കുന്നു. അഭിനയത്തിലെ സാങ്കേതികത്വവും ഭാഷയിലെ സംസ്കൃതപ്രഭാവവും ഒരുകാലത്ത് ഈ രംഗകലയെ സാമാന്യജനങ്ങളിൽ നിന്ന് അകറ്റിനിർത്തിയിരുന്നു. ഇത്തരത്തിൽ പ്രഭ മങ്ങിക്കൊണ്ടിരുന്ന കഥകളിക്ക് പുതുജീവൻ നല്കിയത് മഹാകവി വള്ളത്തോളും അദ്ദേഹം സ്ഥാപിച്ച കേരളകലാമണ്ഡലവുമാണ്.

## 2.9 പുരോഗതി സ്വയം പരിശോധിക്കുക

(1) പാട്ട്, മണിപ്രവാളം എന്നീ സാഹ്ത്യപ്രസ്ഥാനങ്ങളുടെ ലക്ഷണമെഴുതി ഈ പ്രസ്ഥാനങ്ങൾ തമ്മിലുള്ള പ്രധാനവ്യത്യാസങ്ങൾ ചുരുക്കി എഴുതുക.

(2) 'ലീലാതിലകം' എന്ന ഗ്രന്ഥത്തിന്റെ സാഹിത്യമൂല്യമെന്ത്?

(3) എഴുത്തച്ഛനും പൂന്താനവും ഭക്തിപ്രസ്ഥാനത്തിന്റെ രണ്ട് വഴികളാണ് - ഈ അഭിപ്രായം പരിശോധിക്കുക?

## 2.10 ഗദ്യവികാസം മലയാളസാഹിത്യത്തിൽ

പ്രാചീനകാലം മുതൽക്കുതന്നെ മലയാളസാഹിത്യത്തിൽ ഗദ്യശൈലികൾ ഉണ്ടായിരുന്നു. ശിലാശാസനങ്ങൾ, ചെമ്പുപട്ടയങ്ങൾ, ഓലക്കരണങ്ങൾ മുതലായവ അതതുകാലത്തെ ഭാഷാസങ്കരത്തിനും പ്രാദേശിക സാമൂഹ്യചുറ്റുപാടുകൾക്കും മികച്ച തെളിവുകളാണ്. എന്നാൽ ഇവയൊന്നും തന്നെ സാഹിത്യഗുണപ്രധാനങ്ങളല്ലാത്തതിനാലും സാമാന്യകാര്യവ്യവഹാരത്തിന് ഉപയോഗിക്കുന്നതിനാലും സാഹിത്യപഥത്തിലേക്കുയർന്നില്ല.

സാഹിത്യപരമായ സ്ഥാനം കല്പിക്കാവുന്ന, കണ്ടുകിട്ടിയതിൽ പ്രഥമസ്ഥാനത്തുനിൽക്കുന്ന ഭാഷാഗദ്യം ഭാഷാകൗടലീയമാണ്. എ.ഡി. 9-10 കാലഘട്ടത്തിലാണ് ഇതെഴുതിയതെന്ന് കണക്കാക്കുന്നു. കൗടില്യന്റെ അർത്ഥശാസ്ത്രത്തിന്റെ വ്യാഖ്യാനരൂപത്തിലുള്ള ഭാഷാന്തരമാണിത്. ആട്ടപ്രകാരമാണ് ശ്രദ്ധേയമായ മറ്റൊരു പ്രാചീന ഗദ്യവി

ഭാഗം. കൂടിയാട്ടത്തിന്റെ അവതരണരീതിയും അഭിനയപാഠങ്ങളുമാണ് ഇതിൽ അടങ്ങിയിട്ടുള്ളത്. പത്താം നൂറ്റാണ്ടുമുതൽ ആട്ടപ്രകാരങ്ങൾ രചിച്ചിരുന്നതായി കണക്കാക്കപ്പെടുന്നു. മന്ത്രാങ്കം ആട്ടപ്രകാരം, അശോകവനികാങ്കം, മത്തവിലാസം എന്നിവ ആട്ടപ്രകാരങ്ങൾക്ക് ഉദാഹരണങ്ങളാണ്. സാങ്കേതികത്വം നിറഞ്ഞതാണ് ഉള്ളടക്കമെങ്കിലും ഒരു കാലത്തിന്റെ ഗദ്യമാതൃകകളെ മനസ്സിലാക്കാൻ ഉതകുന്ന കൃതികളാണിവ.

കൂടിയാട്ടത്തിന്റെ നിർവഹണരീതിയാണ് ആട്ടപ്രകാരമെങ്കിൽ, നടന്മാരും വിദൂഷകനും അതതു സന്ദർഭങ്ങളിൽ അനുഷ്ഠിക്കേണ്ട ക്രമങ്ങളെക്കുറിച്ച് നിർദ്ദേശിക്കുന്ന ഗദ്യമാണ് ക്രമദീപിക. ഭാഷാപരമായ പ്രത്യേകതകൾ പുലർത്തുന്ന ക്രമദീപികയും മലയാള ഭാഷയിലെ ഗദ്യവികാസത്തിൽ പ്രാധാന്യം അർഹിക്കുന്നു. ഇവയെക്കൂടാതെ മഹാഭാരതത്തിലെ ഭഗവത്ദൂതിനെ അടിസ്ഥാമാക്കി 14-ാം നൂറ്റാണ്ടിൽ രചിച്ച ദൂതവാക്യം, ബ്രഹ്മാണ്ഡപുരാണം, അംബരീക്ഷോപാഖ്യാനം, നളോപാഖ്യാനം, ദേവീമാഹാത്മ്യം എന്നീ കൃതികളും പ്രാചീനഗദ്യമാതൃകകൾക്ക് ഉദാഹരണമാണ്.

ക്രിസ്തുവർഷം 1498 മുതൽ 1741 വരെയുള്ള ഒന്നരനൂറ്റാണ്ടുകാലം കേരള സാഹിത്യ-സാംസ്കാരിക ചരിത്രത്തിലെ പരിവർത്തന ഘട്ടമാണ്. കച്ചവടത്തിന് വന്നവർ ഒരു ദേശത്തിന്റെ രാഷ്ട്രീയകാര്യങ്ങളിലേക്ക് കൈകടത്തുകയും ആധിപത്യം സ്ഥാപിക്കാൻ ശ്രമിക്കുകയും ചെയ്തതിന്റെ ഫലമായി ഭാഷാവിനിമയം സംഭവിക്കുകയും അതുവഴി ശക്തമായ വിദേശപ്രേരണ മലയാളഗദ്യത്തിലുണ്ടാവുകയും ചെയ്തു.

ക്രി. വ. 1599 ൽ നടന്ന ഉദയംപേരൂർ സുനഹദോസിൽവച്ച് നാട്ടുക്രിസ്ത്യാനികളുടെ അനാചാരങ്ങളും അന്ധവിശ്വാസങ്ങളും നീക്കി അവരെ പരിശുദ്ധ റോമാകത്തോലിക്കരാക്കുന്നതിനുള്ള നിർദ്ദേശങ്ങളെപ്പറ്റി പ്രതിപാദിക്കുന്ന കാനോനകളുടെ മലയാളവിവർത്തനം തയ്യാറാക്കി. ഭാഷാവൈകല്യങ്ങളും വ്യാകരണപ്പിഴവുകളുമുണ്ടെങ്കിലും ചാക്കോ കത്തനാർ തയ്യാറാക്കിയ കാനോനകളിലെ ഭാഷാശൈലി ഋജുവും വിശദവും അകൃത്രിമവുമാണ്. എ.ഡി. 1673-1677 നു മിടയ്ക്ക് കേരളീയ വൈദ്യനായ ഇട്ടി അച്യുതന്റെ സഹായത്തോടെ കൊച്ചി കമാൻഡറായ വാൻറീഡ് തയ്യാറാക്കിയതും കേരളീയ ഔഷധങ്ങളെക്കുറിച്ച് പരാമർശിക്കുന്നതുമായ ഹോർത്തൂസ് മലബാറിക്കസ് എന്ന ഗ്രന്ഥവും മലയാളഭാഷാഗദ്യത്തിന്റെ വികാസത്തിൽ എടുത്ത് പറയേണ്ട ഒന്നാണ്. വൈദേശിക മിഷിനറിമാരായിരുന്ന അർണ്ണോസ്പാതിരി, പൗലിനോസ് പാതിരി തുടങ്ങിയവർ മലയാള ഗദ്യസാഹിത്യത്തിന് സ്മരണീയമായ സംഭാവനകൾ നല്കിയവരാണ്. ക്ലെമന്റ് പാതിരിയുടെ സംക്ഷേപവേദാർത്ഥം എന്ന ഗ്രന്ഥത്തിന് തദ്ദേശീയ ക്രിസ്തുമതവിശ്വാസകൾക്കിടയിൽ വളരെ പ്രാധാന്യം ലഭിച്ചിരുന്നു.

പാശ്ചാത്യരുടെ ഗദ്യമാതൃക അതേപടി സ്വീകരിച്ച് കരിയാറ്റിൽ ഔസേപ്പുമെത്രാൻ തയ്യാറാക്കിയ വേദതർക്കം മലയാള സാഹിത്യത്തിന് ഒരു പുതുമ തന്നെയായിരുന്നു.

മലയാളത്തിലെ ആദ്യത്തെ യാത്രാവിവരണഗ്രന്ഥമെന്ന വിശേഷണം കൂടിയുള്ള പാറേമാക്കൽ തോമാക്കത്തനാരുടെ വർത്ത മാനപ്പുസ്തകം ഉത്തമ സാഹിത്യഗുണമുള്ള ഒരു ഗദ്യഗ്രന്ഥമാണ്. ഗ്രന്ഥകാരന്റെ ചൈതന്യം വ്യക്തമായി പ്രതിഫലിപ്പിക്കുന്ന ശൈലി ആദ്യമായി മലയാള ഗദ്യത്തിൽ കാണുന്നത് വർത്തമാനപ്പുസ്തക ത്തിലാണ്.

ഭാഷാഗദ്യവികാസത്തിന് വേഗത കൂട്ടുകയും വിവിധ ദേശങ്ങളിലെ ഗദ്യസ്വഭാവങ്ങൾക്ക് ഐകരൂപ്യം വരുത്തുകയും ചെയ്യുന്നതിൽ കേരളത്തിലെ പത്രപ്രവർത്തനം വളരെ സഹായിച്ചു. ജ്ഞാനനി ക്ഷേപം, പശ്ചിമതാരക, സത്യനാദകാഹളം, കേരളമിത്രം, മലയാളി, മലയാള മനോരമ, സുജനാനന്ദിനി, വിദ്യാവിലാസിനി, ഭാഷാപോ ഷിണി എന്നിങ്ങനെ പത്രങ്ങളും മാസികകളും ഗദ്യത്തിന്റെ പ്രയോ ഗരീതികൊണ്ടും വിഷയവൈവിധ്യംകൊണ്ടും പുതിയ ശൈലീവിശേ ഷങ്ങൾകൊണ്ടും ഭാഷയെ സമ്പുഷ്ടമാക്കി.

1810-മുതൽ 1829 വരെ തിരുവിതാംകൂർ ഭരിച്ചിരുന്ന റാണിലക്ഷ്മിഭാ യിയും റാണിപാർവതീഭായിയും അന്നത്തെ ദിവാനായിരുന്ന കേണൽ മൺട്രോയുടെ സഹായത്തോടെ നാട്ടുഭാഷാവിദ്യാലയ ങ്ങൾ സ്ഥാപിച്ചു. പിന്നീട് ആംഗലഭാഷാപഠനത്തിനുള്ള സൗകര്യ ങ്ങളും അവിടുണ്ടായി. ഈ സംരംഭങ്ങൾ മലയാളഭാഷയിലേക്ക് ഇംഗ്ലീഷ് ശൈലികൾ കടന്നുവരുന്നതിന് കാരണമായി. റവ. ബെഞ്ച മിൻ ബെയ്‌ലിയുടെ മലയാളം - ഇംഗ്ലീഷ് നിഘണ്ടു (1846) റവ.ജോ സഫ് പീറ്റിന്റെ മലയാള വ്യാകരണം (1841) ഇവയെല്ലാം ഇതേ കാല ഘട്ടത്തിന്റെ സംഭവനകളാണ്. 1838 ൽ മിഷനറി പ്രവർത്തനത്തി നായി കേരളത്തിലെത്തിയ ജർമ്മൻകാരനായ ഹെർമൻ ഗുണ്ടർട്ടാണ് മലയാളഭാഷയ്ക്ക് അമൂല്യസംഭാവനകൾ നല്കിയ മറ്റൊരതുല്യപ്രതിഭ. മിഷനറി പ്രവർത്തനത്തിന്റെ ഭാഗമായി അദ്ദേഹം തന്റെ മലയാളഭാഷാപ്രാവീണ്യത്തെ ഭാഷാശാസ്ത്രമേഖ ലയിലേക്കും ഭാഷാവ്യാകരണമേഖലയിലേക്കും വികസിപ്പിച്ചു. ഭാഷ യുമായുണ്ടായ ഈ ഗാഢപരിചയം അദ്ദേഹത്തെ നിഘണ്ടുനിർമ്മാ ണത്തിനു പ്രേരിപ്പിക്കുകയും പത്തു സംവത്സരക്കാലത്തെ പ്രവർത്ത നഫലമായി ഗുണ്ടർട്ടിന്റെ മലയാളം നിഘണ്ടു 1872-ൽ മംഗലാപുരം ബാസൽമിഷൻ അച്ചുകൂടത്തിൽ അച്ചടിക്കുകയും ചെയ്തു. ഏറ്റവും ശാസ്ത്രീയമായ രീതിയിൽ അച്ചടിച്ചിട്ടുള്ള ഒരു നിഘണ്ടു എന്ന ഖ്യാതിയും ഗുണ്ടർട്ടിന്റെ നിഘണ്ടുവിനുണ്ട്.

1869ൽ കേരളവർമ്മ വലിയകോയിത്തമ്പുരാന്റെ അദ്ധ്യക്ഷതയിൽ രൂപീകൃതമായ പാഠപുസ്തകക്കമ്മിറ്റി ആധുനിക മലയാളഗദ്യരച നയ്ക്ക് അടിത്തറപാകി. നിലവാരമുള്ള ഭാഷാഗദ്യപാഠങ്ങൾ നിർമ്മി ക്കുന്നതിന് കേരളവർമ്മയുടെ നേതൃത്വത്തിൽ വലിയൊരു ശ്രമം തന്നെയുണ്ടായി. സാമുവൽ മൗണ്ടറിന്റെ ബയോഗ്രഫിക്കൽ ട്രഷറിയെ അധികരിച്ച് അദ്ദേഹം തയ്യാറാക്കിയ മഹച്ചരിതസംഗ്ര ഹവും ഡച്ച് ആഖ്യായികയായ അക്ബറിന്റെ മലയാളപരിഭാഷയും ഇതിൽ പ്രധാനമാണ്.

ജ്ഞാനോല്പാദനത്തിനുള്ള സുപ്രധാനഘടകം ചരിത്രബോധമാണെന്ന തിരിച്ചറിവ് ഈ കാലഘട്ടത്തിലാണ് കേരളീയ സമൂഹത്തിലുണ്ടായത്. ഇതേത്തുടർന്നാണ് പി. ഗോവിന്ദപ്പിള്ള മലയാളഭാഷയെയും ഭാഷയിലെ സാഹിത്യകൃതികളെയും സംബന്ധിച്ച ചരിത്രം രചിക്കുന്നത്. മലയാളത്തിലെ ആദ്യത്തെ സാഹിത്യചരിത്രകൃതിയായ പി. ഗോവിന്ദപ്പിള്ളയുടെ മലയാളഭാഷാചരിത്രം വ്യക്തി-സമൂഹം-സംസ്കാരം-ഭാഷ എന്നിവയെ സംബന്ധിച്ച് പുതിയ ഒരു അവബോധം നല്കുന്ന കൃതിയായിരുന്നു.

തുടർന്ന് ഏ.ആർ. രാജരാജവർമ്മ രംഗപ്രവേശം ചെയ്തു. ഭാഷയുടെയും സാഹിത്യത്തിന്റെയും സമഗ്രമായ പുരോഗതി ലക്ഷ്യം വെച്ച് പ്രവർത്തിച്ച ഒരു ഭാഷാഭിമാനിയായിരുന്നു അദ്ദേഹം. കേരളപാണിനീയം, സാഹിത്യസാഹ്യം എന്നീ കൃതികളിലൂടെ ഗദ്യസാഹിത്യവികാസത്തിന് സൈദ്ധാന്തികമായ അടിത്തറ നിർമ്മിക്കാൻ അദ്ദേഹത്തിന് കഴിഞ്ഞു.

പത്രപ്രവർത്തനരംഗം കൂടുതൽ ശക്തിയാർജ്ജിക്കുകയും ജനകീയമാവുകയും ചെയ്യുന്ന ഒരു സ്ഥിതിവിശേഷമാണ് പിന്നീടുണ്ടായത്. ആധുനിക കലാ-ശാസ്ത്ര-നിരൂപണരംഗം പത്രപ്രവർത്തനരംഗവുമായി ബന്ധപ്പെട്ട് വളർച്ച പ്രാപിച്ചു. വിദ്വാൻ സി.എസ് നായർ, സി.പി അച്യുതമേനോൻ, സ്വദേശാഭിമാനി കെ. രാമകൃഷ്ണപിള്ള, കേസരി എ.ബാലകൃഷ്ണപിള്ള എന്നിവർ രചിച്ച സാഹിത്യവിമർശനങ്ങളും ഗ്രന്ഥനിരൂപണങ്ങളും ഗദ്യവികാസത്തിനു കാരണമായി. വിദ്യാവിനോദിനിയിലൂടെ സാഹിത്യനിരൂപണത്തെ ഒരു സവിശേഷപ്രസ്ഥാനമാക്കി സി.പി. അച്യുതമേനോൻ വായനക്കാരിൽ പ്രതിഷ്ഠിച്ചു. സ്വദേശാഭിമാനി പത്രത്തിലൂടെ കെ. രാമകൃഷ്ണപിള്ള ഗദ്യഭാഷാപ്രയോഗത്തിന്റെ വിവിധ മേഖലകൾ സാഹിത്യലോകത്തിന് പരിചയപ്പെടുത്തുകയും സാഹിത്യനിരൂപണങ്ങൾ, മുഖപ്രസംഗങ്ങൾ, ജീവചരിത്രങ്ങൾ എന്നിവയിലൂടെ കേരളീയ സമൂഹത്തിന് പുതിയൊരു ദിശാബോധം നൽകാൻ ശ്രമിക്കുകയും ചെയ്തു. പടിഞ്ഞാറൻ ലോകത്തേക്ക് ആധുനിക കേരളം തുറന്നുവച്ച വാതായനമെന്ന് കേസരി ബാലകൃഷ്ണപിള്ളയെ പല നിരൂപകരും വിശേഷിപ്പിച്ചിട്ടുണ്ട്. ഭാരതീയ ഭാഷയിലും സാഹിത്യത്തിലും അസാധാരണമായ അറിവ് ഉണ്ടായിരുന്ന കേസരി പാശ്ചാത്യലോകത്ത് ഉദിച്ചുവരുന്ന പുത്തൻ പ്രവണതകൾ അതതു കാലത്ത് മലയാളത്തിനു പരിചയപ്പെടുത്തി മലയാളസാഹിത്യത്തെയും ജനതയെയും നവീകരിക്കുന്നതിന് പരിശ്രമിച്ചിരുന്നു.

ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തോടെ പദ്യസാഹിത്യത്തോടൊപ്പം ഗദ്യസാഹിത്യവും ആസ്വാദകമനസ്സിനെ കീഴടക്കി. ഗദ്യസാഹിത്യാശ്രിതമായ സാഹിത്യത്തിന് പ്രബലമായ സ്വാധീനമുണ്ടായി. കഥ, നോവൽ, നാടകം, ഉപന്യാസം, ജീവചരിത്രം, ആത്മകഥ, സഞ്ചാരസാഹിത്യം എന്നിങ്ങനെയുള്ള സാഹിത്യവിഭാഗങ്ങളെല്ലാം ഗദ്യപ്രധാനങ്ങളായി. സാഹിത്യത്തെ ജനകീയമാക്കി മാറ്റാനും ഗദ്യത്തിന് സാധിച്ചു. ഗദ്യം സാധാരണ ജനങ്ങളുടെ വ്യവഹാരഭാഷയോട് അടുത്തുനില്ക്കുന്നതാവാം ഇതിനുകാരണം.

## 2.11 നോവലും ചെറുകഥയും

പാശ്ചാത്യസാഹിത്യത്തിൽനിന്ന് ഭാരതത്തിലെ പ്രാദേശിക ഭാഷാ സാഹിത്യത്തിലേക്ക് കടന്നുവന്ന ഉത്കൃഷ്ടമായ ഒരു സാഹിത്യരൂപമാണ് നോവൽ. കൊളോണിയൽ വിദ്യാഭ്യാസവും പാശ്ചാത്യമിഷനറിമാരുടെ സ്വാധീനവുമാണ് ഇത്തരമൊരു സാഹിത്യപോഷണത്തിനും കാരണമായത്. മലയാള നോവൽ സാഹിത്യത്തെക്കുറിച്ചുള്ള ഒരു സംക്ഷിപ്ത വിവരണവും നോവൽ പ്രസ്ഥാനത്തിലെ ചില പ്രധാന വഴിത്തിരിവുകൾക്ക് കാരണമായ കൃതികളും യൂണിറ്റ് -8, നോവൽ വിഭാഗത്തിൽ പ്രതിപാദിച്ചിട്ടുള്ളത് കാണുക.

### ചെറുകഥ

സാഹിത്യരൂപമെന്ന നിലയിൽ ചെറുകഥ കരുത്താർജ്ജിച്ചത് 20-ാം നൂറ്റാണ്ടിലാണ്. ചെറുകഥാസാഹിത്യത്തെ പരിപോഷിപ്പിച്ച് ജനകീയമാക്കിത്തീർത്തത് അന്നത്തെ പത്രമാസികകളാണ്. 1891 ൽ പുറത്തുവന്ന വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ വാസനാവികൃതിയാണ് മലയാളത്തിലെ ലക്ഷണമൊത്ത ആദ്യ ചെറുകഥ. 1891-1899 കാലത്തുണ്ടായ മിക്ക ചെറുകഥകളും പ്രസിദ്ധീകൃതമായത് സാഹിത്യമാസികകളിലാണ്. നോവലിന്റെ സൃഷ്ടിസാധ്യമായ സമാന സാഹചര്യങ്ങളാണ് ചെറുകഥകളുടെ ആവിർഭാവത്തിനും കാരണം. സാഹിത്യപത്രപ്രവർത്തനത്തിന്റെ പരിണതഫലവുമായിരുന്നു ചെറുകഥ. മാധ്യമങ്ങളിലൂടെ പ്രസിദ്ധീകൃതമായതിനാൽ തന്നെ അടുത്തഭാഗം കൈയിൽ കിട്ടുന്നതുവരെ വായനക്കാരിൽ ഉദ്വേഗം നിലനിർത്തുന്നതിന് ആവശ്യമായ അപസർപ്പകസ്വഭാവമുള്ള കഥകളാണ് ആദ്യകാല ചെറുകഥകളിൽ ഭൂരിഭാഗവും. വേങ്ങയിൽ കുഞ്ഞിരാമൻ നായനാരുടെ തന്നെ ദ്വാരക (1892), ഇങ്ങനെ വരുമെന്നു വിചാരിച്ചില്ല (1893), എന്റെ ആദ്യത്തെ ഫീസ് (1894), കലികാലവൈഭവം (1896), എന്റെ കോഴിക്കോട് യാത്ര (1898), അന്യഥാചിന്തിതം കാര്യം (1898) എന്നിവയാണ് ആദ്യകാല ചെറുകഥകളിൽ പ്രമുഖം. പത്തൊമ്പതാം നൂറ്റാണ്ടിൽ നോവൽ സാഹിത്യം കേരളീയ ജീവിതത്തിന് പ്രദാനം ചെയ്ത തരത്തിലുള്ള തീവ്രമായ ജീവിതാവിഷ്കാരമൊന്നും അതേ കാലയളവിൽ പുറത്തുവന്ന ചെറുകഥകളിലുണ്ടായിരുന്നില്ല. പകരം ജനപ്രിയ വിഷയങ്ങളും കുറ്റാന്വേഷണവും കോടതി വ്യവഹാരവും അബദ്ധങ്ങളും തട്ടിപ്പുമൊക്കെയായിരുന്നു വിഷയങ്ങൾ. കലാപരമായി വളരെ മൂല്യങ്ങളൊന്നും ഉണ്ടായിരുന്നില്ലെങ്കിലും പില്ക്കാല ചെറുകഥകളുടെ വികാസത്തിനും ചെറുകഥകളുടെ ജനപ്രിയതയ്ക്കും വഴിതെളിക്കാൻ ആദ്യകാല ചെറുകഥകൾക്കായി.

20-ാം നൂറ്റാണ്ടോടെ സ്ത്രീവിദ്യാഭ്യാസത്തിലൂടെ സ്ത്രീകൾ സാമൂഹ്യരംഗങ്ങളിലേക്ക് കടന്നു വന്നു. ചെറുകഥാസാഹിത്യത്തിലും സ്ത്രീസാന്നിദ്ധ്യം വരികയുണ്ടായി. അമ്പാടി കാർത്ത്യായനിയമ്മയാണ് ഇവരിൽ പ്രമുഖ.

ഇ.വി. കൃഷ്ണപിള്ളയുടെ കാലത്തോടെ ചെറുകഥ പ്രമേയപരമായും രൂപപരമായും പരിണാമങ്ങൾക്ക് വിധേയമായി. സാമാന്യജന

ങ്ങളുടെ ജിവിതവുമായി ഏറെ അടുപ്പമുള്ള പ്രമേയങ്ങൾ അദ്ദേഹം സ്വീകരിച്ചു. കഥയിലെ കൃത്രിമത്വം കളയാനും കഥകളെ സമകാലികമാക്കാനും വേണ്ടി മാത്രം കഥാകൗമുദി എന്ന മാസിക പുറത്തുവരുന്നു. ഇത് ചെറുകഥയെന്ന സാഹിത്യരൂപത്തിന്റെ ജനകീയവത്കരണത്തിന് കാരണമായി.

20-ാം നൂറ്റാണ്ടിന്റെ ആദ്യഘട്ടത്തിൽ കെ.എൻ എഴുത്തച്ഛൻ, സി. അച്യുതക്കുറുപ്പ്, മുത്തിരിങ്ങോട് ഭവത്രാതൻ നമ്പൂതിരി, വി.ടി. ഭട്ടതിരിപ്പാട്, എം.ആർ. ഭട്ടതിരിപ്പാട് എന്നിങ്ങനെ അനേകം കഥാകൃത്തുക്കൾ മലയാളത്തിലുണ്ടായി. സാഹിത്യപരതയ്ക്കപ്പുറം സാംസ്കാരികനവീകരണത്തിനുള്ള ഉപാധിയായി അവർ കഥകളെ കണ്ടു. മലയാള ചെറുകഥയെ ശക്തമായ ഒരു സാഹിത്യവിഭാഗമാക്കി മാറ്റാൻ ഇവർക്ക് സാധിച്ചു.

കേശവദേവ്, തകഴി, എസ്.കെ. പൊറ്റെക്കാട്, കാരൂർ നീലകണ്ഠപ്പിള്ള, ലളിതാംബിക അന്തർജ്ജനം, വൈക്കം മുഹമ്മദ് ബഷീർ, പൊൻകുന്നം വർക്കി, ഉറൂബ്,, കെ. സരസ്വതിയമ്മ എന്നിവരുടെ കാലഘട്ടമെത്തിയപ്പോൾ ചെറുകഥ അദ്ധ്വാനിക്കുന്നവരുടെയും ഭാരം പേറുന്നവരുടെയും പ്രകൃതിയുടെയും സാധാരണ മനുഷ്യരുടെയും ആഖ്യായികകളായി മാറി. സാധാരണ മനുഷ്യന് അവന്റെ തന്നെ അനുഭവങ്ങൾ കഥകളായി ലഭിച്ചപ്പോൾ സാഹിത്യം കൂടുതൽ ജനകീയമായി; സാഹിത്യകാരന്മാർ ജനപ്രിയരും. ഭാഷാപരമായി കൂടുതൽ ജനകീയത ചെറുകഥയ്ക്ക് കൈവന്നതുമായ കാലമാണിവരുടേത്.

1950 കളുടെ തുടക്കമായപ്പോഴേയ്ക്കും ചെറുകഥാസാഹിത്യത്തിന് നവഭാവുകത്വ പരിണാമം സംഭവിക്കുന്ന കാഴ്ചയാണ് കണ്ടത്. ചെറുകഥ സമൂഹത്തിൽ നിന്ന് വ്യക്തിയിലേക്ക് മാറി. കഥാപാത്രത്തിന്റെ വ്യക്ത്യംശത്തിന് പ്രാധാന്യം കൈവന്നു. രണ്ടാംലോകമഹായുദ്ധത്തെത്തുടർന്നുണ്ടായ ദാരിദ്ര്യം, തൊഴിലില്ലായ്മ, സ്വാതന്ത്ര്യാനന്തര ഭാരതത്തിലെ രാഷ്ട്രീയ സാഹചര്യങ്ങൾ, ഇവയെ തുടർന്നുണ്ടായ പ്രവാസ ജീവിതങ്ങൾ ഇവയെല്ലാം നവോത്ഥാനകാല ചെറുകഥകളിലും പ്രതിഫലിക്കുന്നുണ്ട്. ഇന്ദ്രിയസംവേദനക്ഷമമായി ചെറുകഥ മാറി. ദുഃഖം വ്യക്തിമനസ്സിലുണ്ടാക്കുന്ന പ്രതികരണത്തിന് പ്രാധാന്യം നല്കുന്ന തരത്തിലേക്ക് ചെറുകഥകൾ മാറി. ഈ മാറ്റത്തിന്റെ പ്രധാന വക്താക്കളായി നിന്നിരുന്ന ചെറുകഥാകൃത്തുക്കൾ എം.ടി. വാസുദേവൻനായർ, ടി. പത്മനാഭൻ, മാധവിക്കുട്ടി, കോവിലൻ, എൻ.പി. മുഹമ്മദ് എന്നിവരാണ്.

അന്തർമുഖികളും ഏകാന്തവിഷാദത്തിൽ അലയുന്നവരുമായ കഥാപാത്രങ്ങളെ അവതരിപ്പിച്ച എൻ. മോഹനനെപ്പോലെയുള്ള എഴുത്തുകാരെയാണ് പിന്നീട് നാം കാണുന്നത്. ആത്മപ്രകാശനം പോലും അസാധ്യമായിത്തീരുന്ന പ്രതികൂലാവസ്ഥയിൽ കഴിയുന്ന സ്ത്രീജീവിതങ്ങളുടെ ഏകാന്തദുരന്തങ്ങളെ അവതരിപ്പിച്ച കഥാകാരിയാണ് രാജലക്ഷ്മി. 1950 ൽ തന്നെ ശ്രദ്ധേയമായ രീതിയിൽ കഥാസാഹിത്യത്തിൽ ചുവടുറപ്പിച്ച വി.കെ.എന്നും ഒ.വി. വിജയനും ആധുനിക കാലത്ത് അവരുടെ സർഗശേഷിയുടെ മൂർത്തീഭാവം പുറത്തുകൊ

ണ്ടുവന്നു. 1950 കൾക്ക് ശേഷം തന്നെ രംഗപ്രവേശം ചെയ്യുകയും ശ്രദ്ധേയരാകുകയും ചെയ്ത കഥാകാരന്മാരാണ് ജി. വിവേകാനന്ദൻ, മലയാറ്റൂർ രാമകൃഷ്ണൻ, ഉണ്ണികൃഷ്ണൻ പുതൂർ, സി.എൻ ശ്രീകണ്ഠൻനായർ, സി. രാധാകൃഷ്ണൻ, ജയദേവൻ, വിനയൻ, ജി.എൻ. പണിക്കർ മുതലായവർ.

എം. മുകുന്ദൻ, സേതു, ആനന്ദ്, പുനത്തിൽ കുഞ്ഞബ്ദുള്ള, കാക്കനാടൻ, പി. പദ്മരാജൻ, സക്കറിയ തുടങ്ങിയവർ ആധുനിക ചെറുകഥാസാഹിത്യത്തിന്റെ മുഖമുദ്രകളാണ്. ബാഹ്യയാഥാർത്ഥ്യങ്ങളേക്കാൾ വ്യക്ത്യനുഭവങ്ങളുടെ ആന്തരിക സൂക്ഷ്മതയിലേക്ക് ഇറങ്ങിച്ചെല്ലുന്ന തരത്തിലാണ് ഇവരുടെ കഥകൾ. ഭാഷയിലും ആഖ്യാനശൈലിയിലും പ്രകടമായ മാറ്റങ്ങൾ ഇവർ വരുത്തി. ഋജുവും ലളിതവുമായ രചനാശൈലികളോടൊപ്പം ദീർഘവും സങ്കീർണ്ണവും കല്പനാനിബിഡവുമായ ഭാഷാബന്ധത്തെ ഉപയോഗിച്ച് അനുഭവങ്ങളെ ഭാഷാരൂപമാക്കി അവർ മാറ്റി.

ചെറുകഥാസാഹിത്യം ഇന്ന് അന്യുസ്യൂതമായ വികാസത്തിന്റെ പാതയിലാണ്. ചിന്താപരവും സർഗാത്മകവുമായ പരിവർത്തനങ്ങൾ ഇവിടെ സംഭവിച്ചുകൊണ്ടേയിരിക്കുന്നു. യുവ എഴുത്തുകാരുടെ ചലനാത്മകസാന്നിദ്ധ്യം നവഭാവുകത്വപരിണാമങ്ങൾക്ക് കാരണമാകുന്നു. സമകാലിക പ്രതിസന്ധികൾ തിരിച്ചറിയുവാനും അതിജീവിക്കുവാനും സാഹിത്യത്തെ എങ്ങനെ വിനിയോഗിക്കുന്നു എന്ന ചിന്ത വായനക്കാരനിലേക്ക് പ്രത്യക്ഷമായും പരോക്ഷമായും പകരുന്ന തരത്തിൽ അവർ സാഹിത്യത്തെ രൂപപ്പെടുത്തുന്നു. ടി.വി. കൊച്ചുബാവ, അശോകൻ ചരുവിൽ, വി.ആർ സുധീഷ്, സാറാജോസഫ്, ശിഹാബുദ്ദീൻ പൊയ്ത്തുംകടവ്, എൻ. പ്രഭാകരൻ, കെ.പി. രാമനുണ്ണി, അംബികാസുതൻ മാങ്ങാട്, പ്രിയ എ.എസ്സ്, കെ.പി.സുധീര, ഗീതാഹിരണ്യൻ, സന്തോഷ് എച്ചിക്കാനം, ബി. മുരളി, സുഭാഷ് ചന്ദ്രൻ, സി.എസ്. ചന്ദ്രിക, കെ.ആർ. മീര, ഇ.പി. ശ്രീകുമാർ, ആർ. ഉണ്ണി എന്നിങ്ങനെ ഒരു നീണ്ട നിര തന്നെ മലയാള ചെറുകഥാസാഹിത്യരംഗത്ത് ഉണർവോടെ നിലനിൽക്കുന്നു. പുതിയ കാലത്തിന്റെ പരിഷ്കാരങ്ങൾക്കും പരിണാമങ്ങൾക്കും വിധേയമായി ചെറുകഥാസാഹിത്യം വളർന്നുകൊണ്ടേയിരിക്കുന്നു.

## 2.12 നാടകസാഹിത്യചരിത്രം

മലയാള നാടക സാഹിത്യചരിത്രത്തെക്കുറിച്ചുള്ള സംക്ഷിപ്ത വിവരണവും നാടകസാഹിത്യത്തിലെ നാഴികക്കല്ലുകളായ നാടകങ്ങളെക്കുറിച്ചുള്ള വിവരണവും യൂണിറ്റ് 9 നാടകവിഭാഗത്തിൽ ചേർത്തിരിക്കുന്നത് കാണുക.

## 2.13 വെണ്മണിപ്രസ്ഥാനം

കൊടുങ്ങല്ലൂർ കോവിലകത്തെ കേന്ദ്രീകരിച്ച് പ്രവർത്തിച്ചിരുന്ന ഒരു കവി മണ്ഡലത്തിന്റെ രചനാസമ്പ്രദായ സംരംഭങ്ങളാണ് വെണ്മണി ക്കവിതകൾ. ചേലപ്പറമ്പു നമ്പൂതിരിയും പൂന്തോട്ടം നമ്പൂതിരിയുമാണ് ഈ കാവ്യസരണിക്ക് രൂപം നല്കിയത്. ഭാഷാരീതിയിലും

രചനാസമ്പ്രദായത്തിലും കാവ്യവിഷയസ്വീകരണത്തിലും വെണ്മണിക്കവിതകൾ വേറിട്ടു നിന്നു. സംസ്കൃതത്തിന്റെ ബാഹുല്യത്തെ പാടേ ഉപേക്ഷിക്കുകയും പകരം നാടോടിമലയാള പദങ്ങൾ ഉപയോഗിക്കുകയും ചെയ്തു. അർത്ഥഗ്രാഹ്യത്തിന് ക്ലേശമില്ലാത്തതും കേൾക്കാൻ സുഖമുള്ളതുമായ ശബ്ദങ്ങളാണ് അവർ ഉപയോഗിച്ചത്. പുരാണേതിഹാസ വിഷയങ്ങളെ മാറ്റിനിർത്തി സാമൂഹ്യവിഷയങ്ങളിലേക്ക് അവർ ഇറങ്ങിച്ചെന്നു. സരസലളിതമായ അവതരണരീതിയും ഭാഷയും വെണ്മണിക്കവിതകളുടെ പ്രചാരണത്തിന് കാരണമായി. തൂലികാചിത്രങ്ങൾ വെണ്മണിക്കവികൾക്ക് ഒരു വിനോദം പോലെയായിരുന്നു. ഈശ്വരസ്തുതിപോലും പലപ്പോഴും ഇത്തരത്തിൽ തൂലികാചിത്രങ്ങളായി കലാശിച്ചിട്ടുണ്ട്.

അക്കാലത്ത് നിലനിന്നിരുന്ന പത്രമാസികകളായിരുന്നു വെണ്മണിക്കവിതകളുടെ കേളീരംഗം. അന്യോന്യം പ്രശംസിക്കാനും വിമർശിക്കാനും വാദപ്രതിവാദങ്ങൾ നടത്താനും അവർ കവിതയെ കൂട്ടുപിടിച്ചു. കവിതാരൂപത്തിലുള്ള കത്തുകളും സമസ്യാപൂരണവും സാർവത്രികമായി. മുക്തകങ്ങളുടെ രചനയ്ക്കും കവികളെ പൂക്കളോടും മൃഗങ്ങളോടും പുരാണകഥാപാത്രങ്ങളോടും ഉപമിച്ചെഴുതുന്ന കാവ്യരചനയ്ക്കും പത്രമാസികകൾ കാരണമായി.

വെണ്മണി മഹൻ നമ്പൂതിരിയുടെ പൂരപ്രബന്ധം, കവിപുഷ്പമാല, കുഞ്ഞിക്കുട്ടൻ തമ്പുരാന്റെ പാലുള്ളിചരിതം, കേരളം, തുപ്പൽകോളാമ്പി, കൂടൽമാണിക്യം. കുണ്ടൂർ നാരായണമേനോന്റെ കോമപ്പൻ, കർണ്ണൻ, ശക്തൻതമ്പുരാൻ എന്നീ കവിതകളെല്ലാം വെണ്മണിക്കവിതകളുടെ പോരായ്മകൾ കലരാത്ത ഭാവസുന്ദരകാവ്യങ്ങളാണ്. കവിപുഷ്പമാല, കവിമൃഗാവലി, കവിരാമായണം, കവിഭാരതം എന്നിങ്ങനെ നിരവധി കാവ്യങ്ങളും ഒട്ടനേകം മുക്തകങ്ങളും വെണ്മണിക്കവിതകൾക്കുദാഹരണമായിട്ടുണ്ട്.

വെണ്മണിക്കവിതകളുടെ തകർച്ചയ്ക്ക് കാരണം ആസ്വാദക ഹൃദയങ്ങളെ പിടിച്ചിരുത്തി ചിന്തിപ്പിക്കാൻ കഴിയാതിരുന്നതാണ്. പ്രഭുവംശീയരായ വെണ്മണിക്കവികളുടെ ജീവിതം പോലെ അനായാസവും അലസവുമായ കവിതകൾ സാധാരണക്കാരെ ആകർഷിച്ചില്ല എന്നത് വസ്തുതയാണ്. വെണ്മണിക്കവിതകൾക്ക് വിനോദമാർഗ്ഗം എന്നതിൽ കവിഞ്ഞ സർവോത്ക്കർഷതയൊന്നും ഇല്ലായിരുന്നു എന്നു വേണം കരുതാൻ.

## 2.14 മഹാകാവ്യങ്ങൾ മലയാളത്തിൽ

സംസ്കൃതപരിജ്ഞാനമോ സംസ്കൃതാഭിമാനമോ ഉള്ള പണ്ഡിതന്മാരായിരുന്നു കേരളവർമ്മ ഉൾപ്പെടെയുള്ള അന്നത്തെ സാഹിത്യകാരന്മാർ. സംസ്കൃതസാഹിത്യത്തെ അവലംബിച്ചും അതിന്റെ സമ്പ്രദായം പ്രതിഫലിപ്പിച്ചും അവർ കാവ്യങ്ങൾ എഴുതി. സംസ്കൃതത്തിലെ മഹത്തായ മഹാകാവ്യശാഖ മലയാളത്തിലെത്തുന്നത് ഈ സംസ്കൃതാഭിമുഖ്യത്തിലൂടെയാണ്.

അഴകത്തു പത്മനാഭക്കുറുപ്പിന്റെ രാമചന്ദ്രവിലാസത്തോടെയാണ് മലയാളത്തിൽ മഹാകാവ്യപ്രസ്ഥാനത്തിനു തുടക്കം കുറിക്കുന്നത്.

പിന്നീട് പന്തളം കേരളവർമ്മയുടെ രുഗ്മാംഗദചരിതം, കെ.സി കേശവപിള്ളയുടെ കേശവീയം, ഉള്ളൂരിന്റെ ഉമാകേരളം, കൊച്ചുണ്ണിത്തമ്പുരാന്റെ പാണ്ഡവോദയം, മലയാംകൊല്ലം, ക്രൈസ്തവീയമായ വിഷയത്തെ അടിസ്ഥാനമാക്കി കട്ടക്കയത്തിൽ ചെറിയാൻ മാപ്പിള രചിച്ച ശ്രീയേശുവിജയം, കെ.വി. സൈമണിന്റെ വേദവിഹാരം എന്നിവ പ്രസിദ്ധങ്ങളായ മഹാകാവ്യങ്ങളാണ്. ഈ കൃതികളെല്ലാം സ്വതന്ത്രകൃതികളാണെങ്കിലും സംസ്കൃത മഹാകാവ്യങ്ങളിലെ ആശയങ്ങളും അലങ്കാരങ്ങളും കല്പനകളും ഇവയിൽ ധാരാളമായി കാണാൻ കഴിയും. ഇതിൽനിന്ന് വ്യത്യസ്തത പുലർത്തുന്നത് ഉള്ളൂരിന്റെ ഉമാകേരളം മഹാകാവ്യമാണ്. തിരുവിതാംകൂർ ചരിത്രത്തിലെ ഒരു കാലഘട്ടമാണ് ഇതിൽ ആവിഷ്കരിച്ചിരിക്കുന്നത്. സംസ്കൃതവൃത്തങ്ങൾക്ക് പകരം ദ്രാവിഡവൃത്തങ്ങൾ ഉപയോഗിച്ചുകൊണ്ട് കെ.വി. സൈമൺ രചിച്ച വേദവിഹാരവും വ്യത്യസ്തത പുലർത്തുന്നു. ഭാവാവിഷ്കരണത്തിലും സന്ദർഭസന്നിവേശത്തിലും വസ്തുവർണ്ണനകളിലും തികഞ്ഞ ഔചിത്യം പുലർത്തുന്ന കൃതിയാണ് കെ.സി. കേശവപിള്ളയുടെ കേശവീയം മഹാകാവ്യം.

## പ്രാസവാദം

1893 ലാണ് പ്രാസവാദത്തിന്റെ തരംഗങ്ങൾ കേരളത്തിൽ ഉയർന്നുവന്നത്. 1893 ൽ പുറത്തിറങ്ങിയ ഭാഷാപോഷിണിയിൽ കവികളുടെ ദ്വിതീയാക്ഷരപ്രാസഭ്രമത്തെ ആക്ഷേപിച്ചുകൊണ്ട് ഒരു ലേഖനം അടിച്ചുവന്നു. ഈ ലേഖനം മലയാളകവിതയിൽ വലിയ കോലാഹലങ്ങൾ സൃഷ്ടിച്ചു. മലയാള കവിതയ്ക്ക് ദ്വിതീയാക്ഷരപ്രാസം കൂടിയേ തീരൂ എന്ന് കേരളവർമ്മയും നടുവത്തച്ഛൻ നമ്പൂതിരിയും അഭിപ്രായപ്പെട്ടപ്പോൾ കേരളവർമ്മയുടെ മരുമകൻ കൂടിയായ ഏ. ആർ രാജരാജവർമ്മയും കൂട്ടരും പ്രാസം കവിതയിൽ അനാവശ്യമാണെന്ന് വാദിച്ചു. ഇതിന് മറുപടിയായി കേരളവർമ്മ പ്രാസനിഷ്കർഷയോടെ അന്യാപദേശശതകം ഭാഷയിലേക്ക് വിവർത്തനം ചെയ്തു. തുടർന്ന് തിരുവനന്തപുരം മഹാരാജാസ് കോളേജിലെ മലയാളസമാജത്തിൽ കേരളവർമ്മയുടെ അദ്ധ്യക്ഷതയിൽ നടന്ന യോഗത്തിൽ കെ.സി. കേശവപിള്ള പ്രാസപ്രയോഗത്തിനെതിരായ വീക്ഷണങ്ങൾ അവതരിപ്പിക്കുകയും കേരളവർമ്മ ഇതിനെയെല്ലാം ഖണ്ഡിക്കുകയും ചെയ്തു. എന്നാൽ കവിതയിലെ അർത്ഥപുഷ്ടിയാണ് ശബ്ദഭംഗിയേക്കാൾ ആദരണീയമായിട്ടുള്ളതെന്ന് ഏ.ആർ. വാദിച്ചുകൊണ്ടേയിരുന്നു. കെ.സി. കേശവപിള്ള ഏ.ആർ അനുകൂലിയായി പ്രാസത്തെ എതിർത്തും ഉള്ളൂർ കേരളവർമ്മപക്ഷത്ത് പ്രാസത്തെ അനുകൂലിച്ചും വാദപ്രതിവാദങ്ങൾ നടത്തി. ഒടുവിൽ പ്രാസനിർബ്ബന്ധത്തോടെ ഉള്ളൂർ ഉമാകേരളവും ദ്വിതീയാക്ഷരം വെടിഞ്ഞ് കെ.സി. കേശവപിള്ള കേശവീയവും രചിച്ചു. ഒരു ദീർഘസമരത്തിന് പരിസമാപ്തി കുറിക്കാനായി പലരും ശ്രമിക്കുകയും ഒടുവിൽ പ്രാസാനുകൂലിയായ കേരളവർമ്മ പ്രാസപ്രയോഗനിയമം ഒഴിവാക്കി ദൈവയോഗം എന്ന കാവ്യം രചിച്ചതോടെ മലയാളകവിതാരംഗം ശാന്തമായി.

പ്രാസവാദംകൊണ്ട് മലയാളകവിതയ്ക്കുണ്ടായ പ്രധാന ഗുണം കാവ്യധർമ്മത്തെപ്പറ്റി കവികൾ ചിന്തിച്ചു തുടങ്ങി എന്നതാണ്. കാവ്യരചനയിൽ ഭാവപോഷണത്തിനാണ് പ്രഥമ സ്ഥാനമെന്നും ശബ്ദാലങ്കാരങ്ങൾക്ക് അർഥവൈചിത്ര്യത്തേക്കാൾ താണസ്ഥാനമേയുള്ളുവെന്നും കവിതകൾ വെറും വിനോദം മാത്രമായി കണ്ട പല കവികൾക്കും മനസ്സിലാക്കിക്കൊടുക്കാൻ കേരളത്തിലെ കാവ്യചർച്ച കാരണമായി.

## 2.15. പുരോഗതി സ്വയം പരിശോധിക്കുക

(1) മലയാളസാഹിത്യത്തിൽ ഗദ്യശാഖയുടെ വികാസം ചുരുക്കി വിവരിക്കുക

(2) മറ്റു സാഹിത്യശാഖകളെ അപേക്ഷിച്ച് നാടകത്തിന്റെ വളർച്ച ആധുനികകാലത്താണ് - വിചിന്തനം ചെയ്യുക.

(3) 'പ്രാസവാദം' എന്നാൽ എന്ത്? കാവ്യരചനയിലും കാവ്യനിരൂപണത്തിലും ഈ വാദം ചെലുത്തിയ സ്വാധീനം വ്യക്തമാക്കുക.

## 2.16 നവോത്ഥാന മലയാളകവിത

സംസ്കൃതത്തെപ്പോലെ തന്നെ മലയാള കവിതയെ സ്വാധീനിച്ച മറ്റൊരു ഭാഷയാണ് ഇംഗ്ലീഷ്. പാശ്ചാത്യരിൽനിന്ന് പലതും പഠിക്കുകയും കാവ്യരംഗത്ത് പല പരിവർത്തനങ്ങൾക്കും അത് കാരണമാകുകയും ചെയ്തിട്ടുണ്ട്. ഏ.ആർ. രാജരാജവർമ്മ തന്നെയാണ് ഈ നവ്യകാവ്യാനുഭൂതിയെ മലയാളിക്ക് പരിചയപ്പെടുത്തിയത്. 1895 ൽ ഏ.ആർ എഴുതിയ "മലയവിലാസം" എന്ന കൃതിയാണ് ഇന്ന് കാണുന്ന തരത്തിലേക്ക് കവിതയെ വളർത്തിക്കൊണ്ടുവന്ന പ്രഥമ കൃതി. തമിഴ്നാട്ടിൽ നിന്ന് തിരുവിതാംകൂറിലേക്ക് തീവണ്ടിമാർഗ്ഗം യാത്രചെയ്യുന്നതിനിടയിൽ കാണുന്ന പ്രകൃതി, കവിമനസ്സിൽ സൃഷ്ടിച്ച വികാരങ്ങളുടെയും വിചാരങ്ങളുടെയും പ്രതിഫലനമാണ് മലയവിലാസം എന്ന ലഘുകാവ്യം. പ്രകൃതിവർണ്ണന മുൻപും കാവ്യവിഷയമായിട്ടുണ്ടെങ്കിലും ആത്മഗീത (ലിറിക്ക്) സ്വഭാവത്തിലെഴുതിയ മലയവിലാസം അതുവരെ നിലനിന്നിരുന്ന കാവ്യരചനാസമ്പ്രദായങ്ങളിൽനിന്ന് വ്യത്യസ്തമായിരുന്നു. ഹ്രസ്വവും ഭാവതീവ്രവുമായ മലയവിലാസം പിന്നീട് വന്ന ഒരുപാട് രചനകൾക്ക് പ്രചോദകമായി മാറി.

1902 ൽ സി.എസ് സുബ്രഹ്മണ്യൻപോറ്റിയുടെ ഒരുവിലാപവും വി.സി ബാലകൃഷ്ണപ്പണിക്കരുടെ ഒരു വിലാപവും വിശ്വരൂപവും പുറത്തു വന്നു. നൂതനരീതിയിലുള്ള ഖണ്ഡകാവ്യപ്രസ്ഥാനത്തിന്റെ വളർച്ചയിലെ ആദ്യപടികളായിരുന്നു ഈ കൃതികൾ. ഇംഗ്ലീഷിലെ ഭാവഗീതങ്ങളോട് തുല്യമായ വിലാപകാവ്യങ്ങൾ മലയാളത്തിൽ ഉണ്ടായി. കെ.സി. കേശവപിള്ളയുടെ ആസന്നമരണചിന്താശതകം, ഭാഷാപരമായും ആശയപരമായും വ്യത്യസ്തതയും മേന്മയും പുലർത്തുന്ന വിലാപകാവ്യമാണ്. ക്ലാസ്സിക് പാരമ്പര്യത്തിൽനിന്ന് നിശ്ശേഷം വിട്ടുമാറാത്തവരും എന്നാൽ റൊമാന്റിക് പ്രവണതകൾ ഉൾക്കൊള്ളാൻ തയ്യാറായവരുമായ പ്രീറൊമാന്റിക് കവികളായി

രുന്നു ഇവർ. ഇവർ തെളിച്ച പാതയിലൂടെയാണ് അനന്തരകാലത്ത് സാഹിത്യം പൂർണ്ണമായ വളർച്ച നേടിയത്.

## കുമാരനാശാൻ

നേരം കൊല്ലികളായ കാവ്യയത്നങ്ങളല്ല കവിതയ്ക്ക് ആവശ്യമെന്ന് ആഹ്വാനം ചെയ്തുകൊണ്ട് ആത്മാവിഷ്കാരപരവും ഭാവതീവ്രവും ആശയോജ്ജ്വലവുമായ ഒരു അദ്ധ്യായം മലയാള കാവ്യസരണിയിൽ എഴുതിച്ചേർത്തയാളാണ് കുമാരനാശാൻ. മലയാള കാവ്യലോക ത്തിന് അദ്ദേഹം നൽകിയ നിത്യസുന്ദരമായ പുഷ്പമാണ് വീണ പൂവ്.

ആശാന്റെ പ്രഥമ കവിതയല്ല വീണപൂവ്. എന്നാൽ ശ്രീനാരായണഗു രുവിന്റെ ശിക്ഷണത്തിൽ ഭാരതീയ തത്ത്വചിന്തയിലേക്കും ആത്മീയ വിചാരങ്ങളിലേക്കുമൊക്കെ കടന്ന ആശാന്റെ കാവ്യലോകത്തിലെ പ്രഥമഗണനീയമായ കൃതിയാണ് വീണപൂവ്. ബംഗാളിസാഹിത്യവു മായുള്ള പരിചയവും ആംഗലേയ സാഹിത്യത്തിന്റെ സ്വാധീനവും കുമാരനാശാന് വേറിട്ട കാഴ്ചപ്പാടുകൾ നല്കി. വീണപൂവിനു ശേഷം അദ്ദേഹം എഴുതിയ എല്ലാ കവിതകളിലും മേല്പറഞ്ഞ ഘട കങ്ങളുടെ സ്വാധീനം ദർശിക്കാൻ കഴിയും. നളിനി, ലീല, ശ്രീബുദ്ധ ചരിതം, ഗ്രാമവൃക്ഷത്തിലെ കുയിൽ, പ്രരോദനം, ചിന്താവിഷ്ടയായ സീത, ദുരവസ്ഥ, ചണ്ഡാലഭിക്ഷുകി, കരുണ എന്നീ കാവ്യങ്ങളും പുഷ്പവാടി, വനമാല, മണിമാല എന്നീ സമാഹാരകൃതികളും കാവ്യനിരൂപണങ്ങളുമൊക്കെ ആശാൻ കാവ്യലോകത്തിന് നൽകിയ സംഭാവനകളാണ്.

സ്നേഹത്തിന്റെ മഹത്വവത്കരണമാണ് ആശാൻ കവിതകൾക്ക് അധിഷ്ഠാനം. മാംസനിബദ്ധമായ ലൗകികപ്രേമമല്ലത്. പരിപാവന മായ ആത്മാർപ്പണമാണ്. ഏ. ആറിന്റെ ദേഹവിയോഗം ആശാനിൽ സൃഷ്ടിച്ച മുറിവുകളാണ് പ്രരോദനം എന്ന കാവ്യത്തിന് ഹേതുവാ യിത്തീർന്നത്. സ്വന്തം ഭാര്യയെ പ്രജാഹിതം മാനിച്ച് കാട്ടിലുപേ ക്ഷിച്ചുപോയ ശ്രീരാമനെ സീതയിലൂടെ ആശാൻ വിമർശിക്കുന്ന കാഴ്ച ചിന്താവിഷ്ടയായ സീതയിൽ കാണാൻ കഴിയും. സാമൂഹ്യ നവീകരണമായിരുന്നു ആശാന്റെ ലക്ഷ്യം. ജാതിവ്യവസ്ഥയും അയി ത്താചാരവുംകൊണ്ട് കളങ്കപ്പെട്ടിരുന്ന മലയാളമണ്ണിനെ ശുദ്ധീകരി ക്കാനും മാനവിക മൂല്യങ്ങളിൽ വേരൂന്നി മാനവിക സ്നേഹത്തിന്റെ ഗാഥകൾ തന്റെ കവിതകളിലൂടെ പാടാനും അദ്ദേഹം ശ്രമിച്ചു. ഇത്ത രത്തിൽ ജാതിവ്യവസ്ഥയെ നിന്ദിച്ച് ലോകവ്യാപകമായ സ്നേഹ ത്തിന്റെ മഹത്വം ഉദ്ഘോഷിക്കുന്ന കവിതയാണ് ചണ്ഡാലഭി ക്ഷുകി. പുലയയുവാവും ബ്രാഹ്മണകന്യകയും തമ്മിലുള്ള വിവാഹം നടത്തി സമൂഹത്തിൽ വിപ്ലവകരമായ മാറ്റങ്ങൾ സൃഷ്ടിച്ച ആശാന്റെ ദുരവസ്ഥ എന്ന കവിത സമകാലികപ്രസക്ത മാണ്. ബുദ്ധന്റെ തത്വചിന്തയിൽ തത്പരനായിരുന്ന ആശാൻ, ശ്രീബുദ്ധന്റെ ജീവിതത്തെ അടിസ്ഥാനമാക്കി രചിക്കപ്പെട്ട ലൈറ്റ് ഓഫ് ഏഷ്യ (Light of Asia) എന്ന കൃതി മലയാളത്തിലേക്ക് വിവർത്തനം ചെയ്തു. മാനവികതയും നിസ്വാർത്ഥസ്നേഹവും

നിറഞ്ഞ ജീവിതസത്യത്തെ സംരക്ഷിക്കുവാൻ "നൂറാവൃത്തി ചത്തീടുവിൻ" എന്നദ്ദേഹം ലോകത്തോട് ആഹ്വാനം ചെയ്തു.

ഭാവഗംഭീരനായ കവിയായിരുന്നു ആശാൻ. അടക്കാനാകാത്ത ആന്തരിക പ്രചോദനം കൊണ്ട് കാവ്യസൃഷ്ടി നടത്തിയിരുന്ന ആശാന് നിരർത്ഥക ശബ്ദവിന്യാസംകൊണ്ട് കവിതയെ നിറയ്ക്കുന്നതിൽ താത്പര്യമുണ്ടായിരുന്നില്ല. സംസ്കൃത വൃത്തങ്ങളും അലങ്കാരങ്ങലുമെല്ലാം തന്റെ കാവ്യസൃഷ്ടിക്ക് അനുഗുണമാം വിധം ഉപയോഗിക്കാൻ ആശാൻ ശ്രമിച്ചിരുന്നു. നവോജ്ജ്വലമായ ഒരു കാവ്യസമ്പ്രദായം രൂപീകരിച്ച് ആസ്വാദകമനസ്സുകളെ കീഴടക്കിയ ഒരു മായികപ്രപഞ്ചത്തിന്റെ സ്രഷ്ടാവായിരുന്നു ആശാൻ.

### വള്ളത്തോൾ നാരായണമേനോൻ

പാരമ്പര്യ സാഹിത്യപ്രസ്ഥാനങ്ങളിൽ പ്രവർത്തിച്ച് കാവ്യങ്ങളെഴുതിയിരുന്ന വള്ളത്തോളിന്റെ കാവ്യജീവിതത്തിൽ പരിവർത്തനം വരുത്തിയത് ബധിരവിലാപം എന്ന കാവ്യമാണ്. 1910 ൽ രചിച്ച പ്രസ്തുത കാവ്യം അദ്ദേഹത്തിന്റെ അനുഭവം തന്നെയാണ്. ബന്ധനസ്ഥനായ അനിരുദ്ധനു മുൻപു തന്നെ ഒട്ടധികം കാവ്യങ്ങൾ വള്ളത്തോൾ എഴുതിയിരുന്നെങ്കിലും അവയെല്ലാം തന്നെ യാഥാസ്ഥിതിക സംസ്കൃത പാരമ്പര്യത്തിന്റെ ചുവടുപിടിച്ച് രചിച്ചവയായിരുന്നു. അവയിൽനിന്ന് വ്യത്യസ്തത പുലർത്തുന്ന ബന്ധനസ്ഥനായ അനിരുദ്ധൻ വള്ളത്തോളിന്റെ കാവ്യജീവിതത്തിലെ നാഴികക്കല്ലാണ്. ഗണപതി എന്ന ഖണ്ഡകാവ്യവും ചിത്രയോഗം എന്ന മഹാകാവ്യവും രചനാശ്രേണിയിലുൾപ്പെടുന്ന മറ്റു കൃതികളാണ്. പ്രമേയങ്ങൾ പഴയതാണെങ്കിലും അവയെ കൈകാര്യം ചെയ്യുന്ന രീതിക്ക് വ്യത്യാസം വന്നു. ശിഷ്യനും മകനും, അച്ഛനും മകളും, ബന്ധനസ്ഥനായ അനിരുദ്ധൻ ഇവയിലെല്ലാം ഈ വ്യതിരിക്തത പ്രകടമാണ്.

1920 ഓടെ ഗാന്ധിജി ദേശീയ നേതൃത്വത്തിലേക്ക് എത്തിച്ചേരുകയും നമ്മുടെ ദേശീയത പുതിയ ഉണർവ്വ് നേടുകയും ചെയ്തത് ചരിത്രമാണ്. ദേശീയതയും ദേശാഭിമാനവും ഇക്കാലഘട്ടത്തിൽ വള്ളത്തോൾക്കവിതകളിലേക്കും കടന്നുചെന്നു. ഏറ്റവും കൂടുതൽ പ്രചരിച്ച വള്ളത്തോളിന്റെ ഖണ്ഡകാവ്യം മഗ്ദലനമറിയമാണ്. ക്രിസ്തീയചരിതവും പാശ്ചാത്താപത്തിലൂടെ പ്രായശ്ചിത്തം എന്ന ക്രിസ്തുദർശനവും അദ്ദേഹം ഈ കാവ്യത്തിൽ ഉള്ളടക്കം ചെയ്തു. കൊച്ചുസീത, അച്ഛനും മകളും എന്നീ കവിതകളെല്ലാം മഹാകവിയുടെ ദർശനത്തിന്റെ ദീപ്തദൃഷ്ടാന്തങ്ങളാണ്.

വള്ളത്തോളിന്റെ കാവ്യപ്രതിഭ തെളിഞ്ഞുകാണുന്ന രചനകളാണ് സാഹിത്യമഞ്ജരിയിലേത്. രചനാലാളിത്യം, പ്രതിപാദനമാധുരി, സംക്ഷേപണനൈപുണ്യം എന്നിവയാൽ സമൃദ്ധമാണ് സാഹിത്യമഞ്ജരിയിലെ കവിതകൾ. ദേശാഭിമാനം തുളുമ്പുന്ന നിരവധികവിതകൾ പ്രസ്തുത കാവ്യസമാഹാരത്തിലുണ്ട്. ഭാരതത്തിന്റെയും കേരളത്തിന്റെയും ചരിത്രത്തിൽ അടിയുറച്ചതാണ് ഇത്തരം രചനകൾ. ദേശീയപ്രക്ഷോഭങ്ങളും ദേശീയനേതാക്കളും ഭാരതസംസ്കാരവും കവിയെ എത്രത്തോളം സ്വാധീനിച്ചിട്ടുണ്ടെന്ന് ഈ കവിതക

ളിൽനിന്നും വ്യക്തമാകും. ഭാഷാവൃത്തങ്ങൾ ഉപയോഗിച്ച് ലളിത കോമളപദാവലിയിൽ കവിതകളൊരുക്കിയ വള്ളത്തോൾ നവോത്ഥാനത്തിന്റെ തേജസ്വിയായ ദൃഷ്ടാന്തമാണ്.

### ഉള്ളൂർ എസ് പരമേശ്വരയ്യർ (1877)

പൗരാണികത്വത്തോട് മമത പുലർത്തിക്കൊണ്ട് കവിതയിൽ പൗരാണികത്വത്തെ പുനരാവിഷ്കരിക്കുകയും അതോടൊപ്പം സമകാലിക സമൂഹത്തിന്റെ ഇടിവും ഇരുളും പകർന്നു തരികയും ചെയ്ത കവിതകളാണ് ഉള്ളൂരിന്റേത്. ഭൂതകാലത്തെക്കുറിച്ചുള്ള അവബോധവും അഭിമാനവും ഉള്ളൂരിൽ സ്പഷ്ടമായി കാണാം. ഇംഗ്ലീഷ് വിദ്യാഭ്യാസം ഔദ്യോഗികമായി നേടിയിരുന്നെങ്കിലും നവീന ആംഗലേയ രചനാ സമ്പ്രദായങ്ങൾക്ക് അദ്ദേഹത്തെ അത്രയധികം സ്വാധീനിക്കാൻ കഴിഞ്ഞില്ല.

സംസ്കൃതചമ്പൂകാവ്യപ്രസ്ഥാനത്തിന്റെ ചുവടുപിടിച്ച് സുജാതോദ്വാഹം എന്ന ഒരു ചമ്പൂകാവ്യം അദ്ദേഹം എഴുതി. രചനാശൈലി കൊണ്ട് പ്രൗഢമായ കാവ്യമാണ് സുജാതോദ്വാഹം. ഉള്ളൂരിന്റെ ഉമാകേരളം മഹാകാവ്യം മഹാകാവ്യചരിത്രത്തിലെ അമൂല്യനിധിയാണ്. ചരിത്രത്തെ ഇതിവൃത്തമായി സ്വീകരിച്ചാണ് ഉമാകേരളത്തിന്റെ രചന. കർണഭൂഷണം, ചിത്രശാല, ഭക്തിദീപിക, പിങ്ഗള എന്നിവ ഉൾപ്പെടെ പതിമൂന്നു ഖണ്ഡകാവ്യങ്ങളുണ്ട് ഉള്ളൂരിന്റെ വകയായി. ഭാരതത്തിന്റെ ഉജ്ജ്വലമായ ആദർശമഹിമയെ വാഴ്ത്തുന്ന കർണ്ണഭൂഷണവും മിസ്.മേയോ ഭാരതത്തെക്കുറിച്ച് നടത്തിയ വിട്ടുവീഴ്ചയില്ലാത്ത വിമർശനത്തിനു നൽകിയ മറുപടിയായ ചിത്രശാലയും ഉള്ളൂരിന്റെ ദേശാഭിമാനബോധത്തെ വെളിവാക്കുന്നു.

ഉദ്ബോധനപ്രധാനമാണ് ഉള്ളൂർക്കവിത. ആശയസമൃദ്ധിയും കല്പനാസമ്പത്തും കവിതയിൽ പ്രകടമാണ്. ഉജ്ജ്വലമായശൈലിയും വർണ്ണനാവൈദഗ്ദ്യവും നിറഞ്ഞതാണ് ഉള്ളൂർക്കവിതകൾ. മഴത്തുള്ളി, ബാലാങ്കുരം, തുമ്പപ്പൂവ്, പ്രേമസംഗീതം, തരംഗിണി, മണിമഞ്ജുഷ, രത്നമാല, അമൃതധാര എന്നിങ്ങനെ ഉദാത്തമായ ഒട്ടേറെ കാവ്യസമാഹാരങ്ങൾ കൈരളിക്ക് സമ്മാനിച്ചിട്ടാണ് ആ അതുല്യ പ്രതിഭ കാലയവനികയ്ക്കുള്ളിൽ മറഞ്ഞത്.

## 2.17 കവിത-ആധുനിക കവിത്രയത്തിനുശേഷം

ആശാൻ-ഉള്ളൂർ-വള്ളത്തോൾ എന്നിവരിലൂടെ നവഭാവുകത്വപരിണാമം സംഭവിച്ച മലയാളകവിത എണ്ണംകൊണ്ടും ഗുണംകൊണ്ടും ഏറെ ഔന്നിത്യം നേടി. വ്യതിരിക്തമായ അന്തഃസത്തയുള്ള ഒട്ടേറെ കവികൾ. അവരിൽ ചിലരെകുറിച്ചു മാത്രം ഇവിടെ പ്രസ്താവിക്കുന്നു.

### ജി. ശങ്കരക്കുറുപ്പ് (1901-1978)

ഇരുപതാം നൂറ്റാണ്ടിന്റെ കവി എന്ന് വിശേഷണമുള്ള കവി. നൂറ്റാണ്ടിന്റെ സവിശേഷമായ ഭാവബദ്ധതയും കാലുഷ്യവും ഭിന്നമായ ആശയങ്ങളിലൂടെ ജി. തന്റെ കവിതകളിൽ ആവിഷ്കരിച്ചു. അരിവാളോ ചർക്കയോ എന്ന കവിതയിൽ കാലത്തെയും കവിയെയും

ഒരുപോലെ സ്വാധീനിച്ച മാർക്സിസവും ഗാന്ധിസവും സമന്വയി ക്കുന്ന കാഴ്ചയാണ് കാണാൻ കഴിയുന്നത്.

1950 ൽ തന്റെ തെരഞ്ഞെടുത്ത അറുപതു കവിതകളുടെ സമാഹാര മായ ഓടക്കുഴൽ എന്ന കൃതിക്ക് ഭാരതത്തിലെ തന്നെ പ്രഥമ ജ്ഞാ നപീഠപുരസ്കാരം ലഭിച്ചു.

ആത്മവീക്ഷണപ്രധാനമാണ് ജി.യുടെ കവിത. പ്രകൃതിയും പ്രേമവും ദേശാഭിമാനവുമായിരുന്നു ജി. യുടെ കവിതകളുടെ ജീവ നാഡി. ആശയങ്ങളെ പ്രതീകങ്ങളാക്കി മാറ്റാനും അവയെ കവിതയി ലവതരിപ്പിക്കാനും തികഞ്ഞ സാമർത്ഥ്യം ജി. പുലർത്തിയിരുന്നു.

മൃദുലമായ ഭാവാവിഷ്കാരമായിരുന്നില്ല ജി. യുടെ കവിത. ഗഹ നവും പ്രൗഢവുമായിരുന്നു അത്. സാഹ്യത്യകൗതുകം നാലുഭാഗ ങ്ങൾ, നവാതിഥി, സൂര്യകാന്തി, സാഗരഗീതം, വിശ്വദർശനം, പഥി കന്റെ പാട്ട്, വനഗായകൻ തുടങ്ങിയവയാണ് ജി. യുടെ പ്രധാന കൃതികൾ.

## ചങ്ങമ്പുഴ കൃഷ്ണപിള്ള (1911–1948)

ലളിതമധുരമായ ഒരുശൈലി അവതരിപ്പിച്ചുകൊണ്ട് മലയാള മണ്ണി ലേക്ക് ഇറങ്ങിവന്ന സ്നേഹഗായകന്മാരാണ് ഇടപ്പള്ളി രാഘവൻപി ള്ളയും ചങ്ങമ്പുഴകൃഷ്ണപിള്ളയും. ജീവിതം പാതിവഴിയിൽ ഉപേ ക്ഷിച്ച് മടങ്ങിയ ഇടപ്പള്ളി ഒരുക്കിയിട്ട നിലത്താണ് ചങ്ങമ്പുഴ തന്റെ കവിതയുടെ വിത്തുകൾ പാകിയതെന്ന് പണ്ഡിതാഭിപ്രായം. അതെ ന്തുതന്നെയായാലും ഇടപ്പള്ളിയുടെ മരണത്തെ പ്രമേയമാക്കി ചങ്ങ മ്പുഴ രചിച്ച രമണൻ എന്ന കാവ്യത്തിലൂടെയാണ് ചങ്ങമ്പുഴയ്ക്ക് അപൂർവമായ പ്രശസ്തി കൈവന്നത്.

ലളിതമായ ഭാഷാശൈലി, കല്പനാചാതുരി നിറഞ്ഞ വർണ്ണനകൾ, പാശ്ചാത്യ കാവ്യകല്പനകൾ, ഗാനാത്മകത ഇവയെല്ലാം ചങ്ങമ്പുഴ ക്കവിതകളുടെ പ്രത്യേകതയായിരുന്നു. കാല്പനികതയുടെ കാന്തി കൾ അതിന്റെ ഔന്നിത്യത്തിൽ പ്രഭ ചൊരിഞ്ഞ ചങ്ങമ്പുഴക്കവിത കൾ യുവഹൃദയങ്ങളെ പിടിച്ചുലച്ചു. വിപ്ലവാത്മകതയ്ക്കും ചങ്ങമ്പു ഴക്കവിതകളിൽ കുറവുണ്ടായിരുന്നില്ല. രമണനിലും പാടുന്നപിശാ ചിലും വാഴക്കുലയിലുമെല്ലാം ചങ്ങമ്പുഴയിലെ വിപ്ലവകാരിയുടെ ആത്മസത്ത വെളിവാകുന്നുണ്ട്.

ബാഷ്പാഞ്ജലി, ആരാധകൻ, ഹേമന്തചന്ദ്രിക, മണിവീണ, രമ ണൻ, രക്തപുഷ്പങ്ങൾ, സങ്കല്പകാന്തി, സ്പന്ദിക്കുന്ന അസ്ഥിമാ ടം, യവനിക, സ്വരരാഗസുധ, ദേവഗീത, പാടുന്നപിശാച്, മനസ്വിനി തുടങ്ങിയവയാണ് പ്രധാനകൃതികൾ.

## ബാലാമണിയമ്മ

വിശുദ്ധിയുടെ കവിതകളായിരുന്നു ബാലാമണിയമ്മയുടെ കവിത കൾ. ആത്മസാക്ഷാത്കാരത്തിന്റെ അനന്ത മാതൃകകൾ.
സ്ത്രീയിലെ മാതൃഭാവങ്ങളെ അർത്ഥഗർഭവും സരസവുമായ ശൈ ലിയിൽ അവർ അവതരിപ്പിച്ചു. പ്രകൃതിയും ബാലാമണിയമ്മയ്ക്ക്

കുഞ്ഞുപൈതലാണ്. ഗാർഹികമായ അന്തരീക്ഷത്തിലേക്ക് ഏത് സങ്കീർണ്ണമായ വിഷയത്തെയും കൊണ്ടുവരാനും വളരെ കൈയടക്കത്തോടെ ആവിഷ്കരിക്കാനും ബാലാമണിയമ്മയ്ക്ക് വേറിട്ട ഒരു സിദ്ധി ഉണ്ടായിരുന്നു. ദാർശനികതയുടെയും ആർഷജ്ഞാനത്തിന്റെയും പൊരുളുകൾ ഈ കവയിത്രിയിൽ സ്പഷ്ടമാണ്. വൈകാരികമായ ഉലച്ചിലിന്റെ സന്ദർഭങ്ങളിൽപ്പോലും ആത്മസംയമനത്തോടെ ആത്മസാക്ഷാത്കാരം നടത്തുന്ന ഒരു പ്രതിഭയെ ബാലാമണിയമ്മയിൽ കാണാൻ കഴിയും. ഇതിന് കാരണം അവരിലുള്ള ഭാവദീപ്തമായ ആർഷദർശനമാവാം.

കൂപ്പുകൈ, അമ്മ, കുടുംബിനി, കളങ്കമറ്റ കൈ, വെളിച്ചത്തിൽ, മുത്തശ്ശി, മഴുവിന്റെ കഥ, വെയിലാറുമ്പോൾ, ചെങ്കോൽ, ലോകാന്തരങ്ങളിൽ, ഒരു പ്രേമകഥ, ഗ്രാമദേവത തുടങ്ങിയവയാണ് പ്രധാനകൃതികൾ

## പി. കുഞ്ഞിരാമൻ നായർ (1905–1978)

ആരോ ഏല്പിക്കുന്ന എഴുത്തുകൾ ഇവിടേയ്ക്ക് ഏൽപ്പിക്കുന്ന തപാൽശിപായിയാണ് താനെന്നാണ് പി. കുഞ്ഞിരാമൻ നായർ തന്റെ കാവ്യരചനാനിയോഗത്തെപ്പറ്റി പറയുന്നത്. വികാരവിചാരങ്ങളുടെ അനിയന്ത്രിതമായ ഒഴുക്ക്, ആത്മീയത, വൈയക്തികവും സാമൂഹികവുമായ വിഷാദബോധം എന്നിവയെല്ലാം നവഭാവുകത്വത്തോടെയും തീവ്രതയോടെയും പി. അവതരിപ്പിക്കുന്നു. അദ്ദേഹത്തിന്റെ കളിയച്ഛൻ മേല്പറഞ്ഞ ഘടകങ്ങൾ ഒത്തിണങ്ങിയ ഭാവതീവ്രമായ കാവ്യമാണ്. കല്പനകളും വർണ്ണനകളുംകൊണ്ട് കവിതയെ പി. അണിയിച്ചൊരുക്കുന്നു. വൈയക്തികമായ അന്തർപ്രവാഹത്തിന്റെ അർത്ഥതലങ്ങൾ കവിതയിൽ സന്നിവേശിപ്പിക്കുന്ന കവി ആർദ്രമായ പരിസ്ഥിതി ബോധത്തിന്റെ അനുവാചകനായി മാറുന്നു.

നരബലി, ഓലക്കുട, കളിയച്ഛൻ, മൺകുടത്തിന്റെ വില, താമരത്തോണി, മണിവീണ, ഓണപ്പൂക്കൾ, രഥോത്സവം തുടങ്ങിയവയാണ് പി. യുടെ പ്രധാന കൃതികൾ

## ഇടശ്ശേരി ഗോവിന്ദൻനായർ (1906–1974)

എനിക്കിതേവേണ്ടൂ പറഞ്ഞുപോകരു-
തിതു മറ്റൊന്നിന്റെ പകർപ്പെന്നു മാത്രം
(എന്റെ പുരപ്പണി)

എന്ന് തന്റെ കവിതകളെപ്പറ്റി വ്യക്തമായ ധാരണ നൽകിക്കൊണ്ട് ആസ്വാദകമനസ്സിനെ കീഴടക്കിയ കവിയാണ് ഇടശ്ശേരി. തന്റെ കവിത പല സംസ്കാരങ്ങളുടെയും കലർപ്പാണെങ്കിലും അത് മറ്റൊന്നിന്റെ പകർപ്പാണെന്ന് പറയരുതെന്ന് അദ്ദേഹം ആവശ്യപ്പെടുന്നു. ചെന്താർപ്പൊയ്കയും അന്തിവിണ്ണുമല്ല മനുഷ്യജീവിതവും മനുഷ്യൻ നേരിടുന്ന ദുഃഖങ്ങളും സന്തോഷവുമൊക്കെയാണ് കവിതയ്ക്ക് വിഷയമാകേണ്ടതെന്ന് ഇതിവൃത്തസ്വീകാര്യത്തിലൂടെ മാതൃകകാട്ടി. ഗ്രാമജീവിതത്തിന്റെ നൈസർഗ്ഗികമായ മുഖങ്ങൾ ഇത്രയേറെ കാവ്യവിഷയമാക്കിയ മറ്റു കവികൾ ഏറെയില്ല. ഒരു സംഭവത്തെയോ രംഗ

ത്തെയോ അവലംബമാക്കി ഉൾക്കാഴ്ചയോടെ, കവ്യാത്മകമായി ഇട ശ്ശേരി അവതരിപ്പിക്കുമ്പോൾ ആസ്വാദകന് ഒരു പുത്തൻ വായനാനു ഭവം സാധ്യമാകുന്നു. നിത്യജീവിതമായിരുന്നു കവിയുടെ പ്രധാന കാവ്യപശ്ചാത്തലം. മാതൃത്വത്തെ അതിന്റെ വൈവിധ്യങ്ങളോടെ ആവിഷ്കരിച്ച കാവിലെപ്പാട്ടും പൂതപ്പാട്ടും അനശ്വര കാവ്യങ്ങളാണ്. ക്രൗര്യം നിറഞ്ഞ ജീവിതാനുഭവങ്ങളെ അനുവാചകനിൽ കണ്ണീര ണിയിക്കുംവിധം അദ്ദേഹം അവതരിപ്പിച്ചു.

ഇടശ്ശേരിക്കവിതകൾ വായനക്കാരന് ഭൂമിതൊടാത്ത മണ്ണായിരുന്നില്ല, മറിച്ച് അവന്റെ തന്നെ ജീവിതമായിരുന്നു. നിത്യയൗവനത്തിന്റെ ഊർജ്ജവും പേറി അവ ഇന്നും നിലനിൽക്കുന്നു. അളകാവലി, കറുത്ത ചെട്ടിച്ചികൾ, പുത്തൻകലവും അരിവാളും, ലഘുഗാനങ്ങൾ, വിവാഹസമ്മാനം, ത്രിവിക്രമനുമുമ്പിൽ, തത്വശാസ്ത്രങ്ങൾ ഉറങ്ങു മ്പോൾ, കാവിലെ പാട്ട്, ഒരു പിടി നെല്ലിക്ക, കുങ്കുമപ്രഭാതം, അന്തി ത്തിരി തുടങ്ങിയവയാണ് പ്രധാന കൃതികൾ

## വൈലോപ്പിള്ളി ശ്രീധരമേനോൻ (1911–1985)

മലയാളകവിതയുടെ കാല്പനികാനന്തരഗതിയെ മുന്നോട്ടുനയിച്ച പ്രതിഭാശാലിയായിരുന്നു വൈലോപ്പിള്ളി. കവിതയുടെ രൂപശില്പ ത്തെപ്പറ്റിയുള്ള യാഥാസ്ഥിതികമായ ധാരണകൾക്ക് മാറ്റം വരുത്തി ഭാവഭദ്രതയ്ക്കു പ്രാധാന്യം നല്കുന്നതായിരുന്നു അദ്ദേഹത്തിന്റെ കവിതകൾ. കേരളജനതയാകെ കണ്ണീരൊഴുക്കിക്കൊണ്ട് വായിച്ചു തീർത്ത മാമ്പഴത്തെപ്പോലെ മറ്റൊരു കാവ്യം ഉണ്ടാകില്ല. കുടിയൊ ഴിക്കലാണ് അദ്ദേഹത്തിന്റെ കവിതാശ്രേണിയിലെ പ്രധാനപ്പെട്ട കാവ്യം. ഉജ്ജ്വലമായ ഒരു നാടകീയ ഭാവകാവ്യമാണത്. കുടിയൊ ഴിക്കൽ സമകാലികപ്രസക്തമാണ്. വിപ്ലവം എന്താണെന്ന വ്യക്ത മായ ധാരണയും കവിയുടെ അഭിപ്രായവും കുടിയൊഴിക്കലിൽ ദൃശ്യമാണ്. ജീവിതത്തെപ്പറ്റി ഒരു വിജയിയുടെ വീക്ഷണമാണ് കവി ക്കുള്ളത്. ഒരിക്കലും ആകുലികളെപ്പറ്റിപ്പാടാനല്ല, ജീവിതത്തിന്റെ അനശ്വരതയെപ്പറ്റിപ്പാടാനാണ് അദ്ദേഹം ആഹ്വാനം ചെയ്യുന്നത്. ഗ്രാമീണജീവിതത്തിന്റെ നൈസർഗികതയും ബാല്യത്തിന്റെ നിഷ്ക ളങ്കതയും വഹിക്കുന്ന ഒട്ടേറെ കവിതകളും അദ്ദേഹത്തിന്റേതായി ട്ടുണ്ട്.

അകമേ പരിണാമം വരുത്തി, സ്വാസ്ഥ്യം നരർക്കരുളാൻ കവിത പോൽ മറ്റുണ്ടോ ശുശ്രൂഷിക എന്ന് ആശ്വസിപ്പിക്കുന്ന കവിയുടെ കാവ്യാദർശനം വളരെവ്യക്തമാണ്.

കന്നിക്കൊയ്ത്ത്, കുടിയൊഴിക്കൽ, ശ്രീരേഖ, കയ്പവല്ലരി, മകര ക്കൊയ്ത്ത്, വിട, ഓണപ്പാട്ടുകാർ, കാവ്യലോകസ്മരണകൾ തുടങ്ങി യവയാണ് വൈലോപ്പിള്ളിയുടെ പ്രധാന കൃതികൾ.

## എൻ.വി. കൃഷ്ണവാര്യർ

കാലഘട്ടത്തിന്റെ പ്രത്യേകതയായിരുന്ന കാല്പനികതയിൽനിന്ന് അകാല്പനികവും ആധുനികവുമായ സാഹചര്യത്തിലേക്ക് മലയാള കവിതയെ കൂട്ടിക്കൊണ്ടുവന്ന കവനവ്യക്തിത്വമാണ് എൻ.വി.

കൃഷ്ണവാര്യർ. ചങ്ങമ്പുഴക്കവിതകളുടെ ജനപ്രിയതയിൽ മുങ്ങി, ചങ്ങമ്പുഴക്കവിതകളുടെ അനുകരണങ്ങളെക്കൊണ്ട് നിറഞ്ഞ മലയാളകവിതയെ പരിണാമത്തിന്റെ ദിശയിലേക്ക് നയിച്ചത് എൻ.വിയാണ്.

"എൻ ചുണ്ടിലൊട്ടിടയ്ക്കൂറിയ മാധുരി
നിൻ ചുണ്ടിനുള്ളതോ ലിപ്സ്റ്റിക്കിനുള്ളതോ"
(മദിരാശിയിലെ സായാഹ്നം)

എന്ന് ചോദിക്കുമ്പോൾ കാല്പനികകവികൾ പാടിപ്പുകഴ്ത്തിയ ആദർശപ്രേമത്തിനെയല്ല പകരം ഉള്ളിൽ മറ്റെന്തോ ഒളിപ്പിച്ചുവെച്ചുകൊണ്ട് സ്നേഹം നടിക്കുന്ന ഇന്നിന്റെ നാട്യങ്ങളെയാണ് കാണിച്ചുതരുന്നത്. ആക്ഷേപഹാസ്യവും പാരുഷ്യവും ഗദ്യാത്മകവുമായ ഭാഷയും ഐറണിയും എൻ.വി. കവിതകളുടെ പ്രത്യേകതകളാണ്. മോഡേണിസ്റ്റ് പ്രവണതകൾ ആദ്യം തെളിഞ്ഞുവന്നത് എൻ.വി കവിതകളിലാണ്. ഗാന്ധിയും ഗോഡ്സെയും പോലുള്ള കവിതകൾ അതതുകാലത്തെ ഭാരതീയ ജീവിത രീതികളോടും ആദർശച്യുതികളോടും അധികാരവാഞ്ഛരയോടും സാമൂഹ്യവ്യവസ്ഥിതികളോടുമുള്ള എതിർപ്പുകളാണ്. മനുഷ്യകഥാനുഗായികളായിരുന്നു എൻ.വി. കവിതകൾ.

നീണ്ടകവിതകൾ, കുറേക്കൂടി നീണ്ടകവിതകൾ, കൊച്ചുതൊമ്മൻ, വിദ്യാപതി, കള്ളദൈവങ്ങൾ, ഗാന്ധിയും ഗോഡ്സെയും, ചാട്ടവാർ, ബുദ്ധചരിതം ആട്ടക്കഥ, ചിത്രാംഗദ ആട്ടക്കഥ, കാളിദാസന്റെ സിംഹാസനം, പുഴകൾ എന്നിവയാണ് പ്രധാന കൃതികൾ.

## ഒളപ്പമണ്ണ (1923–2001)

സമ്പന്നതയിൽനിന്ന് ഇറങ്ങിവന്ന് മർദ്ദിതവർഗ്ഗത്തിനുവേണ്ടി പാടിയ കവിയാണ് ഒളപ്പമണ്ണ. മർത്ത്യന്റെ വേദനകളിലൂടെയുള്ള കാവ്യപ്രയാണമായിരുന്നു ഒളപ്പമണ്ണയുടേത്. നങ്ങേമക്കുട്ടിയാണ് ഒളപ്പമണ്ണയുടെ ഏറ്റവും പ്രധാനപ്പെട്ടകൃതി. പരിത്യക്തയും ഭ്രഷ്ടയുമായ ഗർഭിണിയുടെ ദുരന്തമാണ് ഇതിവൃത്തം. വരേണ്യവർഗ്ഗത്തിൽ നിലനിന്നിരുന്ന ദുരാചാരങ്ങളും അധാർമ്മികതയും തുറന്നുകാട്ടാൻ ഒളപ്പമണ്ണ മടിച്ചില്ല. മാത്രമല്ല, അധഃകൃതജീവിതത്തോടും മർദ്ദിതവർഗ്ഗത്തോടും പ്രത്യേക മമത പുലർത്തുകയും ചെയ്തു. വ്യക്തിസ്വത്വവും കവിസ്വത്വവും തമ്മിലുള്ള വൈരുദ്ധ്യങ്ങൾ ആത്മീയപീഡാകരമായി വളർന്നതിന്റെ മുദ്രകൾ ഒളപ്പമണ്ണക്കവിതകളിൽ കാണാൻ കഴിയും. ജീവിതവ്യഥകളിൽ ഉഴലുന്ന മാനവാസ്തിത്വത്തിന് തണലും കുളിരും നല്കുന്ന മമതകളാണ് ഒളപ്പമണ്ണക്കവിതകളുടെ ജീവിതവീക്ഷണം. മാനവസ്നേഹത്തിന്റെ ഗാഥകളാണവ.

ഒളപ്പമണ്ണക്കവിതകൾ ജാലകപ്പക്ഷി, നിഴലാന തുടങ്ങിയ കൃതികളിൽ സമാഹരിച്ചിരിക്കുന്നു. അംബ എന്ന ഒരു ആട്ടക്കഥയും അദ്ദേഹത്തിന്റേതായിട്ടുണ്ട്.

## അക്കിത്തം അച്യുതൻ നമ്പൂതിരി (1926)

തീവ്രമായ വികാരനുഭൂതികളിലൂടെ ആത്മസ്പർശിയായ കാവ്യങ്ങൾ രചിക്കുന്ന കവിയാണ് അക്കിത്തം. മാനവികതയുടെ മഹത്വം

വിളിച്ചോതുന്നതാണ് അദ്ദേഹത്തിന്റെ കവിതകൾ. സ്നേഹമൂല്യത്തെ തള്ളിപ്പറയാൻ തയ്യാറല്ലാത്ത വിപ്ലവബോധമാണ് അക്കിത്തത്തിന്റേത്. മർദ്ദിതവർഗത്തിന്റെ വേദനകൾ അക്കിത്തത്തെയും വല്ലാതെ ഉലയ്ക്കുന്നതായിക്കാണാം. ഗാർഹിക ജീവിതവ്യഥകളും സ്വപ്നങ്ങളും സാമൂഹ്യാനീതികളും ഭാരതസംസ്കാരവും നമ്പൂതിരിസമുദായത്തിന്റെ പരിവർത്തനവുമെല്ലാം അക്കിത്തത്തിന്റെ കവിതയിലെ വിഷയങ്ങളാണ്. സത്യത്തെ തേടലാണ് അക്കിത്തത്തിന് തന്റെ കാവ്യജീവിതം.

അരങ്ങേറ്റം, ദേശസേവിക, മധുവിധു, പഞ്ചവർണ്ണക്കിളി, കരതലാമലകം, ഇരുപതാം നൂറ്റാണ്ടിന്റെ ഇതിഹാസം, മാനസപൂജ, അമൃതഘടിക തുടങ്ങിയവയാണ് അക്കിത്തത്തിന്റെ പ്രധാന കൃതികൾ.

## വയലാർ രാമവർമ്മ (1928–1975)

വിപ്ലവത്തിന്റെ വൈകാരികാവേശങ്ങൾ പകർന്നുതന്നുകൊണ്ട് വിപ്ലവത്തിന്റെ വക്താവായി കവിതകളെഴുതിയ കവിയാണ് വയലാർ രാമവർമ്മ. സ്നേഹത്തിലധിഷ്ഠിതമായിരുന്നു ഈ വിപ്ലവാവേശം. മതമെന്ന വ്യാധിയെ ഒഴിയ്ക്കാൻ സ്വയമൊരു ഭിഷഗ്വരനായി മാറുകയായിരുന്നു അദ്ദേഹം. അന്ധവിശ്വാസങ്ങളെ അറുത്തെറിഞ്ഞാലേ ഭദ്രമായ ജീവിതസങ്കല്പങ്ങളുണ്ടാകൂ എന്നദ്ദേഹം മനസ്സിലാക്കിത്തന്നു. മർദ്ദിതന്റെ ദൈന്യവും യോദ്ധാവിന്റെ വീര്യവും അദ്ദേഹത്തിന് കാവ്യപ്രമേയങ്ങളായി. കവിതയെന്നാൽ മണ്ണിലെ മനുഷ്യനെപ്പറ്റിയുള്ളതെന്ന ദർശനമായിരുന്നു വയലാറിനുണ്ടായിരുന്നത്. വള്ളത്തോളിന്റെയും ജി.യുടെയും ചങ്ങമ്പുഴയുടെയും സ്വാധീനം വയലാർക്കവിതകളിൽ കാണാൻ കഴിയും. മനുഷ്യന്റെ വികാരങ്ങളെ ഉരുക്കിയൊഴുക്കാൻ തക്ക വാഗ്വൈഭവത്താലും നാദവീചികളാലും അനുഗൃഹീതനായിരുന്നു വയലാർ.

പാദമുദ്രകൾ, കൊന്തയും പൂണൂലും, ആയിഷ, എനിക്കുമരണമില്ല, ജൂഡാസ് ജനിക്കുന്നു, എന്റെ മാറ്റൊലിക്കവിതകൾ, സർഗ്ഗസംഗീതം തുടങ്ങിയവയാണ് പ്രധാനകൃതികൾ.

## ഒ.എൻ.വി. കുറുപ്പ് (1931–2016)

ചങ്ങമ്പുഴക്കവിതകളുടെ ഗാനാത്മകശൈലിയും ഉദ്ദീപ്തമായ വിപ്ലവവീര്യവും ലക്ഷ്യബോധവും സമന്വയിപ്പിച്ച് സാമാന്യജനത്തിന്റെ മനസ്സിലേക്ക് ഇറങ്ങിച്ചെന്ന കവിതകളാണ് ഒ.എൻ.വി. യുടേത്. ഉദാത്തമായ മാനവികപ്രേമവും സാധാരണ ജനത്തിന്റെ ജീവിതവ്യഥകളും മാറിക്കൊണ്ടിരുന്ന സാമൂഹ്യരാഷ്ട്രീയാവസ്ഥകളും കുടുംബബന്ധങ്ങളുമെല്ലാം അദ്ദേഹത്തിന്റെ കവിതകൾക്ക് വിഷയീഭവിച്ചു. സംഗീതാത്മകതയും കല്പനാചാതുരിയും നിറഞ്ഞ ഒ.എൻ.വി.ക്കവിത മനുഷ്യമഹത്വത്തെക്കുറിച്ച് എപ്പോഴും പാടുന്നു. പാശ്ചാത്യപൗരസ്ത്യകാവ്യങ്ങളുടെ സ്വാധീനം ഒ.എൻ.വി.യിൽ സ്പഷ്ടമാണ്. ഈ സ്വാധീനം അദ്ദേഹത്തിന്റെ കാവ്യജീവിതത്തിന് പ്രചോദകമാവുകയും കാലദേശാനുവർത്തിയായ മാനുഷിക മൂല്യങ്ങളുടെ പ്രയോക്താവെന്ന നിലയിൽ അദ്ദേഹം ആദരണീയനാകുകയും ചെയ്യുന്നു.

കടിഞ്ഞൂൽക്കനികൾ, ഞാൻ നിന്നെ സ്നേഹിക്കുന്നു, ദാഹിക്കുന്ന പാനപാത്രം, മയിൽപ്പീലി, അഗ്നിശലഭങ്ങൾ, അക്ഷരം, ഉപ്പ്, അപ രാഹ്നം, ഉജ്ജയിനി, സ്വയംവരം തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ

## തിരുനല്ലൂർ കരുണാകരൻ (1924)

റാണി, പ്രേമം മധുരവുമാണ് ധീരവുമാണ്, താഷ്കെന്റ് തുടങ്ങിയ കവിതകളിലൂടെ ആസ്വാദകമനസ്സിനെ കീഴടക്കിയ കവിയാണ് തിരു നല്ലൂർ കരുണാകരൻ. ലാളിത്യവും ഗാനാത്മകതയും ഭാവനാചാതു രിയും അദ്ദേഹത്തിന്റെ കവിതകളെ ആകർഷകമാക്കി. ആഖ്യാനാത്മ കശൈലിയാണ് തിരുനല്ലൂരിന്റെ പ്രത്യേകത. ദ്രാവിഡവൃത്തത്തി ലേക്ക് അദ്ദേഹം മേഘസന്ദേശം വിവർത്തനം ചെയ്തത് ഏറെ വിജ യമായി മാറി. മാനുഷികബന്ധങ്ങളിൽ പരമമൂല്യം കാണുന്ന പുരോ ഗമനശൈലിയാണ് തിരുനല്ലൂരിന്റേത്.

വിപ്ലവകവികളിൽ പ്രമുഖ ശബ്ദത്തിനുടമയായിരുന്ന തിലുനല്ലൂ രിന്റെ പ്രധാനകൃതികൾ- റാണി, പ്രേമം മധുരവുമാണ് ധീരവുമാണ്, സൗന്ദര്യത്തിന്റെ പടയാളികൾ, അന്തിമയങ്ങുമ്പോൾ, മഞ്ഞുതുള്ളി കൾ, സമാഗമം, താഷ്കെന്റ് മുതലായവയാണ്.

## ഡോ.കെ. അയ്യപ്പപ്പണിക്കർ (1930-2006)

നവീനകവിതയുടെ വക്താവും പ്രയോക്താവുമാണ് ഡോ.കെ. അയ്യ പ്പപ്പണിക്കർ. മലയാള കാവ്യസങ്കല്പത്തിൽ ഏറെ മാറ്റങ്ങൾ വരു ത്തിയ കവിയാണദ്ദേഹം. സമൂഹത്തിലെ കാപട്യങ്ങൾക്കുനേരെ വലിച്ചെറിയാനുള്ള ആയുധങ്ങളായി അദ്ദേഹം കവിതയെ കണ്ടു. അദ്ദേഹത്തിന്റെ ആക്ഷേപഹാസ്യമാതൃകയിലുള്ള കവിതകൾ സമൂ ഹത്തിന്റെ പൊള്ളത്തരങ്ങൾ പൊളിച്ചു കാട്ടുന്നു. ഇംഗ്ലീഷ് പ്രൊഫ സർകൂടിയായ കവിയുടെ കാവ്യശൈലിയിൽ പാശ്ചാത്യദർശനങ്ങൾ കടന്നുവന്നത് സ്വാഭാവികം മാത്രമാണ്. അദ്ദേഹത്തിന്റെ കുരു ക്ഷേത്രം എന്ന കവിത മലയാള കവിതാചരിത്രത്തിലെ തന്നെ സുവർണ്ണ ഏടാണ്. മനുഷ്യന്റെ അന്തഃസംഘർഷങ്ങളാണ് കവിക്ക് പലപ്പോഴും കാവ്യവിഷയമായിത്തീർന്നത്. ലളിതവും അതേസമയം വ്യംഗ്യാർത്ഥപ്രധാനവുമാണ് അയ്യപ്പപ്പണിക്കരുടെ കവിത. മലയാള കവിതയിൽ ഒരു നവഭാവുകത്വം കൊണ്ടുവരാൻ സർഗ്ഗാ ത്മകനേതൃത്വം നല്കിയ കവിയാണദ്ദേഹം.

മൃത്യുപൂജ, കുടുംബപുരാണം, പകലുകൾ രാവുകൾ, കുരുക്ഷേത്രം, ഗോപികാദണ്ഡകം മുതലായവയാണ് പ്രധാനകൃതികൾ

## എൻ.എൻ. കക്കാട് (1927-1987)

മലയാളകവിതയ്ക്ക് പുതിയ മാനങ്ങൾ നല്കിയ കവിയാണ് എൻ. എൻ.കക്കാട്. ആധുനികതയുടെ വക്താവായാണ് അദ്ദേഹം മലയാള കവിതയിലേക്ക് കടന്നുവന്നത്. ഭാരതീയ കാവ്യസംസ്കാരത്തിന്റെ സ്വാധീനവും അദ്ദേഹത്തിന്റെ കാവ്യങ്ങളിൽ വ്യക്തമാണ്. ജീവിതാ വസ്ഥകളെ മൂർത്തമായി ആവിഷ്കരിക്കാനുള്ള ശ്രമം അദ്ദേഹ

ത്തിന്റെ കവിതകളിൽ കാണാം. സ്വാതന്ത്ര്യാനന്തരം ഭാരതത്തിലുണ്ടായ സംസ്കാരശോഷണവും മൂല്യച്യുതിയും കക്കാടിനെ വേദനിപ്പിക്കുകയും ഇതിനെതിരായുള്ള ശക്തമായ പ്രതികരണം തന്റെ കവിതയിലൂടെ ആവിഷ്കരിക്കുകയും ചെയ്തു. നാഗരികതയും ഗ്രാമീണതയും തമ്മിലുള്ള സംഘർഷം കക്കാടിന്റെ കവിതകളിലെ പ്രധാന പശ്ചാത്തലമാണ്.

പാതാളത്തിന്റെ മുഴക്കം, വജ്രകുണ്ഡലം, സഫലമീയാത്ര, 1963, ശലഭഗീതം മുതലായ കൃതികൾ രചിച്ച കക്കാട് 1987 ജനുവരി 6 ന് അന്തരിച്ചു.

## സുഗതകുമാരി (1934)

മലയാളത്തിന്റെ ഭാവഗീതപാരമ്പര്യത്തെ ആധുനിക വ്യഥകളുമായി സന്നിവേശിപ്പിച്ച് കവിതകളെഴുതിയ കവയിത്രിയാണ് സുഗതകുമാരി. കാല്പനിക പാരമ്പര്യത്തെ നിരാകരിക്കാൻ ആധുനികത ആഹ്വാനം ചെയ്തപ്പോൾ വൈയക്തികാനുഭവത്തെ സൂക്ഷ്മതയോടും തീവ്രതയോടും കൂടി അവതരിപ്പിക്കാൻ കാല്പനികതയെ ഒരു മാധ്യമമായി സുഗതകുമാരി സ്വീകരിച്ചു. പുരുഷനും പ്രകൃതിയും വിരഹവും മാനസികവ്യഥകളും പൗരാണിക പ്രണയസങ്കല്പങ്ങളുമൊക്കെ നിറഞ്ഞാടുന്നവയാണ് സുഗതകുമാരിയുടെ കവിതകൾ. പാരിസ്ഥിതികവിഷയങ്ങളും സാമൂഹ്യാസമത്വങ്ങളും അസ്തിത്വദുഃഖവുമൊക്കെ ആധുനികമായ സമീപനരീതിയോടെയല്ല സുഗതകുമാരി കാണുന്നത്. പകരം ഭാരതീയപാരമ്പര്യസങ്കല്പത്തിൽ നിന്നുകൊണ്ട് അവയെ മൂല്യനിർണ്ണയം ചെയ്യുകയാണ് ചെയ്യുന്നത്. സ്ത്രീത്വത്തിന്റെ ഉദാത്തതയും മൂല്യവും വിളിച്ചോതുന്ന സുഗതകുമാരിക്കവിതകൾ സാമൂഹികോന്മുഖമായ മാനവികതയെ സ്ത്രീജനസേവനമായി കണക്കാക്കുന്നു.

പാതിരാപ്പൂക്കൾ, രാത്രിമഴ, ഇരുൾച്ചിറകുകൾ, അമ്പലമണി, പാവം മാനവഹൃദയം, സ്വപ്നഭൂമി, തുലാവർഷപ്പച്ച, രാധയെവിടെ?, കൃഷ്ണകവിതകൾ, ദേവദാസി തുടങ്ങിയവയാണ് പ്രധാനകൃതികൾ.

## കടമ്മനിട്ട രാമകൃഷ്ണൻ (1935–1999)

ആധുനികതയ്ക്ക് ഗ്രാമീണമായ മുഖം നൽകിയ കവിയാണ് കടമ്മനിട്ട രാമകൃഷ്ണൻ. ഗ്രാമത്തിന്റെ നാടോടിപ്പാരമ്പര്യത്തിലൂന്നിയായിരുന്നു കവിയുടെ കാവ്യരചന. അനുഷ്ഠാനപരമായ പടയണിപ്പാട്ടിന്റെ താളത്തിലും നാടൻ വ്യവഹാരത്തിലും വേരൂന്നിക്കൊണ്ട് കടമ്മനിട്ട തന്റെ തട്ടകം നിർമ്മിച്ചു. ആധുനിക മനുഷ്യന്റെ മാനസിക വ്യഥകൾ ഒരിക്കലും ശാശ്വത പരിഹാരമില്ലാത്തവയായി അദ്ദേഹം കാണുന്നില്ല. വർത്തമാനകാലത്തിന്റെ ആസുരതകളിലേക്ക് സംഹാരശക്തിയെ വിളിച്ചുണർത്തി വിമോചനപ്രക്രിയ ചെയ്യിക്കുന്നതിന് അദ്ദേഹം കവിതയെ ഉപയോഗിക്കുന്നു. കേരളത്തനിമയാർന്ന നാടോടിസംസ്കൃതിയാണ് കടമ്മനിട്ടക്കവിതയുടെ സ്ഥായിഭാവം. വിപ്ലവാത്മകവും മാനവികവുമാണ് കടമ്മനിട്ടക്കവിത. ഗാനാത്മകതയാണ് അതിന്റെ മുഖമുദ്ര.

കുറത്തി, കാട്ടാളൻ, ശാന്ത, പശുക്കുട്ടിയുടെ മരണം, കോഴി, നഗരത്തിൽ പറഞ്ഞ സുവിശേഷം മുതലായവയാണ് പ്രധാന കൃതികൾ.

**സച്ചിദാനന്ദൻ (1964)**

ആദ്യകാലത്ത് കാല്പനികതയുടെ സ്വാധീനത കാണാമെങ്കിലും വളരെവേഗം ആധുനികതയിലേക്ക് കടന്നു വന്ന കവിയാണ് സച്ചിദാനന്ദൻ. താളബദ്ധമായ കാവ്യശൈലിയും ഛന്ദോമുക്തമായ ഭാഷയുടെ കാവ്യസാദ്ധ്യതകളും അദ്ദേഹം തന്റെ കവിതകളിൽ ഉപയോഗിക്കുന്നു. പ്രതിരോധത്തിന്റെ ഭാഷയാണ് സച്ചിദാനന്ദൻ കവിതകൾ. കാലത്തിന്റെ ക്രൂരതകളോടും അധികാരവ്യവസ്ഥയുടെ ദുർവാഴ്ചയോടും രോഷം കൊള്ളുന്ന കവി മാനവികതയുടെ പുതിയ ആകാശങ്ങൾ കവിതയിൽ കണ്ടെത്തുന്നു. വിക്ക്, ഇവനെക്കൂടി, വീടുമാറ്റം, കവിബുദ്ധൻ, മലയാളം, അപൂർണ്ണം എന്നിവയാണ് പ്രധാനപ്പെട്ട കാവ്യസമാഹാരങ്ങൾ.

**കെ.ജി. ശങ്കരപ്പിള്ള (1947)**

പ്രത്യയശാസ്ത്രത്തെയും ചരിത്രത്തെയും നിഷേധിച്ച് ആധുനിക കവിതയെ പ്രത്യയശാസ്ത്രപരമായി ചരിത്രവത്കരിക്കുകയാണ് കെ.ജി. ശങ്കരപ്പിള്ള ചെയ്തത്. വ്യക്തിയുടെ അസ്തിത്വദുഃഖവും ആശങ്കകളും ഭീതികളും ചരിത്രവുമായി ബന്ധിപ്പിച്ച് അദ്ദേഹം അവതരിപ്പിച്ചു. തീവ്രവാദ രാഷ്ട്രീയത്തിന്റെ മാറ്റൊലികളാണ് പലപ്പോഴും കെ.ജി.എസ് കവിതകളിൽ പ്രതിധ്വനിച്ചത്. എന്നാൽ 80 കൾക്കുശേഷമുള്ള അദ്ദേഹത്തിന്റെ രചനകൾ സാംസ്കാരിക-രാഷ്ട്രീയബോധത്തിന്റെ ചരിത്രാവിഷ്കരണമാണ്. ആധുനികതയുടെ ദർശനപരമായ നിഷേധവും ഭാഷാപരമായ വികാസവുമാണ് കെ.ജി. എസിന്റെ കവിതകൾ. കൊച്ചിയിലെ വൃക്ഷങ്ങൾ, കവിത, കെ.ജി.ശങ്കരപ്പിള്ളയുടെ കവിതകൾ എന്നിവയാണ് അദ്ദേഹത്തിന്റെ പ്രധാനപ്പെട്ട കാവ്യസമാഹാരങ്ങൾ.

ബാലചന്ദ്രൻചുള്ളിക്കാട്, ഡി. വിനയചന്ദ്രൻ, ദേശമംഗലം രാമകൃഷ്ണൻ, കുരീപ്പുഴ ശ്രീകുമാർ, വി. മധുസൂദനൻനായർ, ഏഴാച്ചേരി രാമചന്ദ്രൻ, പ്രഭാവർമ്മ എന്നിങ്ങനെ ആധുനികതയുടെ ഭാവുകത്വപരിണാമം ഉൾക്കൊള്ളുന്നവരും എ. അയ്യപ്പൻ, ഒ.വി. ഉഷ, വിജയലക്ഷ്മി, റോസ്മേരി, ടി.പി. രാജീവൻ, അനിതാതമ്പി, പി.പി രാമചന്ദ്രൻ, പി രാമൻ, അൻവർ അലി, ഗിരീഷ് പുലിയൂർ എന്നിങ്ങനെ ഒട്ടനേകം യുവകവികളുമുണ്ട്. ആധുനികത സൃഷ്ടിച്ച കാവ്യഭാഷാവിപ്ലവത്തിന്റെ ഗാഥ ഇവർ പാടിക്കൊണ്ടേയിരിക്കുന്നു. കവിയോടൊപ്പം വായനക്കാരനും ഇടം നൽകുന്ന ഇന്നിന്റെ കവിതകൾ മലയാളിയുടെ ഭാവുകത്വത്തെ പരിണാമദിശയിലേക്ക് നയിച്ചുകൊണ്ടിരിക്കുന്നു.

## 2.18 നിരൂപണസാഹിത്യം

1889 ൽ സി.പി അച്യുതമേനോൻ വിദ്യാവിനോദിനി മാസിക ആരംഭിച്ചതോടെയാണ് സാഹിത്യനിരൂപണം മലയാളഭാഷയിൽ സജീവമായത്. അതിനുമുമ്പ് കേരളവർമ്മയും ഏ.ആറും ആംഗലേയ

സാഹിത്യവിമർശനത്തെ അനുവർത്തിച്ചു കൊണ്ടെഴുതിയവരെങ്കിലും പൗരസ്ത്യസാഹിത്യചിന്തകളിലധിഷ്ഠിതമായിരുന്നു. മാത്രവുമല്ല. കേരളവർമ്മ അന്നത്തെ സാഹിത്യത്തെ സമ്പന്നമാക്കുന്നതിനുവേണ്ടി ഗ്രന്ഥനിരൂപണം നിശിതവിമർശനമായി കണ്ടിരുന്നില്ല. ഏ. ആർ ഇതിൽ നിന്നു വ്യത്യസ്തനായിരുന്നെങ്കിലും ആധുനിക നിരൂപണസമ്പ്രദായങ്ങളിലേക്ക് അദ്ദേഹവും കടന്നുചെന്നിരുന്നില്ല.

എഴുത്തച്ഛൻ, കുഞ്ചൻനമ്പ്യാർ, ചെറുശ്ശേരി എന്നീ കവിപ്രതിഭകളുടെ കാവ്യങ്ങളെക്കുറിച്ച് സാഹിത്യപഞ്ചാനൻ പി.കെ. നാരായണപിള്ള മർമ്മസ്പർശികളായ നിരൂപണഗ്രന്ഥങ്ങൾ തയ്യാറാക്കി. മലയാളത്തിലെ സാഹിത്യനിരൂപണത്തിന്റെ ശക്തിയും ഗാംഭീര്യവും വിളിച്ചോതുന്നവയായിരുന്നു അവ. ആംഗലേയ ഭാഷയിലെ പ്രാചീന സാഹിത്യനിരൂപണങ്ങളെ അനുസ്മരിപ്പിക്കും വിധമായിരുന്നു ഈ നിരൂപണങ്ങളുടെ രചന.

കവിഹൃദയത്തിൽനിന്ന് അനുവാചക ഹൃദയത്തിലേക്കു നേരിട്ടു വ്യാപരിക്കാൻ കഴിഞ്ഞാൽ മാത്രമേ കവിതയ്ക്ക് മഹിമയുള്ളൂ എന്ന് ആശാൻ കവിതകളെ ഉദാഹരിച്ച് സമർത്ഥിക്കുകയും ഇതേ അളവുകോൽകൊണ്ട് ഉള്ളൂർക്കവിതകളുടെ കോട്ടങ്ങൾ വിലയിരുത്തുകയും ചെയ്തുകൊണ്ട് വിമർശനരംഗത്തേക്ക് കടന്നുവന്നയാളാണ് മുണ്ടശ്ശേരി. ഐ.എ. റിച്ചാർഡ്സിന്റെയും ആബർക്രോംബിയുടെയും നിരൂപണാശയങ്ങളുടെ ചൈതന്യം മുണ്ടശ്ശേരിയുടെ വിമർശനത്തിൽ ദൃശ്യമാണ്. സാഹിത്യത്തിന്റെ സാമൂഹിക പ്രയോജനവും സഹിത്യകാരന്റെ സൃഷ്ടിശക്തിയിൽ സാമൂഹികസ്ഥിതി ചെലുത്തുന്ന സ്വാധീനവും വിമർശനത്തിൽ വ്യക്തമാക്കണമെന്ന വിശ്വാസം അദ്ദേഹം തന്റെ നിരൂപണപദ്ധതിയിൽ പുലർത്തിയിരുന്നു. വിമർശനാധീനമാകുന്ന കൃതി തന്നിൽ സൃഷ്ടിക്കുന്ന ചിത്തവൃത്തികളെ യാതൊരു കൂസലും കൂടാതെ അദ്ദേഹം തുറന്നു കാട്ടുന്നു. ജോസഫ് മുണ്ടശ്ശേരിയുടെ നിരൂപണങ്ങൾ വായനക്കാരന്റെ ചേതനയെ ഉന്നിദ്രവും ബുദ്ധിയെ സമുത്സുകവുമാക്കിത്തീർക്കുന്നു. മാറ്റൊലി, മാനദണ്ഡം, അന്തരീക്ഷം, മനുഷ്യകഥാനുഗായികൾ, വായനശാലയിൽ, കാലത്തിന്റെ കണ്ണാടി എന്നീ ഗ്രന്ഥങ്ങളിലായി മുണ്ടശ്ശേരിയുടെ നിരുപണങ്ങൾ സമാഹരിച്ചിരിക്കുന്നു.

പത്രപ്രവർത്തനരംഗവുമായി ബന്ധപ്പെട്ടാണ് കേസരി എ. ബാലകൃഷ്ണപിള്ള നിരൂപണരംഗത്തേക്ക് കടന്നുവന്നത്. നിരൂപണമെന്നാൽ ജനകീയാവബോധത്തിന് ഉതകുന്നതാവണമെന്ന് അദ്ദേഹത്തിന് നിർബന്ധമുണ്ടായിരുന്നു. മലയാളസാഹിത്യത്തെ പുതിയ മേഖലകളിലേക്ക് നയിക്കാൻ അദ്ദേഹം നിരൂപണത്തെ ഉപയോഗിച്ചു. വിശ്വസാഹിത്യത്തിലെ പല പ്രവണതകളെയും മലയാളത്തിന് അദ്ദേഹം പരിചയപ്പെടുത്തി, വിമർശനത്തെ സാങ്കേതികപരമായിട്ടാണദ്ദേഹം കണ്ടത്. രൂപമഞ്ജരി, സാങ്കേതികനിരൂപണങ്ങൾ, രാജരാജീയം മുതലായവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.

സംസ്കൃതസാഹിത്യത്തിലെ ഗാഢമായപാണ്ഡിത്യവും സഹൃദയത്വവും കുട്ടിക്കൃഷ്ണമാരാരുടെ മുഖമുദ്രയായിരുന്നു. സാഹിത്യത്തെയും കലകളെയും സംബന്ധിച്ച് സൈദ്ധാന്തിക വിമർശനത്തിന്

അദ്ദേഹം പ്രാധാന്യം നൽകി. സൈദ്ധാന്തിക രീതിയിൽ ഗ്രന്ഥ ങ്ങളെ അവലോകനം ചെയ്യുന്ന പ്രായോഗികവിമർശനമായിരുന്നു അദ്ദേഹത്തിന്റേത്. പുരോഗമന സാഹിത്യപ്രസ്ഥാനത്തിൽനിന്ന് അദ്ദേഹം അകന്നുനിന്നു. രാജാങ്കണം, സാഹിത്യവിദ്യ, ദന്തഗോപു രം, കല ജീവിതം തന്നെ തുടങ്ങിയവയാണ് അദ്ദേഹത്തിന്റെ പ്രധാന കൃതികൾ.

ഗദ്യസാഹിത്യത്തിലേക്ക് തന്റെ നിരൂപകശ്രദ്ധ കേന്ദ്രീകരിച്ച വിമർശ കനായിരുന്നു എം.പി. പോൾ. ആധുനിക ഗദ്യത്തിന്റെ പ്രയോഗങ്ങ ളെയും സാധ്യതകളെയും സംബന്ധിച്ച അദ്ദേഹത്തിന്റെ വിചിന്തന ങ്ങൾ നമ്മുടെ ഗദ്യസാഹിത്യത്തിന്റെ വ്യവസ്ഥാപനത്തിലും അവ യുടെ ജനകീയമായ അംഗീകാരലബ്ധിക്കും കാരണമായി. സാഹി ത്യസഖ്യം, പുരോഗമന സാഹിത്യസംഘം, സാഹിത്യപ്രവർത്തക സഹകരണസംഘം എന്നിവയുടെ നേതൃത്വം വഹിക്കാൻ അദ്ദേഹ ത്തിന് കഴിഞ്ഞു. നോവൽ സാഹിത്യം, ചെറുകഥാപ്രസ്ഥാനം, ഗദ്യ ഗതി, സൗന്ദര്യനിരീക്ഷണം തുടങ്ങിയ ഗ്രന്ഥങ്ങളിലൂടെ ഗദ്യസാഹി ത്യത്തിന് താത്വികമായ അടിത്തറയുറപ്പിക്കാൻ അദ്ദേഹത്തിനായി.

വിദ്വാൻ സി.എസ്. നായർ, കുറ്റിപ്പുഴ കൃഷ്ണപ്പിള്ള, എസ്. ഗുപ്തൻനായർ, ഡോ. എസ്.കെ.നായർ, പി.കെ. ബാലകൃഷ്ണൻ, സുകുമാർ അഴീക്കോട്, ഡോ.എം.ലീലാവതി, എം.കെ സാനു, എം. അച്യുതൻ, എം.എൻ. വിജയൻ, എം.പി. ശങ്കുണ്ണിനായർ, ഡോ. കെ.എൻ. എഴുത്തച്ഛൻ, കെ.എം. തരകൻ, തായാട്ടു ശങ്കരൻ, കെ. പി.അപ്പൻ, പി.ഗോവിന്ദപ്പിള്ള, കെ.പി.ശങ്കരൻ തുടങ്ങിയ നിരൂപകർ മലയാള നിരൂപണരംഗത്തെ ശക്തിപ്പെടുത്തുന്നതിന് തനതായ സംഭാവനകൾ നല്കിയിട്ടുണ്ട്. ഗ്രന്ഥനിരൂപണങ്ങൾ, സാഹിത്യസി ദ്ധാന്തചർച്ചകൾ എന്ന നിലകളിലാണ് മലയാളസാഹിത്യവിമർശന രംഗം ഉയർന്നു വന്നത്. സാഹിത്യനിരൂപണം സാംസ്കാരിക നിരൂ പണംകൂടിയായി പിൽക്കാലത്ത് മാറി. ഒരു കൃതി അതിന്റെ രചനാ ലക്ഷ്യം, ആ കൃതി സൃഷ്ടിക്കപ്പെട്ട സാഹചര്യം, ആ കൃതി പ്രതിനി ധാനം ചെയ്യുന്നതും ആ കൃതി ഉൾപ്പെടുന്നതുമായ സാഹചര്യം ഇവയെല്ലാം ഇന്ന് പഠനവിധേയമാവുന്നു. പാശ്ചാത്യസാഹിത്യവി മർശനസമ്പ്രദായങ്ങൾകൂടി ഉൾക്കൊണ്ട് മലയാള വിമർശനസാഹിത്യം ഇന്ന് വികാസം പ്രാപിച്ചിരിക്കുന്നു.

## 2.19 പുരോഗതി സ്വയം പരിശോധിക്കുക

(1) ആശാൻ-ഉള്ളൂർ-വള്ളത്തോൾ എന്നീ കവിത്രയത്തിന്റെ കാവ്യ ശൈലി താരതമ്യം ചെയ്യുക.

(2) മലയാളത്തിലെ നിരൂപണസാഹിത്യത്തിന് അടിസ്ഥാനമിട്ട നിരൂപകർ ആരൊക്കെ? അവരുടെ സംഭാവനകൾ ചുരുക്കിയെ ഴുതുക.

ignou
THE PEOPLE'S
UNIVERSITY

# യൂണിറ്റ് – 3
# ആധുനിക സാഹിത്യപ്രവണതകൾ

**ഉള്ളടക്കം**


3.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
3.1 എന്താണ് ആധുനികത
3.2 ദളിത് സാഹിത്യം
3.3 പുരോഗതി പരിശോധിക്കുക
3.4 സ്ത്രീവാദം
3.5 സ്ത്രീവാദ വിമർശനം
3.6 പുരോഗതി പരിശോധിക്കുക
3.7 പാരിസ്ഥിതിക ദർശനം
3.8 സൈബർ സാഹിത്യം
3.9 പുരോഗതി പരിശോധിക്കുക


## 3.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

നമ്മുടെ മാതൃഭാഷയായ മലയാളത്തിന്റെ ഉത്പത്തിയും കാലക്രമേണ അത് മറ്റ് ദ്രാവിഡഭാഷകളിൽനിന്ന് തികച്ചും വ്യത്യസ്തമായ ഒരു ഭാഷയായി വികസിച്ചുവന്നതിന്റെ സംക്ഷിപ്തമായ വിവരണവുമാണല്ലോ നിങ്ങൾ യൂണിറ്റ് ഒന്നിൽ പഠിച്ചത്. അതുപോലെ മലയാളസാഹിത്യത്തിന്റെ ഉത്ഭവവവും വളർച്ചയും എപ്രകാരമായിരുന്നുവെന്ന് യൂണിറ്റ് രണ്ടിലൂടെ ഗ്രഹിച്ചു. ഈ രണ്ട് യൂണിറ്റുകളിൽനിന്നും വ്യത്യസ്തമായി മലയാളസാഹിത്യത്തിൽ സ്വാധീനം ചെലുത്തിയ ചില ആധുനിക പ്രവണതകളെ കുറിച്ചും അതിനുകാരണമായ ചില സിദ്ധാന്തങ്ങളെ കുറിച്ചുമാണ് ഈ യൂണിറ്റിൽ (യൂണിറ്റ് മൂന്ന്) പ്രതിപാദിക്കുന്നത്. ഒപ്പം ഇത്തരം ആധുനിക പ്രവണതകൾ പ്രകടിപ്പിക്കുന്ന സാഹിത്യകൃതികളെയും അവയുടെ രചയിതാക്കളെയും വിദ്യാർത്ഥികൾ പരിചയപ്പെടുക എന്നതും ഈ പാഠഭാഗത്തിന്റെ പ്രധാന ഉദ്ദേശ്യമാണ്.

ഈ യൂണിറ്റിൽ ആധുനികതയുടെയും ഉത്തരാധുനികതയുടെയും പ്രവൃത്തിമണ്ഡലത്തെയും പ്രവണതകളെയും പരിചയപ്പെടുത്തുകയാണ് ചെയ്യുന്നത്. ഓരോ കാലത്തും സാഹിത്യത്തിനുവന്ന മാറ്റം തിരിച്ചറിയുകയും പ്രവണതകൾ മാറുന്നതനുസരിച്ച് സാഹിത്യത്തിന്റെ ആവിഷ്കരണരീതികൾ മാറുന്നതെങ്ങനെയെന്ന് കണ്ടെത്തുകയുമാണ് ഈ പാഠഭാഗത്തിന്റെ ലക്ഷ്യം.

## 3.1 എന്താണ് 'ആധുനികത'

മനുഷ്യന്റെ ചിന്താധാരണകളെയും അഭിരുചികളെയും മാറ്റിമറിച്ചുകൊണ്ട് പാശ്ചാത്യലോകത്ത് ഉദയം ചെയ്ത പ്രസ്ഥാനമാണ് മോഡേണിസം (Modernism) അഥവാ ആധുനികത. ആധുനികതയെ മോഡേണിസമെന്നും മോഡേണിറ്റിയെന്നും സമാനാർത്ഥത്തിലും, വ്യത്യസ്താർത്ഥത്തിലും വ്യവഹരിക്കാറുണ്ട്. നിഷേധികളുടെയോ ക്ഷോഭിക്കുന്നവരുടെയോ മൊഴിയാണ് മോഡേണിറ്റി

(Modernity)എന്നും എന്നാൽ ഇതിന്റെ വിരുദ്ധധ്വനിമാത്രമാണ് മോഡേണിസമെന്നുമാണ് നിരൂപകർ പൊതുവെ അഭിപ്രായപ്പെടുന്നത്. പത്തൊൻപതാം നൂറ്റാണ്ടിൽ യൂറോപ്യൻ മണ്ണിൽ കൊടിനാട്ടിയ ഈ പ്രസ്ഥാനം കലയിലും സാഹിത്യത്തിലും ശാസ്ത്രരംഗത്തും തത്ത്വചിന്തയിലുമെല്ലാം സമൂലമായ പരിവർത്തനം വരുത്തി. ലോക മഹായുദ്ധങ്ങൾ ക്ഷണിച്ചുവരുത്തിയ ഭീകരതയും അരക്ഷിതാവസ്ഥയുമാണ് ഇതിന്റെ പ്രധാന കാരണങ്ങൾ. പരമ്പരാഗതമായി അനുസരിച്ചുപോന്ന വിശ്വാസപ്രമാണങ്ങളെയും മാനുഷികമൂല്യങ്ങളെയും തിരുത്തിക്കുറിച്ചുകൊണ്ട് സാമൂഹികവും സാംസ്കാരികവുമായ അവബോധതലങ്ങളിൽ വ്യക്തിത്വാധിഷ്ഠിതമായ കാഴ്ചപ്പാടുകളോടെയാണ് ആധുനികത വളർന്നുവന്നത്. ഇംഗ്ലീഷ് സാഹിത്യത്തിൽ 'ആധുനികത' പ്രത്യക്ഷപ്പെടുന്നത് 1965 ലാണ്. പാശ്ചാത്യലോകത്ത് ആധുനിക പ്രവണതകൾ ഏറ്റവും കൂടുതൽ ആവിഷ്ക്കരിക്കപ്പെട്ടത് കവിതകളിലാണ്. പ്രകൃതിയിലെ മനോഹരദൃശ്യങ്ങളും സൗന്ദര്യത്തിന്റെ മൂർത്തതലങ്ങളും ഒഴിവാക്കി വ്യക്തികളുടെ വൈകാരിക തലങ്ങളെ അമൂർത്തമായി ചിത്രീകരിക്കാനാണ് ആധുനികർ ശ്രമിച്ചത്. ആധുനികരായ എഴുത്തുകാർ വായനക്കാർ എന്തു ധരിച്ചുവെന്നോ എന്തു ധരിക്കുമെന്നോ ഓർത്ത് വ്യാകുലപ്പെടുന്നവരല്ല. സ്വന്തം മനസ്സിന്റെ ആവിഷ്ക്കാരത്തെ സ്വാഭാവികതനിമയോടെ അവതരിപ്പിച്ച ടി.എസ്. എലിയട്ടിന്റെ തരിശുഭൂമിയും (Waste land)ജയംസ് ജോയിംസിന്റെ യുളിസസും(Ulysess) കാർപെന്റിയറിന്റെ നഷ്ടപ്പട്ട കാൽവയ്പ്പുകളും (Lost steps) ആധുനിക പ്രവണതകൾ പ്രകടിപ്പിക്കുന്ന കൃതികളാണ്. വ്യക്തിഗതമല്ലാത്ത (Impersonal) രൂപപരമായ(Formal) സങ്കൽപ്പങ്ങളാണ് ആധുനികരെ നയിച്ചത്.

മലയാളസാഹിത്യത്തിൽ അയ്യപ്പപ്പണിക്കരുടെ 'കുരുക്ഷേത്ര'ത്തോടുകൂടി ആരംഭിച്ച ഈ ആധുനികത ചെറുകഥയിലും നോവലിലും ശക്തമായ പ്രതിഫലനം സൃഷ്ടിച്ചു. പ്രകോപനപരമെന്നു വിശേഷിപ്പിക്കാവുന്ന കാവ്യസാന്നിധ്യമായി 1962 ൽ കുരുക്ഷേത്രം മലയാളസാഹിത്യത്തിൽ പ്രത്യക്ഷപ്പെട്ടു. യുറോപ്യൻ ആധുനികതയുടെ സ്വാധീനം മലയാളത്തിലെ ആധുനിക കവിതയിലും പ്രകടമായിരുന്നു. കാല്പനികതയെ തിരസ്കരിച്ചുകൊണ്ട് കക്കാടിന്റെയും എം. ഗോവിന്ദന്റെയുമൊക്കെ രചനകൾ പ്രത്യക്ഷപ്പെട്ടു. സച്ചിദാനന്ദൻ, ആറ്റൂർ രവിവർമ്മ, കടമ്മനിട്ട, എം എൻ പാലൂർ, ചെറിയാൻ കെ ചെറിയാൻ, കെ.ജി.ശങ്കരപ്പിള്ള, ബാലചന്ദ്രൻചുള്ളിക്കാട്, ഡി. വിനയചന്ദ്രൻ തുടങ്ങി ഒട്ടേറെ കവികൾ ആധുനികതയുടെ ഭാഗമായി കവിതാരംഗത്ത് സജീവമായി. എം.പി നാരായണപിള്ള, ഒ.വി. വിജയൻ, എം. മുകുന്ദൻ, കാക്കനാടൻ, സേതു, സക്കറിയ, ആനന്ദ്, പുനത്തിൽ കുഞ്ഞബ്ദുള്ള തുടങ്ങിയ പ്രതിഭകളുടെ സർഗസൃഷ്ടികൾ കഥാസാഹിത്യത്തിൽ വായനക്കാർക്ക് പുതിയൊരു അനുഭവലോകം പ്രദാനം ചെയ്തു. പാരമ്പര്യത്തിന്റെ അതിരുകളെ അതിലംഘിച്ചുകൊണ്ട് അസ്തിത്വവ്യഥയും അപമാനവീകരണവും അന്യതാബോധവുമെല്ലാം ഇവരുടെകൃതികൾക്ക് മുഖ്യവിഷയമായി. ഒ.വി. വിജയന്റെ 'ഖസാക്കിന്റെ ഇതിഹാസം', ആനന്ദിന്റെ 'അഭയാർത്ഥികൾ', കാക്കനാടന്റെ 'ഉഷ്ണമേഖല', മുകുന്ദന്റെ 'ഹരിദ്വാറിൽ മണി

കൾ മുഴങ്ങുന്നു' എന്നീ നോവലുകളിൽ ആധുനികതയുടെ കൂടപ്പിറപ്പായ നിഷേധവാസനയും നിരാശാബോധവുമെല്ലാം അലിഞ്ഞു ചേർന്നിട്ടുണ്ട്. ജീവിതത്തെക്കുറിച്ചുള്ള മനോഹര സ്വപ്നങ്ങളിൽ അഭിരമിക്കാതെ തത്ക്കാല സുഖത്തിനുവേണ്ടി ഉന്മാദത്തിന്റെ അനന്ത വിഹായസുകളിലേക്ക് പറന്നുയരുന്ന കഥാപാത്രങ്ങളാണ് ഇവരുടെ കൃതികളിൽ ഏറിയതും. ചെറുകഥയിലെ ആധുനികതയെ പ്രതിനിധാനം ചെയ്യുന്നതും പ്രധാനമായി ഈ എഴുത്തുകാർ തന്നെയാണ്. കാലപ്പഴക്കം (കാക്കനാടൻ), എട്ടുകാലി, പാറകൾ (ഒ. വി. വിജയൻ) മുണ്ഡനം ചെയ്യപ്പെട്ട ജീവിതം, രാധ രാധമാത്രം (എം. മുകുന്ദൻ) പ്രപഞ്ചത്തിന്റെ അവശിഷ്ടങ്ങൾ, ഒരിടത്ത് (സക്കറിയ) ദൂത്, സമയം (സേതു) കുഴി, സമതലം (ആനന്ദ്) മുരുകൻ എന്ന പാമ്പാട്ടി, ജോർജ്ജ് ആറാമന്റെ കോടതി (എം.പി. നാരായണ പിള്ള) ഭ്രാന്തൻപൂക്കൾ, മലമുകളിലെ അബ്ദുള്ള (പുനത്തിൽ കുഞ്ഞബ്ദുള്ള) തുടങ്ങിയ ചെറുകഥകൾ ആധുനികതയുടെ രചനാ സവിശേഷതകൾ ഉൾക്കൊള്ളുന്നു.

സമകാലീന മനുഷ്യസമൂഹത്തെ കീഴ്പ്പെടുത്തിയ വിവരസാങ്കേതിക വിദ്യയും, കീഴാളജീവിതങ്ങളുടെ ദുരിതങ്ങളും പ്രതിരോധങ്ങളും സ്ത്രീ സ്വതാവിഷ്ക്കാരങ്ങളും പാരിസ്ഥിതിക സൗന്ദര്യാവിഷ്കാരങ്ങളും ആധുനികസാഹിത്യലോകത്തിന് വേറിട്ടൊരു മുഖഛായ നൽകി. ഇതിനെയാണ് ആധുനികോത്തരത എന്ന് വിളിക്കുന്നത്. ജീവിതഗതിയിലുണ്ടായ മാറ്റങ്ങളെയും കാലത്തിന്റെ ചലനങ്ങളെയും കൃത്യമായി ഉൾക്കൊള്ളുന്ന എഴുത്തുകളാണ് ഈ രചനാ മാർഗത്തിന്റെ സവിശേഷത. ഇതുവഴി സാഹിത്യത്തിൽ പുതിയ കർത്തൃത്വവും, പരിഗണനകളുമുണ്ടായി. മുഖ്യധാരയിൽ വരാതെ പാർശ്വവൽക്കരിക്കപ്പെട്ടവയ്ക്ക് മുമ്പില്ലാത്ത വിധം സാഹിത്യത്തിൽ പ്രവേശനം സാധ്യമായി.

## 3.2 ദളിത്സാഹിത്യം

ദലിത് എന്ന പദത്തിനർത്ഥം Split/Crushed/ Distroyed എന്നൊക്കെയാണ്. മനുഷ്യനെന്ന നിലയിൽ മറ്റ് ആരേക്കാളും തങ്ങൾ അധമരല്ലെന്നും ശാരീരികമായും മാനസികമായും കഴിവ് തെളിയിക്കാൻ തങ്ങൾ പ്രാപ്തരാണെന്നുമുള്ള തിരിച്ചറിവാണ് ദലിത് അവബോധം. രാഷ്ട്രീയത്തിൽ ദലിത് അവബോധം 'അംബേദ്കറിസ'മായി കണക്കാക്കാം. ജനനമോ ജാതിയോ അല്ല, മറിച്ച് ബ്രാഹ്മണജ്ഞാന വ്യവസ്ഥയിൽ നിന്നുള്ള മോചനവും തന്റെ ജാതിയും സ്വത്വവും നികൃഷ്ടമല്ല എന്ന തിരിച്ചറിവും എല്ലാ ചൂഷിതവിഭാഗങ്ങളുമായി രാഷ്ട്രീയമായി ഐക്യപ്പെടാനുള്ള ഇച്ഛാശക്തിയും ദലിത് അവബോധത്തിനുണ്ട്. 'ദലിത്' എന്ന പദം ആദ്യമായി 'ഡിപ്രസ്ഡ്ക്ലാസ്' (അധഃകൃതവർഗം) എന്നതിന്റെ തർജിമയായി 1930 ലാണ് പ്രയോഗിക്കുന്നത്.

ദലിതരുടെ ജീവിതം ആവിഷ്കരിക്കുന്ന രചനകളാണ് ദലിത് രചനകൾ. ദേശീയതലത്തിൽ ദലിത്സാഹിത്യം ശക്തിപ്രാപിക്കുന്നത് 1960 കളിലാണ്. സാമൂഹ്യമായ അധഃപതനങ്ങൾക്കെതിരെയുള്ള പോരാട്ടമായി ദലിത്സാഹിത്യം പരിണമിക്കുന്നത് കവിതകളിലാണ്. നാരാ

യൺ ബുർവേയുടെ 'ജീവിതത്തിന്റെ നടപ്പാതയിൽ', നാമദേവ് ഥസാലിന്റെ ഗോൽപിത്ത് (ബോംബയിലെ ചേരിപ്രദേശം) വാമൻനിംബാൽക്കറുടെ 'ഗവേകുശഹേരിൽ കവിത' (ഗ്രാമത്തിനു പുറത്തു നിന്നുള്ള കവിത) ദയാപവാറിന്റെ 'കോണ്ട്വാഡ' (കാലിത്തൊഴുത്ത്) തുടങ്ങിയ മറാഠി കൃതികൾ ദലിത് ചൂഷണങ്ങൾ വരച്ചുകാട്ടിയവാണ്.

മലയാളത്തിൽ 1892-ൽ പോത്തേരികുഞ്ഞമ്പു രചിച്ച 'സരസ്വതിവിജയ' ത്തിലൂടെയാണ് ദലിത്വിഷയം ആദ്യമായി അവതരിപ്പിക്കപ്പെടുന്നത്. 'മരത്തൻ' എന്ന പുലയയുവാവിനെ പ്രധാന കഥാപാത്രമാക്കി രചിച്ച ഈ കൃതിയിൽ അധഃസ്ഥിത ചൂഷണങ്ങളേറെയും ആവിഷ്ക്കരിക്കപ്പെട്ടിട്ടുണ്ട്. ആദ്യകാലങ്ങളിൽ ദലിതരുടെ ജീവിതം പൂർണ്ണമായും കൃതികളിലൂടെ അവതരിപ്പിച്ചത് സവർണരായിരുന്നു. തകഴിയുടെയും കേശവദേവിന്റെയും കാരൂർ നീലകണ്ഠപിള്ളയുടെയും കൃതികൾ ഇതിനു നിദർശനമാണ്. ഇശക്കുമുത്തു, ചുടലമുത്തു, വള്ളിമോഹനൻ എന്നീ കഥാപാത്രങ്ങളിലൂടെ കീഴാളവർഗ്ഗം അനുഭവിച്ചിരുന്ന യാതനകൾ 'തോട്ടിയുടെ മകനി'ൽ തകഴി ചിത്രീകരിച്ചിട്ടുണ്ട്.

> "അന്തണനെച്ചമച്ചുള്ളോരു കൈയല്ലോ
> ഹന്ത! നിർമിച്ചുചെറുമനെയും" (ദുരവസ്ഥ)

എന്ന് മേലാളവർഗത്തെ ഉദ്ബോധിപ്പിച്ച കുമാരനാശാനും ദലിത്സാഹിത്യ ശാഖയ്ക്ക് ഒരു മുതൽക്കൂട്ടായിരുന്നു. കുമാരനാശാന്റെ 'ചണ്ഡാലഭിക്ഷുകിയിലും', 'തിയ്യക്കുട്ടിയുടെ വിചാര'ത്തിലും ദലിതവബോധമാണ് മുഖ്യവിഷയം. വള്ളത്തോളിന്റെ 'കാറുകണ്ട കർഷകൻ', 'അച്ഛന്റെ ചാത്തം', 'ഒരു തോണിയാത്ര', 'ജാതിപ്രഭാവം' ഉള്ളൂരിന്റെ 'പുലവൃത്തം', 'കീശസന്ദേശം' തുടങ്ങിയ കൃതികളിലൂടെ ആധുനിക കവിത്രയം സമൂഹത്തിന്റെ അടിത്തട്ടിൽ ജീവിച്ചിരുന്നവരുടെ ദുരിതങ്ങളെ പുനരാവിഷ്ക്കരിച്ചു.

ചങ്ങമ്പുഴയുടെ 'വാഴക്കുല', ജി. ശങ്കരക്കുറുപ്പിന്റെ 'മൂന്നരുവിയും ഒരു പുഴയും', ഇടശ്ശേരിയുടെ 'പണിമുടക്കം' 'പുത്തൻകലവും അരിവാളും' വൈലോപ്പിള്ളിയുടെ 'കുടിയൊഴിക്കൽ', വയലാറിന്റെ 'ഇത്താപ്പിരി', കടമ്മനിട്ടയുടെ 'കാട്ടാളൻ', 'കിരാതവൃത്തം', 'കുറത്തി' സച്ചിദാനന്ദന്റെ 'പുലയപ്പാട്ട്', 'പറയപ്പാട്ട്', ആറ്റൂരിന്റെ ഉദാത്തം, പുനലൂർ ബാലന്റെ 'സഞ്ചയനം', എം.പി അപ്പന്റെ 'കൊയ്ത്തുകാലം', കെ.കെ. ഗോവിന്ദന്റെ 'അയിത്തം', വി.പി. വാസുദേവന്റെ 'സമരഗാനം', സുഗതകുമാരിയുടെ 'ആദിവാസിസാക്ഷരത', എ. അയ്യപ്പന്റെ 'ബലിക്കുറിപ്പുകൾ', കെ.സി. കാട്ടാക്കടയുടെ 'കറുത്തപുലരി', സണ്ണി കപിക്കാടിന്റെ 'വർത്തമാനം', തുടങ്ങിയവ ദലിതരല്ലാത്തവരുടെ ദലിത് രചനകളാണ്.

എന്നാൽ ജാതിയെച്ചൊല്ലിയുള്ള വിഷാദവും അതിക്രമങ്ങളുടെ ഭീകരതയും എടുത്തുകാട്ടി സവർണർ രചിക്കുന്ന രചനകളല്ല ദലിത് സാഹിത്യമെന്ന് ഒരു വിഭാഗം അവകാശപ്പെടുന്നു. ദലിതർക്കുവേണ്ടി ദലിതർ രചിക്കുന്ന സാഹിത്യമാണ് ദലിത് സാഹിത്യമെന്നാണ് അവ

രുടെ മതം. യാതനകളെ വിഷാദരൂപത്തിൽ അനുവാചകനു മുന്നിലെത്തിക്കാതെ അതിനെതിരെ പ്രതിഷേധിക്കുന്നവരുടെ ശബ്ദമായി മാറണം ദലിത്സാഹിത്യമെന്നാണ് ദലിത് സാഹിത്യനിരൂപകൻ അഭിപ്രായപ്പെടുന്നത്.

ഇരുപതാം നൂറ്റാണ്ടിന്റെ മുക്കാൽഭാഗവും കഴിഞ്ഞുണ്ടായ ദലിത് സഹിത്യകൃതികളോരോന്നും സ്വാനുഭവത്തിന്റെ വെളിച്ചത്തിൽനിന്ന് പ്രതിഫലിച്ചവയാണ്. അവഗണനകളും ദുരിതങ്ങളും നിരാശകളുമെല്ലാം അവയിൽ ആലേഖനം ചെയ്തിട്ടുണ്ട്. ജാതിസമ്പ്രദായത്തിന്റെ പൂർണമായ നിരാസം അതിന്റെ പിന്നിലുള്ള ഹിന്ദുത്വ ആശയവാദം, സ്ഥിതിസമത്വവാദം, ഭൗതികവാദം, സർവ്വോപരി മാനുഷികവാദം ഇവയാണ് ദലിത് സാഹിത്യസൃഷ്ടികളുടെ മുഖ്യവിഷയങ്ങൾ. ആദ്യകാലത്ത് ദുഃഖവും തേങ്ങലും വേദനകളുമെല്ലാം അതേപടി പകർത്തി എഴുതുന്നവയായിരുന്നു ദലിത് സൃഷ്ടികളെങ്കിൽ ഇന്ന് “നീ എനിക്ക് ദുഃഖം തന്നാൽ ആ ദുഃഖം നീയും അനുഭവിക്കണമെന്ന നിർബന്ധ ബുദ്ധിയുള്ള ഭാഷയിലേക്ക്” ദലിത് സാഹിത്യം പരിണമിച്ചു. ചുരുക്കത്തിൽ എല്ലാവിധ ചൂഷണങ്ങളെയും എതിർക്കുവാൻ ദലിതർ അവർക്കുവേണ്ടി രൂപപ്പെടുത്തിയ സമരായുധമായി ദലിത്സാഹിത്യം മാറി.

വാലസമുദായത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി പൊരുതിയ കെ.പി. കറുപ്പന്റെ ‘ജാതിക്കുമ്മി’, ‘ഉദ്യാനവിരുന്ന്’ തുടങ്ങിയ കവിതകളും ‘ബാലാകലേശം’ നാടകവും മേലാളവർഗത്തോടുള്ള വെല്ലുവിളിയായിരുന്നു. ആധുനികകാലത്ത് ജാതിവ്യവസ്ഥയെ എതിർത്തുകൊണ്ട് രചിച്ച പദ്യകാവ്യമാണ് ‘ജാതിക്കുമ്മി’.

“എല്ലാവരും നമ്മൾമാനുഷൻമാ
രല്ലാതെ മാടും മരവുമല്ല;
വല്ലായ്മ പോക്കുക, ശാസ്ത്രീയമാം ജാതി
ചൊല്ലാം മനുഷ്യത്വം യോഗപ്പെണ്ണേ- ഒരു
നല്ല ജാതിയതു ജ്ഞാനപ്പെണ്ണേ.”

എന്ന ‘ജാതിക്കുമ്മി’യിലെ വരികൾ അധഃസ്ഥിത ജനത അനുഭവിച്ചിരുന്ന ജാതീയമായ അവഹേളനത്തിന് നിദാനമാണ്. ‘ഉദ്യാനവിരുന്നി’ലെ യഥാർത്ഥ പ്രമേയം ഉദ്യാനവിരുന്നല്ല മറിച്ച് ജാതിയുടെ പേരിലുള്ള അകറ്റിനിർത്തലാണ്. പുലയനെ കഥാപാത്രമാക്കുന്ന ആദ്യത്തെ മലയാള നാടകം കെ.പി. കറുപ്പന്റെ ‘ബാലാകലേശ’മാണ്.

കേരളത്തിലെ ആദിവാസി സമൂഹമായ മലയരയൻമാരെക്കുറിച്ച് ഒരു ആദിവാസിഎഴുതിയ ആദ്യ നോവലെന്ന് പ്രശസ്തി നേടിയ നാരായന്റെ ‘കൊച്ചരേത്തി’ പൂർണമായും ദലിത് സാഹിത്യത്തിൽ ഉൾപ്പെടുന്ന കൃതിയാണ്. നോവലിലുടനീളം കാണുന്ന ഭാഷാപരമായ പ്രത്യേകതകളും പ്രമേയവും അതിനു തെളിവാണ്. ‘ഊരാളിക്കുടി’, ‘ചെങ്ങാരും കൂട്ടാളും’ തുടങ്ങിയ കൃതികളും ഈ വിഭാഗത്തിൽ ഉൾപ്പെടുന്നവയാണ്. ദലിത്ജീവിതം സമർത്ഥമായി അവതരിപ്പിച്ച് സാഹിത്യത്തിന്റെ മുഖ്യധാരയിൽ ഇടം നേടിയ എഴുത്തുകാരനാണ് ടി.കെ.സി. വടുതല. എറണാകുളം നഗരപ്രാന്തത്തിലെ കർഷക

ത്തൊഴിലാളികളായ പുലയസമുദായത്തിന്റെ ജീവിതങ്ങളെയാണ് ടി. കെ.സി തന്റെ കഥകളിൽ, ചിത്രീകരിക്കുന്നത്. 'ചക്രാന്തി അട', 'ആൻ മകാചീമേനി', 'എണ്ട വിതിയാ', 'അച്ചണ്ട വെന്തീഞ്ഞ ഇന്നാ', 'ഇറങ്ങിപ്പോക്ക്' തുടങ്ങിയകഥകൾ അന്യോന്യം ബന്ധിതമാണ്. കാവൽഭൂതം, ഞണ്ടുകൾ തുടങ്ങിയ കഥകളെഴുതിയ സി.അയ്യപ്പൻ മലയാള കഥാസാഹിത്യത്തിലെ ദലിത് സമീപനത്തെ സൗന്ദര്യാത്മകമായി ഔന്നത്യത്തിലെത്തിച്ച എഴുത്തുകാരനാണ്. പി.എ. ഉത്തമന്റെ ചാവൊലി, രാഘവൻ അത്തോളിയുടെ ചോരപരിശം 'മൊഴിമാറ്റം', മൗനശിലകളുടെ പ്രണയക്കുറിപ്പുകൾ, പോൾ ചിറക്കരോടിന്റെ 'ചെറ്റപ്പുരകൾ', 'അലിഞ്ഞുതീർന്ന ആത്മാവ്', 'ചിലന്തിവല', (നോവൽ) 'ഒലിച്ചുപോകുന്ന മൺകൂനകൾ', 'നനഞ്ഞഭൂമി', (കഥകൾ) കുരീപ്പുഴ ശ്രീകുമാറിന്റെ 'കീഴാളൻ' (കവിത) തുടങ്ങിയവയും ദലിത് സാഹിത്യ രംഗത്ത് അനിഷേധ്യ സ്ഥാനമർഹിക്കുന്നു. എസ്. ജോസഫ്, എം.ആർ. രേണുകുമാർ, എം.ബി. മനോജ് തുടങ്ങി ഒട്ടേറെ പുതുകവികളുടെ രചനകളിൽ ദലിത്ജീവിതത്തിന്റെ അടയാളപ്പെടുത്തലുണ്ട്.

## 3.3 പുരോഗതി പരിശോധിക്കുക

1. എന്താണ് ആധുനികത?
2. ഇംഗ്ലീഷ്സാഹിത്യത്തിൽ ആധുനികത പ്രത്യക്ഷപ്പെടുന്നത് എപ്പോൾ?
3. മലയാളസാഹിത്യത്തിലെ ആധുനികതയുടെ കടന്നുവരവിനെ കുറിച്ച് ഒരു കുറിപ്പ് എഴുതുക?
4. 'ദലിത്' എന്ന പദത്തിന്റെ അർത്ഥം എന്താണ്?
5. 'ദലിത്' എന്ന പദം ആദ്യമായി ഉപയോഗിച്ചത് എവിടെ?
6. എന്താണ് ദലിത് സാഹിത്യം?
7. മലയാളത്തിലെ ആദ്യ ദലിത് സാഹിത്യകൃതി ഏതാണ്?
8. ദലിത്ബോധമുള്ള ആധുനികകവിത്രയങ്ങളുടെ കൃതികൾ ഏതെല്ലാം?
9. വാലസമുദായത്തിന്റെ ഉദ്ധാരണത്തിനുവേണ്ടി പ്രവർത്തിച്ച വ്യക്തി ആര്?
10. 'ഉദ്യാനവിരുന്നി'ലെ പ്രമേയം എഴുതുക?
11. ടി.കെ.സി. വടുതലയുടെ കൃതികളെക്കുറിച്ച് ലഘുവിവരണം എഴുതുക?

## 3.4 സ്ത്രീവാദം (ഫെമിനിസം)

"ലിംഗസമത്വത്തിന്റെ അടിസ്ഥാനത്തിൽ സ്ത്രികളുടെ അവകാശത്തിനുവേണ്ടിയുള്ള വാദം" എന്നാണ് 'ഫെമിനിസം' എന്ന പദത്തിന്റെ അർത്ഥം. " 'ഫെമിനിസ്റ്റ്' എന്നാൽ സ്ത്രിവാദത്തെ അനുകുലിക്കുന്ന ആൾ" എന്നാണ് നിർവചിക്കപ്പെട്ടിട്ടുള്ളത്. 1985-ൽ 'അഥീനിയം' മാസികയിലാണ് 'ഫെമിനിസ്റ്റ്' എന്ന് ആദ്യമായി പ്രയോഗിച്ചുകാണുന്നത്. 'വെർജീനിയ വൂൾഫി' ന്റെ A room of

one's Own- (1928) ഫെമിനിസത്തിന്റെ ശക്തമായ പ്രതിഫലനമാണ്. അതുകൊണ്ടുതന്നെ ഈ കൃതിയെ ഫെമിനിസത്തിന്റെ ബൈബിളായി പരിഗണിക്കുന്നു. "പിതൃഭരണവ്യവസ്ഥയ്ക്കെതിരായ ഒരു സൈദ്ധാന്തിക പ്രക്ഷോഭമാണ് സ്ത്രീവാദനിരൂപണ'മെന്ന് വെർജീനിയ വൂൾഫ് അഭിപ്രായപ്പെടുന്നു. സിമോങ് ഡി ബുവ്വയുടെ 'The second sex' (1949) സ്ത്രീപക്ഷരചനയുടെ മറ്റൊരു തലം തുറന്നുകാട്ടി. സ്ത്രീയെ രണ്ടാം തരത്തിലുള്ള ലിംഗാധിഷ്ഠിത വസ്തുവാക്കിയതിനോടുള്ള പ്രതികരണമാണ് പ്രസ്തുത കൃതിയുടെ ഇതിവൃത്തം.

ഉദാരസ്ത്രീവാദം (Liberal Feminism), സാമൂഹിക സ്ത്രീവാദം (Socialist Feminism), മൗലിക സ്ത്രീവാദം (Radical Feminism) എന്നിവ സ്ത്രീവാദത്തിന്റെ വ്യത്യസ്ത ധാരകളാണ്. മാനവികതാവാദത്തിൽനിന്നും ഉരുത്തിരിഞ്ഞു വന്നതാണ് ഉദാരസ്ത്രീവാദം. സ്ഥിതിസമത്വാവകാശം, വ്യക്തിസ്വാതന്ത്ര്യം, വിമോചനം എന്നിവയ്ക്കുവേണ്ടി സ്ത്രീകൾ നടത്തിയ പ്രവർത്തനങ്ങളെ ഉദാരസ്ത്രീവാദമായി കണക്കാക്കാം. ഒലീംപെ ഡി ഗൗജ്, മേരി വുൾസ്റ്റോൺ ക്രാഫ്റ്റ് തുടങ്ങിയവരുടെ ചിന്തകളും പ്രവർത്തനങ്ങളും ഈ മേഖലയിലെ മികച്ച സംഭാവനകളായിരുന്നു. കമ്മ്യൂണിസ്റ്റ് ആശയങ്ങളുമായി ബന്ധപ്പെട്ടുണ്ടായ സ്ത്രീവാദശാഖയാണ് സോഷ്യലിസ്റ്റ് ഫെമിനിസം. സമൂഹത്തിലെ എല്ലാ വിഭാഗം സ്ത്രീകളുടെയും പ്രശ്നങ്ങളെ സോഷ്യലിസ്റ്റ് ഫെമിനിസത്തിൽ ചർച്ചചെയ്യുന്നു. ചാൾസ് ഫൗറിയൻ, ക്ലാരാസെക്ടിൻ, റോസാ ലക്സംബർഗ് തുടങ്ങിയവർ ഈ ശാഖയിലെ പ്രമുഖരായ വ്യക്തികളാണ്. 1960 കളിൽ ഉദയം ചെയ്ത പ്രസ്ഥാനമാണ് മൗലിക സ്ത്രീവാദം/ Radical Feminism ഷൂലാമിത്ത് ഫയർസ്റ്റോൺ, കേറ്റ്‌വില്ലറ്റ്, ജർമ്മെയിൻ ഗ്രീയർ എന്നിവരാണ് മൗലികസ്ത്രീവാദത്തിന്റെ പ്രമുഖരായ വക്താക്കൾ. സ്ത്രൈണ ലൈംഗികതയെക്കുറിച്ചുള്ള പരമ്പരാഗത ധാരണകളെ ചോദ്യംചെയ്യുകയായിരുന്നു ഇവരുടെ ലക്ഷ്യം. കുടുംബപരവും സാമൂഹികവുമായി സ്ത്രീകളനുഭവിക്കുന്ന സങ്കീർണതകളെ ഇവർ തുറന്നവതരിപ്പിച്ചു.

## 3.5 സ്ത്രീവാദ വിമർശനം (Feminist Criticism)

''വ്യത്യസ്ത സാഹിത്യ രൂപങ്ങളിൽ പ്രത്യേകിച്ചും നോവലിൽ കാണുന്ന സ്ത്രൈണാനുഭവങ്ങളെ വിശദീകരിക്കാനും വ്യാഖ്യാനിക്കാനും (പുനർവ്യാഖ്യാനിക്കാനും) ഉള്ള ശ്രമങ്ങളാണ്" സ്ത്രീവാദ വിമർശനമെന്നാണ് പെൻഗ്വിൻ നിഘണ്ടു നിർവചിക്കുന്നത്. കൃതികളിൽ അന്തർലീനമായിരിക്കുന്ന സ്ത്രീബാഹ്യവും സ്ത്രീ വിരുദ്ധവുമായ ചരിത്രം, സംസ്കാരം, സമൂഹം, ദേശം ഇവയെല്ലാം കണ്ടെത്താനും സ്ത്രീപക്ഷ വീക്ഷണത്തിൽ പുനർനിർമ്മിക്കാനും സ്ത്രീവാദവിമർശനത്തിലൂടെ സാധിക്കുന്നു. കൂടാതെ സ്ത്രീരചനകളെ സ്ത്രീവാദവിമർശത്തിനു വിധേയമാക്കുക, തമസ്ക്കരിക്കപ്പെട്ട എഴുത്തുകാരികളെ കണ്ടെത്തുകയും അവരുടെ കൃതികളെ പുനഃപ്രസിദ്ധീകരിക്കുകയും ചെയ്യുക എന്നിവയും സ്ത്രീവാദവിമർശനത്തിന്റെ ഭാഗമാണ്.

മലയാള ചെറുകഥയിൽ സ്ത്രീമനസ്സിന്റെ സ്വാതന്ത്ര്യത്തെക്കുറിച്ചും പുരുഷമേധാവിത്വത്തിന്റെ അപകടങ്ങളെക്കുറിച്ചുമുള്ള സൂചനകൾ 1930 കളിൽതന്നെ പ്രത്യക്ഷപ്പെട്ടുതുടങ്ങി. പുരുഷനൊപ്പം സ്ത്രീക്കും സർഗ്ഗശേഷിയുണ്ടെന്നും അവളെയും അംഗീകരിക്കേണ്ട താണെന്നുമുള്ള നിലപാടാണ് സ്ത്രീപക്ഷരചനകൾ സ്വീകരിച്ചിരുന്നത്. കേരളീയ സമൂഹത്തിൽ ശക്തിയായി പ്രചരിച്ചുകഴിഞ്ഞ കൊളോണിയൽ ആധുനികതയുടെ അന്തരീക്ഷമാണ് സ്ത്രീയുടെ സാഹിത്യരചനകൾക്കും സാഹിത്യത്തിലെ വ്യതിരിക്തമായ സ്ത്രീപ്രാതിനിധ്യത്തിനും വഴിയൊരുക്കിയത്. ലളിതാംബിക അന്തർജനത്തിന്റെയും അവരുടെ തൊട്ടുപിന്നാലെ രംഗപ്രവേശം ചെയ്ത കെ. സരസ്വതി അമ്മയുടെയും കഥകളിലൂടെയാണ് ഈ വ്യതിരിക്തസ്വരം ശക്തമായി കേട്ടുതുടങ്ങിയത്. എന്നാൽ അക്കാലങ്ങളിൽ ഇതൊരു പ്രസ്ഥാനമായി വളർന്നിരുന്നില്ല. സ്ത്രീയെ എല്ലാ രംഗങ്ങളിലും തരംതാഴ്ത്തികാണുന്ന പൊതുബോധമായിരുന്നു അന്ന് സമൂഹത്തിലുണ്ടായിരുന്നത്. അതിനെതിരെ പ്രതിഷേധം രൂപപ്പെടുത്തുകയായിരുന്നു സരസ്വതിഅമ്മയുടെ കഥകൾ. 'കരിഞ്ഞപൂക്കൾ', 'വാസന്തിക്കൊരു രക്ഷാമാർഗം', 'ഓർമ്മകൾ പാവങ്ങൾ', 'ചന്ദനഗന്ധംപോലെ' എന്നീ രചനകൾ ഉദാഹരണങ്ങളാണ്. ശേഷം രംഗത്തെത്തിയ മാധവിക്കുട്ടിയുടെ രചനകൾ സ്ത്രീജീവിതത്തെക്കുറിച്ചുള്ള ഗാഢമായ ഉൾക്കാഴ്ചകൾകൊണ്ട് സമ്പന്നമാണ്. നെയ്പ്പായസം, മറീൻഡ്രൈവ്, ഉണ്ണി, കുളക്കോഴികൾ, ചുവന്ന പാവാട, നുണകൾ, പക്ഷിയുടെ മണം എന്നിവയാണ് മാധവിക്കുട്ടിയുടെ പ്രധാന കഥകൾ.

സ്ത്രീവാദത്തിന്റെ പ്രത്യയശാസ്ത്രപരമായ നിലപാടുകളിലൂന്നിനിന്നു കൊണ്ട് തന്റെ സാഹിത്യജീവിതത്തെ നവീകരിച്ച സാറാജോസഫ് മലയാളത്തിലെ പെണ്ണെഴുത്തിന് പുതിയൊരു ദിശാബോധം നൽകി. സാറാജോസഫിന്റെ 'പാപത്തറ'യ്ക്ക് സച്ചിദാനന്ദൻ എഴുതിയ അവതാരികയിൽ പ്രയോഗിച്ച 'പെണ്ണെഴുത്ത്' എന്ന പദം സ്ത്രീവാദത്തിന്റെ ആദ്യ അധ്യായമാണ്. മനസ്സിലെ തീ മാത്രം, അകലെ അരികെ, എവിടെ നിന്നോ വന്നവൻ, ഒരു നിമിഷം, ഓരോ എഴുത്തുകാരിയുടെ ഉള്ളിലും കന്യകയുടെ പുല്ലിംഗം തുടങ്ങിയവ ഇവരുടെ പ്രശസ്തമായ കഥകളാണ്. സ്ത്രീയുടെ സാമൂഹിക വ്യക്തിത്വത്തെ തുറന്നവതരിപ്പിക്കുന്ന ഈ ധാരയിലെ ശക്തമായ സാന്നിദ്ധ്യമാണ് അഷിത, മാനസി തുടങ്ങിയവർ. അഷിതയുടെ 'വിസ്മയചിഹ്നങ്ങൾ', 'അപൂർണവിരാമങ്ങൾ', 'ഒരു സ്ത്രീയും പറയാത്തത്' എന്നിവയും മാനസിയുടെ 'ഇടിവാളിന്റെ തേങ്ങൽ' (10 കഥകൾ), മരത്തിലെ പക്ഷി (15 കഥകൾ) തുടങ്ങിയവയും പ്രശസ്തമാണ്.

പുരുഷാധിപത്യ സമൂഹത്തിലെ അടിച്ചമർത്തലിനെതിരെ പ്രതികരിച്ച ഗീതാഹിരണ്യനും മാധവിക്കുട്ടിയുടെ പാരമ്പര്യത്തിലൂന്നിനിന്നു കൊണ്ട് സമീപകാലത്ത് ഏറ്റവും നിശിതമായ കഥകളെഴുതിയ ഗ്രേസിയും സ്ത്രീസ്വാതന്ത്ര്യത്തെയാണ് തുറന്നവതരിപ്പിക്കുന്നത്. 'ഒറ്റസ്നാപ്പിൽ ഒരുക്കാനാവില്ല ഒരു ജന്മസത്യം', 'ഉണ്ണിക്കുട്ടന്റെ അമ്മയുടെ ഒരു ദിവസം' എന്നീ കൃതികളിലൂടെ സ്ത്രീജീവിതങ്ങളെ

യാഥാർത്ഥ്യബോധത്തോടെ ഇവർ അവതരിപ്പിക്കുന്നതായി കാണാം. അജിത, ദേവിക ഇവരുടെ കഥകളിൽ പ്രതിബന്ധങ്ങളെ തരണം ചെയ്യാനും വൈചാരികമായി ജീവിതത്തെ സമീപിക്കാനും സ്ത്രീകൾ മുന്നോട്ടുവരുന്നതായി വ്യക്തമാകുന്നു. സമൂഹം കല്പിച്ച വിലക്കുകളെ ഭേദിച്ച് മുന്നേറാനുള്ള മാർഗ്ഗമായി അവർ തങ്ങളുടെ രചനകളെ കണ്ടു. അസ്വാതന്ത്ര്യത്താലുഴലുന്ന മനസ്സുകളെ സഹഭാവബോധം കൊണ്ട് തിരിച്ചറിയാനും അതിനെ വീണ്ടെടുക്കാനുള്ള പ്രത്യാശ നൽകുംവിധത്തിൽ ആവിഷ്ക്കരിക്കാനും നവീനസ്ത്രീപക്ഷ എഴുത്തുകാരികൾക്ക് സാധിച്ചിട്ടുണ്ട്. സിതാര. എസ്, കെ.ആർ. മല്ലിക, കെ.പി. സുധീര, ബി.എം. സുഹ്റ, സി. എസ്. ചന്ദ്രിക. രജനി മന്നാടിയാർ, കെ. രേഖ. ശാരദ, ഇന്ദുമേനോൻ, ധന്യാരാജ്, കെ.ആർ. മീര തുടങ്ങിയവരുടെ രചനകളിലൂടെ തങ്ങൾക്കു ചുറ്റും കണ്ട സമൂഹത്തിലെ സ്ത്രീകൾ അനുഭവിക്കുന്ന വ്യാകുലതകളെയും അവയോടുള്ള പ്രതികരണങ്ങളെയും ഒട്ടും കലർപ്പില്ലാതെ വ്യവസ്ഥാപിതമായ ചട്ടക്കൂടിൽ ഒതുക്കാതെ അതേ സമൂഹത്തിനുമുന്നിൽ തന്നെ അവതരിപ്പിക്കാൻ കഴിഞ്ഞു എന്ന് നിസ്സംശയം പറയാം.

സ്ത്രീയുടെ മാനസികതലങ്ങളെ ലളിതമായ ഭാഷയിൽ അവതരിപ്പിച്ച മാനസിയുടെ 'മഞ്ഞിലെ പക്ഷികളും' സ്ത്രീകളനുഭവിക്കുന്ന സംഘർഷങ്ങളെ വികാരവത്തായി ആവിഷക്കരിക്കുന്ന അഷിതയുടെ കഥകളും പുരുഷാധിപത്യജീർണതകൾക്കെതിരെയുള്ള ഒരു മറുപടിയാണ്. 'ഫെമിനിസം' പുരുഷവിദ്വേഷമാകരുതെന്ന വിവേകപൂർണമായ സമീപനമാണ് ഗ്രേസി സ്വീകരിക്കുന്നത്. കുടുംബബന്ധങ്ങളുടെ മഹത്വമാണ് കെ.പി.സുധീരയുടെ കഥകളുടെ മുഖമുദ്ര. അതീതം, സ്നേഹസ്പർശങ്ങൾ, സഹയാത്രിക, ആകാശചാരികൾ, ചോലമരങ്ങളില്ലാത്തവഴി തുടങ്ങിയ കഥകളിൽ സ്ത്രീപുരുഷസമത്വത്തിന്റെ മഹത്വപൂർണ്ണമായ ഉപദേശത്തെ അനുവാചകനിലെത്തിക്കുന്നു. സ്ത്രീകൾക്കു നേരെയുള്ള അടിച്ചമർത്തലുകളെ ലൈംഗികതയുടെ വൈകാരികഭാവങ്ങളിലൂടെ അവതരിപ്പിക്കുകയാണ് സിതാര. എസ്. സ്ത്രീപുരുഷ വിമോചനത്തിന്റെ അതിർവരമ്പുകളെ ലംഘിക്കുന്നതാണ് ഓരോ കഥയും. അവരുടെ 'വേഷപ്പകർച്ച', 'കറുത്ത കുപ്പായക്കാരി', 'അഗ്നിയും കഥകളും', തുടങ്ങിയ രചനകളോരോന്നും പുരുഷനെ വിചാരണ ചെയ്യുന്നതായും കാണാം. ആന്തരിക ബാഹ്യതലങ്ങളിൽ സ്ത്രീകളനുഭവിക്കുന്ന വ്യഥകൾ ചിത്രീകരിക്കുന്ന കെ.ആർ. മല്ലികയുടെ വളയം, മായാമാളവഗൗള, നിറങ്ങൾക്കപ്പുറം (കഥാസമാഹാരം) തുടങ്ങിയവും വ്യക്തിയുടെ മാനസികവ്യാപാരങ്ങളെ തുറന്നവതിരിപ്പിക്കുന്ന ജാഗരൂക, മഞ്ഞമരങ്ങൾ ചുറ്റിലും, ഒഴുക്കിൽ ഒരില തുടങ്ങിയ രചനകളും ഈ മേഖലയിൽ പ്രശസ്തമാണ്.

ഒ.വി. ഉഷയുടെ 'നിലം തൊടാമണ്ണ്', ഉഷാനമ്പ്യാരുടെ മണിമുഴങ്ങുന്നു, ഗീതയുടെ അമ്മയില്ലാത്ത കാലം എന്നിവയിലും പെൺമനസ്സിന്റെ വിഹ്വലതകളും ചെറുത്തുനിൽപ്പുകളും ദർശിക്കാം. രാഷ്ട്രീയത്തിലും സാമൂഹ്യസാംസ്കാരികരംഗങ്ങളിലും സ്ത്രീ അവഗണിക്കപ്പെടുന്നു എന്നത് ശക്തമായി അവതരിപ്പിക്കാൻ സ്ത്രീവാദരചനകൾക്ക് സാധിച്ചിട്ടുണ്ട്.

## 3.6 പുരോഗതി പരിശോധിക്കുക

1. ടി.കെ.സി. വടുതലയുടെ കൃതികളെക്കുറിച്ച് ലഘുവിവരണം എഴുതുക?
2. 'ഫെമിനിസം' എന്ന പദത്തിന്റെ അർത്ഥം എന്താണ്?
3. 'A Room of one's own' എന്ന കൃതിയുടെ രചയിതാവ് ആര്?
4. സ്ത്രീവാദത്തിന്റെ വ്യത്യസ്തധാരകളെ പരിചയപ്പെടുത്തുക?
5. സ്ത്രീവാദവിമർശനം എന്നാൽ എന്ത്?
6. 'പെണ്ണെഴുത്ത്' എന്ന പദം ആദ്യമായി പ്രയോഗിക്കുന്നത് ഏതു കൃതിയാണ്?
17. അജിത, ദേവിക ഇരുടെ കഥകളുടെ പ്രത്യേകതകൾ എന്തെല്ലാം?

## 3.7 പാരിസ്ഥിതിക ദർശനം

1866-ൽ ജർമ്മൻ ശാസ്ത്രജ്ഞനായ ഏണസ്റ്റ് ഹെയ്ക്കൽ (Ernst Haeckel) ആണ് പരിസ്ഥിതി (Ecology) എന്ന വാക്ക് സവിശേഷമായൊരർത്ഥത്തിൽ പ്രയോഗിക്കുന്നത്. അതിനു മുമ്പ് ഹിപ്പോക്രാറ്റസും (Hippocrates) അരിസ്റ്റോട്ടിലും (Aristotile) ഒക്കെ സസ്യജാലങ്ങളും ജന്തുജാലങ്ങളും ഉൾപ്പെടുന്ന പ്രകൃതിയുടെ സംയോഗസ്വത്വത്തെക്കുറിച്ച് ചിന്തിച്ചിട്ടുണ്ടെങ്കിലും ആധുനിക, ഉത്തരാധുനിക സമൂഹങ്ങളിൽ പ്രകൃതിയും മനുഷ്യനും നേരിടുന്ന വെല്ലുവിളികളുമായി ബന്ധപ്പെട്ട പാരിസ്ഥിതിക ചിന്തകളിൽ നിന്നും അത് വ്യത്യസ്തമാണ്. പ്രകൃതിയുടെ അജയ്യതയെയും മനുഷ്യപ്രകൃതിയുമായി അടുത്തിടപഴകുന്നതിനെയുംകുറിച്ചുള്ള കാഴ്ചപ്പാടുകളാണ് പാരിസ്ഥിതിക രചനകൾക്ക് അവലംബം. പ്രകൃതി പ്രതിഭാസങ്ങളെ അത്ഭുതത്തോടും ആദരവോടും കൂടി മാറിനിന്ന് സാക്ഷിയായി വർണിക്കലല്ല, മറിച്ച് പ്രകൃതി എപ്പോഴും മനുഷ്യജീവിതത്തോട് അടുത്ത് നിൽക്കുന്നു എന്ന നിലപാടാണ് പാരിസ്ഥിതിക രചനകൾ സ്വീകരിക്കുന്നത്.

വൈലോപ്പിള്ളിയുടെ

"മനസ്സിലുണ്ടാവട്ടെ ഗ്രാമത്തിൻ വെളിച്ചവും
മണവും മമതയും ഇത്തിരി കൊന്നപ്പൂവും"

എന്ന വരികൾ പാരിസ്ഥിതിക സൗന്ദര്യശാസ്ത്രത്തിന് ഉദാഹരണമാണ്. 'മ്യൂസിയം പാർക്കിൽ', 'സ്വർണക്കൊടിമരം', 'സഹ്യന്റെ മകൻ' എന്നീ വൈലോപ്പിള്ളിയുടെ കവിതകളിലും പ്രകൃതിയുടെ അഭൗമ സൗന്ദര്യത്തെ വായനക്കാർക്ക് ആസ്വദിക്കാം. പി. കുഞ്ഞിരാമൻ നായർ, ഇടശ്ശേരി എന്നീ കവികൾ പാരിസ്ഥിതികമായ ഉൾക്കാഴ്ചയുള്ള അനേകം കവിതകൾ എഴുതിയിട്ടുണ്ട്. ഇടശ്ശേരിയുടെ 'കുറ്റിപ്പുറംപാലം' സമകാലിക പ്രസക്തിയുള്ള രചനയാണ്.

പരിസ്ഥിതി എഴുത്തുകാർ രൂപം നൽകിയ പ്രകൃതി സംരക്ഷണസമിതി 1983 നവംബറിൽ 'വനപർവ്വം' എന്ന കവിതാസമാഹാരം (20 കവികളുടെ 30 കവിതകൾ) പ്രസിദ്ധം ചെയ്തതോടെയാണ് മലയാ

ളത്തിൽ പാരിസ്ഥിതിക ദർശനം വളരെ വിപുലമായതെന്ന് പറയാം. ഇടശ്ശേരിയുടെ മിക്കകവിതകളിലും പ്രകൃതി ഒരു നിറസാന്നിദ്ധ്യമാണ്.

> "വിണ്ടല പൂക്കളുതിരും
> ശാന്തകാനനവീഥിയിൽ"

എന്ന് പി. കുഞ്ഞിരാമൻ നായർ പറഞ്ഞിരിക്കുന്നത് ശ്രദ്ധേയമാണ്.

പ്രകൃതിവസ്തുക്കളെയും ദൃശ്യങ്ങളെയും മാനസികതലത്തിൽ പ്രതിഷ്ഠിച്ചുകൊണ്ട് രചിക്കുന്ന ജി. ശങ്കരകുറുപ്പിന്റെ രചനകളിലോരോന്നിലും പ്രകൃതിസൗന്ദര്യം ദർശിക്കാം. ഗ്രാമജീവിതത്തിന്റെ നന്മയും വിശുദ്ധിയും അദ്ദേഹം കവിതകളിലാവിഷ്കരിക്കുമ്പോൾ പ്രകൃതി അവിടെ ഒഴിച്ചുകൂടാനാവാത്ത ഘടകമായി പ്രതിബിംബിക്കുന്നു. 'മൂന്നരുവിയും ഒരു പുഴയും', 'മധുരം സൗമ്യം ദീപ്തം', 'ജീവന സംഗീതം' എന്നീ കവിതകൾ ഉദാഹരണങ്ങളാണ്.

അയ്യപ്പപണിക്കരുടെ 'മൃത്യുപൂജ', 'കാടെവിടെ മക്കളെ', കക്കാടിന്റെ 'മോഷ്ടിച്ചെടുത്ത ഒരു രാത്രി', കടമ്മനിട്ടയുടെ 'ശാന്ത', സച്ചിദാനന്ദന്റെ 'ഏഴിമല', ഡി. വിനയചന്ദ്രന്റെ 'പോവുക പ്രിയംവദേ', 'കാട്', 'വീട്ടിലേക്കുള്ള വഴി' എന്നിവ പാരിസ്ഥിതികദർശനം തുളുമ്പുന്നവയാണ്. ഭൂമിയിൽ മനുഷ്യനുൾപ്പെടുന്ന ആവാസവ്യവസ്ഥയുടെ നിലനിൽപ്പിനെക്കുറിച്ചുള്ള ഉദ്ബോധനങ്ങളാണ് എൻ. വി. കൃഷ്ണവാര്യരുടെ കവിതകളിൽ നിറഞ്ഞു നിൽക്കുന്നത്. പാരിസ്ഥിതികപ്രശ്നങ്ങളെ നിശിതമായി വിമർശിക്കുകയും പ്രതികരിക്കുകയും ചെയ്ത കവിയാണ് അദ്ദേഹം. 'ഗ്രാമം', 'ഒരു പഴങ്കഥ', 'സൂര്യന്റെ മരണം', 'വരയ്ക്കൽ ബീച്ച്', എന്നിവ അദ്ദേഹത്തിന്റെ പ്രധാനകവിതകളാണ്. 'ഒരു പുഴയുടെ ഓർമ്മ', 'പാതാളത്തിന്റെ മുഴക്കം' '1963', 'വജ്രകുണ്ഡലം' എന്നീ കക്കാടിന്റെ കവിതകൾ പാരിസ്ഥിതിക സൗന്ദര്യശാസ്ത്രത്തിന്റെ ശക്തമായ സ്വാധീനം രൂപപ്പെടുന്നതിന് മുമ്പ് രചിക്കപ്പെട്ടവയാണ്.

മലയാളകവിതയിൽ പ്രകൃതിയെ മാതാവായും കാമുകിയായും സങ്കൽപ്പിച്ച് കവിതകളെഴുതിയ ഒ.എൻ.വിയുടെ 'ഒരുദിനാന്തക്കുറിപ്പ്', 'സിംഫണി', 'അരിവാളും രാക്കുയിലും', 'വികാസം', 'ചോറൂണ്', 'മുലകുടി', 'ഭൂമിക്ക് ഒരു ചരമഗീതം' എന്നീ കവിതകൾ പാരിസ്ഥിതികബോധം വ്യക്തമാക്കുന്നവയാണ്. മലയാളകവിതയിൽ പാരിസ്ഥിക ഭാവുകത്വ പരിണാമത്തിന് മികച്ച സംഭാവന നൽകിയ കവയിത്രിയാണ് സുഗതകുമാരി. ഈശ്വരനെ സ്തുതിക്കുംപോലെ 'മരത്തിന് സ്തുതി' എഴുതിയ കവയിത്രിയാണവർ.

> "ഇവൾക്കു മകളായ് ശക്തി-
> നാളങ്ങൾ പിറകേ വരും
> ഇവൾ തൻ ചുമലിൽചാഞ്ഞി
> ഭൂമിയൊന്നാശ്വസിച്ചിടും"
> (തുലാവർഷപ്പച്ച)

ഇപ്രകാരം പ്രകൃതിയും മനുഷ്യരും തമ്മിലുള്ള അഭേദ്യമായ ബന്ധത്തെ അനാവരണം ചെയ്യുന്നു. ഇടശ്ശേരിയുടെ 'കുറ്റിപ്പുറം

പാല'ത്തിൽ ഉയരുന്ന സന്ദേഹങ്ങളും പ്രകൃതിയും മനുഷ്യനും തമ്മിലുള്ള ബന്ധത്തെ സ്ഫുരിക്കുന്നു.

കവിതയിൽ തുടങ്ങിയ പാരിസ്ഥിതികാവബോധം പിന്നീട് കഥയിലേക്കും നോവലിലേക്കും വളർന്നു. എം.ടിയുടെ കൃതികളിൽ ദൃശ്യമാകുന്ന ഗ്രാമഭംഗിയും ടി. പത്മനാഭന്റെ 'ഒരു സ്വപ്നംപോലെ' എന്ന കഥയിലെ പ്രകൃതിയും ഇതിന് ഉദാഹരണങ്ങളാണ്. ആനന്ദിന്റെ 'അഭയാർത്ഥികൾ', 'മരുഭൂമികൾ ഉണ്ടാകുന്നത്', ഒ.വി. വിജയന്റെ 'മധുരംഗായതി', സി. രാധാകൃഷ്ണന്റെ ' മുമ്പേ പറക്കുന്ന പക്ഷികൾ', സി.ആർ. പരമേശ്വരന്റെ 'പ്രകൃതിനിയമം' എൻ.പി.മുഹമ്മദിന്റെ 'ദൈവത്തിന്റെ കണ്ണ്' എന്നീ നോവലുകൾ ഈ മേഖലയിലെ മികച്ച സംഭാവനകളാണ്. കൂടാതെ വ്യവസായവത്കരണത്തിന്റെ ഭാഗമായി നാശത്തിലേക്കാഴ്ന്നിറങ്ങുന്ന പ്രകൃതിയുടെ പുനർനിർമ്മിതിയുടെ പ്രസക്തിയെ തൊട്ടറിഞ്ഞ പി. സുരേന്ദ്രന്റെ 'ജൈവ'വും എൻഡോസൾഫാൻ ദുരന്തത്തിന്റെ ഭീതിദങ്ങളായ ചിത്രങ്ങൾ ചൂണ്ടിക്കാട്ടുന്ന അംബികാസുതൻ മാങ്ങാടിന്റെ 'എൻമകജെ'യും പുതിയകാലത്തിലെ ശ്രദ്ധേയമായ പരിസ്ഥിതിനോവലുകളാണ്.

## 3.8 സൈബർസാഹിത്യം

ആധുനികാനന്തര സാഹിത്യത്തിന്റെ ഒരു പ്രശ്നമേഖലയാണ് സൈബർസാഹിത്യം. തൊണ്ണൂറുകൾക്കുശേഷം ഇന്റർനെറ്റ് വ്യാപകമായതോടെയാണ് ഇത്തരമൊരു സാഹിത്യപ്രവണത സജീവമായത്. വിവരസാങ്കേതികവിദ്യയും ഇന്റർനെറ്റ് സംസ്കാരവും കൊണ്ടുവരുന്ന മാധ്യമപരവും വൈകാരികവുമായ പ്രശ്നങ്ങൾ പ്രമേയമായി രചിച്ചവയാണ് സൈബർസാഹിത്യത്തിൽ ഉൾപ്പെടുന്നത്. വിനിമയ സാങ്കേതികവിദ്യയുടെ വ്യാപനവും ടെലിവിഷനിലൂടെ വേരുറപ്പിച്ച പുത്തൻ ജനപ്രിയാഭിരുചികളുമാണ് സൈബർസാഹിത്യത്തിന്റെ ആവിർഭാവത്തിന് വഴിതെളിച്ചത്. സാഹിത്യരചനയിൽ പരമ്പരാഗതമായി നിലനിന്നിരുന്ന വിശ്വാസങ്ങളെയും പ്രമേയ സംബന്ധമായ മുൻസങ്കൽപ്പങ്ങളെയും തിരുത്തിക്കുറിക്കുന്ന എഴുത്താണിത്. ആഗോളവൽക്കരണത്തിന്റെ വ്യാപനം മറ്റെന്തിനെയും പോലെ സൈബർലോകത്തും പ്രതിഫലിച്ചു. ഒരു വലിയ സമൂഹത്തെ ഒരു കുടക്കീഴിൽ അണിനിരത്തുന്നതിൽ മാധ്യമങ്ങൾക്ക് വലിയ പങ്കുണ്ട്. ടെലിവിഷൻ, ഇന്റർനെറ്റ് തുടങ്ങിയ എല്ലാ മാധ്യമങ്ങളും അതത് സമയങ്ങളിൽ അപ്ഡേറ്റ് ചെയ്തുകൊണ്ട് വിവരങ്ങളെ പ്രേഷകരിലേക്കും, ശ്രോതാക്കളിലേക്കും എത്തിക്കുന്നതിൽ മത്സരിക്കുന്നതിലും മൂല്യനിർണയം ചെയ്യുന്നതിലും ഈ സൈബർലോകം നിരന്തരം ശ്രമിച്ചുകൊണ്ടിരിക്കുന്നു. സിനിമ, പരസ്യങ്ങൾ, ചാനൽ പരിപാടികൾ, അവതാരകർ, വാർത്തകൾ എന്നിവയിലൂടെ പ്രേഷകന്റെ മാറി വരുന്ന അഭിരുചികളെ അവർ നിർണയിക്കുന്നു. ഈ പുതുപാഠത്തിന്റെ പ്രകാശനമാണ് സൈബർസാഹിത്യലോകം കാഴ്ചവെയ്ക്കുന്നത്. സൈബർ സാഹിത്യം പൊതുവെ വെർച്വൽ സ്പെയ്സിനെയാണ് പ്രതിനിധീകരിക്കുന്നത്. ചെറുകഥാസാഹിത്യത്തിൽ സൈബർലോകം ഏറെ സജീവമായി.

വാക്കുകളും നിറങ്ങളും സ്വപ്നനീലിമയുമായി പറന്നുയരുന്ന പുഷ്പകത്തെ താഴെയിറക്കാൻ ഒരു password പറയൂ കഥാകൃത്തേ എന്ന് കഥാന്ത്യത്തിൽ ചോദിക്കുന്ന എം. രാജീവ്കുമാറിന്റെ മതഭ രലഹരി (1997) എന്ന കഥയും, കോള(1998), റോൾട്ട (2000), സൈബ്രോഗ് (2000), തെങ്കാശിനാഥനൊരു കമ്പ്യൂട്ടർ, (2001), എന്നീ കഥകളും സൈബർ ലോകത്തെ മലയാളത്തിലേക്കാവാഹിച്ച ആദ്യകാല കഥകളാണ്. എം. നന്ദകുമാറിന്റെ 'വാർത്താളി: സൈബർ സ്പെയിസിൽ ഒരു പ്രണയനാടകം', അംബികാസുതൻ മങ്ങാടിന്റെ 'കൊമേർഷ്യൽബ്രേക്ക്', രവിവർമ്മ തമ്പുരാൻ രചിച്ച 'റിയാലിറ്റി ഷോ' എന്നീ കഥകളിൽ അതുവരെ ശീലിച്ചിട്ടി ല്ലാത്തതായ ഒരു സാഹിത്യഭാവനയുടെ അന്തരീക്ഷമാണ് കാണാൻ സാധിക്കുന്നത്. സേതുവിന്റെ തിങ്കളാഴ്ചകളിലെ ആകാശം, മറ്റൊരു ടോട്ട് കോം സന്ധ്യയിൽ, ടിവി കൊച്ചുബാവയുടെ കൊക്കരണി, ചന്ദ്രമതിയുടെ ഇതാ ഇവിടെ ഒരു ടെക്കി, വെബ്സൈറ്റ്, വി. വിനയ കുമാറിന്റെ കാശ്മീരി, അംബ്രി തുടങ്ങിയ കഥകളിൽ സൈബർ സ്പെയ്സ് പ്രകടമാണ്.

വിവരസാങ്കേതിക വിദ്യയുടെ മികച്ച സംഭാവനയായി കാണുന്ന മല യാളത്തിലെ ആദ്യനോവലാണ് എം മുകുന്ദന്റെ നൃത്തം. നാടും വീടും പേരും നഷ്ടപ്പെട്ട് ഇമെയിൽ അഡ്രസ്സിൽ മാത്രം ഒതുങ്ങിപ്പോകുന്ന മനുഷ്യരെയാണ് ഈ നോവലിൽ കാണാൻ സാധിക്കുന്നത്. ഇന്റർനെറ്റിലെ സന്ദേശങ്ങളിൽ നിന്നും രൂപപ്പെടുന്ന വ്യക്തിബന്ധങ്ങളാണ് നോവലിനെ വ്യതിരിക്ത്മാക്കുന്നത്. ബെന്യാ മിന്റെ മഞ്ഞവെയിൽ മരണങ്ങൾ, ടി.ഡി. രാമകൃഷ്ണന്റെ ഫ്രാൻസിസ് ഇട്ടിക്കൊര, മധുപാലിന്റെ ഫേസ്ബുക്ക് തുടങ്ങിയ നോ വലുകൾ സൈബർ ലോകത്തിന്റെ സവിശേഷതകളാൽ ശ്രദ്ധേയമാ ണ്. അമേരിക്കൻ വ്യവസായലോകവും അതിന്റെ അടിത്തറയായ ശാസ്ത്രസാങ്കേതിക വിദ്യയും സൃഷ്ടിക്കുന്ന ആകുലതകളും സംഘർഷങ്ങളും ചിത്രീകരിക്കുന്ന നോവലാണ് കെ.വി. പ്രവീൺ രചിച്ച 'ഡിജാൻ ലി'. പുതിയ ദൃശ്യമാധ്യമങ്ങളുടെ കൈയേറ്റം സാധാരണക്കാരുടെ ജീവിതത്തെ എപ്രകാരം സ്വാധീനിക്കുന്നു എന്നതിന്റെ ഉത്തമ ഉദാഹരണമാണ് സന്തോഷ് ഏച്ചിക്കാനത്തിന്റെ 'വാർത്താശരീരം', 'കൊമാല' എന്നീ കഥകൾ.

അച്ചടി മാധ്യമങ്ങളിൽ പ്രത്യക്ഷപ്പെടുന്നതിനുമുമ്പ് ബ്ലോഗ്, ഫെയ്സ്ബുക്ക് തുടങ്ങിയ ഇന്റർനെറ്റിടങ്ങളിൽ പ്രത്യക്ഷപ്പെടുന്ന ധാരാളം രചനകളുണ്ട്. കവിതയാണ് ഇത്തരത്തിൽ വ്യാപകമായി പ്രത്യക്ഷപ്പെടാറുള്ളത്. അച്ചടിമലയാളം നടുകടത്തിയ കവിതകൾ എന്നാണ് കുഴൂർ വിൽസൺ സ്വന്തം കവിതകളെ വിശേഷിപ്പിക്കുന്ന ത്, എം. ആർ. വിഷ്ണുപ്രണവ്, ലതീഷ്മോഹൻ, കെ.എം പ്രമോദ്, സുബൈർ, ഡോണാമൂൾ തുടങ്ങി കവിതയുടെ സൈബർ ലോകത്തെ സജീവമാക്കണ ഒട്ടേറെ എഴുത്തുകാരുണ്ട്.

ജീവിതത്തിന്റെ യാഥാർത്ഥ്യത്തേക്കാൾ സൈബറിന്റെ യാഥാർത്ഥ്യ ത്തിനു വിലനൽകുന്ന ഇത്തരം രചനകൾ പരമ്പരാഗതജീവിത സങ്ക ല്പത്തെയും മൂല്യബോധത്തെയും തിരസ്കരിക്കുന്നു. നിശ്ചിതമായ

കർത്തൃത്വമില്ലാത്ത വ്യക്തിത്വങ്ങളാണ് ഈ സൈബർ ലോകത്ത് പ്രത്യക്ഷപ്പെടുന്നത്. അസാധാരണമായ തുറന്നെഴുത്താണ് ഇവിടെ നടക്കുന്നത്. സാഹിത്യത്തിന്റെ ചരിത്രമറിയാത്തതുകൊണ്ടുള്ള പ്രശ്നങ്ങൾ ഇത്തരക്കാരുടെ രചനകളിൽ സ്വാഭാവികമായും പ്രകടമാണ്.

വിവിധമാധ്യമങ്ങളുടെയും യാന്ത്രിക-കമ്പോളവൽകൃത സംസ്കാരത്തിന്റെയും സ്വാധീനം ഇന്ന് സാമൂഹിക ജീവിതത്തെ വല്ലാതെ ആതുരമാക്കിയിട്ടുണ്ട്. മനുഷ്യബന്ധങ്ങൾ മുറിയിലേക്കും കമ്പ്യൂട്ടർ മോണിട്ടറിലേക്കും ചുരുങ്ങിപ്പോയ അവസ്ഥ. ഭാഷയ്ക്കും സാഹിത്യത്തിനും ഈ സന്ദിഗ്ദ്ധാവസ്ഥയെ മറികടക്കുക എളുപ്പമല്ല. സാഹിത്യകാരൻമാർ തങ്ങളുടെ രചനകളിലൂടെ സമകാലസാംസ്കാരികജീവിതത്തിന്റെ നഖചിത്രങ്ങൾ വരച്ചിടുകയും അതിനെ തങ്ങളാലാവും വിധം വിമർശനവിധേയമാക്കുകയും ചെയ്യുന്നുണ്ട്. അത്തരം രചനകൾ വിശകലനം ചെയ്യുന്നതിലൂടെ സാഹിത്യത്തിന്റെ സാമൂഹിക ധർമം വിശകലനം ചെയ്യാനാകും.

## 3.9 പുരോഗതി പരിശോധിക്കുക

1. 'പരിസ്ഥിതി' എന്ന വാക്ക് ആദ്യം ഉപയോഗിക്കുന്നത് ആരാണ്?
2. പരിസ്ഥിതി എഴുത്തുകാർ രൂപംനൽകിയ പ്രകൃതി സംരക്ഷണ സമിതി പ്രസിദ്ധീകരിച്ച കൃതി ഏതാണ്?
3. എന്താണ് 'സൈബർ സാഹിത്യം'?
4. സന്തോഷ് ഏച്ചിക്കാനത്തിന്റെ സൈബർ കൃതികൾ ഏതെല്ലാം?
5. സൈബർ രചനകളുടെ പ്രധാന പോരായ്മകളെന്ത്?
6. സൈബർ സാഹിത്യവും പരമ്പരാഗതസാഹിത്യവും തമ്മിലുള്ള വ്യത്യാസം വിശദമാക്കുക.

# യൂണിറ്റ് – 4
# പ്രായോഗിക വ്യാകരണം

**ഉള്ളടക്കം**

4.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
4.1 അക്ഷരമാല
4.2 പുരോഗതി സ്വയം പരിശോധിക്കുക
4.3 ശബ്ദവിഭാഗം
4.4 പുരോഗതി സ്വയം പരിശോധിക്കുക
4.5 കൃതിവിഭാഗം
4.6 സന്ധി
4.7 പുരോഗതി സ്വയം പരിശോധിക്കുക
4.8 സമാസം
4.9 പുരോഗതി സ്വയം പരിശോധിക്കുക
4.10 ചിഹ്നങ്ങൾ
4.11 പുരോഗതി സ്വയം പരിശോധിക്കുക
4.12 വാക്യശുദ്ധി
4.13 പുരോഗതി സ്വയം പരിശോധിക്കുക

## 4.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

യൂണിറ്റ് 1, 2, 3 എന്നിവയിലൂടെ മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ഉത്പത്തിവികാസങ്ങളെക്കുറിച്ചും ആധുനിക സാഹിത്യത്തിലെ ചില പ്രവണതകളെക്കുറിച്ചുമുള്ള സാമാന്യജ്ഞാനം നിങ്ങൾ നേടിക്കഴിഞ്ഞുവല്ലോ. ഒരു ദേശത്തെ ജനസമൂഹത്തിന് പൊതുവായുള്ള സ്വത്താണ് ആ ദേശത്തിന്റെ ഭാഷയും സാഹിത്യവും. ഇവ രണ്ടിനും ആ ദേശത്തിന്റെ സംസ്കാരവുമായി അഭേദ്യബന്ധമുണ്ട്. ജനിച്ചുവീഴുന്ന ഓരോ കുട്ടിയും മാതാവിൽ നിന്ന് കേട്ടു പഠിക്കുകയും ബന്ധുമിത്രാദികളിൽനിന്നും സമൂഹത്തിൽനിന്നും സ്വയം പഠിക്കുകയും ചെയ്യുന്ന ഭാഷയെയാണ് നാം മാതൃഭാഷ (Mother Tongue) എന്ന് വിശേഷിപ്പിക്കുന്നത്. മനുഷ്യന് അറിവിന്റെ ആദ്യകിരണങ്ങൾ പ്രദാനം ചെയ്യുന്നത് മാതൃഭാഷയാണ്. അതുകൊണ്ടുതന്നെ ഒരുവന്റെ വിചാരങ്ങളോടും വികാരങ്ങളോടുമുള്ള അഭേദ്യമായ ബന്ധം മാതൃഭാഷയ്ക്ക് മാത്രം അവകാശപ്പെട്ടതാണ്.

പ്രയോഗത്തിന്റെ അടിസ്ഥാനത്തിൽ ഭാഷയെ 'വായ്മൊഴി'എന്നും 'വരമൊഴി'എന്നും രണ്ടായി തിരിക്കാം. സംഭാഷണത്തിന് ഉപയോഗിക്കുന്ന ഭാഷയാണ് വായ്മൊഴി. എഴുത്തിൽ ഉപയോഗിക്കുന്നത് വരമൊഴി. ഭാഷയെ ഇപ്രകാരം രണ്ട് രീതിയിൽ ഉപയോഗിക്കുമ്പോൾ അതിന് ചില പ്രത്യേക രീതികൾ അഥവാ നിബന്ധനകൾ കാലാകാലങ്ങളായി സമുദായം പാലിച്ചുപോരുന്നുണ്ട്. ഭാഷ ശരിയായി തെറ്റുകൂടാതെ പ്രയോഗിക്കുന്നതിനുള്ള ഇത്തരം സാമൂഹ്യ നിയമക്രമത്തെയാണ് പൊതുവെ ഭാഷയുടെ പ്രായോഗിക വ്യാകരണമായി നാം മനസ്സിലാക്കുന്നത്. മലയാളഭാഷയുടെ അടിസ്ഥാനമായ ശബ്ദ

ignou THE PEOPLE'S UNIVERSITY

വിഭാഗത്തെയും, ഭാഷയുടെ പ്രയോഗത്തിൽ അവശ്യം അറിഞ്ഞിരിക്കേണ്ട ചില വ്യാകരണനിയമങ്ങളെയും കുറിച്ചുള്ള അറിവ് പഠിതാക്കൾക്ക് പ്രദാനം ചെയ്യുക എന്നതാണ് ഈ യൂണിറ്റിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

## 4.1 അക്ഷരമാല

മലയാളത്തിലെ അക്ഷരമാലയിൽ താഴെക്കാണിച്ചിരിക്കുന്ന അക്ഷരങ്ങൾ അടങ്ങിയിരിക്കുന്നു.

സ്വരാക്ഷരങ്ങൾ : അ ആ ഇ ഈ ഉ ഊ ഋ എ ഏ ഐ ഒ ഓ ഔ

സ്വരാക്ഷരങ്ങളെ സമാനാക്ഷരങ്ങൾ എന്നും സന്ധ്യക്ഷരങ്ങൾ എന്നും രണ്ടായി തിരിക്കാം.

അ, ആ, ഇ, ഈ, ഉ, ഊ, ഋ – സമാനാക്ഷരങ്ങൾ

എ, ഏ, ഒ, ഓ, ഐ, ഔ – സന്ധ്യക്ഷരങ്ങൾ

വ്യഞ്ജനാക്ഷരങ്ങൾ :

| | ഖരം | അതിഖരം | മൃദു | ഘോഷം | അനുനാസികം | | |
|---|---|---|---|---|---|---|---|
| | 1 | 2 | 3 | 4 | 5 | | |
| 1 | ക | ഖ | ഗ | ഘ | ങ | – | കവർഗം |
| 2 | ച | ഛ | ജ | ഝ | ഞ | – | ചവർഗം |
| 3 | ട | ഠ | ഡ | ഢ | ണ | – | ടവർഗം |
| 4 | ത | ഥ | ദ | ധ | ന | – | തവർഗം |
| 5 | പ | ഫ | ബ | ഭ | മ | – | പവർഗം |

| | | |
|---|---|---|
| യ ര ല വ | – | മധ്യമങ്ങൾ |
| ശ ഷ സ | – | ഊഷ്മാക്കൾ |
| ഹ | – | ഘോഷി |
| ള ഴ റ | – | ദ്രാവിഡമധ്യമങ്ങൾ |

മേൽകൊടുത്തിട്ടുള്ള പട്ടിക പ്രകാരം മലയാളത്തിൽ ആകെ 49 (നാല്പത്തി ഒൻപത്) അക്ഷരങ്ങൾ ഉള്ളതായി മനസ്സിലായിക്കാണുമല്ലോ. ഇവയിൽ 13 (പതിമൂന്ന്) സ്വരങ്ങളും 36 (മുപ്പത്തിയാറ്) വ്യഞ്ജനങ്ങളുമാണ് ഉൾപ്പെടുന്നത്.

## 4.2. പുരോഗതി സ്വയം പരിശോധിക്കുക

1. സമാനാക്ഷരങ്ങൾ ഏവ?
2. സന്ധ്യക്ഷരങ്ങൾ ഏതെല്ലാം?
3. അനുനാസികങ്ങളേവ?
4. 'ഊഷ്മാക്കൾ' എന്നറിയപ്പെടുന്ന അക്ഷരങ്ങളേവ?
5. വർഗാക്ഷരങ്ങളെന്നറിയപ്പെടുന്ന അക്ഷരങ്ങൾ ഏതെല്ലാം?

## 4.3. ശബ്ദവിഭാഗം



ഒരർത്ഥത്തെ കുറിക്കുന്നതിനായി വർണങ്ങളെ കൂട്ടിച്ചേർത്തുണ്ടാക്കുന്ന അക്ഷരക്കൂട്ടത്തെ ശബ്ദം എന്നു പറയുന്നു. ഉദാ: മല, കുതിര. ഇതിനെ പ്രകൃതി എന്നും പറഞ്ഞുവരുന്നു. വാക്യത്തിൽ പ്രയോഗിക്കാൻ ഒരുക്കിയിട്ടുള്ള ശബ്ദത്തെയാണ് പദമെന്നു വിളിക്കുന്നത്. ഉദാ: രാമൻ, പശുവിനെ. പദങ്ങളെ പൊതുവെ വാചകമെന്നും ദ്യോതകമെന്നും രണ്ടായിത്തിരിക്കാം. ഒരു ദ്രവ്യത്തെയോ ക്രിയയെയോ ഗുണത്തെയോ ചൂണ്ടിക്കാട്ടുന്നതെല്ലാം വാചകമെന്ന വിഭാഗത്തിൽ ഉൾപ്പെടും. വാച്യമായ അർത്ഥമുള്ളതാണ് വാചകം. വാച്യമായി ഒരർത്ഥത്തെയും കാണിക്കാതെ രണ്ടു വാച്യാർത്ഥങ്ങൾ തമ്മിലുള്ള ബന്ധത്തെ സ്ഫുരിപ്പിക്കുന്നത് ദ്യോതകം.

വാചകം - തല, മല, കുടം, വിളക്ക് തുടങ്ങിയവ

ദ്യോതകം - എന്ന, വരെ, എങ്കിൽ, കൊണ്ട് തുടങ്ങിയവ

വാചകത്തെ വീണ്ടും മൂന്നായി തിരിക്കാം. നാമം, കൃതി, ഭേദകം എന്നിവയാണവ. ഏതെങ്കിലും ഒരു ദ്രവ്യത്തിന്റെ പേരായ ശബ്ദമാണ് നാമം. ഉദാ: രാമൻ, മനുഷ്യൻ, മൃഗം, മരം തുടങ്ങിയവ.

ക്രിയാവാചകമാണ് കൃതി. ഉദാ: കാണുന്നു, പോകുന്നു, വരും, തരും ഇത്യാദി.

നാമങ്ങളോടും ക്രിയയോടും ചേരുന്ന പ്രത്യയങ്ങൾക്ക് വ്യത്യാസമുണ്ട്. ലിംഗം, വിഭക്തി, വചനം എന്നീ പ്രത്യയങ്ങൾ നാമങ്ങളോട് ചേരുന്നു. കാലം, പ്രകാരം, പ്രയോഗം എന്നിങ്ങനെയുള്ള പ്രത്യയങ്ങൾ ക്രിയകളോട് ചേരുന്നു.

ഗുണവാചകമാണ് ഭേദകം. ഉദാ: കറുത്ത, വെളുത്ത, സുന്ദരൻ, കൂനൻ.

ദ്യോതകം എന്ന വിഭാഗത്തിൽ ഉൾപ്പെടുന്ന പദങ്ങൾ നിപാതം, അവ്യയം എന്നിങ്ങനെ രണ്ടുതരത്തിലുണ്ട്. നിപാതങ്ങളെല്ലാം സ്വഭാവത്താൽതന്നെ ദ്യോതകങ്ങളാകുന്നു. ആദികാലത്ത് വാചകങ്ങളായിരുന്ന ചില പദങ്ങൾ വാചകത്വം നഷ്ടപ്പെട്ട് ദ്യോതകങ്ങളായിത്തീർന്നവയാണ് അവ്യയങ്ങൾ.

ഉദാ: രാമനും കൃഷ്ണനും മിടുക്കന്മാരാണ്.

ഈ വാക്യത്തിൽ ഉം എന്നത് നിപാതമാണ്. അത് രാമൻ, കൃഷ്ണൻ എന്ന ശബ്ദങ്ങളിൽ ചേർന്നുനിന്നുകൊണ്ട് സമുച്ചയാർത്ഥത്തെ കാണിക്കുന്നു.

രാവണൻ എന്ന രാക്ഷസൻ എന്ന വാക്യത്തിൽ 'എന്ന' ഒരു സ്വതന്ത്രാർത്ഥവും കാണിക്കാതെ രാവണൻ, രാക്ഷസൻ എന്ന നാമങ്ങളുടെ അഭേദത്തെയാണ് കാണിക്കുന്നത്. അതിനാൽ 'എന്ന' എന്നത് ഒരു അവ്യയമാണ്.

ദ്യോതകശബ്ദങ്ങളെ അവയുടെ വ്യാപാരമനുസരിച്ച് നോക്കുന്നതായാൽ ഗതി, ഘടകം, വ്യാക്ഷേപകം എന്നിങ്ങനെ മൂന്നുവിധ

ത്തിൽ തിരിക്കാം. വിഭക്തിയെ പരിഷ്കരിക്കുന്ന ദ്യോതകമാണ് ഗതി. ഉദാ: കൊണ്ട്, നിന്ന്, വെച്ച്, ഊടെ.

രണ്ട് വാക്യങ്ങളെ ഘടിപ്പിക്കുന്നത് ഘടകം. രാമന്റെയും കൃഷ്ണന്റെയും കഥ, നാളെയോ മറ്റന്നാളോ എന്നീ വാക്യങ്ങളിലും, ഉം, ഓ എന്നിവ ഘടകങ്ങൾ. ഇവ ചേർന്ന വാക്യാർത്ഥങ്ങൾ സമുച്ചയവികല്പങ്ങളെ ദ്യോതിപ്പിക്കുന്നതിനാൽ ഘടകം.

വ്യാക്ഷേപകശബ്ദങ്ങൾ മറ്റൊരു പദത്തോടും ചേരാതെ സ്വതന്ത്രമായ വാക്യാർത്ഥത്തെ ദ്യോതിപ്പിക്കുന്നു. ഉദാ: ഉവ്വ്, അയ്യോ.

ഗതി, ഘടകം, വ്യാക്ഷേപകം എന്ന മൂന്നുവിഭാഗങ്ങളിലും പെടാതെ ചില അർത്ഥവിശേഷങ്ങളെ ദ്യോതിപ്പിക്കുന്ന ദ്യോതകപദമാണ് കേവലം. ഉദാ: രാമൻ വന്നുവോ. ഇവിടെ ഓ എന്ന നിപാതം ചോദ്യാർത്ഥം ദ്യോതിപ്പിക്കുന്നു.

ഈശ്വരൻതന്നെ ശരണം എന്ന ഉദാഹരണത്തിൽ തന്നെ അന്യവ്യവച്ഛേദാർത്ഥം ദ്യോതിപ്പിക്കുന്നു

നാമം, കൃതി, ഭേദകം എന്നിവയെല്ലാം വിഭജിച്ചിരിക്കുന്നത് അതാത് പദങ്ങളുടെ അർത്ഥത്തിനുള്ള സ്വഭാവം അടിസ്ഥാനമാക്കിയാണ്. വ്യാകരണരീതിയനുസരിച്ച് നോക്കിയാൽ ഒരു ശബ്ദം തന്നെ ചിലപ്പോൾ നാമം, കൃതി, ഭേദകം ഇവയിൽ പലരൂപങ്ങളിലും ഉള്ളതായി കാണാവുന്നതാണ്. ഉദാഹരണമായി 'നൽ' എന്ന ശബ്ദം നോക്കാം. അതിനോട് ബഹുവചനപ്രത്യയമായ 'ആർ' ചേരുമ്പോൾ 'നല്ലാർ' എന്ന രൂപം കിട്ടും. അപ്പോൾ 'നൽ' പദം സ്ത്രീ എന്ന് അർത്ഥമായ നാമമായി മാറും. 'നൽ' എന്ന ശബ്ദത്തിനോട് 'ഊ' എന്ന ഭാവിപ്രത്യയം ചേർന്നാൽ 'നല്ലൂ' എന്നാകുമ്പോൾ 'നൽ' എന്ന പദം കൃതിയാകും.

നാമം, കൃതി, ഭേദകം, നിപാതം എന്നീ നാലുതരം പദങ്ങൾക്കും പലതരത്തിൽ അവാന്തരവിഭാഗങ്ങൾ ഉണ്ട്. നാമങ്ങളെ ദ്രവ്യനാമം, ക്രിയാനാമം, ഗുണനാമം എന്നിങ്ങനെ മൂന്നുവിധത്തിൽ തിരിക്കാം.

ദ്രവ്യത്തെ കുറിക്കുന്ന നാമം ദ്രവ്യനാമം. ഉദാ: ആന, കുതിര, രാമൻ, കൃഷ്ണൻ.

ഗുണത്തെ കുറിക്കുന്നത് ഗുണനാമം. ഉദാ: അഴക്, മിടുക്ക്, നന്മ.

ക്രിയയെകുറിക്കുന്നത് ക്രിയാനാമം. ഉദാ: പഠിപ്പ്, കളി, വരവ്, ഉറക്കം.

ദ്രവ്യനാമങ്ങള സംജ്ഞാനാമം, സാമാന്യനാമം, സർവ്വനാമം, മേയനാമം എന്നിങ്ങനെ നാലായി തിരിക്കാം.

ഒരു വ്യക്തിയെ കുറിക്കുന്നത് സംജ്ഞാനാമം എന്നറയിപ്പെടുന്നു. ഉദാ: രാമൻ, കൃഷ്ണൻ, ഗോവിന്ദൻ.

ഒരു ജാതിയെ കുറിക്കുന്നത് സാമാന്യനാമം. ഉദാ: മനുഷ്യൻ, മൃഗം, മരം, വള്ളി.

നാമങ്ങൾക്കും പകരമായിവരുന്നത് സർവ്വനാമം. ഉദാ: അവൻ, അവൾ, അത്

ജാതിഭേദമോ വ്യക്തിഭേദമോ കാണിക്കാൻ സൗകര്യമില്ലാത്ത പദാർത്ഥങ്ങളുടെ നാമമായിട്ടുള്ളതിനെ മേയനാമം എന്നു പറയുന്നു. ഉദാ: വെള്ളം, മണ്ണ്, സ്വർണം, ആകാശം.

## 4.4 പുരോഗതി സ്വയം പരിശോധിക്കുക

1. ശബ്ദം എന്നാലെന്ത്?
2. വാചകശബ്ദങ്ങളുടെ പ്രത്യേകത എന്ത്?
3. ദ്യോതകം എന്നാലെന്ത്?
4. നാമം, കൃതി, ഭേദകം എന്നിങ്ങനെ വിഭജിച്ചിരിക്കുന്നതിന് അടിസ്ഥാനമെന്ത്?
5. ദ്രവ്യനാമമെന്നാലെന്ത്?
6. ഘടകം എന്നാലെന്ത്?
7. കൃതി വിഭാഗത്തെക്കുറിച്ച് കുറിപ്പു തയ്യാറാക്കുക.
8. കുറിപ്പെഴുതുക
   (1) പേരെച്ചം (2) വിനയെച്ചം
9. ഭേദകത്തിന്റെ ഉൾപ്പിരുവുകൾ എന്തെല്ലാം? ഉദാഹരണസഹിതം വിശദമാക്കുക.

## 4.5 കൃതിവിഭാഗം

ഏതെങ്കിലും ഒരു വസ്തു ഇന്ന വിധത്തിൽ ഇരിക്കുന്നുവെന്നോ ഒരു പ്രവൃത്തി ചെയ്യുന്നുവെന്നോ കുറിക്കുന്ന ക്രിയാപദമാണ് കൃതി. ഇതിനെ പല തരത്തിൽ വിഭജിക്കാം.

| | | |
|---|---|---|
| അർത്ഥം പ്രമാണിച്ച് | – | സകർമ്മകം, അകർമ്മകം |
| പ്രകൃതിപ്രമാണിച്ച് | – | കേവലം, പ്രയോജകം |
| സ്വഭാവം പ്രമാണിച്ച് | – | കാരിതം, അകാരിതം |
| പ്രാമാണ്യം പ്രമാണിച്ച് | – | മുറ്റുവിന, പറ്റുവിന |

### അർത്ഥം പ്രമാണിച്ച്

* വസ്തു ഒരു സ്ഥിതിയിലിരിക്കുന്നുവെന്ന ക്രിയയ്ക്ക് കർമ്മം ഇല്ലാത്തതിനാൽ അകർമ്മകങ്ങൾ. ഉദാ: കളിക്കുക, നിൽക്കുക, ഉറങ്ങുക.

* ഒരു പ്രവൃത്തി ചെയ്യുന്നു എന്നുള്ള ക്രിയയ്ക്ക് കർമ്മമുള്ളതിനാൽ ആവക കൃതികൾ സകർമ്മകങ്ങൾ. ഉദാ: കാണുക, അടിക്കുക

### പ്രകൃതി പ്രമാണിച്ച്

എല്ലാ കൃതികൾക്കും രണ്ടുമാതിരി രൂപം കാണുന്നുണ്ട്. ഉദാ: ഓടുക – ഓടിക്ക, നിൽക്കുക – നിർത്തുക, കാണുക – കാണിക്കുക, തിന്നുക – തീറ്റുക.

* പരപ്രേരണ കൂടാതെ കർത്താവ് തനിയെ ചെയ്യുന്നത് കേവലം.

* പരപ്രേരണ കൊണ്ട് കർത്താവ് ചെയ്യുന്നത് പ്രയോജകം.

മേൽപ്പറഞ്ഞ പദ ജോടികളിൽ ആദ്യത്തേത് കേവലക്രിയയും രണ്ടാമത്തേത് പ്രയോജകക്രിയയുമാണ്.

## സ്വഭാവം പ്രമാണിച്ച്

ചില കൃതികൾക്ക് അർത്ഥം നോക്കുന്നതായാൽ കേവല പ്രകൃതി എന്നും രൂപം നോക്കുന്നതായാൽ പ്രയോജകപ്രകൃതി എന്നും തോന്നുന്നതായിട്ടുണ്ട്.

* 'ക്ക്' ചേർന്നിരിക്കുന്ന കേവലക്രിയയെ കാരിതം എന്നും

* 'ക്ക്' ചേരാത്ത കേവലക്രിയകളെ അകാരിതം എന്നും പറയുന്നു.

ഉദാ: പഠിക്കുന്നു (കാരിതം), ഓടുന്നു (അകാരിതം)

## പ്രാമാണ്യം പ്രമാണിച്ച്

അന്വയിക്കുമ്പോൾ മറ്റു പദങ്ങൾക്കൊന്നും കീഴടങ്ങാത്ത പദം പ്രധാനം. മറ്റൊന്നിന് കീഴടങ്ങുന്നത് അപ്രധാനം. ഈ വിധം പ്രാധാന്യമുള്ള കൃതികൾക്ക് മുറ്റുവിന എന്നും. ഉദാ: ചെയ്യുന്നു, പോകുന്നു, പോകണം

അപ്രധാനകൃതിക്ക് പറ്റുവിന എന്നും പേര് പറയുന്നു.

ഉദാ: ചെയ്യുന്ന, പോകുന്ന, പോകേണ്ട

മുറ്റുവിനയ്ക്ക് പൂർണ്ണക്രിയയെന്നും പറ്റുവിനയ്ക്ക് അപൂർണ്ണക്രിയയെന്നും പറയാറുണ്ട്.

അപൂർണക്രിയയെ രണ്ടായി തിരിക്കാം. 1) പേരെച്ചം 2) വിനയെച്ചം

ഒരു നാമത്തിനു കീഴടങ്ങിനിൽക്കുന്ന കൃതിയെ പേരെച്ചം എന്നു പറയുന്നു.

ഉദാ: പറഞ്ഞ കാര്യം, കൊടുത്ത വസ്തു.

ഒരു കൃതിക്കു കീഴടങ്ങുന്ന പറ്റുവിന(അപൂർണക്രിയ)യെ വിനയെച്ചം എന്നു പറയുന്നു. ഉദാ: പറഞ്ഞുകേട്ടു, തേച്ചുകുളിച്ചു.

ഇവയിൽ പറഞ്ഞ, കൊടുത്ത എന്നീ കൃതികൾ മുറയ്ക്ക് കാര്യം, വസ്തു എന്നീ നാമങ്ങൾക്കു കീഴടങ്ങി നിൽക്കുന്നു. ഇവയിൽ പറഞ്ഞു എന്നത് 'കേട്ടു' എന്ന മറ്റൊരു കൃതിക്കും, തേച്ചു എന്നത് 'കുളിച്ചു' എന്ന കൃതിക്കും കീഴടങ്ങുന്നതിനാൽ വിനയെച്ചമാകുന്നു.

വിനയെച്ചത്തെ വീണ്ടും അഞ്ചായി വിഭജിച്ചിരിക്കുന്നു. 1) മുൻവിനയെച്ചം, 2) പിൻവിനയെച്ചം, 3) തൻവിനയെച്ചം, 4) നടുവിനയെച്ചം 5) പാക്ഷികവിനയെച്ചം

അപൂർണ്ണക്രിയയിലൂടെ വ്യാപാരം പൂർണക്രിയയുടെ വ്യാപാരത്തിനു മുമ്പ് നടന്നാൽ മുൻവിനയെച്ചം. ഉദാ: കേട്ടുപഠിച്ചു, കണ്ടുപറഞ്ഞു

അപൂർണ്ണക്രിയയിലൂടെ വ്യാപാരം പൂർണ്ണക്രിയയുടെ വ്യാപാരത്തിനു ശേഷം വന്നാൽ അത് പിൻവിനയെച്ചം. ഉദാ: കുളിക്കാൻ പോയി, കാണാൻ വന്നു

ഏ, ആവേ എന്നോ പ്രത്യയസ്ഥാനത്ത് ചേർത്താൻ തൻവിനയെച്ചമുണ്ടാകും. എ, അവെ എന്നു ഹ്രസ്വമായിട്ടുമാവാം. ഇതിൽ രണ്ടു ക്രിയകളും വ്യാപാരം ഒരേ സമയത്ത് നടന്നുവെന്ന് കാണിക്കുന്നു.

ഉദാ: ചെയ് – ചെയ്യെ, ചെയ്യവേ (ജോലി ചെയ്യവേ മറിഞ്ഞു വീണു)
കേൾ – ഇരിക്കെ, ഇരിക്കവേ (കൊക്ക് ഇരിക്കെ കുളം വറ്റി)

കാലം, പ്രകാരം തുടങ്ങിയ ഉപാധികളൊന്നുമില്ലാത്ത കേവലമായ ക്രിയയാണ് നടുവിനയെച്ചം. അ, ക, ഉക എന്നിവയാണ് ഇതിന്റെ പ്രത്യയങ്ങൾ. ഉദാ: ചെയ് – ചെയ്ക, കേൾ – കേൾക്കുക (നുണ കേൾക്കുക നല്ലതല്ല).

ഇൽ, കിൽ, ഉകിൽ പ്രത്യയങ്ങൾ ചേർന്നിട്ടാണ് പാക്ഷികവിനയെച്ചമുണ്ടാകുന്നത്. ഭൂതകാലരൂപത്തിൽ 'ആൽ' പ്രത്യയം ചേർത്തിട്ടും പാക്ഷികവിനയെച്ചമുണ്ടാക്കാം.

ഉദാ: ചെയ്കിൽ, ചെയ്യുകിൽ, ചെയ്താൽ
(നൽകുകിൽ നേടീടാം, പഠിച്ചാൽ ജയിക്കും)

ഭേദകം, ഭേദിപ്പിക്കുക എന്ന പദത്തിന് വിശേഷിപ്പിക്കുക എന്നാണ് അർത്ഥം. അപ്പോൾ നാമത്തെ വിശേഷിപ്പിക്കുന്ന ശബ്ദത്തെ നാമവിശേഷണം എന്നും കൃതിയെ വിശേഷിപ്പിക്കുന്നതിന് ക്രിയാവിശേഷണം എന്നും ഭേദകത്തെ വിശേഷിപ്പിക്കുന്നതിന് വിശേഷണവിശേഷണം എന്നും സംജ്ഞകൾ നൽകാം.

### ഭേദകത്തിന്റെ ഉൾപ്പിരിവുകൾ

ഭേദകത്തിന് ഏഴ് ഉൾപ്പിരിവുകൾ ഉണ്ട്.

(1) ശുദ്ധം (2) സാർവ്വനാമികം (3) സാംഖ്യം (4) വിഭാവകം
(5) പാരിമാണികം (6) നാമാംഗജം (7) ക്രിയാംഗജം

(1) ശുദ്ധം : വികാരമൊന്നുമില്ലാതെ ശബ്ദസ്വരൂപമായി നിൽക്കുന്ന ഭേദകമാണ് ശുദ്ധം. നാമത്തോട് സമാസമായി ചേർന്നാണ് സാധാരണ ഇത് പ്രയോഗിക്കാറ്.

ഉദാ: നൽ – നന്മുത്ത്, വൻ – വൻമതിൽ, ചെറു – ചെറുപയർ

(2) സാർവ്വനാമികം : ഒരു സർവ്വനാമത്തെത്തന്നെ ഭേദകമായിട്ടുപയോഗിക്കുന്നതാണിത്.

ഉദാ: അ – അവിടം, ഇ – ഇവിടം

(3) സാംഖ്യം : ഇത് സംഖ്യാരൂപമായ ഭേദകമാണ്

ഉദാ: ഇരു – ഇരുമുടി, മൂ – മൂവുലക്, നാൽ – നാന്മുഖൻ

(4) വിഭാവകം : ഒരു വസ്തുവിന്റെ സ്വഭാവത്തെ വർണിക്കുന്ന ഭേദകമാണ്.

ഉദാ: സമർത്ഥ - സമർത്ഥനായ, മിടുക്ക - മിടുക്കനായ

(5) പാരിമാണികം : ഇത് പരിമാണം എന്നും പറയുന്നു. അളവിനെ കുറിക്കുന്ന ഭേദകമാണ്.

ഉദാ: നാഴിയരി, ഇത്രനേരം, ഒരു പിടി നെല്ലിക്ക

(6) നാമാംഗജം : പേരെച്ചത്തെത്തന്നെ ഭേദകമായിട്ടുപയോഗിക്കുന്നതാണിത്.

ഉദാ: കെട്ടിയ - കെട്ടിയ പെണ്ണ്, പാടിയ - പാടിയ പാട്ട്

(7) ക്രിയാംഗജം : വിനയെച്ചത്തെത്തന്നെ ഭേദകമായിട്ടുപയോഗിക്കുന്ന ഭേദകവിഭാഗമാണിത്.

ഉദാ: കിടന്ന് - കിടന്നുറങ്ങി, ഉറക്കെ - ഉറക്കെ പാടി

## 4.6 സന്ധി

സന്ധി എന്നാൽ ചേർച്ച എന്നർത്ഥം. വർണങ്ങൾ കൂടിച്ചേരുമ്പോൾ സംഭവിക്കുന്ന മാറ്റമാണ് ഇവിടെ പറയുന്നത്. സന്ധിക്കുമ്പോൾ വർണങ്ങൾക്കുണ്ടാകുന്ന വികാരങ്ങളനുസരിച്ച് നോക്കിയാൽ ലോപസന്ധി, ആഗമസന്ധി, ദ്വിത്വസന്ധി, ആദേശസന്ധി എന്നിങ്ങനെ സന്ധിയെ നാലായി തിരിക്കാം.

(1) ലോപസന്ധി : സന്ധിക്കുന്ന വർണങ്ങളിൽ ഒന്ന് ഇല്ലാതെയാകുന്നത് ലോപസന്ധി.

ഉദാ: അത് + അല്ല - അതല്ല, കണ്ടു + ഇല്ല - കണ്ടില്ല

(2) ആഗമസന്ധി : സന്ധി വരുമ്പോൾ മൂന്നാമതൊന്നുകൂടി വന്നുചേരുന്നത് ആഗമസന്ധി.

ഉദാ: പന + ഓല - പനയോല, തിരു + വോണം - തിരുവോണം

(3) ദ്വിത്വസന്ധി : സന്ധിക്കുന്നതിൽ ഏതെങ്കിലും ഒന്ന് ഇരട്ടിക്കുന്നത് ദ്വിത്വസന്ധി.

ഉദാ: അവിടെ + പോയി - അവിടെപ്പോയി, കൊന്ന + തെങ്ങ് - കൊന്നത്തെങ്ങ്

(4) ആദേശസന്ധി : സന്ധിക്കുന്ന വർണങ്ങളിൽ ഒന്നിന്റെ സ്ഥാനത്ത് മറ്റൊന്ന്വരുന്നത് ആദേശസന്ധി.

ഉദാ : എൺ + നൂറ് - എണ്ണൂറ്, നെൽ + മണി -നെന്മണി

### ലോപസന്ധി

ഒരു സ്വരം പരമായി വന്നാൽ സംവൃതോകാരം ( ് ) ലോപിക്കും

ഉദാ: കാറ്റ് + ഉണ്ട് - കാറ്റുണ്ട്, തണുപ്പ് + ഉണ്ട് - തണുപ്പുണ്ട്.

ക്രിയാപദത്തിന്റെ അന്ത്യത്തിലുള്ള 'ഉ'കാരം മറ്റൊരു സ്വരം പരമായാൽ ലോപിക്കും. ഉദാ: കണ്ടു + ഇല്ല - കണ്ടില്ല, കാണുന്നു + ഉണ്ട് - കാണുന്നുണ്ട്.

അല്ല, ഇല്ല, ആയി, പോയി എന്നിവയുടെ അന്ത്യത്തിലുള്ള സ്വരം മറ്റൊരു സ്വരം പരമായാൽ ലോപിക്കും. ഉദാ: അല്ല + എന്ന് - അല്ലെന്ന്, പോയി + ഇല്ല - പോയില്ല.

നിയോജകപ്രത്യയമായ 'അട്ടെ' എന്നതിന്റെയും മറുവിനയെച്ചമായ 'ആതെ' എന്നതിന്റെയും സംബന്ധികാപ്രത്യയമായ 'ഉടെ' എന്നതിന്റെയും ഗതിയായ 'ഊടെ' എന്നതിന്റെയും അന്ത്യമായ എകാരം സ്വരം പരമാകുമ്പോൾ വികല്പേന ലോപിക്കും.

ഉദാ : പൊട്ടെ + അവൻ - പോട്ടവൻ, പൊട്ടെയവൻ

വരാതെ + ഇരുന്നു - വരാതിരുന്നു, വരാതെയിരുന്നു

ശാമിയുടെ + അച്ഛൻ - ശാമിയുടച്ഛൻ, ശാമിയുടെയച്ഛൻ

വാനിലിലൂടെ + ഇറങ്ങുന്നു- വാനിലിലൂടിറങ്ങുന്നു, വാനിലിലൂടെയിറങ്ങുന്നു

## ആഗമസന്ധി

താലവ്യസ്വരങ്ങളായ അ, ആ, ഇ, ഈ, ഏ, ഏ, ഐ ഇവയ്ക്ക് സ്വരം പരമാകുമ്പോൾ മധ്യത്തിൽ യകാരവും ഓഷ്ഠ്യങ്ങളായ അ, ആ, ഉ, ഊ, ഒ, ഓ, ഔ ഇവയ്ക്കു സ്വരം പരമാകുമ്പോൾ മധ്യത്തിൽ വകാരവും ആഗമിക്കും.

| | | |
|---|---|---|
| ഉദാ: | താലവ്യങ്ങൾക്ക് | ഓഷ്ഠ്യങ്ങൾക്ക് |
| | കര + ഉള്ള - കരയുള്ള | തട + ഉന്നു - തടയുന്നു |
| | തീ + ആട്ട് - തീയാട്ട് | പൂ + അമ്പ് - പൂവമ്പ് |

അ, ഇ, എ എന്നീ ചുട്ടെഴുത്തുകൾക്കു (ചൂണ്ടിപ്പറയാനുള്ള അക്ഷരങ്ങൾ) എപിന്നിൽ സ്വരം വന്നാൽ 'വ'കാരമാണ് വരുക.

ഉദാ : അ + അൻ - അവൻ

ഇ + അൻ - ഇവൻ

എ + അൻ - എവൻ

പ്രത്യയത്തിന്റെ ആദിയിൽ ഇരിക്കുന്ന ഇരട്ടിച്ച 'ക'കാരത്തിനു മുൻപിലുള്ള താലവ്യസ്വരങ്ങൾക്കു ശേഷം 'യ'കാരം ആഗമമായിവരും.

ഉദാ : തല + ക്ക് - തലയ്ക്ക്

ഹരി + കുന്നു - ഹരിയ്ക്കുന്നു.

## ദ്വിത്വസന്ധി

വിശേഷണവാചകമായിട്ടുള്ളത് പൂർവ്വപദവും വിശേഷ്യവാചകം പരപദവുമായി സമാസിക്കുമ്പോൾ പരപദത്തിന്റെ ആദിയിലുള്ള ദൃഢവ്യഞ്ജനങ്ങൾ ഇരട്ടിക്കും. ഖരം, അതിഖരം, മൃദു, ഘോഷം, ഊഷ്മാക്കൾ ഇവ ദൃഢവ്യഞ്ജനങ്ങൾ. അനുനാസികം, മധ്യമം, ഹ ഇവ ശിഥിലങ്ങളാണ്.

ഉദാ: തല + കെട്ട് - തലക്കെട്ട്

പച്ച + കുതിര - പച്ചക്കുതിര

തിങ്കൾ + കിടാവ് - തിങ്കൾക്കിടാവ്

മുൻവിനയെച്ചം, തൻവിനയെച്ചം, പാക്ഷികവിനയെച്ചം ഇവയ്ക്കു പിന്നിലെ ദൃഢം ഇരട്ടിക്കും.

ഉദാ : ചാടി + കടന്നു - ചാടിക്കടന്നു

കൂടെ + പോണു - കൂടെപ്പോണു,

കണ്ടാൽ + പറയാം - കണ്ടാൽപ്പറയാം

ഏകമാത്രക ശബ്ദത്തിന്റെ അവസാനത്തിൽ വരുന്ന അനുനാസികങ്ങളും യ, ള, ല -യും ഇരട്ടിക്കും.

ഉദാ : തങ് + ഇ - തങ്ങി

നമ് + എ - നമ്മെ

വെള് + അ - വെള്ള

### ആദേശസന്ധി

'ത'വർഗം 'ട'വർഗത്തോട് ചേർന്നാൽ 'ട'വർഗമായി മാറും.

ഉദാ : വിൺ + തലം - വിണ്ടലം

തൺ + താർ - തണ്ടാർ

'ത'വർഗം 'ച' വർഗത്തോടോ 'റ്റ'വർഗത്തോടോ ചേരുമ്പോൾ യഥാക്രമം 'ച' വർഗമായും 'റ്റ' വർക്ഷമായും മാറും.

ഉദാ: നിൻ + തു - നിന്റു, നിന്നു

വലഞ്ഞ് + തു - വലഞ്ചു, വലഞ്ഞു

'ല'കാരത്തിനു പരമായി അനുനാസികം വന്നാൽ 'ന'കാരം ആദേശം

ഉദാ: നെല് + മണി - നെന്മണി

കല് + മതിൽ - കന്മതിൽ

## 4.7 പുരോഗതി സ്വയം പരിശോധിക്കുക

1. സന്ധി എന്നാലെന്ത്? എത്ര വിധം? ഏതെല്ലാം?
2. താഴെപ്പറയുന്നവയുടെ സന്ധി കണ്ടെത്തുക.

കണ്ടു + ഇല്ല - കണ്ടില്ല

പോട്ടെ + അവൻ - പോട്ടെയവൻ

വരാതെ + ഇരുന്നു - വരാതിരുന്നു, വരാതെയിരുന്നു

തീ + ആട്ട് - തീയാട്ട്

പൂ + അമ്പ് - പൂവമ്പ്

തല + ക്ക് - തലയ്ക്ക്

തല +കെട്ട് - തലക്കെട്ട്

തിങ്കൾ + കിടാവ് - തിങ്കൾക്കിടാവ്

ചാടി + കടന്നു - ചാടിക്കടന്നു

വിൺ + തലം - വിണ്ടലം

കല് + മതിൽ - കന്മതിൽ

## 4.8 സമാസം

വിഭക്തിപ്രത്യയം ചേരാതെയുള്ള പദപ്രയോഗമാണ് സമാസം. ഘടകപദങ്ങളുടെ പ്രാധാന്യം പ്രമാണിച്ച് സമാസങ്ങളെ മൂന്നായി വിഭജിച്ചിരിക്കുന്നു. വിഭക്തികളുടെയും മറ്റും സഹായംകൂടാതെ ശബ്ദങ്ങളെ കൂട്ടിച്ചേർക്കുന്നതിനാൽതന്നെ അവയ്ക്ക് തമ്മിലുള്ള സംബന്ധത്തെ കുറിക്കുകയാകുന്നു. തലയിലെ വേദന എന്നതിനു പകരം 'തല, വേദന' എന്ന ശബ്ദങ്ങളെ കേവലം ഒരുമിച്ച് ചേർത്ത് തലവേദന എന്നു പറയുന്നത് സമാസമാകുന്നു. തല പൂർവ്വപദവും വേദന ഉത്തരപദവുമാകുന്നു. സമാസത്തിൽ മുന്നിരിക്കുന്ന പദത്തിന് പൂർവ്വപദമെന്നും പിന്നിരിക്കുന്നതിന് ഉത്തരപദമെന്നും പേർ.

ഘടകപദങ്ങളുടെ ജാതിഭേദം പ്രമാണിച്ച് സമാസങ്ങളെ താഴെപ്പറയുന്ന പ്രകാരം വിഭജിക്കാം.

1. ക്രിയാംഗം ക്രിയയോട് - കൊണ്ടാടുക, രക്ഷിച്ചുകൊള്ളുക
2. നാമം ക്രിയയോട് - കൈവെടിയുക, ഭേദമാകുക, നിലനില്ക്കുക
3. നാമാംഗം നാമത്തോട് - പെറ്റമ്മ
4. നാമം നാമാംഗത്തോട് - തേനോലുംവാണി
5. നാമം നാമത്തോട് - ചൊല്ല്ക്കുടം, രാമനാട്ടം
6. ഭേദകം നാമത്തോട് - വെൺചാമരം, ചെമ്പരത്തി

ഘടകപദങ്ങളുടെ പ്രാധാന്യം പ്രമാണിച്ച് സമാസങ്ങളെ മൂന്നായി വിഭജിച്ചിരിക്കുന്നു.

(1) തല്പുരുഷൻ - ഉത്തരപദപ്രധാനം - തലവേദന

(2) ബഹുവ്രീഹി - അന്യപദപ്രധാനം - താമരക്കണ്ണൻ

(3) ദ്വന്ദ്വൻ - സർവ്വപദപ്രധാനം - അച്ഛനമ്മമാർ

വിശേഷണം വിശേഷ്യത്തോട് സമാസിക്കുന്നത് തൽപുരുഷൻ.

| | | |
|---|---|---|
| ഉദാ: | സമാസം | വിഗ്രഹം |
| | ഭേദമാവുക | ഭേദം ആവുക |
| | കൊന്നത്തെങ്ങ് | കൊന്നയായ തെങ്ങ് |
| | പാക്കുവെട്ടി | പാക്കിനെ വെട്ടുന്നത് |

വിശേഷ്യങ്ങൾക്കും അഭേദം അർത്ഥത്തിൽ തൽപുരുഷസമാസം വരാം. അതിന് രൂപകസമാസം എന്നു പേര്.

ഉദാ: അടിമലർ - അടിയാകുന്ന മലർ

മനക്കുരുന്ന് - മനമാകുന്ന കുരുന്ന്

വിശേഷണവിശേഷ്യങ്ങൾക്ക് തമ്മിലുള്ള ബന്ധം സാദൃശ്യമാണെങ്കിൽ ഉപമിതസമാസം എന്നു പറയുന്നു.

| | | |
|---|---|---|
| ഉദാ: | തേൻമൊഴി - | തേൻപോലെയുള്ള മൊഴി |
| | കമലമുഖം - | കമലംപോലെയുള്ള മുഖം |

പൂർവ്വപദം സംഖ്യയെക്കുറിക്കുന്നുവെങ്കിൽ അതിന് ദ്വിഗു എന്നു പേര്.

| | | |
|---|---|---|
| ഉദാ: | മുപ്പാര് - | മൂന്ന് പാര് |
| | അഷ്ടദിക്ക് - | എട്ടുദിക്ക് |

വിഗ്രഹിക്കുമ്പോൾ ചില സമാസങ്ങൾക്ക് മധ്യത്തിൽ പുതിയ പദം കൂട്ടിച്ചേർക്കേണ്ടതായിവരും. അത്തരം സമാസങ്ങൾക്ക് മധ്യമപദ ലോപി എന്നു പറയുന്നു.

| | | |
|---|---|---|
| ഉദാ: | തീവണ്ടി - | തീയാൽ ഓടിക്കപ്പെടുന്ന വണ്ടി |
| | മഞ്ഞുതൊപ്പി - | മഞ്ഞിനെ തടുക്കുന്ന തൊപ്പി |

### ബഹുവ്രീഹി സമാസം

| | | |
|---|---|---|
| ഉദാ: | തേൻമൊഴിയാൾ | - തേൻപോലെ മൊഴിയോടുകൂടിയവൾ |
| | മാൻമിഴി | - മാനിന്റെ കണ്ണുപോലുള്ള കണ്ണുള്ളവൾ |

വിഗ്രഹിക്കുമ്പോൾ 'ഉം' എന്ന സമുച്ചയപ്രത്യയമോ ഓ എന്ന വികല്പപ്രത്യയമോ വരുന്നത് ദ്വന്ദ്വസമാസം.

| | | |
|---|---|---|
| ഉദാ: | കൈകാലുകൾ - | കൈകളും കാലുകളും |
| | അഹോരാത്രം - | അഹസ്സും രാത്രിയും |

## 4.9 പുരോഗതി സ്വയം പരിശോധിക്കുക

1. സമാസം എന്നാലെന്ത്? സമാസം എത്രവിധം? ഏതെല്ലാം? ഉദാഹരണമെഴുതുക.

2. വിഗ്രഹിച്ച് സമാസം നിർണ്ണയിക്കുക.

| | |
|---|---|
| ഭേദമാവുക | തീവണ്ടി |
| പാക്കുവെട്ടി | മാൻമിഴി |
| അടിമലർ | കൈകാലുകൾ |
| തേൻമൊഴി | അഹോരാത്രം |
| കമലമുഖം | തേൻമൊഴിയാൾ |
| മുപ്പാര് | മഞ്ഞുതൊപ്പി |

## 4.10 ചിഹ്നങ്ങൾ

വാക്യരചനയിലെ ഒരു അനുപേക്ഷണീയഘടകമാണ് ചിഹ്നങ്ങൾ. വാക്യത്തിലെ ആശയം ശരിയായി മനസ്സിലാക്കുന്നതിനുവേണ്ടി പ്രയോഗിക്കുന്ന അടയാളങ്ങളാണ് ചിഹ്നങ്ങൾ. ഇംഗ്ലീഷുമായുള്ള സമ്പർക്കത്തിന്റെ ഫലമായിട്ടാണ് മലയാളത്തിൽ വ്യവസ്ഥാപിതമായൊരു ചിഹ്നസമ്പ്രദായം നിലവിൽ വന്നത്. ഗദ്യരചനയിലാണ് ചിഹ്നങ്ങളുടെ പ്രയോഗം അധികമായി കാണുന്നത്. ഏതെല്ലാം ചിഹ്നങ്ങൾ ഏതെല്ലാം സാഹചര്യങ്ങളിലാണ് പ്രയോഗിക്കേണ്ടത്

എന്നതിനെക്കുറിച്ച് സാമാന്യമായ അറിവ് അത്യന്താപേക്ഷിതമാണ്. വാക്യരചനയിൽ വൈവിദ്ധ്യം കാത്തുസൂക്ഷിക്കുന്നതിന് ഇത് ആവശ്യമാണ്. അതിനാൽ മലയാളത്തിൽ ഉപയോഗിക്കുന്ന ചിഹ്നങ്ങളെയും അവയുടെ പ്രധാനപ്പെട്ട പ്രയോഗസാഹചര്യങ്ങളെയും പരിചയപ്പെടുത്തുകയാണ് ഇവിടെ ചെയ്യുന്നത്.

### (1) പൂർണവിരാമം (Full stop [ . ] )

ബിന്ദു എന്ന മറ്റൊരു പേരും ഇതിനുണ്ട്. വാക്യാവസാനത്തിലും പദങ്ങൾ ചുരുക്കിയെഴുതുമ്പോഴും ക്രമനമ്പരുകൾക്ക് ശേഷവുമാണ് പൂർണവിരാമചിഹ്നം പ്രധാനമായും ഉപയോഗിക്കുന്നത്.

ഉദാ: ഞാൻ അവനെ കണ്ടു. (വാക്യാവസാനത്തിൽ)

ബഹു. മന്ത്രി ഉദ്ഘാടനം ചെയ്തു (ചുരുക്കെഴുത്തിനുശേഷം)

1. 2. 3. (ക്രമനമ്പരുകൾക്കുശേഷം)

### (2) അല്പവിരാമം (Comma [ , ] )

ആശയഗ്രഹണത്തിന് ചെറിയൊരു നിർത്തൽ വേണ്ടിവരുന്നിടത്താണ് അല്പവിരാമചിഹ്നം ഉപയോഗിക്കുന്നത്. ഇതിന് അങ്കുശം എന്ന മറ്റൊരുപേരുമുണ്ട്. സംബോധനയ്ക്കുശേഷവും പദസമൂഹത്തെ വേർതിരിച്ചു കാണിക്കുന്നതിനും ഈ ചിഹ്നം ഉപയോഗിക്കുന്നു.

ഉദാ: സർക്കാർ ജോലിയുള്ള, ഡോക്ടറുടെ ഭാര്യയായ യുവതി(ചെറിയൊരു നിർത്തൽ)

മാന്യരേ, എന്റെ മകളുടെ വിവാഹമാണ് (സംബോധനയ്ക്കുശേഷം)

രാമൻ, കൃഷ്ണൻ, ഗോവിന്ദൻ എന്നിവർ ശബരിമലയ്ക്കു പോയി

(പദസമൂഹത്തെ വേർതിരിക്കുന്നു)

(രാമനും കൃഷ്ണനും ഗോവിന്ദനും എന്നോ, രാമനോ കൃഷ്ണനോ ഗോവിന്ദനോ എന്നോ പ്രയോഗിക്കുമ്പോൾ അല്പവിരാമചിഹ്നം ആവശ്യമില്ല)

### (3) അർദ്ധവിരാമം (Semi colon [ ; ])

അർദ്ധവിരാമചിഹ്നത്തിന്റെ മറ്റൊരു പേരാണ് രോധിനി. ഒരു മഹാവാക്യത്തിലെ അംഗിവാക്യങ്ങൾ ഘടകപദം കൂടാതെ പരസ്പരസംബന്ധമായി നിൽക്കുമ്പോൾ അവയ്ക്കിടയിൽ അർദ്ധവിരാമചിഹ്നം പ്രയോഗിക്കുന്നു.

ഉദാ: കേരളത്തിലെ സംസ്കൃതനാടകാഭിനയസമ്പ്രദായമാണ് കൂടിയാട്ടം; യുനെസ്കോ അംഗീകരിച്ച പൈതൃകകലാരൂപവും.

### (4) അപൂർണവിരാമം (Colon [ : ] )

ഭിത്തിക എന്നതാണ് ഇതിന്റെ മറ്റൊരു പേര്. ഈ ചിഹ്നത്തിന്റെ പ്രയോഗസാദ്ധ്യതകൾ ഇവയാണ്.

? സമപ്രാധാന്യമുള്ള രണ്ടു വാക്യങ്ങളുടെ നടുവിൽ ഭിത്തിക ചേർക്കണം.

ഉദാ: പുകവലി നിർത്തുക: ക്യാൻസറിനെ തടയുക.

? ഒരു പ്രസ്താവത്തെ അതിനെത്തുടർന്നു നൽകുന്ന ഉദാഹരണങ്ങളോടോ വിശദീകരണങ്ങളോടോ ബന്ധിപ്പിക്കുന്നതിനും ഈ ചിഹ്നമാണ് ഉപയോഗിക്കുന്നത്.

ഉദാ: മനുഷ്യജീവിതത്തിൽ പൊതുവെ നാല് ദശകളുണ്ട് : ബാല്യം, കൗമാരം, യൗവനം, വാർദ്ധക്യം എന്നിങ്ങനെ.

? താഴെ ചേർക്കുന്നു തുടങ്ങിയ സൂചകവാക്യങ്ങൾക്കുശേഷം.

ഉദാ: കഴിഞ്ഞ പത്തുവർഷത്തിനുള്ളിൽ ഓരോ വർഷവും കേരളത്തിലെ ഓരോ ജില്ലയിലും നടന്ന റോഡപകടങ്ങളുടെ എണ്ണം താഴെക്കൊടുക്കുന്നു:

? നാടകങ്ങളിലും മറ്റും സംഭാഷണങ്ങളിൽ കഥാപാത്രത്തിന്റെ പേരിനുശേഷം.

ഉദാ: ദാവീദ് : കണ്ണുള്ളത് തുറക്കാൻ മാത്രമല്ല; അടയ്ക്കാൻ കൂടിയാണ്.

ഊറിയാ: എനിക്ക് മനസ്സിലായില്ല.

### (5) വലയം (Bracket [( )] )

വാക്യത്തിന്റെ ഘടനയെ ബാധിക്കാത്തതരത്തിൽ സമാനപദമോ വിശദീകരണമോ നിർദ്ദേശമോ നൽകുന്നതിനാണ് വലയം ഉപയോഗിക്കുന്നത്. കോഷ്ഠം, കോഷ്ഠകം എന്നീ പേരുകളും ഇതിനുണ്ട്.

ഉദാ: കേരളത്തിൽ പ്രാദേശികവും സാമുദായികവുമായ ഒട്ടേറെ ഭാഷാഭേദങ്ങൾ (Dialects) ഉണ്ട്.

### (6) ആശ്ചര്യചിഹ്നം (Exclamation [ ! ] )

വിസ്മയം, ആഹ്ലാദം, വിഷമം, പരിഹാസം തുടങ്ങിയവ സൂചിപ്പിക്കുന്നതിന് ഉപയോഗിക്കുന്നു. വിക്ഷേപിണി, സ്തോഭചിഹ്നം എന്നീ പേരുകളും ഇതിനുണ്ട്.

ഉദാ: ഹാ! പുഷ്പമേ, അയ്യോ! എന്തു കഷ്ടമാണിത്.

### (7) ശൃംഖല (Hyphen [ - ])

ഒരു പദം ഒരു വരിയിൽ അവസാനിക്കാതെ അടുത്ത വരിയിൽ മുറിച്ചെഴുതേണ്ടിവരുമ്പോൾ ശൃംഖല ഉപയോഗിക്കുന്നു.

ഉദാ: ഒരു വേള പഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായ്‌വരും

സമസ്തപദങ്ങളിലെ ഘടകപദങ്ങൾക്ക് ചേർച്ചക്കുറവുള്ളപ്പോൾ അവയ്ക്കിടയിൽ ശൃംഖല ഉപയോഗിക്കുന്നു.

ഉദാ : ഇന്ത്യാ-ശ്രീലങ്ക ക്രിക്കറ്റ് മത്സരം നടന്നു.

ഗർഭിതവാക്യത്തിന്റെയും വാക്യമധ്യത്തിലെ വിശദീകരണത്തിന്റെയും ഇരുവശങ്ങളിൽ ശൃംഖല പ്രയോഗിക്കാറുണ്ട്.

ഉദാ: സ്ത്രീകൾക്കു നേരെയുള്ള അതിക്രമങ്ങളുടെ കാര്യത്തിൽ - അതിപ്പോൾ കേരളത്തിൽ നിത്യസംഭവമാണല്ലോ - സർക്കാർ അലംഭാവം കാട്ടുകയാണ്.

ജീവിതശൈലീരോഗങ്ങൾ - പ്രമേഹം, രക്തസമ്മർദ്ദം, കൊളസ്ട്രോൾ എന്നിവ - കേരളത്തിൽ ദിനംപ്രതി വർദ്ധിച്ചുവരികയാണ്.

## (8) ഉദ്ധരണി (Quotation mark [ "   " ] )

മറ്റൊരാൾ പറഞ്ഞ കാര്യം അതേപടി എടുത്തു ചേർക്കുമ്പോൾ ഈ ചിഹ്നം ഉപയോഗിക്കുന്നു.

ഉദാ: "മതമേതായാലും മനുഷ്യൻ നന്നായാൽമതി" എന്ന് ശ്രീനാരായണഗുരു പ്രഖ്യാപിച്ചു.

## (9) ഏകോദ്ധരണി (Single inverted comma [ ‘ ’ ] )

ഗ്രന്ഥനാമം, ലേഖനനാമം, കവിതയുടെയും കഥയുടെയും മറ്റും പേരുകൾ, പുതിയ സാങ്കേതികസംജ്ഞകൾ എന്നിവ പ്രത്യേകം ശ്രദ്ധിക്കുന്നതിനായിട്ടാണ് ഏകോദ്ധരണിചിഹ്നം പ്രയോഗിക്കുന്നത്.

ഉദാ: ‘ഇന്ദുലേഖ’യുടെ പതിനെട്ടാം അദ്ധ്യായം

മാധ്യമരംഗത്തെ ഒരു പുതിയ പ്രവണതയാണ് ‘തേൻകെണി’

## (10) ചോദ്യചിഹ്നം (Question mark/Interrogation mark [ ?])

ചോദ്യരൂപത്തിലുള്ള വാക്യത്തിനൊടുവിൽ ഈ ചിഹ്നം ചേർക്കുന്നു.

ഉദാ: നിങ്ങളുടെ പേരെന്താണ്?

പറയുന്ന കാര്യത്തിൽ സന്ദേഹമുണ്ടെങ്കിലും ചോദ്യചിഹ്നം ഉപയോഗിക്കാം.

ഉദാ: ‘ലീലാതിലക’ത്തിന്റെ രചനാകാലം ഏ.ഡി. 14-ാം നൂറ്റാണ്ട്(?) ആണ്.

## (11) ബിന്ദുമാല (Lead [ ... ] )

തുടരും എന്നു സൂചിപ്പിക്കാൻ ഈ ചിഹ്നം ഉപയോഗിക്കുന്നു.

ഉദാ: പാഥസാംനിചയം വാർന്നൊഴിഞ്ഞളവു...

ഈ ചിഹ്നം പലതവണ ആവർത്തിക്കുന്നത് വലിയൊരു ഭാഗം വിട്ടുകളഞ്ഞിരിക്കുന്നവെന്ന് സൂചിപ്പിക്കുന്നു.

ഉദാ: വീണിതല്ലോ കിടക്കുന്നു.............

.................................മനോഹരൻ

## (12) പാടിനി (Caret [ ^ ] )

അക്ഷരമോ പദമോ വിട്ടുപോയെന്നും അത് പൂരിപ്പിക്കണമെന്നും സൂചിപ്പിക്കാൻ ഈ ചിഹ്നമാണ് ഉപയോഗിക്കുന്നത്.

ഉദാ: ദേശാടനക്കിളി

'കേരളപാണിനീയ'വും 'ഭാഷാഭൂഷണ'വും ഏ.ആർ. രാജരാജവർമ്മയുടെ കൃതികളാണ്.

### (13) വിശ്ലേഷം (Apostrophe [ ' ] )

അക്ഷരം ലോപിപ്പിച്ചിരിക്കുന്നു എന്നു കാണിക്കാൻ അതിന്റെ സ്ഥാനത്ത് മുകളിലായി ഈ ചിഹ്നം ഉപയോഗിക്കുന്നു.

ഉദാ: ജനങ്ങ്ടെ ('ളു' ലോപിപ്പിച്ചിരിക്കുന്നു)

### (14) ചരിവുവര (Oblique/slash [ / ] )

അഥവാ മറ്റൊന്ന് എന്ന് സൂചിപ്പിക്കാൻ ഈ ചിഹ്നമാണ് ഉപയോഗിക്കുന്നത്.

ഉദാ: വാക്യം അവസാനിക്കുന്നുവെന്ന് കാണിക്കാൻ ഉപയോഗിക്കുന്ന ചിഹ്നമാണ് ബിന്ദു/വിരാമം.

### (15) അടിവര (Underline [ ___ ] )

വാക്യമോ വാക്യഭാഗങ്ങളോ പ്രത്യേകം ശ്രദ്ധിക്കേണ്ടതുണ്ട് എന്ന് കാണിക്കുന്നതിനാണ് അടിവര ഇടുന്നത്.

ഉദാ: ഏതെങ്കിലും <u>നാല്</u> ചോദ്യത്തിന് ഉത്തരമെഴുതുക.

## 4.11 പുരോഗതി സ്വയം പരിശോധിക്കുക

1. വാക്യരചനയിലെ ഒരു അനുപേക്ഷണീയഘടകമാണ് ചിഹ്നങ്ങൾ എന്തുകൊണ്ട്?
2. പൂർണവിരാമം (Full stop) ഉപയോഗിക്കുന്നതെവിടെയെല്ലാം?
3. അല്പവിരാമം (Coma) ഉപയോഗിക്കുന്നത് ഏതെല്ലാം സാഹചര്യങ്ങളിൽ, ഉദാഹരണം എഴുതുക.
4. അർത്ഥവിരാമചിഹ്നത്തിന്റെ പ്രയോജനമെന്ത്? ഉദാഹരണസഹിതം വിവരിക്കുക
5. സമപ്രാധാന്യമുള്ള രണ്ടു വാക്യങ്ങളുടെ നടുവിൽ ––––ചേർക്കണം.
6. ഒരുവേള പഴക്കമേറിയാ–
   ലിരുളും മെല്ലെ വെളിച്ചമായിവരും – ഇവിടെ പ്രയോഗിച്ചിരിക്കുന്ന ചിഹ്നമേത്?

മറ്റെവിടെയെല്ലാം ഈ ചഹ്നം ഉപയോഗിക്കുന്നു?

## 4.12 വാക്യശുദ്ധി

വാക്യരചനയിൽ പലതരത്തിലുള്ള തെറ്റുകൾ സംഭവിക്കാറുണ്ട്. അറിവില്ലായ്മയും അലംഭാവവുമാണ് ഇതിന്റെ പ്രധാന കാരണങ്ങൾ. വാക്യരചനയിൽ സാധാരണ സംഭവിക്കുന്ന തെറ്റുകളെക്കുറിച്ച് അവബോധവും അത് എങ്ങനെ ശരിയാക്കാം എന്നതിനെക്കുറിച്ച് അറിവുമുണ്ടായാൽ ആദ്യം പറഞ്ഞ കാരണത്തിന് പരിഹാര

മായി. അലംഭാവത്തിന് മറ്റ് പരിഹാരങ്ങളൊന്നുമില്ല; നമ്മൾ തന്നെ അത് സ്വയം മാറ്റിയെടുത്തേ പറ്റൂ. അതിനാൽ വാക്യരചനയിൽ സാധാരണ സംഭവിക്കാവുന്ന ചില തെറ്റുകൾ ഇവിടെ സോദാഹ രണം ചൂണ്ടിക്കാണിക്കുന്നു.

(1) വാക്യത്തിലെ പദങ്ങൾ സ്ഥാനം മാറുന്നതുമൂലമുള്ള ദുരർത്ഥ ങ്ങൾ.

ഉദാ: (i) സുപ്രീംകോടതിവിധിപ്രകാരം മരിച്ചുപോയ പിതാവിന്റെ സ്വത്തിൽ ക്രിസ്ത്യൻ വനിതകൾക്കും അവകാശമുണ്ട്.

– ഈ വാക്യം വായിച്ചാൽ പിതാവ് മരിച്ചത് സുപ്രീംകോടതിവിധിപ്ര കാരമാണെന്ന് തോന്നും. അതിനാൽ വാക്യം ഇങ്ങനെ തിരുത്തണം : മരിച്ചുപോയ പിതാവിന്റെ സ്വത്തിൽ ക്രിസ്ത്യൻവനിതകൾക്കും സുപ്രീംകോടതിവിധിപ്രകാരം അവകാശമുണ്ട്.

(ii) പിറ്റേന്നു നടന്ന സംഭവം ഭാര്യ ഭർത്താവിനോടു പറഞ്ഞു.

– ഭാര്യയ്ക്ക് എന്തെങ്കിലും അമാനുഷികസിദ്ധിയുണ്ടെങ്കിലല്ലേ പിറ്റേന്നു നടക്കുന്ന സംഭവത്തെക്കുറിച്ച് പറയാൻ പറ്റൂ.

വക്താവ് ഉദ്ദേശിച്ചത് ഇതാണ് : നടന്ന സംഭവം പിറ്റേന്ന് ഭാര്യ ഭർത്താവിനോടു പറഞ്ഞു.

(2) സമാനാർത്ഥത്തിലുള്ള പദങ്ങളുടെ ആവർത്തനം.

ഉദാ: (i) പനി തുടങ്ങിയിട്ട് ഏതാണ്ട് ഒരാഴ്ചയോളമായി

– ഇവിടെ ഏതാണ്ട്, ഓളം എന്നിവ സമാനാർത്ഥപദങ്ങളാണ്. അതി നാൽ ഇവയിൽ ഒന്നു മതിയാകും. പനി തുടങ്ങിയിട്ട് ഏതാണ്ട് ഒരാ ഴ്ചയായി എന്നോ പനി തുടങ്ങിയിട്ട് ഒരാഴ്ചയോളമായി എന്നോ വാക്യം തിരുത്താം.

(ii) കേവലം പത്തുപേർ മാത്രമാണ് യോഗത്തിൽ പങ്കെടുത്തത്.

– കേവലം, മാത്രം ഇവ ഒരേ അർത്ഥമുള്ള പദങ്ങളാണ്. ഇവയിൽ ഏതെങ്കിലും ഒന്നുമതി. കേവലം പത്തുപേരാണ് യോഗത്തിൽ പങ്കെ ടുത്തത്/പത്തുപേർ മാത്രമാണ് യോഗത്തിൽ പങ്കെടുത്തത് എന്ന് വാക്യം മാറ്റിയെഴുതണം.

മേല്പറഞ്ഞ തരത്തിലുള്ള ഏതാനും പദജോടികളെ പരിചയ പ്പെടാം.

ഏകദേശം – ഓളം, മൂലം – കാരണം, കാരണം – കൊണ്ട്, താഴെ – അടി, നൂറിന് – ശതമാനം, വേറെ – അന്തരം, പരമാവധി – വരെ, അത്ര – തോതിൽ, ലബ്ധം – നേടിയ, ഭേദം – നല്ലത്, വീണ്ടും – പുനഃ, ഓ – അഥവാ, അല്ലാതെ – വേറെ, മറ്റ് – അന്തരം, എല്ലാ – തോറും.

(3) എ, ഏ എന്നീ പ്രത്യയങ്ങൾ പ്രയോഗിക്കുന്നതിലെ അപാകത.

പ്രതിഗ്രാഹികാപ്രത്യയമായ 'എ'യ്ക്കു പകരം 'ഏ' എന്ന് പലരും പ്രയോഗിക്കാറുണ്ട്. രാമനേയും കൃഷ്ണനേയും എന്നുവേണ്ട രാമ

നെയും കൃഷ്ണനെയും എന്നു മതി. 'ഏ' സംബോധനാപ്രത്യയമാണ്. വിവാഹക്ഷണക്കത്തിൽ പലരും 'മാന്യരെ' എന്നാണ് സംബോധന ചെയ്യാറുള്ളത്. ശരിയായ രൂപം 'മാന്യരേ' എന്നാണ്.

## (4) സമുച്ചയദോഷം

ഒരേ തരത്തിലുള്ള പദങ്ങളേ സമുച്ചയിക്കാവൂ.

ഉദാ: അച്ഛൻ ഓഫീസിലും അമ്പലത്തിൽ അമ്മയും പോയി (തെറ്റ്)

അച്ഛൻ ഓഫീസിലും അമ്മ അമ്പലത്തിലും പോയി (ശരി)

രാവിലെ രണ്ടു ഗുളികയും ഒരു ഗുളിക രാത്രിയിലും കഴിക്കണം (തെറ്റ്)

രാവിലെ രണ്ടു ഗുളികയും രാത്രിയിൽ ഒരു ഗുളികയും കഴിക്കണം (ശരി)

## (5) സമാസത്തിലെ ബാഹ്യവിശേഷണം

വിശേഷണവിശേഷ്യങ്ങൾ സമാസിച്ച് ഒറ്റപ്പദമായി മാറിയാൽ പിന്നെ വിശേഷണപദത്തിന് മറ്റൊരു വിശേഷണം ചേരുകയില്ല. ദുഷ്ടനായ രാവണഭഗിനി എന്ന പ്രയോഗം തെറ്റാണ്. ദുഷ്ടനായ രാവണന്റെ ഭഗിനി എന്നതാണ് ശരി. മണ്ണിന്റെ മണമുള്ള വയലാറിന്റെ കവിത എന്ന പ്രയോഗം ശരിയല്ല. കാരണം മണ്ണിന്റെ മണം വയലാറിനാണെന്ന ദുരർത്ഥപ്രതീതി ഉണ്ടാകും. വയലാറിന്റെ മണ്ണിന്റെ മണമുള്ള കവിത എന്നാണ് വേണ്ടത്. മേഘം പോലെ കറുത്ത മുടിയഴക്, ധർമ്മിഷ്ഠനായ രാജഭരണം എന്നിങ്ങനെയുള്ള പ്രയോഗങ്ങളിലും സമാസദോഷമുണ്ട്. മേഘംപോലെ കറുത്തമുടിയുടെ അഴക്, ധർമ്മിഷ്ഠനായ രാജാവിന്റെ ഭരണം എന്നിങ്ങനെ മാറ്റിയെഴുതണം.

## (6) അനാവശ്യപദങ്ങൾ

ആവശ്യമില്ലാത്ത പദങ്ങൾ പ്രയോഗിച്ച് വാക്യം നീട്ടിക്കൊണ്ടുപോകുന്ന പ്രവണത വാക്യരചനയിലെ മറ്റൊരു ദോഷമാണ്. നാളെ ക്ലാസ്സിൽ ആരും വരേണ്ടതില്ല എന്നതിനുപകരം നാളെ ക്ലാസ്സിൽ ആരും വരേണ്ട എന്നു പറഞ്ഞാലും കുഴപ്പമൊന്നുമില്ലല്ലോ. വെറുതെ അത്, ഇല്ല എന്നീ വാക്കുകൾ അധികമായി ചേർക്കേണ്ട ആവശ്യമുണ്ടോ? മദ്യപിച്ചു വന്ന അയാൾ തന്റെ ഭാര്യയെ മർദ്ദിച്ചു എന്ന വാക്യത്തിലെ തന്റെ എന്ന പദം ഒഴിവാക്കിയാലും കാര്യം വ്യക്തമാകും. തക്കസമയത്ത് ചികിത്സചെയ്യാതിരുന്നതുകൊണ്ടാണ് രോഗം മൂർച്ഛിച്ചത് എന്ന വാക്യം നോക്കുക. ചികിത്സചെയ്യാതിരുന്നതുകൊണ്ടാണ് എന്ന് നീട്ടിപ്പിടിച്ചെഴുതാതെ ചികിത്സിക്കാതിരുന്നതുകൊണ്ടാണ് എന്ന് എഴുതിയാൽപ്പോരെ. അങ്ങനെയാണെങ്കിൽ കുറച്ചുകൂടി സ്വാഭാവികത തോന്നുകയും ചെയ്യും.

## (7) സന്നിഗ്ദ്ധത

വാക്യം വായിച്ചാൽ വക്താവ് എന്താണ് ഉദ്ദേശിച്ചതെന്ന് ചിലപ്പോൾ കൃത്യമായി മനസ്സിലാക്കാൻ കഴിയാതെ വരും; ഇതാണ് സന്നിഗ്ദ്ധത. ഉദാഹരണമായി ഒരു പൊതുയോഗത്തിൽ സ്വാഗതപ്രസംഗകൻ പറഞ്ഞതു നോക്കുക:

നമ്മൾ പ്രതീക്ഷിച്ചതുപോലെ എല്ലാ പ്രസംഗകരും എത്തിയിട്ടില്ല.

ഈ വാക്യത്തിന് വ്യത്യസ്തങ്ങളായ രണ്ടർത്ഥങ്ങളുണ്ട്. ഒന്ന്, എല്ലാ പ്രസംഗകരും എത്തുമെന്ന് പ്രതീക്ഷിച്ചിരുന്നില്ല. അങ്ങനെതന്നെ സംഭവിച്ചു. രണ്ട്, എല്ലാ പ്രസംഗകരും എത്തുമെന്ന് പ്രതീക്ഷിച്ചു. പക്ഷേ, പലരും എത്തിയില്ല. അർത്ഥപരമായ ഈ സന്നിഗ്ദ്ധത ഒഴിവാക്കാൻ വാക്യം ഇങ്ങനെ മാറ്റിയാൽ മതി:

നമ്മൾ പ്രതീക്ഷിച്ച പ്രസംഗകരെല്ലാം എത്തിയിട്ടില്ല.

എന്റെ അച്ഛനെപ്പോലെ എനിക്കും ഒരു ഡോക്ടറാകണമെന്നായിരുന്നു ആഗ്രഹം എന്നു പറയുമ്പോഴും ഈ സന്നിഗ്ദ്ധതയുടെ പ്രശ്നമുണ്ട്. എന്റെ അച്ഛൻ ഡോക്ടറായിരുന്നു. അതുപോലെ എനിക്കും ഡോക്ടറാകണമെന്നതായിരുന്നു ആഗ്രഹം എന്നൊരർത്ഥം. എന്റെ അച്ഛൻ ഡോക്ടറാകാൻ ആഗ്രഹിച്ചു, പക്ഷേ നടന്നില്ല, അതുപോലെ എന്റെയും ആഗ്രഹം ഡോക്ടറാകണമെന്നായിരുന്നു എന്ന മറ്റൊരർത്ഥം. ഡോക്ടറായ എന്റെ അച്ഛനെപ്പോലെ എനിക്കും ഒരു ഡോക്ടറാകണമെന്നായിരുന്നു ആഗ്രഹം എന്ന് വാക്യം മാറ്റിയെഴുതിയാൽ അർത്ഥപരമായ സന്നിഗ്ദ്ധത ഒഴിവാക്കാം.

## പദവാക്യത്തെറ്റുകൾ തിരുത്തുക

1. ചെളിയിൽ ചവിട്ടിയിട്ട് കാൽകഴുകുന്നതിനേക്കാൾ ഭേദം അതിൽ ചവിട്ടാതിരിക്കുന്നതാണ് നല്ലത്.

   – ചെളിയിൽ ചവിട്ടിയിട്ട് കാൽകഴുകുന്നതിനേക്കാൾ ഭേദം അതിൽ ചവിട്ടാതിരിക്കുകയാണ്.

   – ചെളിയിൽ ചവിട്ടിയിട്ട് കാൽകഴുകുന്നതിനേക്കാൾ നല്ലത് അതിൽ ചവിട്ടാതിരിക്കുകയാണ്.

2. അവൻ തോറ്റതിനു കാരണം അവൻ പഠിക്കാത്തതാണ്.

   – അവൻ തോറ്റത് പഠിക്കാത്തതുകൊണ്ടാണ്

   – അവൻ തോറ്റതിനു കാരണം പഠിക്കാത്തതാണ്.

3. ഇരുട്ടത്ത് കണ്ണുകാണാൻ പ്രയാസമാണ്

   – ഇരുട്ടത്ത് കാണാൻ പ്രയാസമാണ്

4. യുദ്ധവാർത്ത അറിയാനുള്ള ജിജ്ഞാസ ആർക്കുമുണ്ട്.

   – യുദ്ധവാർത്ത അറിയാനുള്ള ആഗ്രഹം ആർക്കുമുണ്ട്.

   – യുദ്ധവാർത്തയെപ്പറ്റി ജിജ്ഞാസ ആർക്കുമുണ്ട്.

5. ഒന്നാം ലോകമഹായുദ്ധത്തിനു കാരണം പെട്ടെന്നുണ്ടായ ഒരാകസ്മിക സംഭവമാണ്.

   – ഒന്നാം ലോകമഹായുദ്ധത്തിനു കാരണം പെട്ടെന്നുണ്ടായ ഒരു സംഭവമാണ്.

   – ഒന്നാം ലോകമഹായുദ്ധത്തിനു കാരണം ഒരാകസ്മിക സംഭവമാണ്.

6. റഷ്യയും ചൈനയും തമ്മിൽ പരസ്പരം കലഹിക്കുന്നു.

   – റഷ്യയും ചൈനയും തമ്മിൽ കലഹിക്കുന്നു.

– റഷ്യയും ചൈനയും പരസ്പരം കലഹിക്കുന്നു.

7. എല്ലാ ശനിയാഴ്ചതോറും ക്ലാസുണ്ട്.

– എല്ലാ ശനിയാഴ്ചയും ക്ലാസുണ്ട്.

– ശനിയാഴ്ചതോറും ക്ലാസുണ്ട്.

8. അറിവിന്റെ കാര്യത്തിൽ അവർക്കു തമ്മിൽ അജഗജാന്തരവ്യത്യാസമുണ്ട്.

– അറിവിന്റെ കാര്യത്തിൽ അവർ തമ്മിൽ അജഗജാന്തരമുണ്ട്.

– അറിവിന്റെ കാര്യത്തിൽ അവർക്കു തമ്മിൽ അജഗജ വ്യത്യാസമുണ്ട്.

9. ആരേയും നിന്ദിക്കാനോ വന്ദിക്കുന്നതിനോ എനിക്കാഗ്രഹമില്ല.

– ആരേയും നിന്ദിക്കുന്നതിനോ വന്ദിക്കുന്നതിനോ എനിക്കാഗ്രഹമില്ല.

– ആരേയും നിന്ദിക്കാനോ വന്ദിക്കാനോ എനിക്കാഗ്രഹമില്ല.

10. യുധിഷ്ഠിരൻ ജ്യേഷ്ഠനും അനുജൻ ഭീമനുമാണ്.

– യുധിഷ്ഠിരൻ ജ്യേഷ്ഠനും ഭീമൻ അനുജനുമാണ്.

11. രാമായണം ഇതിഹാസവും പുരാണം ഭാഗവതവുമാണ്.

– രാമായണം ഇതിഹാസവും ഭാഗവതം പുരാണവുമാണ്.

12. ശങ്കരാചാര്യർ അദ്ദേഹത്തിന്റെ 32-ാം വയസ്സിൽ അന്തരിച്ചു.

– ശങ്കരാചാര്യർ 32-ാം വയസ്സിൽ അന്തരിച്ചു.

13. അധ്യാപകൻ പഠിക്കാത്തതിന് കുട്ടികളെ ശിക്ഷിച്ചു.

– പഠിക്കാത്തതിന് കുട്ടികളെ അധ്യാപകൻ ശിക്ഷിച്ചു.

14. മഴ പെയ്തപ്പോൾ കരിഞ്ഞ വൃക്ഷങ്ങൾ തളിരിട്ടു.

– കരിഞ്ഞ വൃക്ഷങ്ങൾ മഴ പെയ്തപ്പോൾ തളിരിട്ടു.

15. കുട്ടികളിന്ന് സ്കൂൾ പൂട്ടുമെങ്കിൽ നാളെ വീട്ടിൽ പോകും.

– ഇന്ന് സ്കൂൾ പൂട്ടുമെങ്കിൽ കുട്ടികൾ നാളെ വീട്ടിൽ പോകും.

16. രാക്ഷസരാജാവായ രാവണഭഗിനിയാണ് ശൂർപ്പണഖ

– രാക്ഷസരാജാവായ രാവണന്റെ ഭഗിനിയാണ് ശൂർപ്പണഖ

17. ഗഹനമായ ആശാന്റെ തത്വചിന്തകൾ കവിതയ്ക്ക് ഭൂഷണമാണ്.

– ആശാന്റെ ഗഹനമായ തത്വചിന്തകൾ കവിതയ്ക്ക് ഭൂഷണമാണ്.

18. കുടിലഹൃദയായ മന്ഥരാവാക്യം കൈകേകിയെ ചിന്താകുലയാക്കി.

– കുടിലഹൃദയായ മന്ഥരയുടെ വാക്യം കൈകേകിയെ ചിന്താകുലയാക്കി.

19. ലോകസഭ ഇന്ന് ശബ്ദമുഖരിതമായ പല രംഗങ്ങൾക്കും സാക്ഷ്യം വഹിച്ചു.

– ലോകസഭ ഇന്ന് മുഖരിതമായ പല രംഗങ്ങൾക്കും സാക്ഷ്യം വഹിച്ചു.

20. പകുതിയിലേറെ പൂർത്തീകരിക്കപ്പെട്ട പദ്ധതികളുടെ ഉദ്ഘാടന മായിരുന്നു അന്നു നടന്നത്.

– പൂർത്തീകരിക്കപ്പെട്ട പകുതിയിലേറെ പദ്ധതികളുടെ ഉദ്ഘാ ടനമായിരുന്നു അന്നു നടന്നത്.

21. ഈ ഒരു രീതി നാടകങ്ങൾക്കല്ലാതെ ആട്ടക്കഥകളിൽ സാധാ രണ കാണാറില്ല.

– ഈ ഒരു രീതി നാടകങ്ങളിലല്ലാതെ ആട്ടക്കഥകളിൽ കാണാറില്ല.

22. അടിമത്ത്വം ഒരു ശാപമാണ്.

– അടിമത്തം ഒരു ശാപമാണ്.

23. വരവുകാണാതെ ചിലവാക്കരുത്.

– വരവുകാണാതെ ചെലവാക്കരുത്.

24. സാഹിത്യമാണ് എന്റെ ഐച്ഛികമായ വിഷയം.

– സാഹിത്യമാണ് എന്റെ ഐച്ഛികവിഷയം.

25. ഉച്ചയ്ക്കുശേഷം കുഞ്ഞുങ്ങളുടെ ഞരമ്പുകൾക്കുണ്ടാകുന്ന അണുബാധയെപ്പറ്റി വിശദമായ ചർച്ച നടന്നു.

– കുഞ്ഞുങ്ങളുടെ ഞരമ്പുകൾക്കുണ്ടാകുന്ന അണുബാധയെ പ്പറ്റി ഉച്ചയ്ക്കുശേഷം വിശദമായ ചർച്ച നടന്നു.

26. പരേതനായ സുഹൃത്തിനെ സ്മരിച്ചുകൊണ്ട് മുഖ്യമന്ത്രി വികാ രാധീനനായതുപോലെ പറഞ്ഞു.

– പരേതനായ സുഹൃത്തിനെ സ്മരിച്ചുകൊണ്ട് മുഖ്യമന്ത്രി വികാരാധീനനായി പറഞ്ഞു.

27. ദയവായി ഹാളിനുപുറത്തുനിൽക്കുന്ന എല്ലാവരും അകത്തുക യറി ഇരിക്കേണ്ടതാണ്.

– ഹാളിനുപുറത്തുനിൽക്കുന്ന എല്ലാവരും ദയവായി അകത്തു കയറി ഇരിക്കേണ്ടതാണ്.

28. ഇത്ര വൻതോതിലുള്ള മഴ അടുത്തകാലത്തൊന്നുമുണ്ടായിട്ടി ല്ലെന്ന് കാലാവസ്ഥാനിരീക്ഷണ ഉദ്യോഗസ്ഥന്മാർപോലും സമ്മ തിക്കുന്നുണ്ട്.

– ഇത്ര വലിയ മഴ അടുത്തൊന്നുമുണ്ടായിട്ടില്ലെന്ന് കാലവസ്ഥാനിരീക്ഷണ ഉദ്യോഗസ്ഥന്മാർ സമ്മതിക്കുന്നുണ്ട്.

29. ഇംഗ്ലീഷിലെപ്പോലെ മലയാളത്തിനും തെറ്റുകൾ വരാം.

– ഇംഗ്ലീഷിലെപ്പോലെ മലയാളത്തിലും തെറ്റുകൾ വരാം.

– ഇംഗ്ലീഷിലെന്നപ്പോലെ മലയാളത്തിനും തെറ്റുകൾ വരാം.

30. മന്ത്രിമാർ ആഴ്ചയിൽ ചുരുങ്ങിയത് നാലു ദിവസമെങ്കിലും തല സ്ഥാനത്തുണ്ടായിരിക്കണമെന്ന് തീരുമാനിച്ചു.

– മന്ത്രിമാർ ആഴ്ചയിൽ നാലു ദിവസമെങ്കിലും തലസ്ഥാന ത്തുണ്ടായിരിക്കണമെന്ന് തീരുമാനിച്ചു.

31. ഇരു ടീമുകളും ഈരണ്ടു ഗോൾ വീതം നേടിയിരിക്കുകയാണ്.

– ഇരു ടീമുകളും രണ്ടു ഗോൾ വീതം നേടിയിരിക്കുകയാണ്.

32. അന്ന് വൈകുന്നേരം ഒരു സായംകാലസവാരി ആയാലോ എന്ന് ഞാൻ ചിന്തിച്ചു.

– അന്ന് വൈകുന്നേരം ഒരു സവാരി ആയാലോ എന്ന് ഞാൻ ചിന്തിച്ചു.

33. എന്റെ കൂടെ ജോലി ചെയ്യുന്ന ഒരു സഹപ്രവർത്തകനെ യാത്രാമദ്ധ്യേ കണ്ടുമുട്ടി.

– എന്റെ കൂടെ ജോലി ചെയ്യുന്ന ഒരാളെ യാത്രാമദ്ധ്യേ കണ്ടുമുട്ടി.

34. ഞങ്ങളോടൊത്ത് സഹകരിച്ചുനിന്നിട്ടുള്ള എല്ലാ ജനവിഭാഗങ്ങളെയും അഭിനന്ദിക്കുന്നു.

– ഞങ്ങളോടൊത്തുനിന്നിട്ടുള്ള എല്ലാ ജനവിഭാഗങ്ങളെയും അഭിനന്ദിക്കുന്നു

35. ആഹ്ലാദനിർഭരവും ശാശ്വതസമാധാനവുമുള്ള ഭാവി ആശംസിക്കുന്നു.

– ആഹ്ലാദനിർഭരതയും ശാശ്വതസമാധാനവുമുള്ള ഭാവി ആശംസിക്കുന്നു.

36. ഒരു വിറകുകെട്ട് തലയിലും തേളിലൊരു മാറാപ്പുമായി അവൻ പ്രവേശിച്ചു.

– ഒരു വിറകുകെട്ട് തലയിലും ഒരു മാറാപ്പു തേളിലുമായി അവൻ പ്രവേശിച്ചു

37. വാസ്തവത്തിൽ വളരെ ദുഷ്ക്കരംപിടിച്ച ഒരു യാത്രയായിരുന്നു അത്.

– വാസ്തവത്തിൽ വളരെ ദുഷ്ക്കരമായ ഒരു യാത്രയായിരുന്നു അത്.

38. ഓമനത്ത്വം തുളുമ്പുന്ന ആ മുഖം ഇപ്പോഴും കൺമുമ്പിൽ തെളിഞ്ഞുനിൽക്കുന്നു

– ഓമനത്തം തുളുമ്പുന്ന ആ മുഖം കൺമുമ്പിൽ ഇപ്പോഴും തെളിഞ്ഞു നിൽക്കുന്നു

39. ആ പരിപാടി വളരെ ആകർഷണീയമായിരുന്നുവെന്ന് പലരും അറിയിച്ചിട്ടുണ്ട്.

– ആ പരിപാടി വളരെ ആകർഷണീയമായിരുന്നുവെന്ന് പലരും അറിയിച്ചിട്ടുണ്ട്.

40. വേറെയും പല സ്വാതിതിരുനാളിന്റെ കൃതികൾ എന്റെ കൈവശം ഉണ്ട്.

– സ്വാതിതിരുനാളിന്റെ വേറെയും പല കൃതികൾ എന്റെ കൈവശം ഉണ്ട്.

## 4.13 പുരോഗതി സ്വയം പരിശോധിക്കുക

1. വാക്യരചനയിലുണ്ടാകുന്ന പ്രധാന തെറ്റുകൾ സോദാഹരണം ചൂണ്ടിക്കാട്ടി അവയ്ക്കിടയാകുന്ന സാഹചര്യങ്ങൾ വിലയിരുത്തുക.

2. പദവാക്യങ്ങളുടെ തെറ്റ് തിരുത്തുക.

   1. ഏറ്റവും മികച്ച ചലച്ചിത്രത്തിനുള്ള അവാർഡ്ദാനത്തിന്
   2. കടവിൽ ചെല്ലുകയില്ലെന്നുമാത്രമല്ല ഒരു കിലോമീറ്ററനപ്പുറത്ത് ചെല്ലുകപോലുമില്ല.
   3. അധ്യാപകരും വിദ്യാർത്ഥികളും വിശിഷ്ടാതിഥികളും നഗരംചുറ്റി പ്രദക്ഷിണം നടത്തി.
   4. ഇവയിൽ ചില പ്രശ്നങ്ങൾക്ക് പ്രത്യേക പ്രാധാന്യമർഹിക്കുന്നു.

ignou
THE PEOPLE'S
UNIVERSITY

ignou
THE PEOPLE'S
UNIVERSITY

# യൂണിറ്റ് – 5
# രചന

**ഉള്ളടക്കം**


5.0 ഉദ്ദേശ്യലക്ഷ്യങ്ങൾ
5.1 ആശയവിപുലനം
5.2 ആശയവിപുലനം – ഉദാഹരണങ്ങൾ
5.3 പുരോഗതി സ്വയം പരിശോധിക്കുക
5.4 സംക്ഷേപണം
5.5 സംക്ഷേപണം – ചില ഉദാഹരണങ്ങൾ
5.6 പുരോഗതി സ്വയം പരിശോധിക്കുക
5.7 പരാവർത്തനം
5.8 പരാവർത്തനം – ചില മാതൃകകൾ
5.9 പുരോഗതി പരിശോധിക്കുക
5.10 വിവർത്തനം
5.11 വിവർത്തനത്തിന്റെ വകഭേദങ്ങൾ
5.12 വിവർത്തകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ
5.13 വിവർത്തനം – ശ്രദ്ധിക്കേണ്ട കാര്യങ്ങൾ
5.14 ചില വിവർത്തന മാതൃകകൾ
5.15 പുരോഗതി സ്വയം പരിശോധിക്കുക
5.16 ശൈലികൾ
5.17 മലയാളത്തിലെ പ്രധാനശൈലികളും അവയുടെ വിവക്ഷിതാർത്ഥവും
5.18 പുരോഗതി സ്വയം പരിശോധിക്കുക
5.19 പഴഞ്ചൊല്ലുകൾ
5.20 മലയാളത്തിലെ ചില പഴഞ്ചൊല്ലുകൾ
5.21 പുരോഗതി സ്വയം പരിശോധിക്കുക


## 5.0 ഉദ്ദേശ്യലക്ഷ്യങ്ങൾ

മലയാളഭാഷയുടെയും സാഹിത്യത്തിന്റെയും ക്രമാനുഗത വികാസ പരിണാമങ്ങളും ആധുനികസാഹിത്യ പ്രവർത്തനങ്ങളും കഴിഞ്ഞ യൂണിറ്റുകളിൽ വിശദമായി പ്രതിപാദിച്ചിരുന്നല്ലോ. മലയാളഭാഷ ശരിയായി കൈകാര്യം ചെയ്യുന്നതിനാവശ്യമായ പ്രായോഗിക വ്യാകരണ നിയമങ്ങളും നിങ്ങൾ ഇതിനകം പരിചയപ്പെട്ടുകഴിഞ്ഞു. ഈ അറിവുകളുടെ പശ്ചാത്തലത്തിൽ ഒരാൾ സ്വയം പരിശീലനത്തിലൂടെ അവനനവന്റെ ഭാഷാനൈപുണികൾ കൂടുതൽ കൂടുതൽ മികവുറ്റതാക്കി തീർക്കേണ്ടതുണ്ട്. മഹദ്വചനങ്ങൾ, സാരവത്തായ കവിതാഖണ്ഡങ്ങൾ എന്നിവയിലടങ്ങിയിട്ടുള്ള ആശയങ്ങൾ തന്റേതായ ഭാഷയിൽ ഉദാഹരണങ്ങളിലൂടെ വിപുലപ്പെടുത്തി സാമാന്യജനത്തിന് വിശദീകരിച്ചു കൊടുക്കുക എന്നത് – ആശയവിപുലനം – ഒരു ഭാഷാനൈപുണിയാണ്.

ഇതുപോലെ ബൃഹത്തും ദീർഘവുമായ ആശയസംഹിതകളെ കഴിവതും ചുരുങ്ങിയ വാക്കുകളിൽ സ്വയം സംഗ്രഹിച്ചെഴുതുന്നതി

നുള്ള കഴിവും ഭാഷാപ്രയോഗസിദ്ധിയുടെ മറ്റൊരു ഘടകമാണ്. ഇപ്രകാരം ആശയങ്ങൾ ഒന്നും വിട്ടുപോകാതെയും കഴിവതും ചുരുക്കിയും പ്രതിപാദിക്കാനുള്ള കഴിവാണ് സംക്ഷേപണകലയുടെ കാതൽ. ഭാഷയുടെ ഏതെങ്കിലും ഒരു രൂപത്തിൽ പ്രതിപാദിച്ചിട്ടുള്ള ആശയത്തെ ചുരുക്കുകയോ വിപുലീകരിക്കുകയോ ചെയ്യാതെ ഭാഷയിലെ മറ്റൊരു രൂപത്തിലേയ്ക്ക് മാറ്റി എഴുതാനുള്ള നൈപുണിയാണ് പരാവർത്തനത്തിന് വേണ്ടത്. പ്രസിദ്ധങ്ങളായ പദ്യഖണ്ഡങ്ങളെ സമാനാശയങ്ങളോടെ ഗദ്യരൂപത്തിലാക്കുക എന്നത് ഇതിനുദാഹരണമാണ്. ഈ വിധം ഒരു ഭാഷയിലെ ഗദ്യമോ പദ്യമോ മറ്റൊരു ഭാഷയിലേയ്ക്ക് മാറ്റി എഴുതാനുള്ള നൈപുണിയാണ് വിവർത്തന(തർജ്ജിമ)ത്തിന് വേണ്ടത്. അതതുഭാഷകളിൽ കാലാന്തരത്തിൽ പരിണമിച്ചിട്ടുണ്ടായിട്ടുള്ള അർത്ഥസമ്പുഷ്ടവും ധ്വനിസാന്ദ്രവുമായ ശൈലികളെയും പഴഞ്ചൊല്ലുകളെയും എഴുത്തിലോ സംഭാഷണത്തിലോ സമുചിതമായി ഉപയാഗിക്കുവാനുള്ള കഴിവും ഒരാളുടെ ഭാഷാസിദ്ധിയുടെ മാനദണ്ഡമായി കരുതപ്പെടുന്നു. മേൽപ്പറഞ്ഞ ഭാഷാസിദ്ധികളും നൈപുണികളും ഉദാഹരണങ്ങളിലൂടെയും പരിശീലനത്തിലൂടെയും വിദ്യാർത്ഥികൾ നേടുക എന്നതാണ് 'രചന' എന്ന യൂണിറ്റിന്റെ ഉദ്ദ്യേശ്യലക്ഷ്യങ്ങൾ.

## 5.1 ആശയവിപുലനം

പഴഞ്ചൊല്ലുകളും ലോകോക്തികളും ചില കവിവാക്യങ്ങളും മറ്റും വിപുലമായ ഒരു ആശയപ്രപഞ്ചത്തെ ഉള്ളിലൊതുക്കി വച്ചിട്ടുണ്ടാകും. അവ പലർക്കും സുഗ്രഹമായിക്കൊള്ളണമെന്നില്ല. ചുരുക്കിപ്പറഞ്ഞിരിക്കുന്ന ആ ആശയത്തെ എല്ലാവർക്കും മനസ്സിലാകുന്ന രീതിയിൽ സ്ഫുടമായും ലളിതമായും വിശദീകരിച്ചു പറയുന്നതിനെയാണ് ആശയവിപുലനം എന്നു പറയുന്നത്. ആശയവിപുലനത്തിൽ ചില കാര്യങ്ങൾ ശ്രദ്ധിക്കേണ്ടതുണ്ട്.

1) ആശയവിപുലനത്തിനായി തന്നിരിക്കുന്ന വരികൾ ശ്രദ്ധയോടും സൂക്ഷ്മതയോടും പല പ്രാവശ്യം വായിച്ചുനോക്കണം.
2) പ്രധാനാശയം എന്തെന്ന് മനസ്സിലാക്കണം.
3) അടുക്കോടും ചിട്ടയോടുംകൂടി ആശയം വ്യക്തമാക്കുക.
4) പറയുന്ന കാര്യം വിശദീകരിക്കുന്നതിനായി ആവശ്യമായ ഉദാഹരണങ്ങൾ കണ്ടെത്തി ആവിഷ്കരിക്കുക.
5) ആവശ്യമെങ്കിൽ സാന്ദർഭികമായ പരാമർശങ്ങളുമാകാം
6) അനാവശ്യമായ പരത്തിപ്പറയലല്ല ആശയവിപുലനം എന്ന് എപ്പോഴും ഓർമ്മിക്കേണ്ടതുണ്ട്.
7) ഏതു തരത്തിലുള്ള വിവരണവും പ്രധാനാശയത്തോട് ബന്ധപ്പെട്ടതായിരിക്കണം.
8) ഒരു വാക്യത്തിൽ ഒരാശയം മാത്രം ഉൾക്കൊള്ളിക്കാൻ ശ്രദ്ധിക്കുക.
9) അർത്ഥക്ലിഷ്ടത ഒഴിവാക്കാൻ കഴിയുന്നതും ലഘുവാക്യങ്ങൾ മാത്രം ഉപയോഗിക്കുക.

10) വാക്യഘടനാപരമായ അപാകതകൾ ഇല്ലെന്ന് ഉറപ്പുവരുത്തുക.

11) ഒരേപോലുള്ള വാക്യരീതി അടുത്തടുത്ത് പ്രയോഗിക്കാതിരിക്കുക.

12) അക്ഷരത്തെറ്റ് പൂർണമായും ഒഴിവാക്കുക.

## 5.2 ആശയവിപുലനത്തിന്റെ ചില ഉദാഹരണങ്ങൾ

1) മൂത്തവർ ചൊല്ലും മുതുനെല്ലിക്കയും
ആദ്യം കയ്ക്കും പിന്നെ ഇനിക്കും

നല്ലതുപോലെ മൂത്തുവിളഞ്ഞ നെല്ലിക്ക തിന്നുമ്പോൾ ആദ്യം കയ്പ് അനുഭവപ്പെടുന്നത് സ്വാഭാവികമാണ്. പിന്നീട് ആ കയ്പ് മാറി മധുരിച്ചുതുടങ്ങും. ഇതുപോലെയാണ് പ്രായവും പക്വതയുമേറിയവരുടെ വാക്കുകളും. വരാൻപോകുന്ന ഏതെങ്കിലും ആപത്തിനെക്കുറിച്ച് അവർ തരുന്ന മുന്നറിയിപ്പ് ആദ്യമൊന്നും നമുക്ക് രസിച്ചില്ലെന്നു വരാം. ഒടുവിൽ ആപത്ത് സംഭവിച്ചുകഴിഞ്ഞതിനുശേഷമായിരിക്കും അതേക്കുറിച്ചോർത്ത് നാം പശ്ചാത്തപിക്കുന്നത്. മുതിർന്നവരുടെ അഭിപ്രായത്തെ മാനിക്കേണ്ടതായിരുന്നുവെന്ന പുനർചിന്ത അപ്പോൾ നമുക്ക് ഉണ്ടാകുകയും ചെയ്യും. ഇത്തരം സാഹചര്യങ്ങൾ ഒഴിവാക്കുന്നതിനായി മുതിർന്നവർ പറയുന്ന വാക്കുകൾ, അവ നമ്മുടെ ഗുണത്തിനും നന്മയ്ക്കുമാണെന്ന് തിരിച്ചറിഞ്ഞ് തീർച്ചയായും സ്വീകരിക്കുക തന്നെ ചെയ്യണം. കാരണം മുതിർന്നവരുടെ വാക്കുകൾ അവരുടെ സ്വന്തം ജീവിതാനുഭവങ്ങളിൽനിന്ന് രൂപംകൊണ്ടവയാണ്. അവ ഒരിക്കലും തെറ്റാറില്ല; അവയിൽ ശരി മാത്രമേ ഉണ്ടാവൂ. ഇക്കാര്യം മനസ്സിലാക്കി, മുതിർന്നവരുടെ വാക്കുകളെ നാം സ്വീകരിക്കുകയും അനുസരിക്കുകയും ചെയ്താൽ പിന്നീട് ദുഃഖിക്കേണ്ടിവരില്ല.

2) സുഖത്തിലുണ്ടാം സഖിമാരനേകം
ദുഃഖം വരുമ്പോൾ പുനരാരുമില്ല

സമ്പത്തും ഐശ്വര്യവും സുഖവും സന്തോഷവുമെല്ലാം നിറഞ്ഞുനില്ക്കുന്ന കാലത്ത് നമുക്ക് അനേകം സുഹൃത്തുക്കൾ ഉണ്ടാകാം. എന്നാൽ കഷ്ടകാലം വരുമ്പോൾ എല്ലാവരും നമ്മെ ഉപേക്ഷിച്ചുപോകുകയും ചെയ്യും. ഇത് ലോകസാധാരണമായ കാര്യമാണ്. നമ്മുടെ കൈയിൽ പണമുണ്ടെങ്കിൽ കൂട്ടുകൂടാൻ പലരും വരും. അക്കൂട്ടത്തിൽ സുഹൃത്തുക്കളും ബന്ധുക്കളും ഉണ്ടാകും. നമ്മുടെ കൊള്ളരുതായ്മകളെ അവർ പാടിപ്പുകഴ്ത്തുകയും ചെയ്യും. മുഖസ്തുതിയാണ് അവരുടെ പ്രധാന അടവ്. അതിൽ മയങ്ങിപ്പോകുന്ന നമ്മൾ സമ്പത്ത് അനാവശ്യമായി ധൂർത്തടിക്കും. ഒടുവിൽ എല്ലാം ക്ഷയിക്കുമ്പോൾ നമ്മുടെ സുഹൃത്തുക്കളും ബന്ധുക്കളും ഓരോരുത്തരായി മെല്ലെ സ്ഥലം വിടുകയും ചെയ്യും. ഒരു കൈ സഹായിക്കാനോ ഒന്നു സാന്ത്വനിപ്പിക്കാനോ അവരാരും മുന്നോട്ടുവരുകയുമില്ല. ചുറ്റുമൊന്ന് കണ്ണോടിച്ചാൽ ഇത്തരത്തിലുള്ള അനേകം ആളുകളെ നമുക്ക് കണ്ടെത്താൻ കഴിയും. അവരുടെ കൂട്ടത്തിൽ ലോകം ബഹുമാനിക്കുന്ന സിനിമാതാരങ്ങളുണ്ടാകാം, രാഷ്ട്രീയപ്രവർത്തകരുണ്ടാകാം, ഉന്നത ഉദ്യോഗസ്ഥരുണ്ടാകാം. അവരുടെ ദയനീയമായ

പതനം മറ്റുള്ളവർക്ക് ഒരു ഗുണപാഠമായിരുന്നെങ്കിൽ എന്ന് നമുക്ക് ആശിക്കാം.

3) ക്ഷീരമുള്ളോരകിടിൻ ചുവട്ടിലും
ചോരതന്നെ കൊതുകിന്നു കൗതുകം

ചില ആളുകളുടെ മാനസികവൈകൃതങ്ങളെക്കുറിച്ച് ഭംഗ്യന്തരേണ സൂചിപ്പിക്കുന്നതാണ് ഈ വരികൾ. പശുവിന്റെ അകിടിൽ പാൽ നിറഞ്ഞിരിക്കുന്നു. ആ സമയത്ത് അകിടിൽ വന്നിരിക്കുന്ന കൊതുക് കുടിക്കാൻ ശ്രമിക്കുന്നത് പോഷകസമൃദ്ധമായ പാലല്ല, നേരേമറിച്ച് ആ അകിട്ടിലെ തന്നെ ചോരയാണ്. ചില മനുഷ്യരുടെ സ്വഭാവവും ഇതുപോലെയാണ്. ഏതൊരു വ്യക്തിയിലായാലും പ്രസ്ഥാനത്തിലായാലും ഗുണങ്ങളും ദോഷങ്ങളുമുണ്ടാകും. ആ വ്യക്തിയുടെ അല്ലെങ്കിൽ പ്രസ്ഥാനത്തിന്റെ ഗുണങ്ങളൊന്നും കാണാതെ ദോഷങ്ങൾ മാത്രം കാണുന്ന ചിലരുണ്ട്. ഒരു ഭൂതക്കണ്ണാടിയിലൂടെ എന്നപോലെ ആ ദോഷങ്ങളെ പെരുപ്പിച്ച് കാണുന്ന ഇവരെ നമുക്ക് ദോഷൈകദൃക്കുകൾ എന്നു വിളിക്കാം. വയറുനിറച്ച് വിവാഹസദ്യകഴിച്ച് പുറത്തിറങ്ങിയ ഒരു ദോഷൈകദൃക്കിനോട് വധുവിന്റെ അച്ഛൻ 'സദ്യ എങ്ങനെയുണ്ടായിരുന്നു' എന്ന് ചോദിച്ചെന്നിരിക്കട്ടെ. എത്ര ശ്രമിച്ചിട്ടും സദ്യയ്ക്ക് ഒരു കുറ്റവും കണ്ടെത്താൻ കഴിയാതിരുന്ന അയാൾ ഇങ്ങനെ പ്രതികരിച്ചുവെന്ന് വരാം – 'സദ്യ തരക്കേടില്ല, പക്ഷേ കുടിക്കാൻ തന്ന വെള്ളത്തിന് അല്പം ചൂട് കുറവായിരുന്നു'. ഇതാണ് ദോഷൈകദൃക്കുകളുടെ പൊതുസ്വഭാവം. മറ്റുള്ളവരെ അനാവശ്യമായി തേജോവധം ചെയ്യുന്നവരുടെ മാനസികാവസ്ഥയും ഇതുതന്നെയാണ്. സമകാലിക ദൃശ്യമാധ്യമസംസ്കാരത്തെക്കുറിച്ചുള്ള ഒരു പ്രധാന ആക്ഷേപം ചാനലുകൾ 'ക്ഷീരമുള്ള അകിടിൻചുവട്ടിലെ ചോര കുടിക്കുന്ന കൊതുകുകൾ' എന്നാണ്. ഏതൊരു സംഭവത്തിന്റെയും മോശമായ വശങ്ങൾ ചിത്രീകരിക്കാനാണ് അവർക്ക് കൂടുതൽ താല്പര്യം എന്നർത്ഥം. ആരെങ്കിലും വാഹനാപകടത്തിൽപ്പെട്ട് റോഡിൽ മരിച്ചുകിടക്കുമ്പോഴും സെൽഫി എടുക്കാൻ ശ്രമിക്കുന്നവരും ഇക്കൂട്ടത്തിൽപ്പെട്ടവർ തന്നെയാണ്.

4) വിദ്യാധനം സർവധനാൽ പ്രധാനം

ലോകത്തിലെ ഏറ്റവും മഹത്തായ ധനം വിദ്യയാണ്. സാധാരണയായി ധനം എന്നു പറയുന്നത് പണം, സ്വർണ്ണം മുതലായവയെയാണ്. ഇവയ്ക്ക് പല ന്യൂനതകളുമുണ്ട്. ഒന്നാമതായി പണവും സ്വർണവുമൊക്കെ മറ്റുള്ളവർക്ക് കൊടുക്കുന്തോറും കുറഞ്ഞുകൊണ്ടേയിരിക്കും. എന്നാൽ വിദ്യയാകുന്ന ധനം അങ്ങനെയല്ല. അത് മറ്റുള്ളവർക്ക് കൊടുക്കുന്തോറും വർദ്ധിച്ചുകൊണ്ടേയിരിക്കും. രണ്ടാമതായി, നമ്മുടെ കൈവശമുള്ള പണവും സ്വർണ്ണവുമൊക്കെ തരം കിട്ടിയാൽ ആർക്കുവേണമെങ്കിലും അപഹരിക്കാൻ കഴിയും. അതു പിന്നെ തിരിച്ചുകിട്ടണമെന്നും ഇല്ല. എന്നാൽ വിദ്യയാകുന്ന ധനം അപഹരിക്കാൻ ഒരു കള്ളനും കഴിയില്ല. മറ്റ് ധനങ്ങൾ സൂക്ഷിക്കുന്നതിലുള്ള ബദ്ധപ്പാടോ ഉത്കണ്ഠയോ വിദ്യാധനം സൂക്ഷിക്കുന്ന കാര്യത്തിൽ ഉണ്ടാകുന്നില്ല. എന്തെല്ലാം സമ്പത്തുകൾ ഉണ്ടായാലും

വിദ്യ നേടാത്തവനെ സമൂഹം ആദരിക്കുകയില്ല. വിദ്യകൊണ്ട് നമുക്ക് സമ്പത്തും സുഖസൗകര്യങ്ങളും സമ്പാദിക്കുവാനും കഴിയും. ചുരുക്കത്തിൽ അക്ഷയവും അമൂല്യവുമായ യഥാർത്ഥ ധനം വിദ്യ തന്നെയാണ്. അതുകൊണ്ടാണ് ലോകത്തിലെ എല്ലാ ധനങ്ങളിലുംവച്ച് പ്രധാനം വിദ്യാധനം തന്നെയാണ് എന്നു പറയുന്നത്.

## 5.3 പുരോഗതി സ്വയം പരിശോധിക്കുക.

1) ആശയവിപുലനം എന്നാൽ എന്ത്?

2) ആശയവിപുലനത്തിൽ ശ്രദ്ധിക്കേണ്ട പ്രധാന സംഗതികൾ ഏവ?

3) താഴെ കൊടുത്തിരിക്കുന്ന വരികളിലെ ആശയം വിപുലനം ചെയ്യുക.

(1) ഇറുപ്പവനും മലർ ഗന്ധമേകും
മുറിപ്പവനും തരു ചൂടകറ്റും
ഹനിപ്പവനും കിളി പാട്ടുപാടും
പരോപകാരപ്രവണം പ്രപഞ്ചം

(2) ദാരിദ്ര്യമെന്നതറിഞ്ഞവർക്കേ
പാരിൽ പരക്ലേശവിവേകമുള്ളു

(3) മുല്ലപ്പൂമ്പൊടിയേറ്റുകിടക്കും
കല്ലിനുമുണ്ടാമൊരുസൗരഭ്യം

(4) അവനവനാത്മസുഖത്തിനാചരിക്കു-
ന്നവയപരന്നു സുഖത്തിനായ് വരേണം

(5) പരോപകാരമേ പുണ്യം
പാപമേ പരപീഡനം

(6) ഒരുവേള പഴക്കമേറിയാ-
ലിരുളും മെല്ലെ വെളിച്ചമായ്വരാം

(7) മനസ്സുണ്ടെങ്കിൽ മാർഗവുമുണ്ട്

(8) പ്രത്യുപകാരം മറക്കുന്ന പൂരുഷൻ
ചത്തതിനൊക്കുമേ ജീവിച്ചിരിക്കിലും

(9) അധികമായാൽ അമൃതും വിഷം

(10) മുറ്റത്തെ മുല്ലയ്ക്കു മണമില്ല

(11) ബന്ധുരകാഞ്ചനക്കൂട്ടിലാണെങ്കിലും
ബന്ധനം ബന്ധനം തന്നെ പാരിൽ

(12) മിന്നുന്നതെല്ലാം പൊന്നല്ല

(13) സമ്പത്തുകാലത്തു തൈ പത്തുവച്ചാൽ
ആപത്തുകാലത്തു കാ പത്തുതിന്നാം

(14) ചൊട്ടയിലെ ശീലം ചുടലവരെ

(15) ഗതി കെട്ടാൽ പുലി പുല്ലും തിന്നും

(16) നമക്കു നാമേ പണിവതു നാകം നരകവുമതുപോലെ

(17) പയ്യെത്തിന്നാൽ പനയും തിന്നാം

(18) പണമെന്നുള്ളതു കൈയിൽ വരുമ്പോൾ
ഗുണമെന്നുള്ളതു ദൂരത്താകും

(19) പുത്തനച്ചി പുരപ്പുറം തൂക്കും

(20) ആയിരം കണ്ണുപൊട്ടിച്ചേ അരവൈദ്യനാകൂ

## 5.4 സംക്ഷേപണം

സംക്ഷേപണം എന്നാൽ തന്നിരിക്കുന്ന ഗദ്യഭാഗത്തിലെ ആശയത്തിന്റെ രത്നച്ചുരുക്കം എഴുതൽ എന്നർത്ഥം. വിസ്തരിച്ചു പറഞ്ഞിരിക്കുന്ന കാര്യങ്ങളെ ചുരുക്കി പ്രതിപാദിക്കാനുള്ള കഴിവു നേടുക എന്നതാണ് സംക്ഷേപണത്തിന്റെ ലക്ഷ്യം. പറയേണ്ടകാര്യം ഏറ്റവും ചുരുങ്ങിയ വാക്കുകളിൽ അവതരിപ്പിക്കുമ്പോഴാണ് ഭാഷ ശക്തവും ദൃഢവുമാകുന്നത്. സംക്ഷേപണത്തിന്റെ ഏറ്റവും ഉദാത്തമായ മാതൃകകളാണ് വ്യാകരണാദിശാസ്ത്രങ്ങളിലെ കാരികയും സൂത്രവും. ഇവ തികച്ചും ഭാരതീയമായ ഒരു രീതിയാണ്. ദീർഘമായി വിസ്തരിച്ചു പറയേണ്ട കാര്യങ്ങൾ പദ്യരൂപത്തിൽ ആവിഷ്കരിച്ചിരിക്കുന്നതാണ് കാരിക. ഏ.ആർ. രാജരാജവർമ്മയുടെ 'കേരള പാണിനീയ'ത്തിൽ ഈ രീതിയാണ് സ്വീകരിച്ചുകാണുന്നത്. പഠിതാക്കൾക്ക് മനസ്സിലാകുന്നതിനായി കാരികയിൽ പറഞ്ഞ കാര്യങ്ങൾ പിന്നീട് വിസ്തരിച്ച് പറയുകയും ചെയ്യുന്നുണ്ട്. സംസ്കൃതത്തിലെ ശാസ്ത്രഗ്രന്ഥങ്ങളിലാണ് സൂത്രങ്ങൾ പ്രായേണ കാണുന്നത്. കാരികകളേക്കാൾ സംക്ഷിപ്തമാണ് സൂത്രങ്ങൾ. ആശയങ്ങൾ പഠിതാക്കളുടെ ഓർമ്മയിൽ സൂക്ഷിക്കുന്നതിന് സഹായിക്കുക എന്നതാണ് കാരികകളുടെയും സൂത്രങ്ങളുടെയും ധർമ്മമെങ്കിലും സംക്ഷേപണത്തിന്റെ ആദ്യമാതൃകകളായി നമുക്ക് ഇവയെ പരിഗണിക്കാവുന്നതാണ്.

### സംക്ഷേപണത്തിൽ ശ്രദ്ധിക്കേണ്ട സംഗതികൾ

1. സംക്ഷേപണത്തിനായി തന്നിരിക്കുന്ന ഭാഗം ശ്രദ്ധാപൂർവം വായിച്ചു മനസ്സിലാക്കുക.
2. കേന്ദ്രാശയം എന്തെന്ന് ഗ്രഹിക്കുക.
3. മൂന്നിലൊന്നായി സംഗ്രഹിക്കാനാണ് മിക്കപ്പോഴും നിർദ്ദേശിക്കാറുള്ളത്.
4. തന്നിരിക്കുന്ന ഖണ്ഡികയിലെ പ്രധാനാശയം ചോർന്നുപോകാതെ മനസ്സിൽ സംഗ്രഹിക്കാൻ ശ്രമിക്കുക.
5. സംഗ്രഹിക്കുമ്പോൾ അപ്രധാനവും അപ്രസക്തവുമായ ഭാഗങ്ങളും അലങ്കാരപ്രയോഗങ്ങളും ഒഴിവാക്കുക.
6. മനസ്സിൽ സംക്ഷേപിച്ച് രൂപപ്പെടുത്തിയ കാര്യങ്ങൾ ചെറിയ ചെറിയ വാക്യങ്ങളിൽ എഴുതുക.

7. തന്നിരിക്കുന്ന ഖണ്ഡികയിലെ വാക്യങ്ങൾ ആവർത്തിക്കാതിരിക്കാൻ ശ്രദ്ധിക്കുക.

**സംക്ഷേപണത്തിന്റെ പ്രയോജനങ്ങൾ**

1. ശ്രദ്ധാപൂർവം വായിക്കാനുള്ള പരിശീലനം ലഭിക്കുന്നു.
2. വായിച്ച കാര്യങ്ങൾ അടുക്കും ചിട്ടയോടുംകൂടി ഓർമ്മയിൽ സൂക്ഷിക്കാനുള്ള കഴിവ് നേടുന്നു.
3. വിസ്തരിച്ചു പറഞ്ഞ കാര്യങ്ങളിലെ പ്രധാന ആശയം നഷ്ടപ്പെടാതെ മിതവും സാരവത്തുമായ രീതിയിൽ ചുരുക്കിപ്പറയാനുള്ള പ്രായോഗിക ജ്ഞാനം സമ്പാദിക്കുന്നു.
4. ഔദ്യോഗിക കാര്യങ്ങൾക്ക് സംക്ഷേപണം അനിവാര്യമായതിനാൽ അത്തരത്തിലുള്ള ഉദ്യോഗം ലഭിക്കുന്നവർക്ക് സംക്ഷേപണത്തിനുള്ള മുൻപരിചയം ഏറെ ഗുണംചെയ്യും.

## 5.5 സംക്ഷേപണത്തെ പരിചയപ്പെടുത്തുന്നതിന് ചില മാതൃകകൾ താഴെ കൊടുക്കുന്നു

1. ജനസംഖ്യയിലും വിസ്തീർണത്തിലും ഇന്ത്യയുടെ മൂന്നിലൊന്നു മാത്രം വരുന്ന ഈജിപ്റ്റ് ഇപ്പോൾ പുരോഗമനത്തിന്റെ പാതയിലാണ്. ഉദ്ദേശം എട്ടുകോടി ജനങ്ങളിൽ ഭൂരിഭാഗവും നിവസിക്കുന്നത് നൈൽനദിയുടെ തീരങ്ങളിലുള്ള നഗരപ്രദേശങ്ങളിലാണ്. ബാക്കിയുള്ളവർ ജനവാസം കുറവുള്ള മരുഭൂമിയിലും കൃഷിക്ക് അത്ര യോഗ്യമല്ലാത്ത പ്രദേശങ്ങളിലുമാണ്.

   ഈജിപ്റ്റ് ഇപ്പോൾ പുരോഗമിച്ചുകൊണ്ടിരിക്കുന്ന ഒരു രാജ്യമാണ്. അവിടെ ഭൂരിഭാഗം ജനങ്ങളും താമസിക്കുന്നത് നൈൽനദീതീരത്തുള്ള നഗരപ്രദേശങ്ങളിലാണ്. മറ്റുള്ളവർ മരുഭൂമിയിലും കൃഷിക്ക് അനുയോജ്യമല്ലാത്ത പ്രദേശങ്ങളിലും താമസിക്കുന്നു.

2. കേരളീയജനതയിൽ വിജ്ഞാനത്തിന്റെ വെളിച്ചമെത്തിക്കാനും അജ്ഞതയെ ഉന്മൂലനം ചെയ്യാനുമായി ബഹുമുഖമായ കർമ്മപരിപാടികളാണ് മിഷനറിമാർ നടപ്പിലാക്കിയത്. വിദ്യാഭ്യാസരംഗത്ത് അവർ നൽകിയ സംഭാവനകൾ അവിസ്മരണീയമാണ്. അതിൽത്തന്നെ ഗുണ്ടർട്ടിന്റെ സംഭവനകൾ സവിശേഷം സ്മരണാർഹമാണ്. ബാസൽമിഷന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് ഇവിടെ തുടക്കംകുറിച്ചത് ഗുണ്ടർട്ടാണ്.

   കേരളീയർക്ക് വിജ്ഞാനം പ്രദാനം ചെയ്യുന്നതിനായി വിവിധ കർമ്മപരിപാടികൾ മിഷണറിമാർ നടപ്പിലാക്കി. ബാസൽമിഷന്റെ വിദ്യാഭ്യാസപ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ച ഗുണ്ടർട്ട് ഉൾപ്പെടെയുള്ള മിഷനറിമാർ വിദ്യാഭ്യാസരംഗത്ത് നൽകിയ സംഭാവനകൾ മറക്കാനാവാത്തതാണ്.

3. ആധുനിക കവിത്രയത്തിൽ ജീവിതരീതികൊണ്ടും കാവ്യസമ്പ്രദായംകൊണ്ടും വ്യത്യസ്തനായ കവിയാണ് കുമാരനാശാൻ.

കുട്ടിക്കാലം മുതൽ ലഭിച്ച സംസ്കൃതവിദ്യാഭ്യാസവും ആധ്യാത്മികാചാര്യനായ ശ്രീനാരായണഗുരുവുമായുള്ള സമ്പർക്കവും ആശാന്റെ കവിതയെയും ജീവിതത്തെയും സ്വാധീനിച്ചു. അവർണസമുദായസംഘടനയുടെ നേതാവുകൂടിയായിരുന്നു അദ്ദേഹം. ബഹിർമുഖനായ സാമുദായികപ്രവർത്തകനും അന്തർമുഖനായ കവിയും. കവിയെക്കുറിച്ചുള്ള തന്റെ അഭിപ്രായങ്ങൾ സാമുദായികപ്രവർത്തനത്തെക്കുറിച്ചുള്ള അഭിപ്രായങ്ങളുമായി കൂടിക്കലരാതിരിക്കാൻ അദ്ദേഹം സദാ ശ്രദ്ധിച്ചിരുന്നു.

ആധുനികകവിത്രയത്തിൽ കുമാരനാശാൻ വേറിട്ടുനിൽക്കുന്നു. അദ്ദേഹത്തിന്റെ കവിതയെയും ജീവിതത്തെയും സ്വാധീനിച്ചത് സംസ്കൃതവിദ്യാഭ്യാസവും ശ്രീനാരായണഗുരുവിന്റെ സാമീപ്യവുമാണ്. ബഹിർമുഖനായ സാമുദായികപ്രവർത്തകനും അന്തർമുഖനായ കവിയുമായിരുന്ന അദ്ദേഹം, ഇവ രണ്ടിനെക്കുറിച്ചുമുള്ള അഭിപ്രായങ്ങൾ തമ്മിൽ കൂടിക്കലരാതിരിക്കാൻ ശ്രദ്ധിച്ചിരുന്നു.

## 5.6 പുരോഗതി സ്വയം പരിശോധിക്കുക.

1. സംക്ഷേപണം എന്നതുകൊണ്ട് അർത്ഥമാക്കുന്നതെന്ത്?
2. സംക്ഷേപണത്തിന്റെ ഉദാത്തമാതൃകകൾ എന്ന നിലയിൽ കാരികയ്ക്കും സൂത്രത്തിനുമുള്ള പ്രാധാന്യം
3. സംക്ഷേപണത്തിൽ ശ്രദ്ധിക്കേണ്ട പ്രധാനപ്പെട്ട കാര്യങ്ങൾ എന്തെല്ലാമാണ?
4. താഴെക്കൊടുത്തിരിക്കുന്ന ഗദ്യഭാഗങ്ങൾ സംക്ഷേപണം ചെയ്യുക.

(1) ശാസ്ത്രം ശിക്ഷകനാണോ? അല്ല. ശിക്ഷിക്കാറില്ലേ, സംഹരിക്കാറില്ലേ? ഉവ്വ്. രക്ഷകനാണോ? അല്ല. രക്ഷിക്കാറില്ലേ? തീർച്ചയായും. ഈ വിരോധാഭാസത്തിന്റെ പൊരുൾ എന്താണ്?

ശാസ്ത്രത്തിൽനിന്നു ചില ഏടുകൾ മറിച്ചുനോക്കാം. ശാസ്ത്രത്തിന്റെ നിഗ്രഹാനുഗ്രഹശക്തികളിലേക്കു വെളിച്ചംവീശുന്ന, ഏറ്റവും നിർണ്ണായകമായ മൂന്നു കണ്ടുപിടിത്തങ്ങളാണ് അന്നോളമിന്നോളം ഉണ്ടായിട്ടുള്ളത്. പ്രാധാന്യത്തിൽ അവയെ കവച്ചുവയ്ക്കാൻ മറ്റൊന്നില്ല. ആ കണ്ടുപിടിത്തങ്ങൾ ഇവയെല്ലാമാണ്: ഒന്ന്, അമ്പും വില്ലും; രണ്ട്, വെടുമരുന്ന്; മൂന്ന്, അണുശക്തി.

ശിലായുഗത്തിന്റെ സംഭാവനയാണ് അമ്പും വില്ലും. ഒരു വടി വളച്ചുപിടിച്ചാൽ അതിൽ ശക്തി സംഭരിക്കപ്പെടുമെന്ന ശാസ്ത്രസത്യം അന്നുള്ളവർപോലും മനസ്സിലാക്കിയെന്നതിന് ദൃഷ്ടാന്തമാണ് ഈ കണ്ടുപിടിത്തം. ഈ ശക്തിയാണ് അമ്പിനെ മിന്നൽവേഗത്തിൽ ലക്ഷ്യത്തിലെത്തിക്കുന്നത്. വേടസംസ്കാരത്തിന്റെ ദൈനംദിനാവശ്യങ്ങളിൽനിന്ന് ഉടലെടുത്തതാണ് ഈ പുതുഉപകരണം. കാറ്റുപോലെ കുതിച്ചുപായുന്ന മാനിനെ പിടികുടുവാൻ എളുപ്പമല്ല. ക്രൂരമൃഗങ്ങളോടടുക്കുവാനും വയ്യ. ഈ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കിയത് വില്ലും അമ്പുമാണ്. പായുന്ന മൃഗത്തേക്കാളും വേഗം

അമ്പ് പറന്നെത്തും. ആനയായാലും സിംഹമായാലും അതിനു കൂസലില്ല. മരത്തിൻമേലോ മറ്റേതെങ്കിലും രക്ഷാസ്ഥാനത്തോ ഇരുന്ന് അമ്പ് പ്രയോഗിക്കാമെന്നത് വലിയൊരനുഗ്രഹമായി. ജീവിതം സുഗമമായി; മൃഗങ്ങൾ വേണ്ടുവോളമുണ്ട്; വളരെ ഫലപ്രദ മായ ആയുധം കൈയിലുമുണ്ട്. കൂടുതലായെന്തു വേണം? വേടസം സ്കാരം ലോകവ്യാപകമായി.

പക്ഷേ, മനുഷ്യൻ ബുദ്ധിമാനാണല്ലോ. മൃഗങ്ങളുടെ നേരെയെന്ന പോലെ മനുഷ്യരുടെ നേരെയും അമ്പു പ്രയോഗിച്ചുകൂടെ? ശത്രുത യുള്ള വ്യക്തിയുടെ നേരെ ഒളിച്ചിരുന്ന് അമ്പു തൊടുത്താലെ ന്താണ്? ശത്രുതയുള്ള ഈ സമൂഹങ്ങളുടെമേൽ സംഘംചേർന്ന് അമ്പു വർഷിച്ചാലെന്താണ്? സാവധാനത്തിൽ അമ്പും വില്ലും ശിക്ഷ കനായി മാറി. മാരകമായൊരു സമരായുധമായി മാറി. യുദ്ധങ്ങൾ സർവസാധാരണമായി; യുദ്ധത്തിന്റെ പേരിൽ കൂട്ടക്കൊലകൾ നട ന്നു. വില്ലാളിവീരന്മാർ ആരാധനാപാത്രങ്ങളായി; അർജ്ജുനനും ശ്രീരാമനും അതിനുദാരണമാണ്.

(2) സാഹിത്യകാരന്മാർ, വിശേഷിച്ച് കവികൾ, അവർ സൃഷ്ടിച്ചി ട്ടുള്ള സ്ത്രീപാത്രങ്ങളിലൂടെയാണ് ജീവിക്കുന്നതെന്നു പറയാറുണ്ട്. ഷേക്സ്പിയറുടെയും മറ്റും കൃതികൾ നിരൂപണം ചെയ്തിട്ടുള്ളവ രിൽ ചിലർ പണ്ടേ ഉന്നയിച്ചിട്ടുള്ളതാണ് ഈ അഭിപ്രായം. കാളിദാ സന്റെ കാര്യത്തിലും ഈ സ്ത്രീപക്ഷപാതത്തെ ഉയർത്തിപ്പിടിച്ചു കണ്ടിരുന്നു. ഇപ്പോൾ മലയാളകവികളെ സംബന്ധിച്ചും ഏതാണ്ടി ങ്ങനെ ഒരു ധാരണയുണ്ടായിട്ടുണ്ട്. നമ്മുടെ കവികളിൽ സമഗ്രജീവി തപ്രതിപാദനസമർത്ഥരായി ഏറെപ്പേരില്ല. മഹാകാവ്യകാരന്മാർ ആ വഴിക്കു പോയവരാണെങ്കിലും അവർ തങ്ങൾ നിരത്തിവെച്ചിട്ടുള്ള ജീവിതചരിത്രങ്ങളുടെ പേരിലല്ല നിലനിൽക്കുന്നത്. നവീനകവികൾ ജീവിതവസ്തുക്കളെ അപഗ്രഥിച്ച് പഠിച്ച് തങ്ങൾക്കുചിതമായി തോന്നിയ ശില്പത്തിൽ ഉദ്ഗ്രഥിച്ചാവിഷ്കരിച്ചിട്ടുണ്ട്. ഇക്കൂട്ടത്തിൽ പ്രഥമഗണനീയനാണ് കുമാരനാശാൻ. അദ്ദേഹവും നായികാപാത്ര ങ്ങളെക്കൊണ്ടാണ് അധികം വിജയിച്ചിരിക്കുന്നതെന്ന് ഒരഭിപ്രായമു ണ്ടായിരിക്കുന്നു.

കാവ്യങ്ങളിലെന്നല്ല, നാടകങ്ങളിലും നോവലുകളിലുമൊക്കെ ത്തന്നെ സ്ത്രീകഥാപാത്രങ്ങളാണ് കൂടുതൽ ഹൃദയാവർജ്ജകങ്ങളാ യിട്ടുള്ളതെന്ന് പൊതുവെ പറയാം. അതു നിഷേധിക്കാൻ പാടി ല്ലാത്ത വാസ്തവമാണ്. പക്ഷേ, തങ്ങൾ സൃഷ്ടിക്കുന്ന കഥാപാത്ര ങ്ങളിൽ സ്ത്രീകളോടുള്ള കൂടുതൽ പക്ഷപാതം സാഹിത്യകാര ന്മാർക്കുണ്ടായതിനാലാണോ അപ്രകാരമായിത്തീർന്നത്? പുരുഷക ഥാപാത്രങ്ങളോടു സാരമായ മമതയൊന്നും കാണിക്കാറില്ലെ ന്നുണ്ടോ സാഹിത്യകാരന്മാർ? അവരുടെ കലാകൗശലമൊക്കെ സ്ത്രീകളെ സൃഷ്ടിക്കുന്നതിൽ ബോധപൂർവ്വം കേന്ദ്രപ്പെടുത്തിയിരി ക്കുകയാണോ? ഈ ചോദ്യങ്ങൾക്കു സമാധാനം കാണാതെ കവി കൾ പൊതുവെ സ്ത്രീപക്ഷപാതികളാണെന്നോ സ്ത്രീസ്വഭാവ നിർമ്മിതിയിൽ കൂടുതൽ കൃതശ്രദ്ധരാണെന്നോ സിദ്ധവല്ക്കരിക്കു ന്നതു സാഹസമായിരിക്കും.

(3) ഭാരതീയസംസ്കാരത്തിന് സഹസ്രാബ്ദങ്ങളുടെ പഴക്കമുണ്ട്. ഇക്കാര്യത്തിൽ ചൈനയ്ക്കു മാത്രമേ ഇന്ത്യയുമായി സമാനത അവകാശപ്പെടാനാവുകയുള്ളൂ. ഈ സംസ്കാരങ്ങൾ ഇക്കാലമത്രയും പ്രവഹിച്ചത് ഏറെക്കുറെ ഒരേ മൂല്യസങ്കല്പങ്ങളുടെ ചാലുകളിൽക്കൂടിത്തന്നെയായിരുന്നു. പലപ്പോഴും പല ദർശനങ്ങളും ഉടലെടുത്തു. ഉപരിതലത്തിലെ ചിന്താധാരകളെ അവ സ്വാധീനിക്കുകയും ചെയ്തു. അവയ്ക്കൊന്നും ജനസാമാന്യത്തിന്റെ ജീവിതപ്രവാഹത്തെ മാറ്റിമറിക്കുവാൻ സാധിച്ചില്ല. എന്നാൽ രണ്ടു നൂറ്റാണ്ടു മുമ്പ് ബ്രിട്ടനുമായി ആരംഭിച്ച ഗാഢസമ്പർക്കം നമ്മുടെ ജീവിതപ്രവാഹത്തിന്റെ ഗതി തിരിച്ചുവിട്ടിരിക്കുന്നു. ഭരണരംഗത്തിലെന്നതുപോലെ സാംസ്കാരികരംഗത്തിലും ഈ മാറ്റം പ്രകടമാണ്. ഇതിന്നു മുമ്പുള്ള നീതിസങ്കല്പങ്ങളും മൂല്യബോധങ്ങളും അതേപടി തുടർന്ന് അംഗീകരിക്കുകയെന്നത് ഇന്ത്യയ്ക്ക് സാധ്യമല്ലാതായിത്തീർന്നു. യൂറോപ്പിൽ കൊടുങ്കാറ്റുപോലെ ആഞ്ഞുവീശിയ ലിബറൽ ചിന്താഗതിയുടെ ആഘാതത്തിൽനിന്ന് ഒഴിഞ്ഞുനിൽക്കുവാൻ ഇന്ത്യയുടെ മനസ്സാക്ഷിക്കു സാധിക്കുമായിരുന്നില്ല.

ഈ മാറ്റത്തിന്റെ ആരംഭം കുറിച്ചത് ബംഗാളിലാണ്. അഭിനവഭാരതത്തിന്നു രൂപംകൊടുത്ത ചിന്താധാരകളിൽ അധികവും ഉറവുപൊട്ടിയതു ഈ മണ്ണിലാണെന്നു കാണാം. രാഷ്ട്രീയവും സാമൂഹ്യവും സാഹിത്യവുമായ ഏതു മണ്ഡലം പരിശോധിച്ചാലും ബംഗാളിന്റെ ഈ വ്യക്തിത്വം പ്രകടമത്രേ. ഇന്ത്യയുടെ ജീവിതത്തിൽ പല മുഖങ്ങളിലായി പ്രതിഫലിച്ചുകണ്ട ദേശീയനവോത്ഥാനം ആരംഭിച്ചത് ആധുനിക യൂറോപ്പിന്റെ ഊർജ്ജസ്വലമായ വ്യാവസായിക സംസ്കാരവുമായി ഭാരതീയസംസ്കാരത്തിനുണ്ടായ വേഴ്ചയിൽനിന്നാണ്. ഈ വ്യാവസായികസംസ്കാരവുമായി ആദ്യം സമ്പർക്കം സാധിച്ചുവെന്നതാണ് ബംഗാളിന്റെ നേട്ടം. അതാവാം ഇന്ത്യയുടെ നവോത്ഥാനം അവിടെ ആരംഭിക്കുന്നതിന് കാരണമായിത്തീർന്നതും.

## 5.7 പരാവർത്തനം

ഒരു ഭാഷാരൂപത്തിൽ ആവിഷ്കരിച്ചിരിക്കുന്ന ആശയത്തെ ഏറ്റക്കുറച്ചിൽ കൂടാതെ മറ്റൊരു ഭാഷാരൂപത്തിലേക്ക് മാറ്റിയെഴുതുന്നതാണ് പരാവർത്തനം. മിക്കപ്പോഴും പരാവർത്തനത്തിന് വിധേയമാകുന്നത് പദ്യഭാഗങ്ങളാണ്. അതിനാൽ പദ്യരൂപത്തിൽനിന്ന് ഗദ്യരൂപത്തിലേക്കുള്ള മാറ്റിയെഴുതലാണ് പരാവർത്തനം എന്നു പറഞ്ഞാലും തെറ്റാവില്ല. അങ്ങനെ മാറ്റിയെഴുതുമ്പോൾ കവിതയിലെ ആശയം കൂടുതൽ വിശദീകരിക്കേണ്ടിവരും. എന്നുവച്ച്, സ്വന്തം ആശയങ്ങൾ കൂട്ടിച്ചേർത്ത് വിപുലപ്പെടുത്താൻ പാടില്ല. അതേസമയം കവിതയിലെ ആശയം ഒട്ടും ചോർന്നുപോകുകയുമരുത്. ഗദ്യരചയിതാക്കൾക്കില്ലാത്ത ചില സ്വാതന്ത്ര്യങ്ങൾ കാവ്യരചനയുടെ കാര്യത്തിൽ സഹൃദയലോകം കവികൾക്ക് അനുവദിച്ചുകൊടുത്തിട്ടുണ്ട്. കർത്താവ്, കർമ്മം, ക്രിയ എന്ന വാക്യരചനാക്രം കവികൾക്ക് ഇഷ്ടംപോലെ മാറ്റാം. വിശേഷണം ആദ്യവും വിശേഷ്യം പിന്നീടും എന്ന രീതിയും പലപ്പോഴും കവികൾക്ക് ബാധകമല്ല. അടുത്തടുത്തി

രിക്കേണ്ട പദങ്ങളെ ദൂരെദൂരെയാക്കി കാവ്യരചന നിർവഹിക്കുകയു മാകാം. ഇത്തരത്തിലുള്ള 'കവിസ്വാതന്ത്ര്യങ്ങളെ'യെല്ലാം ഒഴിവാക്കി സാധാരണ ഗദ്യരചനയുടെ രീതിയിലേക്ക് കവിതയുടെ ആശയം കൊണ്ടുവരുമ്പോഴേ പരാവർത്തനം സാർത്ഥകമാകൂ. ഉദാഹരണ മായി വയലാർ രാമവർമ്മയുടെ

> "സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ
> സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും"

എന്ന വരികൾ പരാവർത്തനം ചെയ്യുന്നത് എങ്ങനെയെന്ന് നോക്കാം. നോവുമാത്മാവിനെ സ്നേഹിച്ചിടാത്ത ഒരു തത്ത്വശാ സ്ത്രത്തെയും ഞാൻ സ്നേഹിക്കുകയില്ല എന്ന മാറ്റിയാൽ ഗദ്യ ത്തിന്റെ രീതിയനുസരിച്ചുള്ള വാക്യരചനയായി. പക്ഷേ, പരാവർത്ത നമാകണമെങ്കിൽ വീണ്ടും ചില മാറ്റങ്ങൾ വേണ്ടിവരും. 'നോവുമാ ത്മാവ്' എന്നത് ഒരു ആലങ്കാരികപ്രയോഗമാണ്. വേദനിക്കുന്ന മനു ഷ്യൻ എന്നതാണ് ഇതിന്റെ വിവക്ഷ. പരാവർത്തനത്തിൽ ഈ വാക്കുകൾ തന്നെ പ്രയോഗിക്കുന്നതാണ് ഉചിതം. 'സ്നേഹിക്കയില്ല' എന്ന ക്രിയാരൂപം ആദ്യവും 'ഞാൻ' എന്ന കർത്താവ് രണ്ടാമതും ആ കർത്താവിന്റെ വിശേഷണമായി ആദ്യം വരേണ്ടതായ 'നോവുമാ ത്മാവിനെ സ്നേഹിച്ചിടാത്തൊരു തത്ത്വശാസ്ത്രത്തെയും' എന്ന ഭാഗം അവസാനവും പ്രയോഗിച്ചിരിക്കുന്നു. ഇവയെല്ലാം ഒന്നു ക്രമ പ്പെടുത്തിയാൽ ശരിയായ പരാവർത്തനമായി. അത് ഇപ്രകാരമാണ്: വേദനിക്കുന്ന മനുഷ്യരെ സ്നേഹിക്കാത്ത ഒരു തത്ത്വശാസ്ത്ര ത്തെയും ഞാൻ സ്നേഹിക്കുകയില്ല.

വെറും അർത്ഥം പറയലല്ല പരാവർത്തനം എന്നു മനസ്സിലായില്ലേ. പരാവർത്തനത്തിന് ചില ലക്ഷ്യങ്ങളുണ്ട്. തന്നിരിക്കുന്ന കാവ്യഭാഗ ത്തിന്റെ അർത്ഥം വിശദീകരിച്ച് ആശയം പൂർണമായി ഗദ്യരൂപ ത്തിൽ ആവിഷ്കരിക്കുക എന്നതാണ് പരാവർത്തനത്തിന്റെ പ്രഥ മവും പ്രധാനവുമായ ലക്ഷ്യം. അതിനായി പരാവർത്തനത്തിന് തന്നിരിക്കുന്ന ഭാഗം ഒന്നിലേറെ പ്രാവശ്യം നന്നായി വായിച്ച് ആശയം പൂർണമായി മനസ്സിലാക്കുക. അതിനുശേഷം ശുദ്ധവും ലളിതവുമായ ഭാഷയിൽ, ഹ്രസ്വമായ വാക്യങ്ങളിൽ ആ ആശയം ഗദ്യരൂപത്തിലേക്ക് മാറ്റുക.

## 5.8 പരാവർത്തനം – ചില മാതൃകകൾ

ചില ഉദാഹരണങ്ങൾ നോക്കുക:

1) മിണ്ടിത്തുടങ്ങുവാൻ ശ്രമിക്കുന്ന പിഞ്ചിളം
ചുണ്ടിന്മേലമ്മിഞ്ഞപ്പാലോടൊപ്പം
അമ്മയെന്നുള്ള രണ്ടക്ഷരമല്ലയോ
സമ്മേളിച്ചീടുന്നതൊന്നാമതായ്
മറ്റുള്ള ഭാഷകൾ കേവലം ധാത്രിമാർ
മർത്ത്യനു പെറ്റമ്മ തൻഭാഷതാൻ
മാതാവിൻ വാത്സല്യദുഗ്ദ്ധം നുകർന്നാലേ
പൈതങ്ങൾ പൂർണ്ണ വളർച്ചനേടൂ

മാതൃഭാഷയുടെ പ്രാധാന്യത്തെക്കുറിച്ചാണ് ഈ വരികളിൽ പറയുന്നത്. ഒരു ശിശു സംസാരിച്ചുതുടങ്ങാൻ ശ്രമിക്കുമ്പോൾ, അമ്മിഞ്ഞപ്പാലോടൊപ്പം ആ ഇളംചുണ്ടിൽ ആദ്യമായി വന്നുചേരുന്നത് അമ്മ എന്ന രണ്ടക്ഷരമാണ്. കുഞ്ഞ് ആദ്യമായി ഉച്ചരിക്കുന്ന ശബ്ദം 'അമ്മ' എന്നുള്ളതാണെന്നർത്ഥം. ഏതൊരു മനുഷ്യനെ സംബന്ധിച്ചിടത്തോളവും അവന്റെ പെറ്റമ്മ എന്നു പറയുന്നത് അവന്റെ തന്നെ മാതൃഭാഷയാണ്. മറ്റേതെല്ലാം ഭാഷകൾ വശത്താക്കിയാലും അവയ്ക്കെല്ലാം വളർത്തമ്മമാരുടെ സ്ഥാനം മാത്രമേയുള്ളു. അമ്മയുടെ വാത്സല്യമാകുന്ന മുലപ്പാൽ കുടിച്ചാലേ  ശിശുക്കൾ പൂർണ വളർച്ച നേടു. അതുപോലെ ഒരു വ്യക്തിയെ പൂർണനാക്കുന്നത് അവന്റെ മാതൃഭാഷയാണ്.

2) "മുഖമെവിടെ?" ഞാൻ പകച്ചു ചോദിപ്പൂ
മുനിപോൽ മൂകനായിരിപ്പൂ ചങ്ങാതി
പനയന്നാർക്കാവിലെഴുന്നള്ളത്തിന്റെ
പടമെന്നോർത്തീയാൾ വരച്ച ചിത്രത്തിൽ
കൊടിയു,ണ്ടാനകൾ കുടതഴകളും
കടുനിറം ചുറ്റിപ്പുരുഷാരങ്ങളും
ഒരുത്തനുമെന്നാൽ മുഖമി,-ല്ലീ വിദ്വാൻ
മുഴുപ്പിരിയനോ മഹാവേദാന്തിയോ

ആധുനിക സമൂഹത്തിൽ സ്വന്തം മുഖം നഷ്ടപ്പെടുന്ന, സ്വത്വം നഷ്ടപ്പെടുന്ന മനുഷ്യന്റെ ചിത്രമാണ് കവി ഈ വരികളിലൂടെ ആവിഷ്കരിക്കാൻ ശ്രമിക്കുന്നത്. തന്റെ സുഹൃത്തായ ചിത്രകാരൻ വരച്ച ചിത്രം കണ്ടിട്ട്, 'മുഖമെവിടെ' എന്ന് കവി അത്ഭുതത്തോടെ ചോദിക്കുന്നു. സുഹൃത്താകട്ടെ മറുപടിയൊന്നും പറയാതെ, മുനിയെപ്പോലെ നിശ്ശബ്ദനായി ഇരിക്കുന്നു. അയാൾ വരച്ച ചിത്രം പനയന്നാർക്കാവിലെ എഴുന്നള്ളത്തിന്റേതാണ്. ആ ചിത്രത്തിൽ കൊടികളും ആനകളും വെൺകൊറ്റക്കുടകളും ആലവട്ടങ്ങളുമെല്ലാമുണ്ട്. കൂടാതെ, കടുംനിറത്തിലുള്ള വസ്ത്രങ്ങൾ ധരിച്ച ജനക്കൂട്ടവുമുണ്ട്. എന്നാൽ ആ ജനക്കൂട്ടത്തിലെ ഒരാൾക്കും മുഖമില്ല. ഇങ്ങനെ മുഖമില്ലാത്ത ആളുകളെ ചിത്രത്തിൽ വരച്ചുവച്ച ഈ ചിത്രകാരൻ മുഴുഭ്രാന്തനാണോ, അതോ മഹാനായ തത്ത്വജ്ഞാനിയാണോ എന്ന് കവി സന്ദേഹിക്കുന്നു.

## 5.9 പുരോഗതി സ്വയം പരിശോധിക്കുക

പരാവർത്തനം ചെയ്തു ശീലിക്കാൻ ഏതാനും പദ്യഭാഗങ്ങൾ

1) വിവിധമിത്തരം പറഞ്ഞു കേഴുന്നോ-
രരചനെത്തൊഴുതുരചെയ്താൻ സൂതൻ
മതിനയനനായ്മരുവും മന്നവ
മതിമതി ഖേദമിനിയെല്ലാംകൊണ്ടും
മതികേടുള്ളവർ സുതരെന്നാകിലും
മതിമാന്മാരായോർ കളകെന്നേവരൂ
അറിവില്ലാതൊരു മകനെ ലാളിച്ചി-
ട്ടറിവുള്ളോരു നീ കരകെന്നും വന്നു

2) മഞ്ഞപിഴിഞ്ഞു ഞൊറിഞ്ഞുടുത്തുള്ളൊരു
മഞ്ജുപൂവാടയാൽ മേനി മൂടി,
മുണ്ഡനംചെയ്ത ശിരസ്സും മുഖചന്ദ്ര-
മണ്ഡലം താനും മസൃണമാക്കി,
ദീർഘവൃത്താകൃതിയാം മരയോടൊന്നു
ദീർഘമാം വാമഹസ്തത്തിലേന്തി,
ദക്ഷിണഹസ്തത്തിലേലും വിശറിപ്പൊൻ
പക്ഷമിളക്കിയൊട്ടൊട്ടു വീശി,
ഉറ്റമരത്തണലെത്തുന്നു ഭിക്ഷുവൊ-
രൊറ്റച്ചിറകേലും ദേവതപോൽ

3) മന്ദമന്ദമെൻ താഴും മുഗ്ധമാം മുഖം പൊക്കി-
സ്സുന്ദരദിവാകരൻ ചോദിച്ചൂ മധുരമായ്:
"ആരു നീ,യനുജത്തീ? നിർന്നിമേഷമായെന്തെൻ
തേരുപോകവേ നേരെ നോക്കിനിൽക്കുന്നു ദൂരേ?
സൗമ്യമായ് പിന്നെപ്പിന്നെ വിടരും സ്നിഗ്ദ്ധക്കണ്ണാൽ
രമ്യമായ് വീക്ഷിക്കുന്നു തിരിഞ്ഞു തിരിഞ്ഞെന്നെ;
വല്ലതും പറയുവാനാഗ്രഹിക്കുന്നുണ്ടാവാ-
മില്ലയോ? തെറ്റാണൂഹമെങ്കിൽ, ഞാൻ ചോദിച്ചീല!
ഒന്നുമുത്തരം തോന്നീ,ലെങ്ങനെ തോന്നും! സർവ്വ-
സന്നുതൻ സവിതാവെ,ങ്ങെങ്ങു നിർക്ഷന്ധം പുഷ്പം?
ആര്യമാവിനെ സ്നേഹിക്കുന്ന ധിക്കാരത്തിന്നു
സൂര്യകാന്തിയെന്നെന്നെപ്പുച്ഛിപ്പതാണീലോകം!

## 5.10 വിവർത്തനം

ഒരു ഭാഷയിൽ ആവിഷ്ക്കരിച്ചിട്ടുള്ള ആശയം മറ്റൊരു ഭാഷയിലേക്ക് മാറ്റുന്നതിനെയാണ് വിവർത്തനം എന്നുപറയുന്നത്. ഇംഗ്ലീഷിലെ ട്രാൻസ്ലേഷൻ എന്ന പദത്തിനു തുല്യമായാണ് മലയാളത്തിൽ വിവർത്തനം എന്ന പദം ഉപയോഗിക്കുന്നത്. ഇതിനുപുറമേ തർജ്ജമ (തർജുമ), മൊഴിമാറ്റം, പരിഭാഷ, ഭാഷാന്തരം എന്നീ പദങ്ങളും ട്രാൻസ്ലേഷൻ എന്ന അർത്ഥത്തിൽ പ്രയോഗിക്കുന്നുണ്ട്. വിവർത്തനത്തെ സംബന്ധിച്ചിടത്തോളം രണ്ട് ഭാഷകൾ അനിവാര്യമാണ്. ഒന്ന്, വിവർത്തനത്തിന് വിധേയമാകുന്ന ഭാഷയും മറ്റൊന്ന്, ഏത് ഭാഷയിലേക്കാണോ വിവർത്തനം ചെയ്യുന്നത് അതും. സാങ്കേതികമായി പറഞ്ഞാൽ സ്രോതഭാഷയും ലക്ഷ്യഭാഷയും. ഏത് ഭാഷിയിൽ നിന്നാണോ വിവർത്തനംചെയ്യുന്നത് അതിനെ സ്രോതഭാഷ (Source language) എന്നും ഏത് ഭാഷയിലേക്കാണോ വിവർത്തനം ചെയ്യുന്നത് അതിനെ ലക്ഷ്യഭാഷ (Target language) എന്നും പറയുന്നു. ഉദാഹരണമായി ഷേക്സ്പിയർ ഇംഗ്ലീഷിൽ എഴുതിയ 'ഒഥല്ലോ' എന്ന നാടകം ഒരാൾ മലയാളത്തിലേക്ക് വിവർത്തനം ചെയ്തു എന്നിരിക്കട്ടെ. അപ്പോൾ ഇവിടെ ഇംഗ്ലീഷ് സ്രോതഭാഷയും മലയാളം ലക്ഷ്യഭാഷയുമാണ്. നേരേമറിച്ച്, വൈക്കംമുഹമ്മദ്ബഷീറിന്റെ 'ബാല്യകാലസഖി' എന്ന നോവൽ ഒരാൾ ഇംഗ്ലീഷിലേക്ക് വിവർത്തനംചെയ്താൽ മലയാളം സ്രോതഭാഷയും ഇംഗ്ലീഷ് ലക്ഷ്യഭാഷയുമാകും.

വിവർത്തനം എന്നത് ഒരേസമയം ഭാഷാപ്രവർത്തനവും സാംസ്കാരികപ്രവർത്തനവുമാണ്. ഭാഷയുടെയും സാഹിത്യത്തിന്റെയും സമ്പത്ത് വർദ്ധിപ്പിക്കാൻ വിവർത്തനം വഴിയൊരുക്കുന്നു. വിശ്വസാഹിത്യവുമായി ബന്ധപ്പെടാനും അവയിലെ പുതിയ പ്രസ്ഥാനങ്ങളെക്കുറിച്ചും പ്രവണതകളെകുറിച്ചും മനസ്സിലാക്കാനും വിവർത്തനം സഹായിക്കുന്നു. അതുവഴി സ്വന്തം ഭാഷയെ നവീകരിക്കുവാനും ഭാഷയുടെ വളർച്ചയെ ത്വരിതപ്പെടുത്തുവാനും കഴിയുന്നു. അതുകൊണ്ടാണ് വിവർത്തനത്തെ മഹത്തായ ഒരു ഭാഷാപ്രവർത്തനമായി കണക്കാക്കുന്നത്. വിവർത്തനം ചെയ്യുന്ന കൃതികളിലൂടെ വിനിമയം ചെയ്യപ്പെടുന്നത് യഥാർത്ഥത്തിൽ ഒരു ജനതയുടെ സംസ്ക്കാരമാണ്. ഒരു നാടിന്റെയും അവിടത്തെ ജനജീവിതത്തിന്റെയും സാംസ്ക്കാരികമുദ്രകൾ വഹിക്കുന്നവയാണ് ഓരോ സാഹിത്യകൃതിയും. വിവർത്തനത്തിലൂടെയാണ് അവ മറ്റ് ദേശങ്ങളിലെ ജനങ്ങൾ അറിയുന്നത്. ഉദാഹരണമായി ബംഗാളികളുടെ ജീവിതവും സംസ്ക്കാരവും നമ്മൾ മനസ്സിലാക്കുന്നത് ബംഗാളിയിൽനിന്ന് മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ട നോവലുകളിലൂടെയാണ്. ആരോഗ്യനികേതനവും ആനന്ദമഠവും ഗണദേവതയുമൊക്കെ അത്തരത്തിലുള്ള നോവലുകളാണ്.

സാഹിത്യകൃതികൾ മാത്രമല്ല, ശാസ്ത്രസാങ്കേതിക-വൈജ്ഞാനിക കൃതികളും ധാരാളമായി വിവർത്തനം ചെയ്യപ്പെടുന്നുണ്ട്. ഒരു ജനതയുടെ അറിവിന്റെ ചക്രവാളം വികസിക്കുന്നതിൽ വിവർത്തനത്തിന് ഗണനീയമായ സ്ഥാനമുണ്ട്. അനേകം വൈജ്ഞാനികകൃതികൾ സംസ്കൃതത്തിൽനിന്നും ഇംഗ്ലീഷിൽനിന്നും മലയാളത്തിലേക്ക് വിവർത്തനം ചെയ്യപ്പെട്ടിട്ടുണ്ട്. അങ്ങനെ നോക്കുമ്പോൾ വൈജ്ഞാനിക വിനിമയത്തിനുള്ള ഉപാധികൂടിയായി മാറുന്നുണ്ട് വിവർത്തനം.

ഭാഷയ്ക്ക് മൂന്നുഘടനകളുണ്ട് - അക്ഷരം, പദം, വാക്യം എന്നിങ്ങനെ. ഇവയിൽ പദവും വാക്യവുമാണ് വിവർത്തനം ചെയ്യപ്പെടുന്നത്. പദത്തിന്റെ അർത്ഥവും വാക്യത്തിലെ ആശയവുമാണ് ഒരു ഭാഷയിൽനിന്ന് മറ്റൊരു ഭാഷയിലേക്ക് വിവർത്തനത്തിലൂടെ സംക്രമിക്കപ്പെടുന്നത്.

## 5.11 വിവർത്തനത്തിന്റെ വകഭേദങ്ങൾ

അർത്ഥത്തിനും ആശയത്തിനും നൽകുന്ന പ്രാധാന്യമനുസരിച്ച് വിവർത്തനത്തിനു അഞ്ചുവിഭാഗങ്ങൾ കല്പിച്ചിട്ടുണ്ട്. അവയെ സാമാന്യമായി പരിചയപ്പെടുത്താം.

### 1. പദാനുപദവിവർത്തനം (Word for word translation)

സ്രോതഭാഷയിലെ പദങ്ങളുടെ മുഖ്യാർത്ഥം അതുപോലെ വിവർത്തനം ചെയ്യുന്നതാണ് പദാനുപദവിവർത്തനം. വാക്യം വിവർത്തനം ചെയ്യുമ്പോൾ ലക്ഷ്യഭാഷയിലെ വാക്യഘടനാക്രമം തന്നെ സ്വീകരിക്കണം. സ്രോതഭാഷയിലുള്ള വാക്യത്തിലെ എല്ലാ പദങ്ങൾക്കും തത്തുല്യമായ പദം ലക്ഷ്യഭാഷയിൽനിന്ന് കണ്ടെത്താൻ ശ്രമിക്കണം. ഉദാഹരണമായി Rama killed Ravana എന്ന വാക്യം മലയാളത്തിലാക്കുമ്പോൾ 'രാമൻ കൊന്നു രാവ

ണനെ'എന്നല്ല വേണ്ടത്, 'രാമൻ രാവണനെ കൊന്നു' എന്നാണ്. ശാസ്ത്ര-സാങ്കേതിക-വൈജ്ഞാനിക ഗ്രന്ഥങ്ങളുടെയും നിയമഗ്ര ന്ഥങ്ങളുടെയും മറ്റും വിവർത്തനത്തിൽ പദാനുപദവിവർത്തനരീതി യാണ് അഭികാമ്യം.

## 2. ശബ്ദാർഥവിവർത്തനം (Literal translation)

സ്രോതഭാഷയിലെ പദങ്ങളോ വാക്യങ്ങളോ വിട്ടുകളയാതെ അവ യുടെ ആശയം ലക്ഷ്യഭാഷയിലെ വാക്യഘടനയനുസരിച്ച് അവതരി പ്പിക്കുന്നതാണ് ശബ്ദാർത്ഥവിവർത്തനം. വിവർത്തനരീതികളിൽ ഏറ്റവും സാധാരണവും പ്രാമാണികവും സ്വീകാര്യവും ഇതാണ്. വ്യംഗ്യാർത്ഥപ്രധാനമായ കാവ്യഭാഗങ്ങളോ ശൈലികളോ വിവർത്തനം ചെയ്യുമ്പോൾ ഈ രീതി അത്രത്തോളം അഭിലഷണീയ മല്ല.

## 3. ആശയവിവർത്തനം (Faithful translation)

വിവർത്തനത്തെ സംബന്ധിച്ചിടത്തോളം വിവർത്തകന് ഒട്ടേറെ സ്വാതന്ത്ര്യങ്ങൾ അനുവദിക്കുന്നതാണ് ആശയവിവർത്തനം. സ്രോതഭാഷയിലെ ആശയം ലക്ഷ്യഭാഷയിൽ തെറ്റുകൂടാതെയും തെറ്റിദ്ധാരണയുണ്ടാക്കാത്തരീതിയിലും ആവിഷ്ക്കരിക്കുന്ന രീതി യാണ് ഇത്. മൂലകൃതിയിലെ ആശയം ചോർന്നുപോകരുതെന്ന നിർബന്ധമേയുള്ളൂ. വിവർത്തനം ചെയ്യപ്പെട്ട കൃതി ഒരു സ്വതന്ത്രകൃ തിയാണെന്ന തോന്നൽ ഉളവാക്കുകയും ചെയ്യാം. ശാസ്ത്രകൃതിക ളുടെയും മറ്റും വിവർത്തനത്തിൽ ഈ രീതി സ്വീകാര്യമല്ല.

## 4. സ്വതന്ത്രവിവർത്തനം (Free translation)

സ്വതന്ത്രവിവർത്തനം ഒരുതരം ആശയവിവർത്തനം തന്നെയാണ്. ആശയവിവർത്തനത്തിൽ സ്വീകരിക്കുന്നതിനേക്കാൾ സ്വാതന്ത്ര്യം വിവർത്തകൻ സ്വതന്ത്രവിവർത്തനത്തിൽ സ്വീകരിക്കുന്നു. ആശയവി വർത്തനത്തിൽ മൂലകൃതിയിലെ ഏതെങ്കിലും ഭാഗങ്ങൾ വീട്ടുകള യാനോ ക്രമം മാറ്റാനോ പാടില്ല. സ്വതന്ത്രവിവർത്തനത്തിൽ ഇതി നെല്ലാം സ്വാതന്ത്ര്യമുണ്ട്. ചുരുക്കത്തിൽ, സ്രോതഭാഷാകൃതിയിലെ പ്രധാന ആശയം നഷ്ടപ്പെടാതെ വിവർത്തകൻ സ്വന്തം ശൈലിയിൽ നടത്തുന്ന വിവർത്തനമാണ് സ്വാതന്ത്രവിവർത്തനം എന്നുപറയാം. വിവർത്തനം ചെയ്യപ്പെട്ട കൃതി വായിച്ചാൽ, അത് വിവർത്തനകൃതിയ ല്ലെന്നും സ്വതന്ത്രകൃതിയാണെന്നുമുള്ള തോന്നൽ ലക്ഷ്യഭാഷാവാ യനക്കാർക്കുണ്ടാക്കുകയാണ് ഇത്തരം വിവർത്തനത്തിന്റെ ലക്ഷ്യം. നോവൽ, ചെറുകഥ തുടങ്ങിയ സർക്ഷാത്മകകൃതികളുടെ വിവർത്ത നത്തിന് ഈ രീതി ഏറ്റവും അനുയോജ്യമാണ്.

## 5. ആശയരൂപാന്തരണം (Adaptation)

സ്രോതഭാഷയിലെ സർഗാത്മകകൃതികൾ ലക്ഷ്യഭാഷയിലേക്ക് വിവർത്തനം ചെയ്യുന്നതോടൊപ്പം അവയിലെ ദേശനാമങ്ങളും കഥാ പാത്രനാമങ്ങളും മറ്റും ലക്ഷ്യഭാഷയ്ക്കനുയോജ്യമായ രീതിയിൽ വിവർത്തനം ചെയ്യുന്നതാണ് ആശയരൂപാന്തരണം. ഇതിന് ഉത്തമോ ദാഹരണമാണ് കൈനിക്കര കുമാരപിള്ളയുടെ 'ദുരന്തദുശ്ശങ്ക' എന്ന

കൃതി. വില്യം ഷേക്സ്പിയറുടെ 'ഒഥല്ലോ' എന്ന നാടകത്തിലെ കഥാപാത്രങ്ങളുടെ പേരുകൾ മലയാളരീതിക്കനുസരിച്ച് വിവർത്തനം ചെയ്താണ് ഇതിൽ അവതരിപ്പിച്ചിട്ടുള്ളത്.

## 5.12 വിവർത്തകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ

വിവർത്തകനുണ്ടായിരിക്കേണ്ട പ്രഥമവും പ്രധാനവുമായ ഗുണം സ്രോതഭാഷയിലും ലക്ഷ്യഭാഷയിലുമുള്ള പ്രാവീണ്യവുമാണ്. ഇരു ഭാഷകളിലുമുള്ള അറിവും സ്വാധീനവുമാണ് ഒരാളെ ഉത്തമവി വർത്തകനാക്കുന്നത്. സ്രോതഭാഷയെ സംബന്ധിച്ചിടത്തോളം വിവർത്തകന് വേണ്ടത് നിരീക്ഷണപാടവവും കാര്യങ്ങൾ ശരിയായി ഗ്രഹിക്കാനുള്ള കഴിവുമാണ്; ലക്ഷ്യഭാഷയിലാകട്ടെ പ്രയോഗവൈഭ വവും.

പ്രത്യുല്പന്നമതിത്വമാണ് വിവർത്തകനുണ്ടായിരിക്കേണ്ട മറ്റൊരു ഗുണം. അവസരംപോലെ ഉടനുടൻ വേണ്ടതു ചിന്തിച്ചു പ്രവർത്തി ക്കാനുള്ള ബുദ്ധിയെയാണ് പ്രത്യുല്പന്നമതിത്വം എന്നു പറയുന്നത്. ഇത് ഏറ്റവും കൂടുതൽ ആവശ്യമായി വരുന്നത് മാധ്യമപ്രവർത്തന രംഗത്തും പ്രസംഗവിവർത്തനരംഗത്തുമാണ്. പത്രങ്ങളുടെയും ദൃശ്യ മാധ്യമങ്ങളുടെയും ഓഫീസുകളിൽ എത്തുന്ന ദേശീയ-അന്തർദേ ശീയ വാർത്തകൾ മിക്കവാറും ഇംഗ്ലീഷിലായിരിക്കും. അവ ഉടൻതന്നെ തർജ്ജമചെയ്ത് പത്രത്തിലേക്കും ചാനലുകളിലേക്കും നൽകേണ്ടിവരും. സ്രോതഭാഷയിലെ ആശയം ശരിയായി ഗ്രഹി ക്കാനും സന്ദർഭാനുസാരിയായി അത് ലക്ഷ്യഭാഷയിലേക്ക് വിവർത്തനംചെയ്യാനും വിവർത്തകനു കഴിയണം. സ്രോതഭാഷ യിലെ ഒരു വാക്കിന് പല അർത്ഥങ്ങളുണ്ടായിരിക്കെ അവയിൽ ഏതാണ് പ്രകൃതസന്ദർഭത്തിന് ചേരുന്നത് എന്ന് കണ്ടെത്തി ലക്ഷ്യ ഭാഷാവിവർത്തനത്തിൽ പ്രയോഗിക്കുന്നതിലാണ് വിവർത്തകന്റെ പ്രത്യുല്പന്നമതിത്വം കുടികൊള്ളുന്നത്.

നല്ല പ്രയത്നശാലിയായിരിക്കുക എന്നതാണ് വിവർത്തകനുണ്ടായി രിക്കേണ്ട മറ്റൊരു ഗുണം. വിവർത്തനം ചിലപ്പോൾ പെട്ടെന്നു ചെയ്തുതീർക്കാവുന്ന സംഗതിയായിരിക്കാം. മറ്റു ചിലപ്പോൾ ദിവസ ങ്ങളോളമുള്ള പ്രയത്നം ആവശ്യമായി വരാം. വിവർത്തകനെ സംബന്ധിച്ചിടത്തോളം ഒട്ടേറെ വെല്ലുവിളികൾ മുന്നിലുണ്ടാകാം. സ്രോതഭാഷയിലെ പദങ്ങൾക്ക് സമാനമായ പദങ്ങൾ ലക്ഷ്യഭാഷ യിൽനിന്ന് പെട്ടെന്നൊന്നും ലഭിച്ചില്ലെന്നും വരാം. അപ്പോഴൊക്കെ വിവർത്തകൻ നിരാശനാകാതെ പ്രയത്നിച്ചുകൊണ്ടേയിരിക്കണം. വെട്ടിയും തിരുത്തിയും പിന്നെയും തിരുത്തിയുമൊക്കെ ചെയ്താലേ വിവർത്തനം അതിന്റെ പൂർണ്ണതയിലെത്തുകയുള്ളു. അതിന് വിവർത്തകനുവേണ്ടത് ക്ഷമാശീലവും പ്രയത്നശീലവുമാണ്.

## 5.13 വിവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ

വിവർത്തനത്തിനായി നിർദ്ദേശിക്കപ്പെട്ടിരിക്കുന്ന ഭാഗം നല്ലതു പോലെ പല പ്രാവശ്യം വായിച്ച് ആശയം ഗ്രഹിക്കണം. അർത്ഥമ

റിഞ്ഞുകൂടാത്ത വാക്കുകളുടെ അർത്ഥം നിഘണ്ടുവിന്റെയും മറ്റും സഹായത്തോടെ കണ്ടെത്താൻ ശ്രമിക്കണം. പല അർത്ഥങ്ങളുള്ള വാക്കുകൾക്ക് പ്രകൃതസന്ദർഭത്തിൽ ഏതാണ് അനുയോജ്യമെന്ന് സൂക്ഷ്മമായി മനസ്സിലാക്കണം. ഈ രംഗത്തുണ്ടായ പിഴവുകൾ വിവർത്തനചരിത്രത്തിലെ തമാശകളായി നിലകൊള്ളുന്നുണ്ട്. ഒരു ഉദാഹരണം പറയാം. വടക്കേ ഇൻഡ്യയിൽ കുംഭമേള നടക്കുന്ന സമയത്ത് മലയാളത്തിലെ ഒരു ദിനപത്രത്തിൽ വന്ന വാർത്തയുടെ തലക്കെട്ട് ഇങ്ങനെയാണ്: ഗാംഗാനദി കരകവിഞ്ഞൊഴുകി ഉറങ്ങിക്കിടന്ന ആയിരക്കണക്കിനാളുകൾ ഒലിച്ചുപോയി. ലോകത്തെയാകെ നടുക്കുന്ന ഈ വാർത്ത ഒരൊറ്റ ദിനപത്രത്തിലേ വന്നുള്ളു. പത്രത്തിന്റെ ഡസ്ക്കിൽ രാത്രിജോലി ചെയ്തിരുന്ന ഒരു സബ്-എഡിറ്റർക്ക് സംഭവിച്ച ധാരാണാപ്പിശകും അമിതോത്സാഹവുമായിരുന്നു ഇതിനുകാരണം. വാർത്താഏജൻസിയിൽ നിന്ന് ടെലിപ്രിന്റർവഴി വന്ന വാർത്ത ഇപ്രകാരമായിരുന്നു. Thousand of sleepers flew away ഇവിടെ Sleeper എന്ന വാക്കാണ് കുഴപ്പമുണ്ടാക്കിയത്. Sleeperന് റയിൽവേ ട്രാക്കിലുപയോഗിക്കുന്ന സ്ലീപ്പർ എന്നും ഉറങ്ങിക്കിടക്കുന്നവർ എന്നും അർത്ഥമുണ്ട്. വാർത്താ ഏജൻസി ഉദ്ദേശിച്ചത് ആദ്യത്തെ അർത്ഥവും സബ്എഡിറ്റർ ധരിച്ചത് രണ്ടാമത്തെ അർത്ഥവുമാണ്. പത്രത്തിനാകെ നാണക്കേടാവുകയും സബ് എഡിറ്റർ പുറത്താക്കപ്പെടുകയും ചെയ്തത് ഈ കഥയുടെ ബാക്കിപത്രം. അതുപോലെ കാമുകൻ കാമുകിയോട് 'I will ring you' എന്നു പറയുമ്പോൾ അയാൾ ഉദ്ദേശിച്ചത് 'ഞാൻ നിനക്ക് ഫോൺ ചെയ്യാം' എന്നാണ്, അല്ലാതെ 'ഞാൻ നിനക്ക് മോതിരം തരാം എന്നല്ല. കോളേജിന്റെ രണ്ടാം നിലയിൽനിന്ന് താഴേക്ക് തുപ്പുന്ന വിദ്യാർത്ഥിയോട് 'Understanding pupil will suffer' എന്ന് പറഞ്ഞ കായികാധ്യാപന്റെ കഥയും വിവർത്തനചരിത്രത്തിലെ മറ്റൊരു തമാശയാണ്.

വിവർത്തനത്തിൽ അർത്ഥത്തിനും ആശയത്തിനുമാണ് പ്രാധാന്യം, പദത്തിനല്ല എന്ന കാര്യം പ്രത്യേകം ഓർക്കണം. സ്രോതഭാഷയിലെ എല്ലാ പദങ്ങൾക്കും ലക്ഷ്യഭാഷയിൽ സമാനപദങ്ങൾ ഉണ്ടാകണമെന്നില്ല. അങ്ങനെ വരുമ്പോൾ സ്രോതഭാഷയിലെ പദം യാതൊരു മാറ്റവും കൂടാതെ അങ്ങനെതന്നെ ഉപയോഗിക്കാം. ബെഞ്ച്, ഡസ്ക്ക്, ബോർഡ്, ചോക്ക്, സ്വിച്ച്, ഫാൻ, ലൈറ്റ് തുടങ്ങി എത്രയോ ഇംഗ്ലീഷ് വാക്കുകൾ നമ്മൾ അങ്ങനെ തന്നെ മലയാളത്തിൽ ഉപയോഗിക്കുന്നില്ലേ. എല്ലാ വാക്കുകൾക്കും വിവർത്തനം കൂടിയേ തീരൂ എന്ന വാശി നമ്മെ പല അബദ്ധങ്ങളിലും കൊണ്ടു ചെന്നു ചാടിക്കുകയേയുള്ളൂ. ഒരു മലയാള സിനിമയിൽ മോഹൻലാൽ അവതരിപ്പിച്ച കഥാപാത്രം ഉപ്പുമാവിന്റെ ഇംഗ്ലീഷ്പദം കണ്ടെത്താൻ നടത്തുന്ന ശ്രമവും ഒടുവിൽ 'Saltmangotree'എന്ന വിലക്ഷണവിവർത്തനത്തിൽ എത്തിച്ചേരുന്നതും നമുക്കൊരു തമാശയായി തോന്നാമെങ്കിലും അത് വിവർത്തനത്തെ സംബന്ധിച്ചുള്ള വലിയൊരു പാഠമാണ് നൽകുന്നത്.

ശൈലികളും പഴഞ്ചൊല്ലുകളും വിവർത്തനം ചെയ്യുമ്പോൾ ശ്രദ്ധിക്കേണ്ട ചില കാര്യങ്ങളുണ്ട്. ശൈലികൾക്ക് ഘടകപദങ്ങളുടെ

അർത്ഥമല്ല ഉള്ളത്. അക്കാര്യം മനസ്സിലാക്കിവേണം വിവർത്തനം ചെയ്യാൻ. ഇംഗ്ലീഷിലെ പല ശൈലികൾക്കും തത്തുല്യമായ മലയാള ശൈലികൾ ഉണ്ട്. ഉദാഹരണമായി A storm in a tea cup എന്ന ഇംഗ്ലീഷ് ശൈലിക്ക് സമാനമായി ചായക്കോപ്പയിലെ കൊടുങ്കാറ്റ് എന്ന ശൈലി മലയാളത്തിലുണ്ട്. Crocodile tears (മുതലക്കണ്ണീർ), Lion's share (സിംഹഭാഗം), To build castles in the air (ആകാശ ക്കോട്ട കെട്ടുക), To nip in the bud (മുളയിലേ നുള്ളുക), Apple of one's eye (കണ്മണി) മുതലായവ മറ്റ് ചില ഉദാഹങ്ങളാണ്. എന്നാൽ Apple of discord എന്ന ഇംഗ്ലീഷ് ശൈലിക്ക് സമാനമായ മലയാള ശൈലി ഇല്ല. ഇത്തരം സന്ദർഭങ്ങളിൽ സ്രോതഭാഷാശൈ ലിയുടെ ആശയം ലക്ഷ്യഭാഷയിലേക്ക് കൊണ്ടുവരാം. Apple of discord-ന്റെ ആശയം മാത്രം സ്വീകരിച്ച് ആ ശൈലിയെ 'തർക്കവി ഷയം' എന്ന പരിഭാഷപ്പെടുത്താം. Herculean task എന്ന ശൈലി ഹെർക്കുലീസിന്റെ പ്രയത്നം എന്നു പരിഭാഷപ്പെടുത്തുന്നതിനേ ക്കാൾ നല്ലത് ഭഗീരഥപ്രയത്നം എന്നു പരിഭാഷപ്പെടുത്തുന്നതാണ്. ശൈലിയുടെ കാര്യത്തിൽ പറഞ്ഞതുപോലുള്ള ചില പ്രശ്നങ്ങൾ പഴഞ്ചൊല്ലുകളുടെ വിവർത്തനത്തിലുമുണ്ട്. ഒരു ജനസമൂഹത്തിന്റെ സംസ്ക്കാരത്തെ പ്രതിഫലിപ്പിക്കുന്നതാണ് പഴഞ്ചൊല്ലുകൾ. എല്ലാ ഭാഷകളിലും പൊതുവായി നിലനില്ക്കുന്ന പഴഞ്ചൊല്ലുകളുണ്ട്. അവ വിവർത്തനം ചെയ്യാൻ ബുദ്ധിമുട്ടൊന്നും ഉണ്ടാകില്ല. എന്നാൽ ഒരു പ്രത്യേക ജനവിഭാഗത്തിന്റേതു മാത്രമെന്നു പറയാവുന്ന പഴ ഞ്ചൊല്ലുകൾ പലപ്പോഴും വിവർത്തനക്ഷമമല്ല. ഉദാഹരണമായി കാണം വിറ്റും ഓണം ഉണ്ണണം, അല്ലലുള്ള പുലയിയേ ചുള്ളിയുള്ള കാടറിയൂ, പാലം കടക്കുവോളം നാരായണാ പാലം കടന്നാൽ കൂരാ യണാ തുടങ്ങിയ പഴഞ്ചൊല്ലുകൾ ഇംഗ്ലീഷിലേക്ക് വിവർത്തനം ചെയ്യാൻ ബുദ്ധിമുട്ടാണ്. സ്രോതഭാഷാസംസ്ക്കാരത്തെ പ്രതിഫലി പ്പിക്കുന്ന പഴഞ്ചൊല്ലുകൾക്ക് സമാനമായി ലക്ഷ്യഭാഷാസംസ്ക്കാ രത്തെ പ്രതിഫലിപ്പിക്കുന്ന പഴഞ്ചൊല്ലുകൾ ഉണ്ട്. ഒരല്പം പരിശ്രമി ച്ചാൽ അത്തരം സമാനതയുള്ള പഴഞ്ചൊല്ലുകൾ കണ്ടെത്താവുന്ന തേയുള്ളൂ. ചില ഉദാഹരണങ്ങൾ നോക്കുക.

To carry coal to New Castle-കൊല്ലക്കുടിയിൽ സൂചി വിൽക്കുക

Where there is a will, there is a a way  വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും

Familarity breeds contempt മുറ്റത്തെ മുല്ലയ്ക്കു മണമില്ല.

Slow and steady wins the race  പയ്യത്തിന്നാൽ പനയും തിന്നാം

A little knowledge is dangerous thing  മുറിവൈദ്യൻ ആളെ കൊല്ലും

സർഗാത്മകസാഹിത്യത്തിന്റെ വിവർത്തനത്തിലും ശാസ്ത്രം-മാന വികവിഷയങ്ങളുടെ വിവർത്തനത്തിലും വ്യത്യസ്ത സമീപനരീതിക ളാണ് കൈക്കൊള്ളേണ്ടത്. സർഗാത്മകകൃതികൾക്ക് പദാനുപദവി വർത്തനം ഒട്ടും അനുയോജ്യമല്ല. ശാസ്ത്ര-മാനവിക വിഷയ ങ്ങൾക്കാണെങ്കിൽ പദാനുപദവിവർത്തനം ഒരളവോളം അനുയോജ്യ മാണ്. സർഗാത്മകകൃതികളുടെ വിവർത്തനത്തിന് ഏറ്റവും ഉചിതം

ആശയവിവർത്തനമോ സ്വതന്ത്രവിവർത്തനമോ ആണ്. സ്രോതഭാഷയിലെയും ലക്ഷ്യഭാഷയിലെയും വാക്യഘടന വ്യത്യസ്തമായിരിക്കും. സ്രോതഭാഷയിലെ വാക്യഘടന അതേപടി ലക്ഷ്യഭാഷയിലേക്ക് കൊണ്ടുവരാൻ ശ്രമിക്കരുത്. വിവർത്തനം എപ്പോഴും ലക്ഷ്യഭാഷയിലെ വാക്യഘടനയ്ക്ക് അനുയോജ്യമായ രീതിയിലായിരിക്കണം. ഉദാഹരണമായി ഇംഗ്ലീഷിലെ വാക്യഘടന കർത്താവ്, ക്രിയ, കർമ്മം എന്ന രീതിയിലാണ്. മലയാളത്തിലാകട്ടെ കർത്താവ്, കർമ്മം, ക്രിയഎന്നതാണ് രീതി. Rama killed Ravana എന്നത് രാമൻ കൊന്നു രാവണനെ എന്നല്ല രാമൻ രാവണനെ കൊന്നു എന്നാണ് വിവർത്തനം ചെയ്യേണ്ടത്. നല്ല വിവർത്തനത്തിന്റെ ലക്ഷണം അത് വിവർത്തനമാണെന്ന തോന്നലുളവാക്കാതിരിക്കുക എന്നതാണ്. അങ്ങനെയൊരു തോന്നൽ ഉണ്ടാകാതിരിക്കണമെങ്കിൽ ലക്ഷ്യഭാഷയിലെ വ്യാകരണനിയമങ്ങളും വാക്യഘടനാരീതികളുമാണ് വിവർത്തകൻ പിൻതുടരേണ്ടത്.

നിരന്തരമായ അഭ്യാസമാണ് ഒരു നല്ല വിവർത്തകനാകാനുള്ള ഏക മാർഗ്ഗം. വിവർത്തനത്തിൽ ശോഭിക്കാൻ മറ്റ് കുറുക്കു വഴികളൊന്നും ഇല്ല. ദിനപത്രങ്ങളിൽ വരുന്ന വാർത്തകളും മറ്റും നിത്യേന വിവർത്തനം ചെയ്തു ശീലിക്കുക എന്നത് നല്ലൊരു പ്രായോഗിക രീതിയാണ്. പാഠപുസ്തകങ്ങളും ഇപ്രകാരം വിവർത്തനം ചെയ്തു ശീലിക്കാവുന്നതേയുള്ളു. ചില വിവർത്തന മാതൃകകൾ താഴെ ചേർക്കുന്നു. ഇവയിൽ വാക്യങ്ങളും ഗദ്യഖണ്ഡികകളും കാവ്യഭാഗങ്ങളുമുണ്ട്. മൂലഭാഗങ്ങളും വിവർത്തനങ്ങളും തമ്മിൽ താരതമ്യം ചെയ്ത് വിവർത്തനരീതികൾ സ്വയം ഗ്രഹിക്കുക.

## 5.14 ചില വിവർത്തന മാതൃകകൾ

1. All that glitters are not gold മിന്നുന്നതെല്ലാം പൊന്നല്ല
2. Your appointment will be cancelled without any prior notice യാതൊരു മുൻകാല അറിയിപ്പും കൂടാതെ താങ്കളുടെ നിയമനം റദ്ദ് ചെയ്യുന്നതാണ്.
3. Friendship is the precious jewel of human life - മനുഷ്യജീവിതത്തിലെ അമൂല്യമായ രത്നമാണ് സൗഹൃദം
4. Obey the standing order നിലവിലുള്ള ഉത്തരവ് അനുസരിക്കുക.
5. History is the essence of innumerable biographics അസംഖ്യം ജീവചരിത്രങ്ങളുടെ സമാഹാരമാണ് ചരിത്രം.
6. മലയാളം ദ്രാവിഡ ഭാഷഗോത്രത്തിലും സംസ്കൃതം ഇൻഡോ -യൂറോപ്യൻ ഭാഷഗോത്രത്തിലുമാണ് ഉൾപ്പെടുന്നത്- Malayalam includes in the Dravidian family of languages and Sansarit includes in the Indo- European family of languages.
7. മറവി ചിലപ്പോൾ ഒരനുഗ്രഹമാണ് Forgetfulness is sometimes a blessing

8. അതിക്രമിച്ചുകടക്കുന്നവർ ശിക്ഷിക്കപ്പെടും -Tresspassers will be prosecuted

9. ഒരുമാസത്തെ അർദ്ധവേതനാവധി എടുക്കാൻ എന്നെ അനുവദിക്കണമെന്ന് അപേക്ഷിക്കുന്നു - A request that I may be permitted to avail half-pay leave for one month.

10. ദൈവത്തിന്റെ സ്വന്തംനാട് എന്നാണ് കേരളം അറിയപ്പെടുന്നത് - Kerala is known as the God's own country.

11. It fills my heart with joy unspeakable to rise in response to the warm and cordial welcome which you have given us. I thank you in the name of the most ancient order of monks in the word; I thank you in the name of the monther of religions; and I thank you in the name of the millions and millions of Hindu people of all classes and sects. (From speech of Swami Vivekananda at the World's Parliament of Religions, Chicago, 11th Septemeber)

നിങ്ങൾ ഞങ്ങൾക്കു നൽകിയ ഊഷ്മളവും ഹൃദ്യവുമായ സ്വീകരണത്തോടുള്ള പ്രതികരണമായി എന്റെ ഹൃദയം പറഞ്ഞറിയിക്കാനാവാത്ത ആഹ്ലാദത്താൽ നിറഞ്ഞിരിക്കുന്നു. ലോകത്തിലെ ഏറ്റവും പ്രാചീനമായ മുനിവർഗത്തിന്റെ പേരിൽ ഞാൻ നന്ദി പറയുന്നു. ഹിന്ദുമതത്തിലെ എല്ലാ വിഭാഗങ്ങളിലുംപെട്ട ദശലക്ഷക്കണക്കിനു വ്യക്തികളുടെ പേരിൽ ഞാൻ നന്ദി പറയുന്നു. (1893 സെപ്റ്റംബർ 11 ന് ചിക്കാഗോയിലെ ലോകമതസമ്മേളനത്തിൽ സ്വാമി വിവേകാനന്ദൻ നടത്തിയ പ്രസംഗത്തിൽനിന്ന്.)

12. April is the cruellest month, breeding
Liliaces out of the dead land, mixing
Memory and desire, Stirring
Dull roots with spring rain

(The Waste Land - T.S.Eliot)

ഏപ്രിലാണേറ്റവും ക്രൂരമാസം
മൃതധാത്രിയിൽനിന്നു ലൈലാക വളർത്തിയും
മോഹവുമോർമ്മയും കൂട്ടിക്കലർത്തിയും
വാസന്തമഴയിൽ ജഡവേരുണർത്തിയും

(തരിശുഭൂമി - വിവ: ഡോ.കെ അയ്യപ്പപ്പണിക്കർ)

13. ആധുനിക ശാസ്ത്രത്തിന്റെ ഏറ്റവും ജനകീയമായ കണ്ടുപിടിത്തങ്ങളിലൊന്ന് സിനിമയാണ്. ഒരു വ്യവസായമെന്നനിലയിൽ സിനിമ നാൾക്കുനാൾ വളർന്നുകൊണ്ടിരിക്കുകയാണ്. മലയാള സിനിമ ഇൻഡ്യയിലെ ഏറ്റവും വലിയ നാലാമത്തെ സിനിമാവ്യവസായമാണ്. 1920 കളുടെ ആദ്യം മലയാള സിനിമാവ്യവസായം തിരുവനന്തപുരം ആസ്ഥാനമാക്കിയായിരുന്നു നിലനിന്നിരുന്നത്. പീന്നീട് മലയാള സിനിമാവ്യവസായം, അക്കാലത്ത് ദക്ഷിണേന്ത്യൻ സിനിമാവ്യവസായത്തിന്റെ തലസ്ഥാനം എന്ന

റിയപ്പെടുന്ന മദ്രാസിലേക്ക് മാറ്റപ്പെട്ടു. 1980കളുടെ അവസാന ത്തോടെ മലയാള സിനിമാവ്യവസായം കേരളത്തിലേക്ക് തിരി ച്ചുവന്നു. -The cinema is one of the most popular invention of modern science. As an industry, cinema has swift progress in day by day. Malayalam cinema is the fourth largest film industry in India, During the early 1920 s the Malayalam film industry was based in Thiruvanathapuram. Later the Malayalam Film industry shifted to Madras, which then was the capital of the South Indian film industry. By the late 1980s, the Malayalam Film industry returned to kerala.

14. 'ജാതിചോദിക്കുന്നില്ല ഞാൻ സോദരി
ചോദിക്കുന്നു നീർ നാവു വരണ്ടഹോ
ഭീതി വേണ്ട തരികതെനിക്കു നീ!
എന്നുടനെ കരപുടം നീട്ടിനാൻ
ചെന്നളിനമനോഹരം സുന്ദരൻ
പിന്നെത്തർക്കം പറഞ്ഞില്ലയോമലാൾ
തന്വിയാണവൾ കല്ലല്ലിരുമ്പല്ല

-'Ask not your caste, my sister

Ask only water to quench my burning thirst
Fear not, Fair one! Give me water quick'
The handsome Bhikshu suddenly stretched
His self palm, charming like a red lotus
No more did the darling damself dispute
She is a sentient young women, not a stone, not metal

## 5.15 പുരോഗതി സ്വയം പരിശോധിക്കുക

1. വിവർത്തനം എന്നാലെന്ത്.
2. ഒരു വിവർത്തകനുണ്ടായിരിക്കേണ്ട ഗുണങ്ങൾ ഏവ?
3. വിവർത്തനത്തിൽ ശ്രദ്ധിക്കേണ്ട കാര്യങ്ങൾ ഏവ?
4. ആശയവിവർത്തനം എന്നാലെന്ത്?
5. സൂക്ഷ്മവിവർത്തനം എന്നാലെന്ത്?
6. വിവർത്തനത്തിന്റെ വകഭേദങ്ങൾ ഏവ?
7. ആശയരൂപാന്തരണം എന്നാലെന്ത്?

## 5.16 ശൈലികൾ

ഭാഷയിൽ പ്രചാരത്തിലുള്ളതോ പ്രചാരത്തിലുണ്ടായിരുന്നതോ ആയ ഏതൊരു വാക്കിനും ഒന്നോ അതിലധികമോ അർത്ഥമുണ്ടാ കും. പരിചിതമായ വാക്കുകൾ കേൾക്കുമ്പോൾ അവയുടെ അർത്ഥം പെട്ടെന്ന് നമ്മുടെ മനസ്സിലേക്ക് ഓടിയെത്തും. വാക്കുകൾ അപരിചി തമാകുമ്പോൾ അവയുടെ അർത്ഥം കണ്ടെത്താൻ നാം നിഘണ്ടു വിന്റെ സഹായം തേടുകയും ചെയ്യും. ഇത് സൂചിപ്പിക്കുന്നത് വാക്കും അർത്ഥവും തമ്മിൽ നിയതമായ ഒരു ബന്ധം കാലാകാല

ങ്ങളായി നിലനിൽക്കുന്നുണ്ട് എന്നാണ്. ചില വാക്കുകളുടെ അർത്ഥം കാലാന്തരത്തിൽ മാറിപ്പോയിട്ടുണ്ടാകാം. ഏതായാലും വാക്കുകൾക്ക് അർത്ഥത്തെ ബോധിപ്പിക്കാനുള്ള കഴിവുണ്ട് എന്ന് വ്യക്തം. ഈ കഴിവിനെയാണ് ഭാരതീയ കാവ്യമീമാംസകന്മാർ ശബ്ദശക്തി അഥവാ ശബ്ദവ്യാപാരം എന്നു വിളിക്കുന്നത്. ഈ ശബ്ദവ്യാപാരത്തെ അവർ മൂന്നായി തരംതിരിക്കുന്നു. അഭിധ, ലക്ഷണ, വ്യഞ്ജന എന്നിവയാണ് അവ. തികച്ചും മുഖ്യമോ സാങ്കേതികമോ ആയ അർത്ഥം ബോധിപ്പിക്കുന്ന ശബ്ദവ്യാപാര മാണ് അഭിധ. അമ്മ, മരം, തല എന്നിങ്ങനെയുള്ള വാക്കുകൾ കേൾക്കുമ്പോൾ തോന്നുന്ന അർത്ഥമില്ലേ, അതിനു കാരണമായ ശബ്ദവ്യാപാരമാണ് അഭിധ. അഭിധാവ്യാപാരത്താലുണ്ടാകുന്ന അർത്ഥത്തിന് പറയുന്ന പേര് വാച്യാർത്ഥം എന്നാണ്. മുഖ്യാർത്ഥത്തിന് തടസ്സം വരുമ്പോൾ അതിനോടു ബന്ധപ്പെട്ടതും പരോക്ഷവുമായ മറ്റൊരർത്ഥം ദ്യോതിപ്പിക്കുന്ന ശബ്ദവ്യാപാരമാണ് ലക്ഷണ. ഒരാൾ മറ്റൊരാളിനെക്കുറിച്ച് 'അവൻ ആളൊരു പുലിയാണ്' എന്നു പറയുമ്പോൾ പുലി എന്ന വാക്കിന്റെ വാച്യാർത്ഥത്തിന് പ്രസക്തിയില്ല എന്നു മനസ്സിലാകുമല്ലോ? പരാക്ര മശാലി എന്ന മറ്റൊരർത്ഥമാണ് ഇവിടെ തെളിയുന്നത്. ഇതിന് കാരണം ലക്ഷണ എന്ന ശബ്ദവ്യാപാരമാണ്. ലക്ഷണാവ്യാപാര ത്തിന്റെ ഫലമായുണ്ടാകുന്ന അർത്ഥം ലാക്ഷണികാർത്ഥമാണ്. അഭി ധയും ലക്ഷണയും സ്വധർമ്മം നിർവഹിച്ച് വിരമിച്ചതിനുശേഷം അവയിൽനിന്ന് ഭിന്നമായ മറ്റൊരർത്ഥം ധ്വനിപ്പിക്കുന്ന ശബ്ദവ്യാപാ രത്തെ വ്യഞ്ജന എന്നും അതിൽനിന്ന് ലഭിക്കുന്ന അർത്ഥത്തെ വ്യംഗ്യാർത്ഥം എന്നും പറയുന്നു. ലക്ഷണവ്യാപാരത്തിലൂടെ ലഭ്യമാ കുന്ന ലാക്ഷണികാർത്ഥമാണ് ശൈലികൾ പൊതുവേ പ്രദാനം ചെയ്യുന്നത്. ഒരുദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. കുടത്തിലെ വിളക്ക് എന്നത് മലയാളത്തിലെ ഒരു ശൈലിയാണ്. കുടത്തിനകത്ത് കത്തിച്ചുവച്ചിരിക്കുന്ന വിളക്ക് എന്നാണ് ഇതിന്റെ വാച്യാർത്ഥമെ ങ്കിലും ഒരു ശൈലി എന്ന നിലയിൽ അതല്ല ഇവിടത്തെ ഉദ്ദി ഷ്ടാർത്ഥം. കുടത്തിലെ വിളക്കിന്റെ പ്രത്യേകത അതിലെ വെളിച്ചം പുറത്തേക്ക് പ്രസരിക്കുന്നില്ല എന്നതാണ്. അതുപോലെ സ്വന്തം കഴിവുകൾ പുറമെ വെളിപ്പെടുത്താതെ ഒരുങ്ങിക്കഴിയുന്ന അനേകം വ്യക്തികൾ നമ്മുടെ സമൂഹത്തിലുണ്ട്. അവരുടെ അറിയപ്പെടാത്ത കഴിവുകളെ സൂചിപ്പിക്കാനാണ് കുടത്തിലെ വിളക്ക് എന്ന ശൈലി പ്രയോഗിക്കുന്നത്.

ഇംഗ്ലീഷിൽ സ്റ്റൈൽ (style) എന്നും ഇഡിയം (Idiom) എന്നും രണ്ട് വാക്കുകളുണ്ട്. സ്റ്റൈൽ എന്നതിന് സാമാന്യവ്യവഹാരത്തിൽ 'പ്രവൃത്തി ചെയ്യുന്ന രീതി' എന്നാണ് അർത്ഥം. സംസാരശൈലി, കെട്ടിടനിർമ്മാണശൈലി, ഭരണശൈലി, പാചകശൈലി തുടങ്ങിയവ ഈ അർത്ഥത്തിൽ ഉപയോഗിക്കുന്ന പദങ്ങളാണ്. സാഹിത്യത്തെ സംബന്ധിച്ചിടത്തോളം ഒരെഴുത്തുകാരന്റെ സമഗ്രമായ ആവിഷ്കര ണരീതിയെക്കുറിച്ച് പരാമർശിക്കുമ്പോഴാണ് സ്റ്റൈൽ എന്ന വാക്ക് പ്രയോഗിക്കുന്നത്. വാച്യാർത്ഥത്തോട് ബന്ധമില്ലാത്തതും സവിശേ ഷാർത്ഥം സൂചിപ്പിക്കുന്നതുമായ പദമോ പദസംഘാതമോ ആണ് ഇഡിയം. ഇംഗ്ലീഷിൽ വ്യത്യസ്താർത്ഥത്തിലുള്ള ഈ രണ്ട് വാക്കു

കൾക്കും മലയാളത്തിൽ ശൈലി എന്ന ഒറ്റ തർജ്ജമയാണുള്ളത്. ഇത് ആശയക്കുഴപ്പത്തിന് ഇടയാക്കിയിട്ടുണ്ട്. ഇവിടെ ശൈലി എന്നതുകൊണ്ട് അർത്ഥമാക്കുന്നത് ഇംഗ്ലീഷിലെ ഇഡിയം എന്ന വാക്കിന്റെ തർജ്ജമയായ ശൈലിയെ ആണ്. ശീലം എന്ന വാക്കിൽനിന്നാണ് ശൈലി ഉണ്ടായത്. അതിനാൽ ശീലവുമായി ബന്ധപ്പെട്ടതാണ് ശൈലി എന്നു പറയാം. കാലാകാലങ്ങളായി സവിശേഷാർത്ഥത്തിൽ പ്രയോഗിച്ചുവരുന്നവയാണ് ശൈലികൾ. അതിനാൽ ശൈലിയുടെ ഭാഗമായുള്ള പദസംഘാതത്തിലെ ഓരോ പദത്തിന്റെയും അർത്ഥം കൂട്ടിച്ചേർത്താൽ ശൈലിയുടെ അർത്ഥമാകുകയില്ല. ഉദാഹരണമായി ആകാശകുസുമം എന്ന ശൈലി നോക്കുക. ആകാശം, കുസുമം (പൂവ്) എന്നിവയുടെ അർത്ഥങ്ങളുടെ സമാഹാരമല്ല ആകാശകുസുമം എന്ന ശൈലിക്കുള്ളത്. അസംഭാവ്യമായ കാര്യം എന്നതാണ് ഈ ശൈലിയുടെ അർത്ഥം. വാമൊഴിപാരമ്പര്യത്തിൽനിന്നാണ് പൊതുവേ ശൈലികൾ രൂപംകൊള്ളുന്നത്. സാമാന്യജനങ്ങളുടെ നിരീക്ഷണബുദ്ധിയും അനുഭവപാഠങ്ങളും ചേരുമ്പോഴാണ് ശൈലികൾ പിറവിയെടുക്കുന്നത്. ജനങ്ങളുടെ ജീവിതരീതികൾ, വിശ്വാസങ്ങൾ, ആചാരാനുഷ്ഠാനങ്ങൾ, കലാരൂപങ്ങൾ, ചരിത്രം, പുരാണം, സാമൂഹികവ്യവസ്ഥ തുടങ്ങിയവയോടെല്ലാം ബന്ധപ്പെട്ട ശൈലികൾ ഉണ്ട്. ചില ഉദാഹരണങ്ങൾ നോക്കുക. അഷ്ടമശ്ശനി, പന്ത്രണ്ടാം വ്യാഴം (ജ്യോതിഷം), കുറുപ്പില്ലാകളരി, കച്ചകെട്ടുക (കളരിസമ്പ്രദായം), ശ്ലോകത്തിൽ കഴിക്കുക, ശിങ്കിടി പാടുക, ധനാശി പാടുക (കഥകളി), ചക്രംചവിട്ടുക, കതിരിന്മേൽ വളം വയ്ക്കുക (കൃഷി), അവിയൽ പരുവം, ഉരുളയ്ക്കുപ്പേരി (ഭക്ഷണം), ഭഗീരഥപ്രയത്നം, അഴകിയരാവണൻ (പുരാണം).

അന്യഭാഷകളിൽനിന്ന്, പ്രത്യേകിച്ച് ഇംഗ്ലീഷിൽനിന്ന് ധാരാളം ശൈലികൾ മലയാളത്തിലേക്ക് കടന്നുവന്നിട്ടുണ്ട്. മിക്ക ആംഗലേയ ശൈലികളും നേർതർജ്ജമരൂപത്തിലാണ് കാണപ്പെടുന്നത്. ചെകുത്താനും കടലിനുമിടയിൽ (between sea and devil), സിംഹഭാഗം (The Lion’s share), ചായക്കോപ്പയിലെ കൊടുങ്കാറ്റ് (storm in a tea cup), തൊപ്പിയിലെ പൊൻതൂവൽ (Golden feather in one’s cap), മുതലക്കണ്ണീർ (Crocodile tears), ചുവപ്പുനാട (Red tape), ഒരേ തൂവൽപക്ഷികൾ (Birds have same feather), ചുണ്ടിൽ വെള്ളിക്കരണ്ടിയുമായി ജനിക്കുക (Born with silver spoon in one’s mouth), പതിനൊന്നാം മണിക്കൂറിൽ (At the eleventh hour) തുടങ്ങിയവ ഉദാഹരണം. ആംഗലേയ ശൈലിയിലെ ആശയം മറ്റൊരു രീതിയിൽ മലയാളത്തിൽ ആവിഷ്കരിക്കുന്ന രീതിയുമുണ്ട്. ഉദാഹരണമായി Herculian task എന്ന ആംഗലേയശൈലി മലയാളത്തിലാകുമ്പോൾ ഭഗീരഥപ്രയത്നമായി; Himalaya blunder ആകട്ടെ ആനമണ്ടത്തരവും.

## 5.17 മലയാളത്തിലെ പ്രധാന ശൈലികളും അവയുടെ വിവക്ഷിതാർത്ഥവും

മലയാളത്തിലെ ചില പ്രധാനപ്പെട്ട ശൈലികളും അവയുടെ വിവക്ഷിതാർത്ഥവും താഴെ ചേർക്കുന്നു.

| | | |
|---|---|---|
| അകപ്പെടുക | - | ആപത്തിലാകുക |
| അക്കരപ്പച്ച | - | അകലെയുള്ളതിനോടുള്ള ഭ്രമം |
| അക്കിടിപറ്റുക | - | അബദ്ധം പറ്റുക, അപകടം പറ്റുക |
| അഗ്നിപരീക്ഷ | - | അതികഠിനമായ പരീക്ഷണം |
| അങ്ങാടിപ്പാട്ട് | - | പരസ്യമായ കാര്യം |
| അജഗജാന്തരം | - | വലിയ വ്യത്യാസം |
| അജാഗളസ്തനം | - | അസ്ഥാനത്തുള്ളതിനാൽ ഉപയോഗ ശൂന്യം |
| അഞ്ചാംപത്തി | - | ഒറ്റുകാരൻ |
| അടിക്കലം വലിക്കുക | - | എല്ലാറ്റിനും ദോഷം വരുത്തുക |
| അടിക്കല്ല് മാന്തുക | - | പൂർണമായും നശിപ്പിക്കുക |
| അടിച്ചുമാറ്റുക | - | തന്ത്രത്തിൽ കൈക്കലാക്കുക |
| അടിതൊട്ടു മുടിവരെ | - | മുഴുവനും |
| അടിതെറ്റുക | - | സ്ഥാനം പിഴയ്ക്കുക |
| അടിപതറുക | - | നില ഉറയ്ക്കാതിരിക്കുക |
| അടിപറ്റുക | - | തോല്ക്കുക |
| അടിപെടുക | - | കീഴ്പ്പെടുക |
| അടിയോടെ | - | മുഴുവൻ |
| അടിയ്ക്കടി | - | കൂടെക്കൂടെ |
| അടിപ്പലക കാണുക | - | അവസാനം കാണുക |
| അടിയറവയ്ക്കുക | - | കാഴ്ചവയ്ക്കുക |
| അടുക്കളക്കുറ്റം/ അടുക്കളദോഷം | - | ചാരിത്ര്യഭംഗം |
| അട്ടിപ്പേറ് | - | സ്വന്തവും ശാശ്വതവുമായിട്ടുള്ളത് |
| അണ്ടികളഞ്ഞ അണ്ണാൻ | - | കൈയിലുള്ളതു മുഴുവൻ പോയവൻ |
| അതിരു കടക്കുക | - | മര്യാദ വിടുക |
| അത്തിപ്പഴത്തോളം | - | അല്പം |
| അധരവ്യായാമം | - | അർത്ഥമില്ലാത്ത സംസാരം |
| അമരക്കാരൻ | - | മാർഗദർശി |
| അഴകിയ രാവണൻ | - | പച്ചശൃംഗാരി |
| അരയും തലയും മുറുക്കുക | - | തയ്യാറാകുക |
| അവിയൽപരുവം | - | കൂട്ടിക്കുഴച്ച അവസ്ഥ |
| ആചന്ദ്രതാരം | - | എല്ലാ കാലത്തും |
| ആനച്ചന്തം | - | ആകപ്പാടെയുള്ള ഭംഗി |
| അഷ്ടമശ്ശനി | - | വലിയ കഷ്ടകാലം |
| ഇടിവെട്ടിയവനെ പാമ്പുകടിക്കുക | - | ആപത്തിനുമേൽ ആപത്തു വരിക |
| ഇരയിട്ടു മീൻപിടിക്കുക | - | ചെറിയ മുതൽമുടക്കിൽ വലിയ ലാഭം ഉണ്ടാക്കുക |

| | | |
|---|---|---|
| ഇരുട്ടുകൊണ്ട് ഓട്ട അടയ്ക്കുക | - | താല്കാലിക പരിഹാരം കാണുക |
| ഇലയിട്ട് ചവിട്ടുക | - | അറിഞ്ഞുകൊണ്ട് തെറ്റ് ചെയ്യുക |
| ഇലവുകാത്ത കിളി | - | നിഷ്ഫലമായ കാത്തിരിപ്പ് |
| ഉച്ചിവച്ച കൈകൊണ്ട് ഉദകക്രിയ ചെയ്യുക | - | ഉണ്ടാക്കിയ ആൾതന്നെ നശിപ്പിക്കുക |
| ഉണ്ടചോറിൽ കല്ലിടുക | - | നന്ദികേട് കാണിക്കുക |
| ഉരുളയ്ക്കുപ്പേരി | - | ഉചിതമായ മറുപടി |
| ഉർവശീശാപം ഉപകാരം | - | ദോഷം ഗുണമായിത്തീരുക |
| ഊഴിയം നടത്തുക | - | ആത്മാർത്ഥതയില്ലാതെ പ്രവർത്തിക്കുക |
| എരിതീയിൽ എണ്ണയൊഴിക്കുക | - | കൂടുതൽ നാശത്തിന് ഇടയാക്കുക |
| എലിയെപ്പേടിച്ച് ഇല്ലം ചുടുക | - | ചെറിയ കാര്യത്തിന് വലിയ നഷ്ടം വരുത്തുക |
| ഏടുകെട്ടുക | - | പഠിത്തം അവസാനിപ്പിക്കുക |
| ഏഴരശ്ശനി | - | കഷ്ടകാലം |
| ഒമ്പതാം ഉത്സവം | - | വലിയ ബഹളം |
| ഒരു വെടിക്ക് രണ്ട് പക്ഷി | - | ഒരു പ്രവൃത്തികൊണ്ട് രണ്ട് നേട്ടം ഉണ്ടാക്കൽ |
| ഒഴിയാബാധ | - | വിട്ടുമാറാത്ത ഉപദ്രവം |
| ഓലപ്പാമ്പ് കാണിക്കുക | - | ഭീഷണിപ്പെടുത്തുക |
| കച്ചകെട്ടുക | - | തയ്യാറാകുക |
| കടന്നകൈ | - | അതിരുകടന്ന പ്രവൃത്തി |
| കടന്നൽകൂട്ടിൽ കല്ലെറിയുക | - | ആപത്ത് സ്വയം വരുത്തുക |
| കടുംകൈ | - | കഠിനമായ പ്രവൃത്തി |
| കടുവയെ കിടുവ പിടിക്കുക | - | ബലവാനെ ദുർബലൻ തോല്പിക്കുക. |
| കണ്ടകശ്ശനി | - | കഷ്ടകാലം |
| കണ്ണിൽ പൊടിയിടുക | - | കബളിപ്പിക്കുക |
| കണ്ണിലുണ്ണി | - | വാത്സല്യപാത്രം |
| കണ്ണുകടി | - | അസൂയ |
| കതിരിന്മേൽ വളംവയ്ക്കുക | - | കാലംതെറ്റി പ്രവർത്തിക്കുക |
| കഥയറിയാതെ ആട്ടം കാണുക | - | കാര്യം മനസ്സിലാക്കാതെ ഇടപെടുക |
| കരതലാമലകം | - | വളരെ വ്യക്തമായിട്ടുള്ളത് |
| കാടുകയറുക | - | വിഷയത്തിൽനിന്ന് വ്യതിചലിക്കുക |

| | | |
|---|---|---|
| കാപ്പുകെട്ടുക | - | ഒരുങ്ങുക |
| കായംകുളംവാൾ | - | തരംപോലെ ഇരുവശത്തും ചേരുന്നവൻ |
| കാറ്റിൽ പറത്തുക | - | നിസ്സാരമായി തള്ളുക |
| കീറാമുട്ടി | - | പ്രയാസമേറിയത് |
| കുടത്തിലെ വിളക്ക് | - | പുറമേ അറിയപ്പെടാത്ത കഴിവ് |
| കുടിപ്പക | - | കുടുംബവൈരാഗ്യം |
| കുതികാൽവെട്ടുക | - | അടുപ്പം ഭാവിച്ച് ചതിക്കുക |
| കുംഭകോണം | - | അഴിമതി |
| കുറുപ്പില്ലാക്കളരി | - | നാഥനില്ലാത്ത അവസ്ഥ |
| കുളംകോരുക | - | നശിപ്പിക്കുക |
| കുളിക്കാതെ ഈറൻചുറ്റുക | - | കുറ്റംചെയ്യാതെ പഴിയേല്ക്കുക |
| കുഴിയിൽ ചാടിക്കുക | - | ചതിക്കുക |
| കൂനിന്മേൽ കുരു | - | ദുഃഖത്തിനുമേൽ ദുഃഖം |
| കൂപമണ്ഡൂകം | - | ലോകപരിജ്ഞാനമില്ലാത്ത ആൾ |
| ഗണപതിക്ക് കുറിക്കുക | - | ആരംഭിക്കുക |
| ഗോപി തൊടീക്കുക | - | ഒന്നുമില്ലാതാക്കുക |
| ചക്രം ചവിട്ടുക | - | പ്രയാസപ്പെടുക |
| ചത്തകുഞ്ഞിന്റെ ജാതകം നോക്കുക | - | നഷ്ടപ്പെട്ടതിന്റെ ഗുണദോഷങ്ങൾ ചിന്തിക്കുക |
| ചരട് പിടിക്കുക | - | നിയന്ത്രിക്കുക |
| ചിറ്റമ്മനയം | - | പക്ഷപാതപരമായ പെരുമാറ്റം |
| പൂച്ച് തെളിയുക | - | സത്യം വെളിപ്പെടുക |
| തലമറന്നെണ്ണതേയ്ക്കുക | - | ആശ്രയമായിട്ടുള്ളവരോട് അനാദരവ് കാണിക്കുക |
| തലയിലെഴുത്ത് | - | വിധി |
| തിരയെണ്ണുക | - | നിഷ്ഫലമായ പ്രവൃത്തി ചെയ്യുക |
| തെക്കോട്ടുപോവുക | - | മരിക്കുക |
| തൊഴുത്തിൽക്കുത്ത് | - | ഒരേ വിഭാഗത്തിലുള്ളവർ തമ്മിലുള്ള മത്സരം |
| തോക്കിനകത്തുകയറി വെടിവയ്ക്കുക | - | അക്ഷമനായി പ്രവർത്തിക്കുക |
| ത്രിശങ്കുസ്വർഗം | - | അങ്ങുമിങ്ങുമില്ലാത്ത അവസ്ഥ |
| ദീപാളി കുളിക്കുക | - | ധൂർത്തടിക്കുക |
| ധനാശി പാടുക | - | അവസാനിപ്പിക്കുക |
| നക്ഷത്രമെണ്ണുക | - | വിഷമിക്കുക |
| നിൽക്കക്കള്ളി | - | രക്ഷാമാർഗം |

| | | |
|---|---|---|
| നീലക്കൊടുവേലി | - | അപൂർവവസ്തു |
| നെല്ലിപ്പലകകാണുക | - | അവസാനം കാണുക |
| പച്ചപിടിക്കുക | - | അഭിവൃദ്ധിയുണ്ടാകുക |
| പതിനൊന്നാം മണിക്കൂറിൽ | - | അവസാനസമയത്ത് |
| പമ്പകടക്കുക | - | ഓടി മറയുക |
| പുത്തരിയിൽ കല്ല് കടിക്കുക | - | തുടക്കംതന്നെ തകരാറിലാവുക |
| പുലിവാൽ പിടിക്കുക | - | വിഷമാവസ്ഥയിൽപ്പെടുക |
| പൊടിക്കൈ | - | മനോധർമ്മം |
| പൊടിപ്പും തൊങ്ങലും | - | കൃത്രിമമായ കൂട്ടിച്ചേർക്കൽ |
| ബാലികേറാമല | - | അപ്രാപ്യമായത് |
| ഭഗീരഥപ്രയത്നം | - | വലിയ പരിശ്രമം |
| ഭരതവാക്യം | - | അവസാനം |
| മർക്കടമുഷ്ടി | - | ദുശ്ശാഠ്യം |
| മുഖത്ത് കരി തേയ്ക്കുക | - | അപമാനിക്കുക |
| മുതലക്കണ്ണീർ | - | കൃത്രിമമായ ദുഃഖം |
| വനരോദനം | - | നിഷ്ഫലമായ അപേക്ഷ |
| വെള്ളരിക്കാപ്പട്ടണം | - | നീതിയും നിയമവുമില്ലാത്ത നാട് |
| വേലിതന്നെ വിളവ് തിന്നുക | - | രക്ഷിക്കേണ്ടവൻ തന്നെ നശിപ്പിക്കുക |
| ശുക്രദശ | - | ഭാഗ്യകാലം |
| ശ്ലോകത്തിൽ കഴിക്കുക | - | ചുരുക്കി പ്രതിപാദിക്കുക |
| സുഗ്രീവാജ്ഞ | - | കർശനമായ നിർദ്ദേശം |
| സ്വർഗത്തിലെ കട്ടുറുമ്പ് | - | ശല്യക്കാരൻ |

## 5.18 പുരോഗതി സ്വയം പരിശോധിക്കുക

1. നിഘണ്ടുവിന്റെ പ്രയോജനം എന്താണ്?
2. ശബ്ദശക്തി അഥവാ ശബ്ദവ്യാപാരം എന്നാൽ എന്ത്?
3. അഭിധ, ലക്ഷണ, വ്യഞ്ജന ഇവയെ എങ്ങനെ നിർവചിച്ചിരിക്കുന്നു.
4. ശൈലി എന്നാൽ എന്ത്?
5. ഇംഗ്ലീഷിലെ Idiom, Style ഇവ തമ്മിലുള്ള അർത്ഥവ്യത്യാസമെന്ത്?
6. ശൈലിയെ നിർവചിക്കുന്നതെങ്ങനെ?
7. ഇംഗ്ലീഷിൽനിന്ന് മലയാളം സ്വീകരിച്ച പ്രധാന ശൈലികൾ.
8. താഴെ കൊടുത്തിരിക്കുന്ന ശൈലികളുടെ വിവക്ഷിതാർത്ഥം വ്യക്തമാക്കുക.

   (1) ആകാശകുസുമം (2) ഇഞ്ചിക്കുന്നൻ (3) എടുത്തുചാട്ടം

(4) തീക്കൊള്ളികൊണ്ട് തല ചൊറിയുക (5) അസുരവിത്ത്
(6) കയ്യാലപ്പുറത്തെ തേങ്ങ

9. താഴെ കൊടുത്തിരിക്കുന്ന ശൈലികൾ വാക്യത്തിൽ പ്രയോഗിക്കുക.

(1) കതിരിന്മേൽ വളംവയ്ക്കുക. (2) താപ്പാന (3) പച്ചപിടിക്കുക
(4) ഉണ്ടയില്ലാത്ത വെടി (5) ആണിക്കല്ല് (6) കണ്ണീരും കയ്യും

## 5.19 പഴഞ്ചൊല്ലുകൾ

നാടോടിവിജ്ഞാനീയ(folklore)ത്തിന്റെ പ്രധാനപ്പെട്ട പഠനമേഖലകളിലൊന്നാണ് പഴഞ്ചൊല്ലുകൾ. ഒരു ജനസമൂഹത്തിന്റെ പൂർവകാല സാംസ്കാരികജീവിതത്തെ അടുത്തറിയുന്നതിന് പഴഞ്ചൊല്ലുകൾ ഏറെ സഹായകമാണ്. മിക്ക പഴഞ്ചൊല്ലുകൾക്കും നൂറ്റാണ്ടുകളോളം പഴക്കമുണ്ട്. തലമുറകളിൽനിന്ന് തലമുറകളിലേക്ക് അവ പകർന്നുകൊണ്ടേയിരിക്കുന്നു. കടങ്കഥകൾ കുട്ടികളുടെ മേഖലയാണെങ്കിൽ പഴഞ്ചൊല്ലുകൾ കൈകാര്യംചെയ്യുന്നത് കൂടുതലും മുതിർന്നവരാണ്. കാരണം ജീവിതാനുഭവങ്ങൾ ഉള്ളവർക്കേ ഇവ മനസ്സിലാക്കാനും സന്ദർഭാനുസരണം പ്രയോഗിക്കാനും കഴിയൂ. വ്യക്തിയും വ്യക്തിയും തമ്മിലും വ്യക്തിയും സമൂഹവും തമ്മിലുമുള്ള മാനസികമായ അടുപ്പമാണ് ഇവയുടെ നിലനില്പിനും പ്രചാരണത്തിനും ആധാരം. വ്യക്തിബന്ധങ്ങൾക്ക് ശൈഥില്യം സംഭവിച്ചികൊണ്ടിരിക്കുന്ന ആധുനികസമൂഹത്തിലും നാഗരികജീവിതത്തിലും അക്കാരണത്താൽത്തന്നെ പഴഞ്ചൊല്ലുകളുടെ പ്രസക്തി നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയാണ്. എങ്കിലും മലയാളഭാഷയുടെ ഈടുവയ്പുകളിൽ ഒരു പ്രധാന സ്ഥാനം പഴഞ്ചൊല്ലുകൾക്കുണ്ട്. ഒട്ടേറെ ഫോക്‌ലോറിസ്റ്റുകളും ഭാഷാപണ്ഡിതന്മാരും മലയാളത്തിലെ പഴഞ്ചൊല്ലുകൾ സമാഹരിച്ച് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പഴളിനോസ് പാതിരിയുടെ 'അഡഗിയ മലബാറിക്ക', ഗുണ്ടർട്ടിന്റെ 'പഴഞ്ചൊൽമാല', പി.സി. കർത്തായുടെ 'പഴഞ്ചൊൽപ്രപഞ്ചം', വേലായുധൻ പണിക്കശ്ശേരിയുടെ 'പതിനായിരം പഴഞ്ചൊല്ലുകൾ', പൈലോപോളിന്റെ 'മലയാളപഴഞ്ചൊല്ലുകൾ' തുടങ്ങിയവ ഇക്കൂട്ടത്തിൽ പ്രധാനപ്പെട്ടവയാണ്.

പഴഞ്ചൊല്ലിനെ നിർവചിക്കാൻ പലരും ശ്രമിച്ചിട്ടുണ്ട്. പാരമ്പര്യമായി പ്രയോഗത്തിലുള്ളതും ഉപദേശസ്വഭാവത്തോടുകൂടിയതുമായ സംക്ഷിപ്തപ്രസ്താവനയാണ് പഴഞ്ചൊല്ല് എന്ന് അമേരിക്കൻ ഫോക്‌ലോറിസ്റ്റായ മരിയ ലീച്ച് നിർവചിക്കുന്നു. ഇത് വെറുമൊരു പ്രസ്താവനയാണെന്നും വരാം എന്നും അദ്ദേഹം അനുബന്ധമായി പറയുകയും ചെയ്യുന്നു. ഇതിൽനിന്നും പഴഞ്ചൊല്ലിന്റെ രണ്ട് വ്യതിരിക്തസ്വഭാവങ്ങൾ നമുക്ക് കണ്ടെത്താൻ കഴിയും. ഒന്ന്, പഴഞ്ചൊല്ലുകൾ പാരമ്പര്യമായി പ്രയോഗത്തിലുള്ളവയാണ്. രണ്ട്, പഴഞ്ചൊല്ലുകളെല്ലാം ഒന്നുകിൽ ഉപദേശസ്വഭാവത്തോടുകൂടിയതോ അതല്ലെങ്കിൽ കേവലമൊരു പ്രസ്താവനയുടെ രൂപത്തിലുള്ളതോ ആയിരിക്കും. ഉദാഹരണമായി 'ഇരിക്കും മുമ്പേ കാലു നീട്ടരുത്' എന്നത്

ഉപദേശരൂപത്തിലുള്ള ഒരു പഴഞ്ചൊല്ലാണ്. 'ഉപ്പു തിന്നുന്നവൻ വെള്ളം കുടിക്കും' എന്നതാകട്ടെ പ്രസ്താവനയുടെ രൂപത്തിലുള്ള തുമാണ്. ഇവ കൂടാതെ ചോദ്യരൂപത്തിലും പഴഞ്ചൊല്ലുകൾ വരാം. 'ആടറിയുമോ അങ്ങാടിവാണിഭം' എന്നത് ചോദ്യരൂപത്തിലുള്ള പഴഞ്ചൊല്ലിന് ഉദാഹരിക്കാം. "പലരുടെ അറിവ്, ഒരാളുടെ ഫലിതോക്തി - അതാണ് പഴഞ്ചൊല്ല്" എന്നും പഴഞ്ചൊല്ലിനെ നിർവചിച്ചിട്ടുണ്ട്. തലമുറകളിലൂടെ കൈമാറിവന്ന അറിവ് അനുയോജ്യമായ സന്ദർഭത്തിൽ രസകരമായ രീതിയിൽ പ്രകടിപ്പിക്കുമ്പോഴാണ് പഴഞ്ചൊല്ലുകൾ ഉണ്ടാകുന്നത് എന്നാണ് ഈ നിർവചനത്തിലൂടെ വെളിപ്പെടുന്നത്.

പഴഞ്ചൊല്ല് ഒരുതരം വളച്ചുകെട്ടിപ്പറച്ചിലാണ്. പറയേണ്ട കാര്യം പറയാതിരിക്കുക. അതിനുപകരം പറയേണ്ടാത്ത മറ്റൊരു കാര്യം പറഞ്ഞ്, അതിലൂടെ പറയേണ്ടകാര്യം ഭംഗ്യന്തരേണ വെളിവാക്കുക. ഇതാണ് പഴഞ്ചൊല്ലുകളുടെ പൊതുസ്വഭാവം. അലങ്കാരശാസ്ത്രത്തിലെ അപ്രസ്തുതപ്രശംസയ്ക്ക് തുല്യമാണ് ഇത്. വക്താവ്, ശ്രോതാവ്, സന്ദർഭം എന്നിവയാണ് പഴഞ്ചൊല്ലുകളുടെ വിവക്ഷിതാർത്ഥം നിർണയിക്കുന്നതിന് അടിസ്ഥാനം. ഒരുദാഹരണത്തിലൂടെ ഇത് വ്യക്തമാക്കാം. 'തേടിയവള്ളി കാലിൽ ചുറ്റി' എന്ന പഴഞ്ചൊല്ല് കേട്ടിട്ടുണ്ടാകുമല്ലോ. നമ്മൾ അന്വേഷിച്ചുനടന്ന ആൾ അവിചാരിതമായി നമ്മുടെ മുമ്പിൽ വന്നുപെട്ടാൽ നാം പറയാനിടയുള്ള ഒരു പഴഞ്ചൊല്ലാണിത്. അന്വേഷിച്ച ആളിനെ ക്ലേശമൊന്നും കൂടാതെ പെട്ടെന്ന് കണ്ടെത്തി എന്നതാണ് ഈ പഴഞ്ചൊല്ലിന്റെ അർത്ഥം. ആ അർത്ഥം ലഭിച്ചതാകട്ടെ പറയുന്ന ആളും കേൾക്കുന്ന ആളും സന്ദർഭവുമെല്ലാം കൂടിച്ചേർന്നപ്പോഴാണ്.

ചില പഴഞ്ചൊല്ലുകൾക്ക് സാർവലൗകികസ്വഭാവമുണ്ട്. അവ പല ഭാഷകളിലും ഒരേപോലെ പ്രത്യക്ഷപ്പെടുന്നു. ഉദാഹരണമായി All glitters are not gold, Barking dog seldom bite എന്നിവ ഇംഗ്ലീഷിലെ പഴഞ്ചൊല്ലുകളാണ്. ഇതേ പഴഞ്ചൊല്ലുകൾ മലയാളത്തിലുമുണ്ട് - മിന്നുന്നതെല്ലാം പൊന്നല്ല, കുരയ്ക്കും പട്ടി കടിക്കില്ല എന്നിങ്ങനെ. എന്നാൽ പല പഴഞ്ചൊല്ലുകളുടെയും സ്ഥിതി ഇതല്ല. അവ നിലനിൽക്കുന്ന ഭാഷയിൽ മാത്രമേ കാണുകയുള്ളൂ; മറ്റ് ഭാഷകളിലൊന്നും കാണുകയില്ല. അതിനുകാരണം അത്തരം പഴഞ്ചൊല്ലുകളുടെ പിറവിക്ക് അടിസ്ഥാനമായ അനുഭവങ്ങളും സാംസ്കാരിക സവിശേഷതകളും മറ്റും ആ ഭാഷ സംസാരിക്കുന്ന സമൂഹത്തിൽ മാത്രമേ നിലനിൽക്കുന്നുള്ളു എന്നതാണ്. ഉദാഹരണമായി 'ഒന്നുകിൽ ആശാന്റെ നെഞ്ചത്ത് അല്ലെങ്കിൽ കളരിക്ക് പുറത്ത്' എന്ന പഴഞ്ചൊല്ല് നോക്കുക. കളരിസമ്പ്രദായം നിലനിന്നിരുന്ന കേരളത്തിൽ മാത്രമേ ഇത്തരമൊരു പഴഞ്ചൊല്ല് ഉണ്ടാവുകയുള്ളു.

## 5.20 മലയാളത്തിലെ ചില പഴഞ്ചൊല്ലുകളെ പരിചയപ്പെടാം

അങ്കവും കാണാം താളിയും ഒടിക്കാം

അമ്മായി ഉടച്ചത് മൺകുടം; മരുമകൾ ഉടച്ചത് പൊൻകുടം

അല്ലലുള്ള പുലയിയേ ചുള്ളിയുള്ള കാടറിയൂ

ആന മെലിഞ്ഞാൽ തൊഴുത്തിൽ കെട്ടുമോ?
ആറ്റിൽ കളഞ്ഞാലും അളന്നു കളയണം
അല്പന് ഐശ്വര്യം വന്നാൽ അർദ്ധരാത്രി കുടപിടിക്കും
ഇരുന്നിട്ടേ കാലു നീട്ടാവൂ
അരിയെറിഞ്ഞാൽ ആയിരം കാക്ക
എലിയെപ്പേടിച്ച് ഇല്ലം ചുടുക
കാക്കയും വന്നു പനമ്പഴവും വീണു
ഒരുമയുണ്ടെങ്കിൽ ഉലക്കമേലും കിടക്കാം
കൊല്ലക്കുടിയിൽ സൂചി വില്ക്കുക.
കാള പെറ്റെന്ന് കേട്ട് കയറെടുക്കരുത്
കാറ്റുള്ളപ്പോൾ തൂറ്റണം
കാക്ക കുളിച്ചാൽ കൊക്കാകുമോ
പൊന്നിൻകുടത്തിനു പൊട്ടുവേണ്ട
കയ്യിലെ പുണ്ണ് കാണാൻ കണ്ണാടി എന്തിന്?
മുറ്റത്തെ മുല്ലയ്ക്ക് മണമില്ല
എമ്പ്രാന്റെ വിളക്കത്ത് വാര്യന്റെ അത്താഴം
ചക്കിനു വച്ചതു കൊക്കിനു കൊള്ളുക
കൈ നനയാതെ മീൻ പിടിക്കുക
പതിരില്ലാത്ത കതിരില്ല
പയ്യെത്തിന്നാൽ പനയും തിന്നാം
വേലി ചാടുന്ന പശുവിന് കോലുകൊണ്ട് മരണം
കയ്ച്ചിട്ടിറക്കാനും വയ്യ മധുരിച്ചിട്ട് തുപ്പാനും വയ്യ
കയ്യിലിരിക്കുന്ന പണം കൊടുത്ത് കടിക്കുന്ന പട്ടിയെ വാങ്ങുക
ഇഷ്ടമില്ലാത്തച്ചി തൊട്ടതെല്ലാം കുറ്റം
പുത്തനച്ചി പുരപ്പുറം തൂക്കും
കാക്കയ്ക്കും തൻകുഞ്ഞ് പൊൻകുഞ്ഞ്
നിത്യാഭ്യാസി ആനയെ എടുക്കും
ഉപ്പുതിന്നവൻ വെള്ളം കുടിക്കും
മുറിവൈദ്യൻ ആളെക്കൊല്ലും
മൂക്കില്ലാരാജ്യത്ത് മുറിമൂക്കൻ രാജാവ്
അപ്പംതിന്നാൽ പോരേ, കുഴി എണ്ണണോ?
പണമില്ലാത്തവൻ പിണം
കുടുമയുണ്ടെങ്കിൽ ചായ്ച്ചും ചരിച്ചും കെട്ടാം
കുത്തിയിരുന്ന് ഉണ്ടാൽ കുന്നും തേയും
കാടിയായാലും മൂടിക്കുടിക്കണം
പട പേടിച്ച് പന്തളത്തു ചെന്നപ്പോൾ പന്തംകൊളുത്തിപ്പട
പാലം കടക്കുവോളം നാരായണ, പാലം കടന്നാൽ കൂരായണ
നിറകുടം തുളുമ്പില്ല
അമ്മയ്ക്ക് പ്രാണവേദന, മകൾക്ക് വീണവായന

തലയ്ക്കുമീതെ വെള്ളംവന്നാൽ അതുക്കുമീതേ തോണി
മണ്ണും ചാരിയിരുന്നവൻ പെണ്ണുംകൊണ്ടു പോയി
കക്ഷത്തിലിരിക്കുന്നത് പോകാനും പാടില്ല, ഉത്തരത്തിൽ ഇരിക്കുന്നത് എടുക്കുകയും വേണം.
അടച്ചവായിൽ ഈച്ച കേറില്ല
അടിച്ചവഴിയേ പോയില്ലെങ്കിൽ പോയ വഴിയേ അടിക്കുക.
അടിതെറ്റിയാൽ ആനയും വീഴും
അണയാൻ പോകുന്ന തീ ആളിക്കത്തും
അണ്ടിയോടടുത്താലേ മാങ്ങയുടെ പുളിപ്പറിയൂ
അനുസരണയുള്ള കുതിരയ്ക്ക് ഭാരമുള്ള ചുമട്
അധികമായാൽ അമൃതും വിഷം
അമുക്കിച്ചെരച്ചാൽ തലയിലെഴുത്ത് മാറുമോ?
ആശാനു പിഴച്ചാൽ ഏത്തമില്ല
ആലിൻകായ് പഴുത്തപ്പോൾ കാക്കയ്ക്ക് വായിൽ പുണ്ണ്
ആറിയ കഞ്ഞി പഴംകഞ്ഞി
ഇടി വെട്ടിയവനെ പാമ്പുകടിച്ചു
ഇട്ടിയമ്മ ചാടിയാൽ കൊട്ടിയമ്പലം വരെ
ഉച്ചിവച്ച കൈകൊണ്ട് ഉദകക്രിയ ചെയ്യരുത്
എടുത്തുചാടുന്നവൻ കുടിച്ചുചാവും
ഏച്ചുകെട്ടിയാൽ മുഴച്ചിരിക്കും
ഒന്നു ചീഞ്ഞാൽ മറ്റൊന്നിനു വളം
കങ്കാണി കതിരു മോഷ്ടിച്ചാൽ കാവൽക്കാരൻ കറ്റ മോഷ്ടിക്കും
കാക്കയും വന്നു, പനമ്പഴവും വീണു
കുഴിയാന മദിച്ചാൽ കൊലയാനയാകില്ല
കൂടെക്കിടക്കുന്നവനേ രാപ്പനിയറിയൂ
കെട്ടവനെ തൊട്ടാൽ തൊട്ടവനും നാറും
ചങ്ങാതി നന്നെങ്കിൽ കണ്ണാടി വേണ്ട
ചേരയെ തിന്നുന്ന നാട്ടിൽ ചെന്നാൽ നടുക്കണ്ടം തിന്നണം
തലയിരിക്കുമ്പോൾ വാലാടരുത്
താൻ കുഴിച്ച കുഴിയിൽ താൻതന്നെ വീണു
തീയിൽ കുരുത്തത് വെയിലത്ത് വാടില്ല
നനഞ്ഞിറങ്ങിയാൽ കുളിച്ചു കേറണം
വിളമ്പുന്ന അച്ചി അറിഞ്ഞില്ലെങ്കിൽ ഉണ്ണുന്ന നായര് അറിയണം
വേണമെങ്കിൽ ചക്ക വേരിലും കായ്ക്കും.

## 5.21 പുരോഗതി സ്വയം പരിശോധിക്കുക.

1. നാടോടിവിജ്ഞാനീയവും പഴഞ്ചൊല്ലും തമ്മിലുള്ള ബന്ധം
2. ആധുനികസമൂഹത്തിൽ പഴഞ്ചൊല്ലുകളുടെ പ്രസക്തി നഷ്ടപ്പെടുന്നതിന്റെ കാരണം?

3. മലയാളത്തിന്റെ പ്രധാനപ്പെട്ട പഴഞ്ചൊൽ ഗ്രന്ഥങ്ങൾ ഏതെല്ലാം?

4. പഴഞ്ചൊല്ല് എന്നാൽ എന്ത്?

5. പഴഞ്ചൊല്ലുകളുടെ പൊതുസ്വഭാവം എന്ത്?

താഴെ കൊടുത്തിരിക്കുന്ന ഇംഗ്ലീഷ് പഴഞ്ചൊല്ലുകളുടെ സമാനമായ മലയാളം പഴഞ്ചൊല്ലുകൾ കണ്ടെത്തുക.

1) Where there is a will, there is a way
2) To carry coal to new castle
3) Familiarity breeds contempt
4) Slow and steady wins the race
5) Too many cooks spoil the broth
6) Make hay while the Sun shine

7. താഴെ കൊടുത്തിരിക്കുന്ന പഴഞ്ചൊല്ലുകൾ വാക്യത്തിൽ പ്രയോഗിക്കുക.

1) ഒരു വെടിക്ക് രണ്ടു പക്ഷി
2) കുന്തം കളഞ്ഞാൽ കുടത്തിലും തപ്പണം
3) തമ്മിൽ ഭേദം തൊമ്മൻ
4) ചത്തു കിടന്നാലും ചമഞ്ഞുകിടക്കണം
5) മടിയിൽ കനമുണ്ടെങ്കിലേ വഴിയിൽ ഭയമുള്ളൂ
6) മിണ്ടാപ്പൂച്ച കലമുടയ്ക്കും

ignou
THE PEOPLE'S
UNIVERSITY